
# സാമൂഹിക അറിവിൽ ഊന്നിയ വികസനം

## സാമൂഹിക സംഘാടനത്തിനുള്ള കൈപ്പുസ്തകം

ജോസഫ് സേവ്യർ



# സാമൂഹിക അറിവിൽ ഊന്നിയ വികസനം

## സാമൂഹിക സംഘാടനത്തിനുള്ള കൈപ്പുസ്തകം


**ജോസഫ് സേവ്യർ**

സഹ രചയിതാക്കൾ

**മിസ്. ശ്രീവിദ്യ സൈനാഥൻ**

**ഡോ. സദാനന്ദ് ബാഗ്**

മലയാളം വിവർത്തനം: **ജിത്തു ജോസഫ് തോമസ്**

**സാമൂഹിക അറിവിൽ ഊന്നിയ വികസനം**
സാമൂഹിക സംഘാടനത്തിനുള്ള കൈപ്പുസ്തകം

**രചയിതാവ്: ജോസഫ് സേവ്യർ**

© പകർപ്പവകാശം: ഇന്ത്യൻ സോഷ്യൽ ഇൻസ്റ്റിറ്റ്യൂട്ട്, ബെംഗളൂരു
കാരിത്താസ് ഇന്ത്യ, ന്യൂഡൽഹി

ആദ്യമായി 2021 -ൽ പ്രസിദ്ധീകരിച്ചു

**ISBN: 978-81-947949-7-4**

**പ്രസാധകർ**
ഇന്ത്യൻ സോഷ്യൽ ഇൻസ്റ്റിറ്റ്യൂട്ട്
24 ബെൻസൺ റോഡ്, ബെൻസൺ ടൗൺ
ബെംഗളൂരു - 560046
ഇമെയിൽ: ajoexavier@gmail.com
വെബ്: www.isibangalore.com

കാരിത്താസ് ഇന്ത്യ
സിബിസിഐ സെന്റർ, 1 അശോക് പ്ലേസ്,
ന്യൂഡൽഹി - 110001
വെബ്: www.caritasindia.org

കവറും ഡിസൈനും: ജ്യോതി പ്രിന്റേഴ്സ്

അച്ചടിച്ചത്: ജ്യോതി പ്രിന്റേഴ്സ്, സി -12, സെക്ടർ -8, നോയിഡ - 201301

പ്രസാധകരോടുള്ള കൃതജ്ഞതാ പ്രദർശനത്തോടെ ഈ പ്രസിദ്ധീകരണം യഥാസമയം ഏത് രൂപത്തിലും അല്ലെങ്കിൽ ഏത് രീതിയിലും പകർപ്പെടുക്കുകയോ സംപ്രേക്ഷണം നടത്തുകയോ ചെയ്യാം.

സ്വമേധയാ അഥവാ സമാന ലക്ഷ്യങ്ങളുള്ള സംഘടനകളുടെ പങ്കാളിത്തത്തോടെ ലാഭേച്ഛയില്ലാതെ ഭാവിയിൽ ഇതര ആവശ്യങ്ങൾക്കായി ഉചിതമായ കൃതജ്ഞതാ പ്രദർശനത്തോടെ വിവർത്തനം ചെയ്യുവാനും പരിഷ്കരിക്കുവാനും പുനഃപ്രസിദ്ധീകരിക്കുവാനുമുള്ള മുഴുവൻ അവകാശങ്ങളും കാരിത്താസ് ഇന്ത്യ കൂടാതെ/ അല്ലെങ്കിൽ ഇന്ത്യൻ സോഷ്യൽ ഇൻസ്റ്റിറ്റ്യൂട്ട്, ബെംഗളൂരുവിന് ഉണ്ടായിരിക്കുന്നതാണ്.

# ഉള്ളടക്കം


ആമുഖം . . . . . . . . . . 4

കൃതജ്ഞത . . . . . . . . . . 8

സന്ദേശങ്ങൾ . . . . . . . . . . 10

ചുരുക്കങ്ങൾ . . . . . . . . . . 13

1. ആമുഖം – സാമൂഹിക നേതൃത്വത്തിലുള്ള വികസന പ്രക്രിയ . . . . . . . . 15
2. വിശ്വാസവും ആത്മവിശ്വാസവും കെട്ടിപ്പടുക്കുക. . . . . . . . . . 29
3. ദൗത്യം, മൂല്യങ്ങൾ, എന്നിവയെക്കുറിച്ചു പൊതു ധാരണ വളർത്തുക . . . . . 35
4. ഉചിതവും വൈവിധ്യവുമായ ഗ്രൂപ്പുകളുടെ രൂപീകരണവും പ്രവർത്തനവും . .41
5. വിമർശനാത്മകമായ/ തീവ്രമായ ബോധ്യങ്ങൾ വളർത്തുക:. . . . . . . . . 49
6. സാമൂഹിക പ്രശ്നങ്ങൾ തിരിച്ചറിഞ്ഞു പ്രാധാന്യം വിലയിരുത്തി മുൻഗണന തയ്യാറാക്കുക. . . . . . . . . . 57
7. ഉത്തരവാദിത്വപ്പെട്ട ചുമതലവഹിക്കുന്നവരുമായി മുഖാമുഖം നടത്തുക, ഉപജീവന അവസരങ്ങൾ വിപുലീകരിക്കുക . . . . . . . . . . 65
8. പ്രദർശനവും വ്യത്യസ്ത സാഹചര്യങ്ങൾ മനസ്സിലാക്കിയുള്ള പഠനവും. 75
9. പ്രവർത്തന–പ്രതിഫലന പ്രക്രിയയും പ്രായോഗിക പ്രവർത്തനവും . . . . 83
10. സഹകരണം, കൂട്ടായ പ്രവർത്തനങ്ങൾക്കുള്ള ശൃംഖല, ശുപാർശ പ്രവർത്തനങ്ങൾ. . . . . . . . . . 91
11. സന്നദ്ധപ്രവർത്തനം, ദാനം നൽകൽ, പങ്കിടൽ . . . . . . . . . . 99
12. ആഘോഷം, ദൃശ്യത, അംഗീകാരം . . . . . . . . . . 107
13. ‘സഹായ’ സംഘടനയുടെ മാറുന്ന കടമകൾ/കർത്തവ്യങ്ങൾ . . . . . . . . 113

ഉപസംഹാരം . . . . . . . . . . 119

തിരഞ്ഞെടുത്ത ഗ്രന്ഥസൂചിക . . . . . . . . . . 123

# ആമുഖം



ജനാധിപത്യ സമൂഹങ്ങളിൽ, വിവിധ തരത്തിലുള്ള പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിലൂടെ, സമൂഹത്തിലെ വിവിധ പങ്കാളികളുടെ അവകാശങ്ങൾ, ക്ഷേമം, നന്മ എന്നീ ആശങ്കകളെക്കുറിച്ചു വിവിധ ശുപാർശകളിലൂടെയും കൂട്ടായ പ്രവർത്തനത്തിലൂടെയും, കൂട്ടായ അറിവ് നേടുകയും കൂട്ടായ ശബ്ദമുയർത്തുകയും ചെയ്യുന്ന പ്രധാന സാമൂഹിക രൂപങ്ങളിലൊന്നാണ് സാമൂഹിക പ്രസ്ഥാനങ്ങൾ. കഴിഞ്ഞ 50 വർഷത്തിനിടയിൽ, പ്രബലമായ വ്യവഹാരങ്ങളെ വെല്ലുവിളിക്കുകയും യുവാക്കൾ, തൊഴിലാളികൾ, കൃഷിക്കാർ, ദളിതർ, സ്ത്രീ സമൂഹം, ഭിന്നലിംഗ സമൂഹം, വംശീയ, മതന്യൂനപക്ഷങ്ങളുടെ ആവശ്യങ്ങളും അവകാശങ്ങളും സ്വപ്നങ്ങളും അഭിലാഷങ്ങളും മുന്നോട്ടുവയ്ക്കുകയും ചെയ്ത പരിഷ്കരണശേഷിയുള്ള വിപുലമായ നിരവധി സാമൂഹിക പ്രസ്ഥാനങ്ങൾക്കും ബഹുജന സമരങ്ങൾക്കും ഞങ്ങൾ സാക്ഷ്യം വഹിച്ചു. സാമൂഹിക സംഘാടനം, മുഖ്യ പ്രവർത്തകരുടെ ഗ്രൂപ്പ് കെട്ടിപ്പടുക്കുക, തീരുമാനമെടുക്കൽ, നേതൃപാടവം ഏറ്റെടുക്കുന്നതിനും സാമൂഹിക പ്രവർത്തകർക്കുള്ള മാർഗ്ഗനിർദ്ദേശം നൽകുക, അതേ സമയം അവയുടെ നിയോഗങ്ങളോട് നീതിപുലർത്തി എന്നീ മൂലകാരണങ്ങളാണ് ഈ പ്രസ്ഥാനങ്ങൾ ഇത്രമേൽ സ്വാധീനിക്കപ്പെടുവാൻ ഇടയാക്കിയത്. സമൂഹത്തിൽ വേരൂന്നിയ സാമൂഹിക ബോധമുള്ള സന്നദ്ധ പ്രവർത്തകരെ പരിപോഷിപ്പിക്കുകയെന്ന ഈ സുപ്രധാന ദൗത്യത്തിന്, പരിശീലനത്തിനു സഹായകമാകുന്ന ഈ കൈപ്പുസ്തകം ഈ കാലഘട്ടത്തിന്റെ ആവശ്യമാണ്. ഡോ. ജോസഫ് സേവ്യറുമായി ചേർന്ന് ശ്രീവിദ്യാ സൈനാഥൻ, ഡോ. സദാനന്ദ് ബാഗ് ''സാമൂഹിക അറിവിൽ ഊന്നിയ വികസനം (ഡെവലപ്മെൻറ് ആങ്കർഡ് ഇൻ കമ്മ്യൂണിറ്റി ഇന്റലിജൻസ്) - സാമൂഹിക സംഘാടനത്തിനുള്ള ഒരു കൈപ്പുസ്തകം'' എന്ന് നാമകരണം ചെയ്തിരിക്കുന്ന ഈ പുസ്തകം പ്രസിദ്ധീകരിക്കുമ്പോൾ മേല്പറഞ്ഞ ആവശ്യമാണ് നിറവേറുന്നത്.

**സാമൂഹ്യ നേതൃത്വത്തിലുള്ള വികസന പ്രക്രിയകൾ എന്ന ഒന്നാം അദ്ധ്യായ**ത്തിൽ മനസ്സാക്ഷിത്വത്തിന്റെയും ആനിമേഷൻ പ്രക്രിയയുടെയും ആശയപരമായ ചട്ടക്കൂടും സാമൂഹിക പരിവർത്തനത്തിനായുള്ള കാഴ്ചപ്പാടും ഈ പുസ്തകത്തിലൂടെ വ്യക്തമാക്കുവാനും അവതരിപ്പിക്കുവാനുമാണ് ഈ അദ്ധ്യായം രചിക്കപ്പെട്ടിരിക്കുന്നത്. ആശ്രിതത്വ സിദ്ധാന്തം, നവീകരണ സിദ്ധാന്തം, ക്യാച്ച്-അപ്പ് വികസന സിദ്ധാന്തം, സാമൂഹിക വികസന സിദ്ധാന്തം, സുസ്ഥിര വികസന സിദ്ധാന്തം എന്നീ രണ്ടാം ലോക മഹായുദ്ധാനന്തര കാലഘട്ടത്തിൽ ചരിത്രപരമായി സ്വാധീനിച്ച വികസന സിദ്ധാന്തങ്ങളെക്കുറിച്ചു വ്യക്തവും പൊങ്ങച്ചരഹിതവുമായ ഭാഷയിൽ നിർണായക പ്രതിഫലനങ്ങൾ ഇത് നൽകുന്നു. ചാരിറ്റി സമീപനം, വികസന സമീപനം, സാമൂഹിക പ്രവർത്തന സമീപനം, മനുഷ്യാവകാശ സമീപനം എന്നീ വികസനത്തിന്റെ 4 മോഡലുകളുടെ സവിശേഷതകൾ ഇത് ഉയർത്തിക്കാട്ടുന്നു. ഡോ. അമർത്യ സെന്നിന്റെ കാര്യശേഷി അടിസ്ഥാനമാക്കിയുള്ള സമീപനവും താഴെക്കിടയിൽ നിന്നും മേൽഘടകത്തിലേക്കുള്ള സാമൂഹിക-സാംസ്കാരികവും ഘടനാപരവുമായ പരിവർത്തന രീതിയും ചർച്ചയ്ക്കു വിധേയമാകുമ്പോൾ സാമൂഹിക സംഘാടന പ്രക്രിയയിൽ ആയാസരഹിതമായി ഇടംപിടിച്ചിരിക്കുന്ന പരീക്ഷണാത്മക പഠനവും രീതിശാസ്ത്രപരമായ ചട്ടക്കൂടുകളും ഉയർത്തിക്കാട്ടപ്പെടും. കൂടാതെ, സാമൂഹിക വികസനത്തിന്റെ ധാർമ്മിക തത്വങ്ങൾ ലംഘിക്കുന്ന ചൂഷണ ഗവേഷണത്തിന്റെ അപകടങ്ങളെയും ഇത് വരച്ചുകാട്ടുന്നു.

പങ്കാളിത്താധിഷ്ഠിത തീരുമാനമെടുക്കുവാൻ താഴേക്കിടയിൽ നിന്നും മുകളിലേക്കുള്ള സമീപനത്തിൽ പരസ്പര ബഹുമാനമില്ലാതെ, പ്രതിജ്ഞാബദ്ധരായ പ്രവർത്തകരുടെ ഒരു സ്ഥിരതയുള്ള ടീമിനെ ദീർഘകാലാടിസ്ഥാനത്തിൽ കെട്ടിപ്പടുക്കാനും ഒരുമിച്ചു പ്രവർത്തിക്കുവാനും കഴിയില്ല. **വിശ്വാസവും ആത്മവിശ്വാസവും കെട്ടിപ്പടുക്കുക എന്ന രണ്ടാം അദ്ധ്യായം**, സാമൂഹിക സംഘാടനത്തിൽ ജനാധിപത്യപരവും പങ്കാളിത്തപരവുമായ രീതിയിൽ മുന്നേറാനുള്ള വഴികൾ കാണിക്കുകയും, ആനിമേറ്റർമാർക്ക് സ്വന്തം തീരുമാനങ്ങൾ പ്രവർത്തനങ്ങൾ വിശ്വാസങ്ങൾ വിധികൾ എന്നിവ പരിശോധിക്കുന്നതിന് ശുപാർശ ചെയ്യുകയും ചെയ്യുന്നു.

സാമൂഹിക ഇടപെടലുകളും തന്ത്രങ്ങളും ദീർഘകാലത്തേക്ക് പരസ്പര പൂരകമായി നിൽക്കുന്നതിനു ഒരു സാമൂഹിക പ്രവർത്തകൻ വ്യക്തമായ ദർശനം, ദൗത്യം, ലക്ഷ്യങ്ങൾ എന്നിവയാൽ വഴി നയിക്കേണ്ടത് പ്രധാനമാണ്. ഐക്യദാർഢ്യം, സാമൂഹിക യോജിപ്പ്, സാമൂഹ്യനീതി, അനുകമ്പ, പരിസ്ഥിതിയുടെ പരിപാലനം തുടങ്ങിയ അഭിലാഷങ്ങൾ, പൊതു താത്പര്യങ്ങൾ, മൂല്യങ്ങൾ എന്നിവ **ദൗത്യം, മൂല്യങ്ങൾ, സാമൂഹിക സംഘാടന പ്രക്രിയ എന്നിവയെക്കുറിച്ചു പങ്കിട്ട/ പൊതു ധാരണ വളർത്തുക / വികസിപ്പിക്കുക എന്ന മൂന്നാം അദ്ധ്യായത്തിൽ** ചർച്ചചെയ്യുന്നു.

സാമൂഹ്യാധിഷ്ഠിത സംഘടനകൾ (സി ബി ഒ-കൾ) ഏതൊരു പ്രവർത്തനത്തിന്റെയും പദ്ധതിയുടെയും വിജയത്തിനുള്ള കേന്ദ്ര ബിന്ദുവാണ്. **ഉചിതവും വൈവിധ്യവുമായ ഗ്രൂപ്പുകളുടെയും സമൂഹാധിഷ്ഠിത സംഘടനകളുടെയും രൂപീകരണവും പ്രവർത്തനവും എന്ന നാലാം അദ്ധ്യായം,** പൊതു താല്പര്യങ്ങൾ രൂപീകരിക്കുമ്പോൾ ചെയ്യുവാൻപാടുള്ളതും പാടില്ലാത്തതുമായ കാര്യങ്ങൾ, ഉൾകൊള്ളാവുന്നതും വൈവിദ്ധ്യമാർന്നതും, പാർശ്വവത്കരിക്കപ്പെട്ടവരുടെ ഇടയിലെ ഐക്യദാർഢ്യം ബലപ്പെടുത്തി വലിയ സമൂഹത്തെ പ്രതിനിധാനം ചെയ്യുന്ന സംഘടനകൾ എന്നിവ വിശദമാക്കുന്നു.

സാമൂഹ്യനീതി, എല്ലാവർക്കും ലഭ്യമായ നീതി, ലിംഗനീതി എന്നിവയായിരിക്കണം സാമൂഹ്യ-കേന്ദ്രീകൃത ലോകവീക്ഷണത്തിന്റെ അടിത്തറ. ഈ കാഴ്ചപ്പാടിൽ നിന്നുകൊണ്ട്, **വിമർശനാത്മകമായ / തീവ്രമായ ബോധ്യങ്ങൾ വളർത്തുക എന്ന അഞ്ചാം അദ്ധ്യായം,** ഒരു 'വൃക്ഷ'മായി ഉപമിക്കുമ്പോൾ അതിന്റെ തണ്ട് സമൂഹവും, വേരുകൾ സ്ത്രീകളെയും പുരുഷന്മാരെയും യുവജനങ്ങളെയും കുട്ടികളെയും പ്രതിനിധീകരിക്കുന്നു. വിവിധ തരത്തിലുള്ള അസമത്വങ്ങൾ, ദൗർബല്യങ്ങൾ, വിവേചനം എന്നിവയെക്കുറിച്ചും സാമൂഹിക സംഘാടനത്തിലൂടെ ആരെയാണ് വെല്ലുവിളിക്കേണ്ടതെന്നതിനെക്കുറിച്ചും വിമർശനാത്മക ബോധത്തിന്റെ സൂചകങ്ങൾ ഇത് വ്യക്തമാക്കുന്നു. ഈ അദ്ധ്യായത്തിന്റെ അവസാനത്തിൽ പ്രചോദനാത്മകമായ ഒരു അനുഭവത്തെക്കുറിച്ചുള്ള പഠനം ഒരു പെൺകുട്ടി തന്റെ സഹോദരിയെ കടത്തുന്നതിനെതിരെ പോരാടിയ അനുഭവം പ്രസ്തുത ഏജൻസി നമ്മുടെ മുന്നിലെത്തിക്കുന്നു.

ഫലപ്രദമായ സാമൂഹിക സംഘാടനത്തിന്റെ രണ്ട് നിർണായക വശങ്ങളാണ് സമൂഹത്തിന്റെ ആവശ്യകത വിലയിരുത്തലും പ്രവർത്തനത്തിനുള്ള സൂക്ഷ്മമായ ആസൂത്രണവും. **സാമൂഹിക പ്രശ്നങ്ങൾ തിരിച്ചറിഞ്ഞു പ്രാധാന്യം വിലയിരുത്തി മുൻഗണന തയ്യാറാക്കുക എന്ന ആറാം അദ്ധ്യായം**, പങ്കാളിത്താധിഷ്ഠിത പ്രവർത്തന ഗവേഷണത്തിന്റെ പ്രാധാന്യവും, സ്മാർട്ട് – വ്യക്തതയുള്ള, അളക്കാവുന്ന, സാധ്യമായ, പ്രസക്തമായ, സമയബന്ധിത (SMART) തത്വങ്ങൾ പാലിക്കുന്ന പ്രവർത്തന മാട്രിക്സ് സൃഷ്ടിക്കുന്നതിന്റെ പ്രാധാന്യം കാണിക്കുന്നു. സഹായകരമായ നിർദ്ദേശങ്ങളിൽ, ഒരേ സമയം ഒന്നിലധികം സാമൂഹിക പ്രശ്നങ്ങൾ ഏറ്റെടുക്കരുതെന്ന് പരിശീലകർക്ക് മുന്നറിയിപ്പ് നൽകുന്നു. വിഭവങ്ങളുടെ കാര്യക്ഷമമായ ഉപയോഗത്തിന് പ്രവർത്തന അജണ്ടയുടെ മുൻഗണന നിശ്ചയിക്കുന്നതിന് വളരെ പ്രാധാന്യമുണ്ട്.

ഉദ്യോഗസ്ഥരെയും ഓഫീസുകളെയും കുറിച്ചുള്ള കൃത്യത, നിയമങ്ങളുടെയും നിയമ വ്യവസ്ഥയുടെയും നടപടിക്രമങ്ങൾ, വിവരാവകാശ നിയമം ഉപയോഗിച്ച് നിവേദനങ്ങൾ തയ്യാറാക്കുകയും അവതരിപ്പിക്കുകയും ചെയ്യുക, ഓൺലൈൻ പരാതികൾ, യുക്തിസഹമായ വാദങ്ങൾ, സമാധാനപരമായ ചർച്ചകൾ, സുസ്ഥിരമായ തുടർനടപടി; മോശം പ്രതികരണത്തിനി ടയിൽ ഗ്രൂപ്പിന്റെ ഏകീകരണം നിലനിർത്തുക; വൈരുധ്യങ്ങൾ പരിഹരിക്കുക, സാമൂഹ്യ മാധ്യമങ്ങൾ മുഖ്യധാരാ മാധ്യമങ്ങൾ, അച്ചടി മാധ്യമങ്ങളും ഉപയോഗിച്ച് പ്രശ്നം പൊതു ശ്രദ്ധയിലേക്ക് കൊണ്ടുവരുന്നതിനുള്ള നൂതന സമീപനങ്ങൾ പര്യവേക്ഷണം ചെയ്യുക; ഉപജീവന അവസരങ്ങളും സാമൂഹിക സുരക്ഷാ നടപടികളും വികസിപ്പിക്കുകയും സാമൂഹിക പരിരക്ഷ ഉറപ്പാക്കുക എന്നിവയെക്കുറിച്ചും കൂടാതെ ഫണ്ടുകളുടെ ലഭ്യതയും പ്രവർത്തനങ്ങളും ഭാരവാഹികളെക്കുറിച്ചുമുള്ള വ്യക്തമായ അറിവ് സാമൂഹിക പ്രവർത്തകർ

ക്കുണ്ടായിരിക്കണം എന്നും ആവശ്യപ്പെടുന്നു. **ഉത്തരവാദിത്വപ്പെട്ട ചുമതല വഹിക്കുന്നവരുമായി മുഖാമുഖം നടത്തുക, ഉപജീവന അവസരങ്ങൾ വിപുലീ കരിക്കുക എന്ന ഏഴാം അദ്ധ്യായം**, പ്രാദേശിക സ്വയംഭരണ സ്ഥാപനങ്ങൾ, ക്രിമിനൽ നീതിന്യായ വ്യവസ്ഥ അല്ലെങ്കിൽ രാഷ്ട്രീയ, ഭരണ ഘടനകൾ എന്നിവയുമായി ബന്ധപ്പെട്ട അധികാരികളുമായി ഇടപെടുമ്പോൾ അർഹതകളുടെയും സാമൂഹിക ചിലവുകളുടെയും ഗുണവും ദോഷവും ചർച്ചചെയ്യുന്നു.

വിവിധ സർക്കാരിതര സംഘടനകൾ, സിവിൽ സൊസൈറ്റി സംഘടനകൾ, ഐക്യദാർഢ്യ പ്രസ്ഥാനങ്ങൾ, പ്രാദേശിക ശ്രമങ്ങൾ വിവിധ സാമൂഹിക-സാംസ്കാരിക, ഭൂമിശാസ്ത്രപരമായ സ്ഥലങ്ങളിൽ പ്രവർത്തിക്കുന്ന പ്രാദേശിക-ദേശീയ-ആഗോള നെറ്റ്വർക്കുകളുടെ പരിശ്രമങ്ങൾ എന്നിവ നേരിട്ട് മനസ്സിലാക്കുന്നതിനും വിവിധ വസ്തുതകൾ അറിയുന്നതിനുള്ള സന്ദർശന പദ്ധതികൾ, വിവിധ പദ്ധതികളുടെ, പ്രവർത്തനങ്ങളുടെ, സ്ഥാപനങ്ങളുടെ, പ്രസ്ഥാനങ്ങളുടെ പഠന സന്ദർശനം സാമൂഹിക സംഘാടകർക്കു വളരെ അനിവാര്യമാണ്. **പ്രദർശനവും സങ്കര/വ്യത്യസ്ത സാഹചര്യങ്ങൾ മനസ്സിലാക്കിയുള്ള പഠനവും എന്ന എട്ടാം അദ്ധ്യായം**, പ്രവർത്തന മേഖലകളിലെ സന്ദർശനങ്ങളുടെ ഉദ്ദേശ്യവും പ്രാധാന്യവും, ഒപ്പം സമപ്രായക്കാർക്കിടയിൽ അവലോകനം ചെയ്യേണ്ടതും ചർച്ച ചെയ്യേണ്ടതുമായ കാര്യങ്ങളുടെ വിശദാംശങ്ങൾ എന്നിവ വിശദീകരിക്കുന്നു.

എങ്ങനെ, എന്തുകൊണ്ട്, എപ്പോൾ, എന്തായിരുന്നു വിജയ-പരാജയ കാരണങ്ങൾ, പ്രധാനപ്പെട്ട പഠനങ്ങൾ എന്നിവ സൂക്ഷ്മതയോടെ മനസ്സിലാക്കുന്നതിന് അവലോകനവും, പ്രവർത്തനത്തിന്റെ അനന്തരഫലം വിലയിരുത്തന്നതും വളരെ പ്രധാനമാണ്. **പ്രവർത്തന-പ്രതിഫലന പ്രക്രിയയും പ്രായോഗിക പ്രവർത്തനവും എന്ന ഒൻപതാം അദ്ധ്യായം** വളരെയേറെ പ്രാധാന്യം നേടുകയും പ്രവർത്തനത്തെക്കുറിച്ചുള്ള പ്രതിഫലനങ്ങളുടെ (റിഫ്ളെക്ഷൻ) മാതൃകകൾ ചർച്ച ചെയ്യുകയും ചെയ്യുന്നു. പ്രവർത്തനം (ആക്ഷൻ), പ്രതിഫലനം (റിഫ്ളെക്ഷൻ), പഠനവും ആസൂത്രണവും അഥവാ ലേണിംഗ് ആൻഡ് പ്ലാനിംഗ് (എആർഎൽപി) മോഡൽ മാതൃക, ഗിബ്സ് റിഫ്ളെക്റ്റീവ് സൈക്കിൾ മോഡൽ, ക്രമപ്പെടുത്തുന്ന സൂചികകളുടെ മാതൃക (സിസ്റ്റമാറ്റൈസേഷൻ ടൂൾ മോഡൽ), ഇഗ്നേഷ്യൻ ഡെപ്ത് കോൺവെർസേഷൻ മോഡൽ എന്നിവയുടെ ചർച്ചയും പ്രക്രിയയുടെ പടിപടിയായുള്ള നിവർത്തനവും 'പ്രവർത്തിയിലൂടെ പഠിക്കാനുള്ള' വഴികളെ പ്രതിഫലിപ്പിക്കുന്നു.

വികസന പരിപാടികൾ/ പദ്ധതികൾ മനുഷ്യാവകാശങ്ങൾ പ്രോത്സാഹിപ്പിക്കുകയും പരിരക്ഷിക്കുകയും ചെയ്യുന്നു. അതിൽ, മനുഷ്യാവകാശങ്ങൾ ലംഘിക്കപ്പെട്ട ഗ്രൂപ്പുകളെ തിരിച്ചറിഞ്ഞു ഉൾപ്പെടുത്തി; ആളുകൾക്ക് അവരുടെ അവകാശങ്ങൾ വിനിയോഗിക്കുവാൻ കഴിയാത്തത് എന്തുകൊണ്ടാണെന്ന് മനസിലാക്കുന്നു; അധികാരം അന്യായമായ വിഭജിക്കുന്നത് അഭിസംബോധന ചെയ്യുന്നതിലൂടെ ജനങ്ങളുടെ അവകാശങ്ങൾ നിഷേധിക്കുന്നത് പരിഹരിക്കുക, അവകാശങ്ങൾ അവകാശപ്പെടുന്നതിനും പ്രയോഗിക്കുന്നതിനും ജനങ്ങളെ ശക്തിപ്പെടുത്തുന്നതിനുമായി പ്രവർത്തിക്കുക; ഉത്തരവാദിത്വപ്പെട്ട ചുമതല വഹിക്കുന്നവരെ ചുമതലകൾ നിറവേറ്റുന്നതിനും സഹകരണവും നെറ്റ്വർക്കും/ശൃംഖലകളും സ്ഥാപിച്ചു മുൻഗണനകൾക്കും പ്രവർത്തന ഗതിക്കും വഴികാട്ടുന്ന ലക്ഷ്യവും മാർഗ്ഗനിർദ്ദേശ തത്വങ്ങളും നേടുന്നതിനു സഹായിക്കുന്നു. **സഹകരണം, കൂട്ടായ പ്രവർത്തനങ്ങൾക്കുള്ള ശൃംഖല, ശുപാർശ പ്രവർത്തനങ്ങൾ എന്ന പത്താം അദ്ധ്യായം,** സഹകരണ - വിഭവ പങ്കാളികൾ എന്നിവ രേഖപെടുത്തുന്നതുവഴി സമൂഹം നേതൃത്വം വഹിക്കുന്ന പ്രക്രിയകളിലൂടെ അവകാശങ്ങളും അർഹതകളും സാക്ഷാത്കരിക്കുന്നതിനുള്ള മാർഗങ്ങളിലേക്കു നയിക്കുന്നു.

സമൂഹത്തിന്റെ വലിയ ലക്ഷ്യത്തിനും സമൂഹത്തിന്റെ മനുഷ്യവികസനത്തിനുമുള്ള പ്രചോദനം; സമയവും ഊർജ്ജവും സമർപ്പിക്കുന്നതിലൂടെയാണ് സന്നദ്ധപ്രവർത്തനത്തിന്റെ ആത്മാവ് നയിക്കപ്പെടുന്നത്. ബൗദ്ധിക-ഭൗതിക-മാനവ വിഭവശേഷി നേടുന്നതിന് സമർപ്പിക്കപ്പെട്ട ഒരു സംസ്കാരം സൃഷ്ടിക്കുക എന്നതാണ് ദൗത്യം. വിവരങ്ങൾ, നിപുണത, അറിവ്, കഴിവുകൾ, സമയം എന്നിവ പങ്കിടുന്നതിനൊപ്പം സന്നദ്ധപ്രവർത്തനത്തിലൂടെയും സാമൂഹിക സേവനത്തിലൂടെയും സംഭാവനകൾ ചെയ്യുവാനുമുള്ള സന്നദ്ധത എന്നിവ വെളിപ്പെടുമ്പോൾ മേൽപറഞ്ഞ ദൗത്യം പൂർത്തീകരിക്കും.

സാമൂഹിക വികസനത്തിനും പ്രതിസന്ധികൾ കൈകാര്യം ചെയ്യുന്നതിനായുള്ള സൂചകങ്ങൾ, സ്വയം വിലയിരുത്തൽ സൂചികകൾ, ഗ്രാമീണ, നഗര പശ്ചാത്തലത്തിൽ നടത്തിയ സന്നദ്ധ പ്രവർത്തനങ്ങളുടെ ഉദാഹരണങ്ങൾ എന്നിവ **സന്നദ്ധപ്രവർത്തനം, നൽകൽ, പങ്കിടൽ എന്ന പതിനൊന്നാം അദ്ധ്യായ**ത്തിൽ വിശദീകരിക്കുന്നു.

സാമൂഹിക ഐക്യം പുനരുജ്ജീവിപ്പിക്കുന്നതിനും സമൂഹത്തിലെ അംഗങ്ങൾ, സഹയാത്രികർ, അനുഭാവികൾ, മമതയുള്ളവർ എന്നിവരുമായുള്ള ബന്ധം, ഒരുമ വളർത്തുന്നതിനും ആഘോഷങ്ങൾ വളരെ പ്രധാനമാണ്. പങ്കെടുക്കുന്നവർക്ക് സന്തോഷവും അംഗീകാരവും ലഭിക്കുന്നു. ആഘോഷങ്ങളിൽ അഭ്യുദയകാംക്ഷികളുടെ ഒരു വലിയ കൂട്ടത്തെ ക്ഷണിക്കുന്നത്, സമൂഹത്തിന്റെ പ്രവർത്തനങ്ങളെ ദൃശ്യവൽക്കരിക്കുന്നതിനും സുസ്ഥിരതയോടും വിശ്വസ്തതയോടെയും പിന്തുണ നൽകുന്നവരുടെ കൂട്ടായ പരിശ്രമത്തെയും സഹായിക്കും.

**ആഘോഷം, ദൃശ്യത, അംഗീകാരം എന്ന പന്ത്രണ്ടാം അദ്ധ്യായം**, ആഘോഷങ്ങൾ ന ൽകിയ സംഭാവന, അംഗങ്ങളുടെ ശ്രമങ്ങളെ പൊതുവായി അംഗീകരിക്കുക, ആഘോഷ പ രിപാടികൾ സംഘടിപ്പിക്കുമ്പോൾ നേരിടുന്ന പ്രായോഗിക തടസ്സങ്ങൾ, വെല്ലുവിളികൾ, സുരക്ഷാ സംവിധാനം എന്നിവ ഉയർത്തിക്കാട്ടുന്നു.

സാമൂഹിക സംഘാടന പ്രക്രിയയുടെ കേന്ദ്ര ലക്ഷ്യം, തീരുമാനമെടുക്കുന്നതിൽ സ്വയംപ ര്യാപ്തരാകുന്നതിന് കാര്യശേഷി വികസനം, ആത്മവിശ്വാസം കെട്ടിപ്പടുത്തു സമൂഹത്തെ ശാക്തീകരിക്കുക, സംഘടിതവും ആസൂത്രിതവുമായ രീതിയിൽ വ്യക്തിഗത-സാമൂഹിക വികസനത്തിനും സജീവമായിരിക്കുക എന്നതാണ്. **'സഹായ' സംഘടനയുടെ മാറുന്ന കടമകൾ / കർത്തവ്യങ്ങൾ എന്ന പതിമൂന്നാം അദ്ധ്യായം,** വികസന ശ്രമങ്ങൾ തുടരുന്നതിനു സഹായ സംഘടനകളുടെ പ്രധാന സംഭാവനകൾ, സുസ്ഥിര വികസനത്തിനും സമൂഹം ആവിഷ്കരിച്ച സംവിധാനങ്ങൾ, വ്യക്തികളെയും ഗ്രൂപ്പുകളെയും തിരിച്ചറിയുന്നതും വിശദീകരിക്കുന്നു.

സാമൂഹിക സംഘാടന പ്രക്രിയകളിൽ ഏർപ്പെട്ടിരിക്കുന്ന വികസന പ്രവർത്തകർക്ക് ഒരു 'സഹായി' എന്ന നിലയിലാണ് ഈ കൈപ്പുസ്തകം വിഭാവനം ചെയ്തിരിക്കുന്നത് എന്നു, ഈ പുസ്തകത്തിന്റെ അവസാനഭാഗമായ, ഉപസംഹാരത്തിൽ വ്യക്തമാക്കുന്നു. സമൂ ഹത്തിലെ അംഗങ്ങളെ സമൂഹ വികസനത്തിന്റെ 'നേതൃത്വം നയിക്കുന്നവർ' ആക്കുന്നതിനും എൻ ജി ഒ-കൾ, ആനിമേറ്റർമാർ, മനുഷ്യസ്നേഹികൾ, പരിശീലകർ എന്നിവരെ 'സഹായികൾ (ഫെസിലിറ്റേറ്റർമാർ)' എന്ന നിലയിൽ പ്രവർത്തിപ്പിക്കുന്നതിനും ഈ കൈപുസ്തകം ലക്ഷ്യമിടുന്നു. ഈ കൈപ്പുസ്തകത്തിൽ, ചാരിറ്റി അല്ലെങ്കിൽ ജീവകാരുണ്യ പ്രവർത്ത നങ്ങളിൽ നിന്ന് അവകാശങ്ങൾ അടിസ്ഥാനമാക്കിയുള്ള സമീപനത്തിലേക്ക് സാമൂഹിക വികസന സമീപനത്തിൽ ഒരു മാതൃകാപരമായ മാറ്റമുണ്ട്. വികസന പ്രവർത്തനങ്ങൾക്കായി പരിശ്രമിക്കുന്നതിനു സാമൂഹ്യ സംഘടനകൾ കേന്ദ്രികരിക്കേണ്ട ആവശ്യകതയ്ക്ക് ഇത് ഊന്നൽ നൽകുന്നു. അത് വികസനം എന്നത് സാമ്പത്തികം എന്ന ഇടുങ്ങിയ അർത്ഥത്തിൽ കാണുന്നില്ല. പക്ഷേ വിദ്യാഭ്യാസം, ആരോഗ്യം, മാന്യമായ തൊഴിൽ, മനുഷ്യന്റെ അന്തസ്സ്, പൗരത്വം, ചൂഷണത്തിൽ നിന്നുള്ള സ്വാതന്ത്ര്യം, അടിച്ചമർത്തൽ, അനീതി,കീഴ്പ്പെടുത്തൽ എന്നിവ ഉൾപ്പെടുന്ന മനുഷ്യവികസനത്തെക്കുറിച്ചുള്ള സമഗ്രമായ ധാരണയാണ് ഈ പുസ്തകത്തിൽ അനാവൃതമാകുന്നത്.

പുസ്തകത്തിന്റെ അവസാനത്തിൽ നൽകിയിരിക്കുന്ന ഗ്രന്ഥസൂചിക പട്ടികയിൽ, സാമൂഹിക വികസനത്തിന്റെ സിദ്ധാന്തത്തെയും പ്രായോഗികതയും കുറിക്കുന്ന പ്രസക്തമായ എല്ലാ പുസ്തകങ്ങളും ലേഖനങ്ങളും ഉൾപ്പെടുന്നു.

ഈ കൈപുസ്തകത്തിനു ഒരു സാർവത്രിക അഭ്യർത്ഥനയുണ്ട്. വിഭാഗീയ-സ്ഥാപിത താൽപ്പര്യങ്ങളുടെ പിടിയിൽ നിന്ന് മനുഷ്യ വിമോചനത്തിനായി പ്രവർത്തിക്കുന്ന എല്ലാ സ്ഥാപനങ്ങളും സംഘടനകളും മാനുഷിക മുഖത്തോടെ സാമൂഹിക വികസനത്തിനായി പ്രവർത്തിക്കണം. പരിശീലന പരിപാടികൾക്കും ക്ലാസ് റൂം അഥവാ പഠന മുറി - അദ്ധ്യാപനത്തിനും ഈ പുസ്തകം സഹായകരമാകും. എൻ ജി ഒ-കൾ, സി ബി ഒ-കൾ, സാമൂഹിക പ്രവർത്തന സ്ഥാപനങ്ങൾ, പഞ്ചായത്ത് രാജ് സ്ഥാപനങ്ങൾ, വികസന പരിശീലകർ എന്നിവർക്കു ഈ കൈപ്പുസ്തകം ഒരു സുസജ്ജമായ മാർഗ്ഗദർശിയായി കാണപ്പെടും.

ഡോ. ജോസഫ് സേവ്യർ, ശ്രീവിദ്യ സൈനാഥൻ, ഡോ. സദാനന്ദ് ബാഗ് എന്നിവരുടെ കഠിനാദ്ധ്വാനത്തെയും, സമയോചിതമായ പ്രസിദ്ധീകരണത്തിനായി എല്ലാ പിന്തുണയും സഹായങ്ങളും നൽകുന്ന, കാരിത്താസ് ജർമ്മനി, ന്യൂഡൽഹിയിലെ കാരിത്താസ് ഇന്ത്യ, ബെംഗളൂരുവിലെ ഇന്ത്യൻ സോഷ്യൽ ഇൻസ്റ്റിറ്റ്യൂട്ട് എന്നിവരെയും ഞാൻ അഭിനന്ദിക്കുന്നു.

**ഡോ. വിഭുതി പട്ടേൽ**
**മുൻ പ്രൊഫസർ**
**ടാറ്റ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സോഷ്യൽ സയൻസസ്, മുംബൈ**

# കൃതജ്ഞത



വികസന മേഖലയിൽ പദ്ധതി അവലോകനങ്ങളും അവയെ കുറിക്കുന്ന പഠനങ്ങളും സാധാരണമാണ്. ഒരു പദ്ധതി നടപ്പിലാക്കുമ്പോൾ പ്രസ്തുത പദ്ധതി മുഖാന്തരം ഓരോ ഗുണഭോക്താവിന്റെയും ജീവിതത്തിൽ വന്ന മാറ്റങ്ങളെക്കുറിച്ചു പഠിക്കുവാൻ പദ്ധതി നിർവ്വഹണ ഏജൻസികളും ഫണ്ടിംഗ് ഏജൻസികളും ശ്രമിക്കാറുണ്ട്. ഇത്തരം പഠനങ്ങൾ നിരവധി ഉൾകാഴ്ചകളും അറിവുകളും സംഭാവന ചെയ്യാറുണ്ട്. എന്നാൽ, ഇത്തരം പഠനങ്ങൾ മറ്റുള്ളവർക്ക് അറിവ് നൽകുന്നതിന് ഉതകുന്ന നിലയിൽ പ്രസിദ്ധീകരിക്കുന്നത് വളരെ വിരളമാണ്. അത്തരത്തിലുള്ള വിടവ് നികത്തുന്നതിനുള്ള ശ്രമമാണ് ഈ പുസ്തകം.

കഴിഞ്ഞ ചില വർഷങ്ങളായി, പാർശ്വവത്കരിക്കപ്പെട്ട സമൂഹങ്ങളുടെ ഉന്നമനത്തിനായി നിരവധി സമൂഹാധിഷ്ഠിത പദ്ധതികൾ കാരിത്താസ് ജർമനിയുടെയും മിസ്രിയോറിന്റെയും സഹായത്തോടെ ഇന്ത്യയിലെ വിവിധ രൂപതകൾ നടപ്പിലാക്കി വരുന്നു. കൊൽക്കത്തയിലെ എസ് കെ സി, ന്യൂ ഡൽഹിയിലെ ചേതനാലയ, അഹമ്മദാബാദിലെ എസ് എക്സ് എസ് എസ് എസ്, ഉജ്ജയിനിൽ കൃപ, ഗോരഖ്പൂരിലെ പി ജി എസ് എസ് എന്നീ സ്ഥലങ്ങളിൽ നടപ്പിലാക്കിയ പദ്ധതികളെക്കുറിച്ചു ഒരു വിലയിരുത്തൽ പഠനത്തിനു കാരിത്താസ് ഇന്ത്യ തുടക്കം കുറിച്ചു. മേൽപറഞ്ഞ സ്ഥലങ്ങളിലെ സമൂഹത്തിന്റെയും പദ്ധതി നിർവഹണ സംഘടനകളുടെയും അതി സമ്പന്നമായ അനുഭവസമ്പത്തും അറിവുകളും, ഇന്ത്യയിലോ മറ്റേതെങ്കിലും ദേശങ്ങളിലെയോ സാമൂഹിക പരിവർത്തന പ്രക്രിയയിൽ ഉൾപ്പെടുന്ന വികസന – സാമൂഹിക പ്രവർത്തകർക്ക് ഉപയോഗിക്കുവാൻ കഴിയുക എന്ന ഉദ്ദേശത്തോടു കൂടിയാണ് ഈ പുസ്തകം രചിക്കപ്പെട്ടിട്ടുള്ളത്

ഈ ഉദ്യമത്തിൽ എനിക്കു നിരുപാധികമായ പിന്തുണയും അപരിമിതമായ സഹായങ്ങളും നൽകിയ നിരവധി വ്യക്തികളോടുള്ള സ്നേഹവും നന്ദിയും കടപ്പാടും ഞാൻ രേഖപ്പെടുത്തുന്നു. തുടക്കം മുതൽ അവസാനം വരെ ഉദാരമായി പിന്തുണച്ച; ശ്രീ പീറ്റർ സൈയ്ദെൽ (ഏഷ്യ ഡെസ്ക്, കാരിത്താസ് ജർമ്മനി), ഫാ. പോൾ മൂഞ്ഞേലി (എക്സിക്യൂട്ടീവ് ഡയറക്ടർ, കാരിത്താസ് ഇന്ത്യ), ശ്രീ രാജേഷ് ഉപാധ്യായ് (പ്രോഗ്രാം ഹെഡ്, കാരിത്താസ് ഇന്ത്യ), ശ്രീ ജെയിംസ് (കൺസൽട്ടൻറ്, കാരിത്താസ് ജർമ്മനി) എന്നിവരോടുള്ള പ്രത്യേക നന്ദി രേഖപ്പെടുത്തുന്നു. കൂടാതെ ഈ പുസ്തകത്തിന്റെ ആദ്യപ്രതിക്ക് വിലയേറിയ അഭിപ്രായങ്ങൾ നൽകിയ പ്രൊഫ. ജോഹാന്നസ് ക്നിഫ്കി (കൺസൽട്ടൻറ്, കാരിത്താസ് ജർമ്മനി), ശ്രീ ജോൺ പീറ്റർ നെൽസൺ (എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ ജി എസ് എസ് എസ്) എന്നിവരോടുമുള്ള നന്ദി അറിയിക്കുന്നു.

മേൽപറഞ്ഞ അഞ്ച് രൂപതാ സോഷ്യൽ സർവീസ് സൊസൈറ്റികളിലെ ഡയറക്ടർമാരായ ഫാ. ഫ്രാങ്ക്ളിൻ മെനസസ്, ജോൺ ബ്രിട്ടോ, ഐസക് റുമോ, സുനിൽ ജോർജ്, ജെയ്സൺ മാനുൽ, അഹമ്മദാബാദ് എസ് എക്സ് എസ് എസ് എസിലെ മുൻ ഡയറക്ടർ ഫാ. രാജീവ് ചക്രനാരായൺ എന്നിവരുടെ നിരീക്ഷണങ്ങളും അഭിപ്രായങ്ങളും, വിവിധങ്ങളായ സാമൂഹിക പരിവർത്തന പ്രക്രിയയിലെ വൈവിധ്യങ്ങളും വെല്ലുവിളികളും ഗുണങ്ങളും മനസിലാക്കാൻ സഹായകമായി. ഇവർ ഓരോരുത്തരുടെയും വാക്കുകളും പ്രതിബദ്ധതയും ബോധ്യങ്ങളും വാക്കുകളും വ്യക്തിപരമായി വളരെ പ്രചോദനം നൽകി. ഈ അഞ്ചു സൊസൈറ്റികളിലെയും പ്രൊജക്റ്റ് കോർഡിനേറ്റർമാർ, സ്റ്റാഫ് അംഗങ്ങളും നൽകിയ വിലമതിക്കാനാകാത്ത സേവനത്തെയും ഇത്തരുണത്തിൽ ഓർക്കുന്നു.

ഈ പഠനങ്ങൾ നടത്തിയ പ്രദേശങ്ങളിലെ ഓരോ വ്യക്തികളുടെയും അറിവും കാഴ്ചപ്പാടുകളും കൂടാതെ പല ഘട്ടങ്ങളിലും അവർ നൽകിയ നിർണായക നിരൂപണങ്ങളും ശ്ലാഘനീയമാണ്. പ്രത്യേകിച്ച് അഭിമുഖം നൽകിയ വയോജനങ്ങൾ, മത നേതാക്കൾ, പഞ്ചായത്ത് പ്രതിനിധികൾ, വിവിധ സംഘടനാ പ്രതിനിധികൾ, ടീച്ചേർസ്, സർക്കാർ ഉദ്യോഗസ്ഥർ, പുരോഹിതന്മാർ, മെത്രാന്മാർ, ഗ്രൂപ്പ് ഡിസ്കഷനിലും പഠന ശിബിരങ്ങളിലും പങ്കെടുത്തവർ, സ്വയം സഹായ സംഘങ്ങളിലെ സ്ത്രീകൾ, യുവജനങ്ങൾ, കുട്ടികൾ എന്നിവർ നൽകിയ അവരുടെ വ്യക്തിപരമായ കാഴ്ചപ്പാടുകളും തദ്ദേശീയമായ അറിവുകളും, ഒരു സമൂഹത്തിന്റെ മുഴുവൻ അറിവുകളും വിജ്ഞാനങ്ങളും സമാഹരിക്കുവാൻ രേഖപ്പെടുത്തുവാൻ സഹായിച്ചു. അവരോടുള്ള അകൈതവമായ നന്ദി ഇവിടെ കുറിക്കുന്നു.

എന്റെ സഹപ്രവർത്തകരായ ശ്രീമതി ശ്രീവിദ്യ സൈനാഥന്റെയും (കൊൽക്കത്ത) ഡോ. സദാനന്ദ് ബാഗിന്റെയും (ഡൽഹി) നിസ്വാർത്ഥവും സ്തുത്യർഹവുമായ സേവനങ്ങളാണ് ഈ പുസ്തകം പ്രസിദ്ധീകരിക്കുവാൻ പ്രേരകമായത്. ഇരുവർക്കും വിശേഷാലുള്ള നന്ദി.

ഈ പുസ്തകത്തിന് മുഖവുര എഴുതിയ പ്രൊഫ. വിഭൂതി പട്ടേലിനും; സന്ദേശങ്ങൾ എഴുതിയ ഫാ. പോൾ മൂഞ്ഞേലി, കുമാരി റോസ് ജോസഫ്, ശ്രീ പീറ്റർ സൈയ്ദെൽ എന്നിവർക്കും നന്ദി. ഈ പുസ്തകം തെറ്റു തിരുത്തി പ്രസിദ്ധീകരണ യോഗ്യമാക്കി നൽകിയ ഫാ. പ്രദീപ് റോയിയോടുള്ള (കൃഷ്ണനഗർ രൂപത) കൃതജ്ഞത രേഖപ്പെടുത്തുന്നു. മനോഹരമായ പുറംചട്ട രൂപകൽപന ചെയ്ത് ഈ പുസ്തകത്തിന് അത്യപൂർവമായ മിഴിവേകിയ ശ്രീ ബിജോയ് ജോസഫ് (ഡിസൈനർ), ശ്രീ പാട്രിക് ഹാൻസ്ദ (കാരിത്താസ് ഇന്ത്യ), ഈ പുസ്തകം അച്ചടിച്ച് നൽകിയ ജ്യോതി പ്രിന്റേഴ്സ് (നോയിഡ) എന്നിവർക്കും നന്ദി അർപ്പിക്കുന്നു. ഈ പുസ്തകത്തിൽ മഹത്തരമായ വിവരണങ്ങൾ നൽകിയ ശ്രീ ബിജു കെ ജോർജ്, അവസാന ഘട്ട അച്ചടിപ്പിഴ തിരുത്തലുകൾ നൽകിയ ഡോ. സദാനന്ദ് ബാഗ്, കുമാരി ഹർഷിത, ശ്രീ. ഷുജയത്തുള്ള എന്നിവരുടെ നിസ്തുല്യ സേവനത്തിനും നന്ദി അർപ്പിക്കുന്നു.

ഈ പുസ്തക രചനയ്ക്കും പഠനത്തിനും ബെംഗളൂരു ഇന്ത്യൻ സോഷ്യൽ ഇൻസ്റ്റിറ്റ്യൂട്ട് തിരഞ്ഞെടുത്ത കാരിത്താസ് ഇന്ത്യയെ നന്ദിയോടെ സ്മരിക്കുന്നു. ഈ പുസ്തകം സാമൂഹിക മുന്നേറ്റങ്ങൾക്കും പങ്കാളിത്താധിഷ്ഠിത വികസന പ്രവർത്തനങ്ങൾക്കും നേതൃത്വം നൽകുന്ന എല്ലാ സർക്കാരിതര സന്നദ്ധ സംഘടനകൾക്കും, വിവിധ വികസന പ്രസ്ഥാനങ്ങൾ, പ്രവർത്തകർ, ഗ്രൂപ്പുകൾ തുടങ്ങി ഏവർക്കും വളരെയധികം ഉപകാരപ്പെടും എന്ന ഉറച്ച വിശ്വാസത്തോടെയും പ്രതീക്ഷയോടെയും നിർത്തുന്നു.

**ഡോ. ജോസഫ് സേവ്യർ എസ്. ജെ.**
**ഡയറക്ടർ, ഇന്ത്യൻ സോഷ്യൽ ഇൻസ്റ്റിറ്റ്യൂട്ട്**
**ബെംഗളൂരു**

# സന്ദേശം




പ്രിയ സുഹൃത്തുക്കളെ,

സാമൂഹിക വികസനത്തിന് ജീവൻ നൽകുക എന്ന ഉദ്ദേശ്യത്തോടെ 'സാമൂഹിക അറിവിൽ ഊന്നിയ വികസനം' എന്ന ലഘുപുസ്തകം നിങ്ങൾക്ക് പരിചയപ്പെടുത്തുന്നതിലും നിങ്ങളുടെ മുമ്പിൽ അവതരിപ്പിക്കുന്നതിലും എനിക്ക് വളരെയധികം സന്തോഷമുണ്ട്.

''ദരിദ്രരുടെയും പാർശ്വവത്കരിക്കപ്പെട്ടവരുടെയും സാമൂഹിക പരിവർത്തനത്തെ ലക്ഷ്യം വച്ചുള്ള ഉണർവ്വോടുകൂടിയതും വിവിധ പ്രവർത്തനം അടിസ്ഥാനമാക്കിയുള്ള പ്രക്രിയ''-യെയാണ് ആനിമേഷൻ അഥവാ ജീവൻ നൽകുക എന്ന വാക്കായി കാരിത്താസ് ഇന്ത്യ നിർവചിക്കുന്നത്. ചൂഷണശക്തികൾക്കെതിരെ വിമർശനാത്മക വിശകലനത്തിലൂടെ പാർശ്വവത്കരിക്കപ്പെട്ടവരുടെ മനസ്സാക്ഷിയെ ഉണർത്തുന്നതിനും, ഒത്തുചേരാനും അവരുടെ ആത്മവിശ്വാസം വളർത്തിയെടുക്കാനും കൂട്ടായ നടപടികൾ സ്വീകരിക്കുന്നതിലൂടെ ഇന്നത്തെ സാമൂഹിക യാഥാർത്ഥ്യത്തിൽ പരിവർത്തനം കൊണ്ടുവരുന്നതിനുള്ള ഒരു വിദ്യാഭ്യാസ പ്രക്രിയയാണിത്.

ദാരിദ്ര്യം, പാർശ്വവൽക്കരണം, നീതിപൂർവ്വമായ ഒരു സമൂഹം സൃഷ്ടിക്കുന്നതിനു വ്യക്തികളെന്ന നിലയിൽ അവരുടെ അന്തസ്സ് ഉയർത്തുക എന്നിവയിൽ സ്വയം പ്രേരിതമായ മാറ്റം വരുത്താൻ കാരിത്താസ് ഇന്ത്യയുടെ ശക്തവും ആധികാരികവും വ്യക്തവുമായ നിർദ്ദേശവും വൈദഗ്ദ്ധ്യവുമാണ് സാമൂഹിക സംഘാടനം. കാരിത്താസ് ജർമ്മനിയുടെ പിന്തുണയോടെ, ഒരു സമൂഹത്തെ ക്രമപ്രകാരമുള്ള ഇടപെടലുകളിലൂടെയും ശാക്തീകരണ പ്രക്രിയയിലൂടെ കടന്നു പോകുവാൻ ജനങ്ങൾക്കൊപ്പം സഞ്ചരിക്കുകയും അവരെ അനുഗമിക്കുകയും അവർക്കു വേണ്ടുന്ന നിർദ്ദേശങ്ങൾ നൽകുകയും ചെയ്യുന്നു.

സമൂഹം നയിക്കുന്ന ഈ വികസനപ്രക്രിയ പ്രാദേശികപ്രവർത്തകർ സ്വീകരിച്ചതും മുൻകൈയ്യെടുത്തതുമായ പ്രവർത്തനങ്ങൾ ഉൾച്ചേർത്താണ് ഈ സൂചികകൾ വികസിപ്പിച്ചെടുത്തത്. ജനങ്ങളുടെ അനുഭവങ്ങൾ, കഴിവുകൾ, ധാരണകൾ, അറിവ് എന്നിവ പരിപൂർണ്ണമായി ഉൾച്ചേരുമ്പോൾ സാമൂഹിക വികസനത്തിന്റെ ബൃഹത്ശ്യംഖലയിൽ ജനങ്ങളുടെ പങ്കും മൂല്യവും വർദ്ധിക്കുന്നു. ഞങ്ങളുടെ പരിശീലക സമൂഹത്തിലേക്ക് ഈ സൂചികകൾ വ്യാപകമായി പ്രചരിപ്പിക്കുന്നതിനും ഫലപ്രദമായി ഉപയോഗിക്കുന്നതിന് കാരിത്താസ് കുടുംബം പ്രതിജ്ഞാബദ്ധമാണ്. ഇത് പ്രായോഗികമായി നടപ്പിലാക്കുന്നതിനായി ഈ പുസ്തകം വ്യത്യസ്ത ഭാഷകളിലേക്ക് വിവർത്തനം ചെയ്യുന്നു. സമൂഹത്തെ മെച്ചപ്പെട്ട ഫലങ്ങളിലേക്ക് നയിക്കുവാൻ, പ്രക്രിയയിന്മേൽ സമൂഹത്തിനു ഉടമസ്ഥാവകാശം സൃഷ്ടിക്കുന്നതിലൂടെ മാറ്റത്തിന്റെ ഒരു പുതിയ മാതൃക രൂപപ്പെടുത്തുന്നതിനും; സാമൂഹിക സംഘാടന പ്രക്രിയകളുടെയും അനുബന്ധ വൈദഗ്ധ്യങ്ങളുടെയും മികവ് വർദ്ധിപ്പിക്കുവാൻ ഈ സൂചിക സഹായി ക്കുമെന്ന് ഞാൻ പ്രതീക്ഷിക്കുന്നു.

ഡോ. ജോസഫ് സേവ്യറിന്റെ നേതൃത്വത്തിലുള്ള ഞങ്ങളുടെ ഗവേഷണ വിഭാഗത്തിലെ സഹപ്രവർത്തകരുടെ അശ്രാന്ത പരിശ്രമത്തെയും, ആനിമേഷനും വികസനത്തിനുമുള്ള ശക്തമായ സൂചികയായി ഈ ഹാൻഡ്ബുക്ക് പ്രസിദ്ധീകരിക്കുവാൻ നിരന്തര പിന്തുണ നൽകിയ കൊൽക്കത്ത, ഉജ്ജൈൻ, അഹമ്മദാബാദ്, ദില്ലി, ഗോരഖ്പൂർ രൂപതകൾക്കും; പ്രത്യേക കൃതജ്ഞതയും അനുമോദനങ്ങളും ഇത്തരുണത്തിൽ കാരിത്താസ് ഇന്ത്യയെ പ്രതിനിധീകരിച്ച് ഞാൻ അറിയിക്കുന്നു.

**ഫാ. പോൾ മൂഞ്ഞേലി**
**എക്സിക്യൂട്ടീവ് ഡയറക്ടർ, കാരിത്താസ് ഇന്ത്യ**

# സന്ദേശം



സാമൂഹിക സംഘാടനത്തെക്കുറിച്ചു നടത്തിയ ഈ പഠനത്തിന് കാരിത്താസ് ഇന്ത്യയെയും ബെംഗളൂരുവിലെ ഇന്ത്യൻ സോഷ്യൽ ഇൻസ്റ്റിറ്റ്യൂട്ടിനെയും ഞാൻ അഭിനന്ദിക്കുന്നു. അസംഖ്യം മാർഗങ്ങളിലൂടെ ജനങ്ങളുടെ ജീവിതം മെച്ചപ്പെടുത്തുകയെന്ന ലക്ഷ്യത്തോടെയുള്ള ഏതൊരു പദ്ധതിയുടെയും കേന്ദ്രമാണ് സാമൂഹിക സംഘാടനം.

ഈ ഗവേഷണ പ്രക്രിയയും അതിന്റെ ഫലങ്ങളും സർക്കാർ, സർക്കാരിതര ഏജൻസികൾക്ക് വളരെയധികം സഹായകരമാകും. ഈ കൈപ്പുസ്തകം പ്രസിദ്ധീകരിക്കുന്നതിലൂടെ, മികച്ച രീതിയിൽ നടത്തിയ ഗവേഷണ പാത പിന്തുടരുവാൻ ഈ മേഖലയിലുള്ള എല്ലാവരെയും കാരിത്താസ് ഇന്ത്യ സഹായിക്കുന്നു. ഈ ഹാൻഡ്ബുക്ക് ഈ മേഖലയിൽ പ്രവർത്തിക്കുന്നവർ നടത്തുന്ന എല്ലാ പ്രക്രിയകളെയും കാര്യക്ഷമമാക്കുന്നു, കാരണം സാമൂഹിക സംഘാടനമോ അതിന്റെ പ്രക്രിയയോ എവിടെയും വ്യക്തമായി രേഖപെടുത്തി കണ്ടിട്ടില്ല.

സംസ്കാരത്തിലും ധാർമ്മികതയിലും വൈവിധ്യവും അസ്ഥിരതയും ഉണ്ടായിരുന്നിട്ടും, വിവരങ്ങൾ ശേഖരിക്കുന്നതിലും ഒരു സൂചിക തയ്യാറാക്കുന്നതിലും രചയിതാക്കൾ വിജയിച്ചു. ഇത് ഓരോ സാമൂഹിക പ്രവർത്തകന്റെയും പ്രവർത്തനത്തിൽ നിർണ്ണായക ഘടകമാകും എന്നതിന് ഗവേഷണത്തിലെ അവരുടെ മികവ് സാക്ഷ്യം വഹിക്കുന്നു.

ആനിമേറ്റർമാരുടെ പ്രവർത്തനങ്ങൾക്ക് വ്യക്തമായ അതിര് നിശ്ചയിച്ചിരിക്കുന്നു. സമൂഹത്തിലെ അംഗങ്ങളുടെ അവകാശമായ 'നായകത്വം അഥവാ നേതൃത്വം'അവർ കൈവശപ്പെടുത്താതിരിക്കുവാൻ അവർക്ക് മുന്നറിയിപ്പ് നൽകുന്നു. ആനിമേറ്റർമാരും സംഘടനകളും ഈ പ്രക്രിയയുടെ 'ഫെസിലിറ്റേറ്റർമാർ അഥവാ സഹായകർ' മാത്രമാണ്. ഒരു സമൂഹത്തിന്റെ സുസ്ഥിര പരിവർത്തനത്തിന്, സമൂഹത്തിലെ അംഗങ്ങളെ പ്രസ്ഥാനത്തിന്റെയും പ്രവർത്തനത്തിന്റെയും മുൻനിരയിൽ നിർത്തേണ്ടുന്നത് അത്യാവശ്യമാണ്.

സാമൂഹിക സംഘാടനത്തെക്കുറിച്ചു ഈ പുസ്തകം വളരെ വ്യക്തമായി വിശദീകരിക്കുന്നു. മുന്നോട്ട് പോകുവാനുള്ള വഴികൾ, സഹായകരമായ നിർദ്ദേശങ്ങൾ, ഉപയോഗപ്രദമായ മുന്നറിയിപ്പുകൾ, സൂചകങ്ങൾ, മാട്രിക്സ് സൂചികകൾ, പ്രതിഫലനങ്ങൾക്കുള്ള ചോദ്യങ്ങൾ എന്നിവ പോലുള്ള ലളിതമായ വിഭാഗങ്ങൾ ഇതിൽ ഉൾപ്പെടുന്നു. സാമൂഹിക സംഘാടനത്തിനു സമാന്തരമായി പ്രവർത്തിക്കുന്ന മറ്റൊരു ആശയമാണ് 'ആനിമേഷൻ'. ജനങ്ങളെയും ഗ്രൂപ്പുകളെയും അവരുടെ സമൂഹങ്ങളിൽ പങ്കാളിത്തം വഹിക്കുവാനും നിയന്ത്രിക്കുവാനും സഹായിക്കുന്നതിനൊപ്പം; പ്രവർത്തനങ്ങൾ വേഗത്തിലാക്കാൻ ത്വരിതപ്പെടുത്തുന്നതിലൂടെ കാര്യങ്ങൾ സുഗമമാക്കുക, മദ്ധ്യസ്ഥത വഹിക്കുക അല്ലെങ്കിൽ പ്രചോദിപ്പിക്കുക എന്നിവ ആനിമേഷൻ എന്നതിൽ ഉൾപ്പെടുന്നു. പാർശ്വവത്കരിക്കപ്പെട്ടവരുടെ ജീവിതനിലവാരം ഉയർത്തുന്നതിനായി സാമൂഹിക അറിവ്, വ്യക്തികളുടെ പൗരത്വ-സാമൂഹിക അവബോധവും എങ്ങനെ വർദ്ധിപ്പിക്കും എന്നതാണ് ഈ വിവരണങ്ങളിലെ അടിസ്ഥാന സന്ദേശം.

സാമൂഹിക സംഘാടനത്തെക്കുറിച്ചുള്ള ഫലപ്രദമായ സൂചികയാണ് ഈ പുസ്തകം. ഈ പുസ്തകം എൻ ജി ഒ-കളുടെയോ സി എസ് ഒ-കളുടെയോ പ്രാദേശിക പ്രവർത്തകർ, സ്റ്റാഫ്, സന്നദ്ധപ്രവർത്തകർ, സമൂഹത്തിലെ വളർന്നുവരുന്ന നേതാക്കൾ, വികസന മേഖലയിലെ മറ്റ് വ്യക്തികൾ എന്നിവർക്ക് ഉപയോഗിക്കുവാൻ കഴിയും.

**മിസ് റോസ് ജോസഫ്**
**ബോർഡ് മെമ്പർ, കാരിത്താസ് ഇന്ത്യ**

# സന്ദേശം



> "നമ്മൾ ഒറ്റയ്ക്ക് സ്വപ്നം കാണുമ്പോൾ അത് ഒരു സ്വപ്നം മാത്രമാണ്, പക്ഷേ പലർ ഒരുമിച്ച് സ്വപ്നം കാണുമ്പോൾ അത് ഒരു പുതിയ യാഥാർത്ഥ്യത്തിന്റെ തുടക്കമാണ്"
>
> *ഡോം ഹെൽഡർ കാമറ / റിസീഫ് മെത്രാപ്പോലീത്ത/ ബ്രസീൽ*
> *ഫ്രീഡെൻസ്‌റിച്ച് ഹണ്ടർവാസ്സർ / ഓസ്ട്രിയൻ ആർട്ടിസ്റ്റ്*

പ്രതിഫലനങ്ങൾക്കും വിശകലനം ചെയ്യുന്നതിനും സ്വപ്നം കാണുന്നതിനും ഒരുമിച്ച് പ്രവർത്തിക്കുന്നതിനും ആളുകളെ ആനിമേറ്റു ചെയ്യുന്നതും അണിനിരത്തുന്നതും സാമൂഹിക പ്രവർത്തനത്തിന്റെ പ്രധാന ഘടകങ്ങളാണ്. പുതിയ സാമൂഹിക ബന്ധങ്ങൾ സൃഷ്ടിക്കുക, പുതിയ രൂപത്തിലുള്ള സംഘടനയെയും നെറ്റ്‌വർക്കിംഗിനെയും/ ശൃംഖലകളെയും പിന്തുണയ്ക്കുക, വലിയ വിഭവ സമാഹരണത്തിനു വിശ്വാസ ത്തിന്റെയും സഹകരണത്തിന്റെയും ഒരു പുതിയ സംസ്കാരം പ്രോത്സാഹിപ്പിക്കുക എന്നിവ ഈ പ്രക്രിയയിൽ ഉൾപ്പെടുന്നു. ഐക്യദാർഢ്യം പ്രോത്സാഹിപ്പിക്കുക എന്നതാണ് കാരിത്താസ് ഇന്ത്യ പോലുള്ള സാമൂഹിക സംഘടനകളുടെ ഒരു പ്രധാന കടമ.

വ്യക്തമായ അനുഭവങ്ങളെ അടിസ്ഥാനമാക്കിയുള്ള ഈ പ്രസിദ്ധീകരണം, പ്രാദേശിക പ്രവർത്തകർക്കും സാമൂഹിക പദ്ധതികളുടെ മാനേജർമാർക്കും അവരുടെ രീതിശാസ്ത്രപരമായ അറിവും വളരെയധികം വിഘടിച്ച സന്ദർഭങ്ങളിൽ സഹകരണം പ്രോത്സാഹിപ്പിക്കുന്നതിനും വർദ്ധിപ്പിക്കുന്നതിനും സഹായിക്കും: വ്യത്യസ്ത വ്യക്തികളുടെ ഗ്രൂപ്പുകളെ പൗരന്മാരായും മാറ്റത്തിനുവേണ്ടി വിജയകരമായ സംയുക്ത പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നതിനും എങ്ങനെ തയ്യാറാക്കുകയും പിന്തുടരുകയും ചെയ്യാം? സമൂഹത്തിൽ 'പങ്കിടൽ-സഹകരണ' സംസ്കാരം ഫലപ്രദമാക്കുവാൻ എങ്ങനെ ജനങ്ങളെ പ്രോത്സാഹിപ്പിക്കും? കേവലം പ്രത്യയശാസ്ത്രം സംസാരിക്കുകയോ പ്രചരിപ്പിക്കുകയോ ചെയ്യുന്നതിനപ്പുറം സംഘടനാ പ്ര ക്രിയകളെയും ശൃംഖലയെയും / നെറ്റ്‌വർക്കിംഗിനെയും പ്രായോഗിക തലത്തിൽ എങ്ങനെ സുഗമമാക്കാം?

പൊതുവായ ലക്ഷ്യങ്ങൾ തിരിച്ചറിയുന്നതിനും സാക്ഷാത്കരിക്കുന്നതിനും വ്യത്യസ്ത ആളുകളെ കൂട്ടായ പ്രവർത്തനങ്ങൾക്കായി ഒരുമിച്ച് കൊണ്ടുവരുന്നതുമായ ഈ പ രമ്പരാഗത സാംസ്കാരിക തന്ത്രത്തെ ഇന്ത്യയിൽ ശ്രമദാനം എന്ന് വിളിക്കുന്നു.

കോവിഡ് -19 എന്ന മഹാമാരിയുടെ വെല്ലുവിളി നിയന്ത്രിക്കുന്നതിന് കൂട്ടായ പ്രവർത്തനം ആവശ്യമായ ഈ സമയങ്ങളിൽ 'ആനിമേഷനും സാമൂഹിക സംഘാടനവും ശാക്തീകരിക്കുന്നതിനുള്ള' ഈ രീതികൾ ആഗോള സമൂഹത്തിൽ കൂടുതൽ പ്രാധാന്യ മർഹിക്കുന്നു.

ഈ പ്രസിദ്ധീകരണത്തിന് കാരിത്താസ് ഇന്ത്യയെയും ബെംഗളൂരുവിലെ ഇന്ത്യൻ സോഷ്യൽ ഇൻസ്റ്റിറ്റ്യൂട്ടിനെയും ഞങ്ങൾ അഭിനന്ദിക്കുന്നു. ഈ പുസ്തകം ദക്ഷിണേഷ്യയിലെ എല്ലാ പ്രേക്ഷകർക്കും ഗുണം ചെയ്യുമെന്ന് ഞാൻ പ്രതീക്ഷിക്കുന്നു.

വിവിധ പ്രോഗ്രാമുകൾ, ഈ വിലയിരുത്തൽ പഠനം, ഈ കൈപുസ്തകം എന്നിവയ്ക്കുള്ള സാമ്പത്തിക സഹായത്തിന് ജർമ്മൻ സാമ്പത്തിക സഹകരണ-വികസന മന്ത്രാലയ ത്തിനും ഞങ്ങൾ നന്ദി പറയുന്നു.

**പീറ്റർ സൈയ്ദെൽ**
**ഡെസ്ക് ഓഫീസർ, കാരിത്താസ് ജർമ്മനി**

# Abbreviations

| | |
|---|---|
| ARLP | Action, Reflection, Learning and Planning |
| B.Ed | Bachelor of Education |
| BPL | Below Poverty Line |
| CBO | Community-based Organisation |
| CBR | Community-based Rehabilitation |
| CD | Community Development |
| CM | Community Mobilisation |
| CO | Community Organisation |
| CSR | Corporate Social Responsibility |
| DPO | Disability People's Organisation |
| HR | Human Resource |
| IEC | Information, Education and Communication |
| KSWS | Kripa Social Welfare Society (Kripa) |
| NGO | Non-Government Organisation |
| PANEL | Participation, Accountability, Non-discrimination and Equality, Empowerment and Legality |
| PGSS | Purvanchal Gramin Seva Samiti |
| PLA | Participatory Learning and Action |
| PRA | Participatory Rural Appraisal |
| PWD | People with Disability |
| RTI | Right to Information |
| SHG | Self-help Group |
| SKC | Seva Kendra Calcutta |
| SMART | Specific, Measurable, Achievable, Realistic and Time-bound |
| SXSSS | St. Xavier's Social Service Society |
| UNTERM | United Nations Terminology Database |

അദ്ധ്യായം 1

# സാമൂഹിക നേതൃത്വത്തിലുള്ള വികസന പ്രക്രിയ



# ആമുഖം – സാമൂഹിക നേതൃത്വത്തിലുള്ള വികസന പ്രക്രിയ

## സമൂഹവും സാമൂഹിക വികസനവും

ഒന്നിനെയും മാറ്റിനിർത്താതെ ചലനാത്മകവും എപ്പോഴും വികസിച്ചുകൊണ്ടിരിക്കുന്നതുമായ ആശയങ്ങളാലും പ്രക്രിയകളാലും പൊതു താത്പര്യങ്ങളാലും പ്രതീക്ഷകളാലും രൂപീകൃതമായി പ്രത്യേക പ്രദേശങ്ങളിൽ ഒത്തൊരുമയോടെ ഒറ്റകെട്ടായി താമസിക്കുന്ന ഒരു കൂട്ടമാളുകളെയാണ് സമൂഹം എന്ന് നിർവചിക്കുന്നത്. എന്നിരുന്നാലും, സമൂഹം എന്നത് ഭാരത സംസ്കാരത്തിൽ പരമ്പരാഗതമായി മനസ്സിലാക്കപ്പെട്ടിട്ടുള്ളത്, ജാതി (ബ്രാഹ്മണൻ, ക്ഷത്രിയ, വൈശ്യ, ശൂദ്ര, ദലിത്), വംശീയത (സാന്റൽസ്, ഓറൻസ്, മുണ്ട തുടങ്ങിയ ആദിവാസികൾ വിഭാഗങ്ങൾ അല്ലെങ്കിൽ ഭിൽ പോലുള്ളവ), മതം (ഹിന്ദു, മുസ്ലീം, ക്രിസ്ത്യൻ അല്ലെങ്കിൽ ബുദ്ധമതം), ഭാഷ (ബംഗാളി, തമിഴ്, മലയാളി അല്ലെങ്കിൽ മറാത്തി), ഭൂമിശാസ്ത്രപരമായ പ്രദേശങ്ങൾ (ചേരികൾ, ചെറി, ഗ്രാമങ്ങളിലെ ജാതി അടിസ്ഥാനമാക്കിയുള്ള കോളനികൾ, പ്രത്യേകിച്ചും ഏറ്റവും താഴ്ന്ന ജാതികൾ, ഗ്രാമങ്ങൾ, മറ്റ് പാർപ്പിട പ്രദേശങ്ങൾ), ദേശീയത (ശ്രീലങ്കക്കാർ അല്ലെങ്കിൽ ബംഗ്ലാദേശികൾ) എന്നിവയെ അടിസ്ഥാനമാക്കിയാണ്. ഇവ ജനങ്ങൾ സംഘടിക്കുന്നതും അവരുടെ പൊതു താത്പര്യങ്ങൾ സംരക്ഷിക്കപെടുന്നതിനും, അവ നേടിയെടുക്കുന്നതിന് തടയിടുന്നു. സമൂഹത്തെക്കുറിച്ചുള്ള ഇത്തരം ധാരണകൾ അനാരോഗ്യപരവും അധികാരപരവും വിഘടനപരവും വിവേചനപരവുമായ കാഴ്ചപ്പാടുകൾ വികസിപ്പിക്കുന്നതിന് കാരണമാകുന്നു. ഇത്തരത്തിലുള്ള ഒരു സങ്കുചിത മനോഭാവത്തിലും എത്തിച്ചേരാതിരിക്കുക അഥവാ ഇവയിൽ നിന്നും പുറത്തുവരുക എന്നതാണ് സാമൂഹിക വികസന പ്രക്രിയകളുടെ അല്ലെങ്കിൽ സാമൂഹിക ഏകോപന പ്രക്രിയകളുടെ ഒന്നാമത്തെ കടമ്പ. ഇതിനു സമൂഹം ഒന്നിച്ചു, മൂല്യങ്ങളിലും പൊതു താത്പര്യങ്ങളിലും മനുഷ്യാവകാശ ചട്ടങ്ങളിലും, തത്വങ്ങളിലും വേരൂന്നി കെട്ടിപ്പടുക്കേണ്ടിയിരിക്കുന്നു. കൂടാതെ, സമൂഹത്തിന്റെ സമഗ്ര

വികസനം ലക്ഷ്യമാക്കി എല്ലാ ജനവിഭാഗങ്ങളും തുറന്ന മനസ്സോടെ കൂട്ടായ പ്രവർത്തനങ്ങളിൽ ഏർപ്പെടുവാനും തയ്യാറാകണം.

ചുരുക്കത്തിൽ, നമ്മുടെ സമൂഹത്തെക്കുറിച്ചുള്ള സമീപനം ഏതു രീതിയിൽ എന്ന് ചുവടെ കുറിക്കുന്നതിൽ നിന്നും നമുക്ക് മനസിലാക്കാൻ സാധിക്കും: സമ്പന്നർ–ദരിദ്രർ, ജാതി അല്ലെങ്കിൽ മതം അടിസ്ഥാനമാക്കിയുള്ള സാമൂഹിക സാംസ്കാരിക ഘടനയിൽ സമൂഹം പ്രാഥമികമായി കാണപ്പെടുന്നില്ല. ഇതിന് ലിംഗഭേദമോ വംശീയതയോ ആയ മറ്റ് സാംസ്കാരിക ഘടനകളുമില്ല. എന്നാൽ 1978–ൽ സ്ട്രൗസ് പറഞ്ഞിരിക്കുന്നത് വ്യത്യസ്തമാണ്. 'ഒരു പൊതു ലക്ഷ്യത്തിനായി കൂട്ടായ പ്രവർത്തനത്തിലൂടെ ഒന്നിച്ചു നിലകൊളുന്ന ഒരു കൂട്ടം സാമൂഹിക ഉന്നമന വക്താക്കളുടെ ശൃംഖലയെയാണ് സമൂഹം എന്ന് അദ്ദേഹം പ്രതിപാദിക്കുന്നത്'. ആയതിനാൽ സമൂഹം എന്നത് ഒരു അസ്തിത്വമുള്ള ഒരു ഘടനയാണ്. ഒന്നോ അതിലധികമോ സാധാരണ വിഭാഗങ്ങളുടെ സാമൂഹ്യ ശൃംഖലയുടെ കൂട്ടായ്മയാണ് സാമൂഹിക സംഘാടനം അഥവാ സാമൂഹിക ഏകോപനം. ഇതുതന്നെയാണ് സാമൂഹിക വികസന നടപടി ക്രമങ്ങളെക്കുറിച്ചു പറയുമ്പോളും നമ്മൾ പ്രതിപാദിക്കാറുള്ളത്. പൊതുവായ ലക്ഷ്യങ്ങൾ, നിയമങ്ങളുടെയും മാനദണ്ഡങ്ങളുടെയും രൂപീകരണം എന്നിവയെക്കുറിച്ചു പൊതു അവബോധം സൃഷ്ടിക്കുകയും, അവയെക്കുറിച്ചുള്ള ബന്ധപ്പെട്ട ചർച്ചകൾ തുടങ്ങിയ തുടർച്ചയായ നടപടി ക്രമങ്ങളിലൂടെയാണ് ഒരു സമൂഹം കെട്ടിപ്പടുക്കുന്നത്.

സമൂഹിക വികസനം / കമ്മ്യൂണിറ്റി ഡവലപ്മെന്റ് (CD), സമൂഹിക ഏകോപനം / കമ്മ്യൂണിറ്റി മൊബിലൈസേഷൻ (CM) അല്ലെങ്കിൽ സമൂഹിക സംഘാടനം / കമ്മ്യൂണിറ്റി ഓർഗനൈസഷൻ (CO) എന്നീ പദങ്ങൾ പല സാഹചര്യങ്ങളിൽ അനുബന്ധമായി പരസ്പരം ഉപയോഗിക്കുന്നു. ഐക്യരാഷ്ട്രസഭയുടെ ടെർമിനോളജി ഡാറ്റാബേസ് (UNTERM), 'കൂട്ടായ പ്രവർത്തനങ്ങളിലൂടെയും ചിട്ടയായ നടപടി ക്രമങ്ങളിലൂടെയും സമൂഹത്തിലെ എല്ലാ വ്യക്തികളും ഒന്നിച്ചു ഒരു പ്രശ്നത്തിന് പരിഹാരം കണ്ടെത്തുന്നതിനെയാണ്' കമ്മ്യൂണിറ്റി ഡെവലപ്മെന്റ് അഥവാ സമൂഹിക വികസനം എന്ന് വിളിക്കുന്നത്. പൊതു താൽപ്പര്യവും പൊതു ലക്ഷ്യവും കണക്കാക്കിയുള്ള നിരന്തരമായ നടപടി ക്രമങ്ങളിലൂടെ ഒരു സമൂഹത്തിന്റെ ജീവിതനിലവാരം ഉയർത്തുന്നതിനെ കുറിക്കുവാൻ CD, CM അഥവാ CO എന്നീ പദങ്ങൾ പ്രാഥമികമായി ഉപയോഗിച്ചുവരുന്നു.

ശാക്തീകരണം, മനുഷ്യാവകാശം, ഉൾക്കൊള്ളിക്കൽ, സാമൂഹിക നീതി, സ്വയം നിർണ്ണയം, കൂട്ടായ പ്രവർത്തനം എന്നീ തത്വങ്ങളിൽ അധിഷ്ഠിതമായ സമഗ്ര സമീപനമാണ് കമ്മ്യൂണിറ്റി ഡവലപ്മെന്റ് അഥവാ സാമൂഹിക വികസനം എന്നാണ് കെന്നി, 2007ൽ പറഞ്ഞിട്ടുള്ളത്. കമ്മ്യൂണിറ്റി ഡവലപ്മെന്റിൽ അഥവാ സാമൂഹിക വികസന പ്രക്രിയയിൽ തദ്ദേശീയരുടെ അറിവിനെയും അവരുടെ സമൂഹത്തെക്കുറിച്ചുള്ള ജ്ഞാനത്തെയും വൈദഗ്ധ്യത്തെയും മൂല്യങ്ങളെയും വിദഗ്ധാഭിപ്രായങ്ങളായി പരിഗണിക്കുകയും വിലമതിക്കുകയും ചെയ്യുന്നു. പ്രശ്നങ്ങൾ തീരുമാനിക്കുന്നത് മുതൽ പ്രവർത്തനങ്ങൾ തിരഞ്ഞെടുക്കുന്നതും നടപ്പിലാക്കുന്നതും വിലയിരുത്തുന്നതും തുടങ്ങി ഓരോ ഘട്ടത്തിലും പ്രസ്തുത സമൂഹത്തിലെ അംഗങ്ങൾ തന്നെയാണ് സമൂഹിക വികസന പദ്ധതികളെ / പ്രോഗ്രാമുകളെ നയിക്കുന്നത്. അസമത്വത്തിന്റെയും പോരായ്മകളുടെയും കാരണങ്ങൾ കണ്ടെത്തി പരിഹരിക്കുന്നതിനും അധികാരം കൈമാറ്റം ചെയ്യുന്നതിനും പുനർ വികേന്ദ്രീകരിക്കുന്നതിനും വരെ സമൂഹിക വികസനത്തിൽ വ്യക്തമായ ശ്രദ്ധയും ഊന്നലും നൽകാറുണ്ട് (https://aifs.gov.au/cfca/publications/what-community-development).

സമൂഹത്തിനുള്ളിൽ നിന്നും പുറത്തു നിന്നുമുള്ള വിഭവ സമാഹരണത്തിനൊപ്പം, സമൂഹിക വികസന പ്രക്രിയ ഓരോ അംഗങ്ങളുടെയും ഉടമസ്ഥതയിലും നിർണ്ണയത്തിലും ഉത്തരവാദിത്വത്തിലും വേണം നയിക്കപ്പെടുവാൻ. ഈ അർത്ഥത്തിൽ, സമൂഹിക വികസന പ്രക്രിയയെ ജനങ്ങളുടെ നേതൃത്വത്തിലുള്ള ജനങ്ങളാൽ നയിക്കപ്പെടുന്ന വികസന പ്രക്രിയ എന്നും അറിയപ്പെടുന്നു. ഈ പ്രക്രിയയിൽ ഏർപ്പെട്ടിരിക്കുന്ന സന്നദ്ധ സംഘടന,

സർക്കാർ ഇതര ഏജൻസി എന്നിവയെ 'പദ്ധതി നിർവ്വഹണ സംഘടനകൾ' എന്നും, ഇത്തരം സ്ഥാപനങ്ങളിൽ നിയമിക്കുന്ന ജീവനക്കാരെ 'കമ്മ്യൂണിറ്റി മൊബിലൈസേഷൻ പ്രാക്റ്റീഷനർ അഥവാ കമ്മ്യൂണിറ്റി ഓർഗനൈസർ' എന്നും വിളിക്കുന്നു. സമൂഹിക വികസന പ്രക്രിയയിൽ മേല്പറഞ്ഞ പ്രവർത്തകർക്കോ സ്ഥാപനങ്ങൾക്കോ ഉടമസ്ഥാവകാശമോ തീരുമാനങ്ങൾ എടുക്കുവാനുള്ള അവകാശമോ ഉണ്ടായിരിക്കുന്നതല്ല.

കമ്മ്യൂണിറ്റി മൊബിലൈസേഷൻ അഥവാ സാമൂഹിക ഏകോപനം എന്ന പദം വികസന മേഖലയിൽ സവിസ്തരം ഉപയോഗിച്ചുവരുന്നു. 'സമൂഹത്തിലെ ഓരോ അംഗങ്ങളുടെയും ജീവിതനിലവാരം ഉയർത്തുന്നതിനും സുഗമമാക്കുന്നതിനും; സമൂഹത്തിലെ ഭൂരിപക്ഷം അംഗങ്ങളും അവരുടെ അഭിപ്രായവ്യത്യാസങ്ങൾ മറികടന്ന്, തുല്യ പങ്കാളിത്തത്തോടെ തീരുമാനങ്ങൾ കൈക്കൊള്ളുന്ന പ്രക്രിയ' എന്ന് വിശേഷിപ്പിക്കുന്നതിനു ചില സന്നദ്ധ സംഘടനകൾ 'CM' എന്ന പദം ഉപയോഗിക്കുന്നു.

ഇന്ത്യൻ പശ്ചാത്തലത്തിൽ അലിഖിത അധികാരങ്ങളാലും വിവേചന മാനദണ്ഡങ്ങളാലും; ജാതി, മതം, വംശീയത, തദ്ദേശീയത എന്നിവയുടെ അടിസ്ഥാനത്തിൽ വിഭജിക്കപ്പെട്ട സമുദായങ്ങളെയും സമൂഹത്തെയും ഇഴചേർത്തു കെട്ടിപ്പടുക്കുന്നതാണ് സമൂഹിക വികസന പ്രക്രിയയിൽ ആദ്യത്തെ വെല്ലുവിളി. ഈ യാഥാർത്ഥ്യം നഗര ചേരികളിലും ഗ്രാമങ്ങളിലും വ്യക്തമായി കാണുവാൻ സാധിക്കും. ബിഹാറികൾ, ബംഗാളികൾ, മുസ്ലീങ്ങൾ എന്നിങ്ങനെ വിഭാഗിക്കപ്പെട്ട കൊൽക്കത്തയിലെ തൻഗ്ര ചേരിയിൽ താമസിക്കുന്നവർ ഇതിനു ഉദാഹരണമാണ്. ഇവർ തമ്മിൽ വളരെ പരിമിതമായ നിലയിൽ മാത്രമാണ് ആശയവിനിമയം നടത്താറുള്ളത്. കൂടാതെ ഒരു വിഭാഗം മറ്റൊരു വിഭാഗത്തെ താഴ്ന്നതും വൃത്തിഹീനരുമായി കാണുന്നു. ജാതിയെ അടിസ്ഥാനമാക്കി വേർതിരിച്ചിട്ടുള്ള കോളനികൾ ഗ്രാമങ്ങളിൽ അംഗീകരിക്കപ്പെട്ട ഒരു വ്യവസ്ഥിതിയാണ്. ആയതിനാൽ, ശരിയായ അവബോധനത്തിലൂടെയും ബോധവത്കരണത്തിലൂടെയും ദിശാബോധ ത്തോടെയും; ജാതി മത വർണ വർഗ്ഗ വ്യവസ്ഥിതികൾക്കു അതീതമായ മൂല്യങ്ങളിലും ലക്ഷ്യങ്ങളിലും അടിസ്ഥാനപ്പെടുത്തിയുള്ള സാമൂഹിക ഏകോപന പ്രക്രിയയാണ് ഇന്ത്യൻ പശ്ചാത്തലത്തിൽ അനിവാര്യം എന്ന് രചയിതാക്കൾ മനസ്സിലാക്കുന്നു.

മറ്റൊരു വിധത്തിൽ പറഞ്ഞാൽ, സാമൂഹിക ഏകോപനത്തിൽ (കമ്മ്യൂണിറ്റി മൊബിലൈ സേഷൻ) വികസനം, ശാക്തീകരണം, പരിണിതഫലങ്ങൾ എന്നിവ, പൗരന്മാർ എന്ന നിലയിൽ സമൂഹത്തിലെ ഓരോ വ്യക്തികളാലും നിയന്ത്രിക്കപ്പെടേണ്ടതാണ്. ഇവിടെ സമൂഹം ആന്തരിക – ബാഹ്യ ചാലകശക്തികളാൽ സുഗമമാക്കുന്ന ഒരു പ്രക്രിയയിലൂടെ സ്വയം ശാക്തീകരിക്കപ്പെടുന്നു. അതുകൊണ്ട് സാമൂഹ്യ ഏകോപനം അഥവാ കമ്മ്യൂണിറ്റി മൊബിലൈസേഷൻ നിർബന്ധമായും സമൂഹത്താൽ അഥവാ ജനങ്ങളാൽ ന യിക്കപ്പെടുന്ന പ്രക്രിയയായിരിക്കണം.

# ആനിമേഷൻ

കമ്മ്യൂണിറ്റി മൊബിലൈസേഷന് സമാന്തരമായി പ്രവർത്തിക്കുന്ന മറ്റൊരു ആശയമാണ് 'ആനിമേഷൻ'. സമൂഹത്തോടും ജനങ്ങളോടും അടുത്ത് ഇടപഴകി അവർക്ക് വേണ്ടുന്ന പിന്തുണയും പ്രചോദനവും നൽകി സമൂഹത്തിലെ എല്ലാ ഘടകങ്ങളെയും കോർത്തിണക്കി സാമൂഹിക ഉന്നമനത്തിനു ജനങ്ങളെ പ്രാപ്തമാക്കുന്ന പ്രവർത്ത നങ്ങളാണ് ആനിമേഷൻ പ്രക്രിയയിൽ ഉൾക്കൊള്ളുന്നത്. എന്നിരുന്നാലും, ആനിമേറ്റർ മാരുടെ പ്രവർത്തനങ്ങൾക്ക് വ്യക്തമായ ഒരു അതിർ വരമ്പ് നിശ്ചയിച്ചിട്ടുണ്ട്, പ്രത്യേകിച്ചും ആനിമേറ്റർമാർ അതാത് കമ്മ്യൂണിറ്റിയിലെ അംഗങ്ങളല്ലെങ്കിൽ. കാരണം, ആനിമേഷൻ പ്രക്രിയകളുടെ നിയന്ത്രണാവകാശം അതാത് കമ്മ്യൂണിറ്റി അംഗങ്ങളുടെ സവിശേഷാധികാരമാണ്. കമ്മ്യൂണിറ്റി ഏകോപന പ്രക്രിയയിൽ കമ്മ്യൂണിറ്റിയുമായി പങ്കാളിത്തമുള്ള സംഘടന, പദ്ധതി നിർവ്വഹണ പ്രസ്ഥാനമല്ല പ്രത്യുത പദ്ധതി സുഗമമാക്കാൻ സഹായിക്കുന്ന പ്രസ്ഥാനം മാത്രമാണ്.


Q/0106/027
DOON

ശക്തവും സുസ്ഥിരവും സജീവവുമായ സാമൂഹിക സംഘടനകളുടെ രൂപീകരണമാണ് സാമൂഹിക സംഘാടന പ്രക്രിയയിലൂടെ പ്രതീക്ഷിക്കുന്ന പരമപ്രധാനമായ പരിണിത ഫലങ്ങളിലൊന്ന്. ഇത്തരത്തിൽ രൂപീകൃതമാകുന്ന സംഘടനകളാൽ ജനങ്ങളുടെ അറിവും, ജ്ഞാനവും, വ്യക്തിത്വവും, അപഗ്രഥനപരവും, ഭരണ നിർവ്വഹണവുമായ എല്ലാ കഴിവുകളും തുടർച്ചയായി വളർന്നുകൊണ്ടിരിക്കും. ഇവ സ്വായത്തമാക്കുവാൻ, പൗരാവകാശ അറിവുകൾക്കൊപ്പം വസ്തുതകൾ അപഗ്രഥിക്കുവാനും അവ ക്രിയാത്മകമായി വിലയിരുത്തുവാനുമുള്ള കാര്യക്ഷമതയുണ്ടാകണം. പ്രസ്തുത സാമൂഹിക സേവന പ്രക്രിയയിൽ, തീരുമാനങ്ങൾ കൈകൊള്ളുമ്പോൾ സന്തുലിതമായ പങ്കാളിത്തം ഉറപ്പു വരുത്തിയാൽ മികച്ച ബന്ധങ്ങളും ഏകോപനവും രൂപപ്പെടും. കൂടാതെ മെച്ചപ്പെട്ട പങ്കാളിത്തത്തോടെ നയങ്ങളും വിഭവവിനിയോഗവും സാധ്യമാക്കുവാനും, വിഷയാധിഷ്ഠിതമായ സാമൂഹിക കൂട്ടായ്മകളിൽ പ്രാദേശികവും പുറത്തുനിന്നുമുള്ള വിഭവസമാഹരണം വർദ്ധിപ്പിക്കുന്നതിനും നിയന്ത്രിക്കുന്നതിനും സഹായകമാകും.

# ദാരിദ്ര്യ നിർമ്മാർജനം മുതൽ സാമൂഹിക സംഘാടനം വരെ...

ദാരിദ്ര്യ നിർമ്മാർജ്ജന മാതൃകകൾക്കു കാതലായ ഫലം ഉളവാക്കുവാനും, വളർച്ചാ സൂചികകൾ പ്രത്യക്ഷത്തിൽ കാണുവാനും സാധിച്ചു. പാവപ്പെട്ടവരുടെ വികസനം ത്വരിതപ്പെടുത്തുന്നതിനു മാത്രമല്ല സമൂഹത്തിൽ അവരുടെ ശബ്ദമായി നിലകൊള്ളു ന്നതിനും ബാഹ്യ ചാലകശക്തികൾ പ്രയത്നിച്ചു. 1988ൽ 'അധസ്ഥിതർക്കു സംസാരിക്കുവാൻ കഴിയുമോ' എന്ന പ്രബന്ധത്തിൽ സ്പൈവക് കുറിച്ചിരിക്കുന്നു കാഴ്ചപ്പാട് അതിപ്രധാന മാണ്. ഈ പ്രബന്ധത്തിൽ, ഏതു വിഷയങ്ങളെക്കുറിച്ചു പഠിക്കുന്നവരും അവയുടെ ആഴങ്ങളെ തൊട്ടറിയുവാൻ പരിശ്രമിക്കണം എന്ന് ഉൾച്ചേർത്തിരിക്കുന്നു. സ്വാതന്ത്ര്യത്തോടെ ഇടപഴകുന്നവരാണ് സമൂഹത്തിലെ ഓരോ വ്യക്തിയും. അതുകൊണ്ട് പ്രശ്നങ്ങളുടെ ഉള്ളടക്കം വ്യക്തമായി തിരിച്ചറിഞ്ഞാൽ സാമൂഹിക നിർമ്മാണ പ്രക്രിയ സുഗമമാകും.

വിദ്യാസമ്പന്നരായ ബാഹ്യ ചാലകശക്തികൾക്കു സമൂഹത്തിനു ഉപകാരപ്രദമായത് എന്തെന്നറിയാമെന്നും സമൂഹത്തിലെ വ്യക്തികൾക്ക് സ്വന്തമായി മാറ്റം കൊണ്ടുവരുവാൻ സാധിക്കുകയില്ല എന്നും കരുതപ്പെടുന്ന ഒരു പരമ്പരാഗത സങ്കല്പമുണ്ടായിരുന്നു. റിസൾട്ട് ബേസ്ഡ് മാനേജ്മെന്റ് അഥവാ ഫലാധിഷ്ഠിത ഭരണ നിർവഹണ സാങ്കേതിക പ്രക്രിയയുപയോഗിച്ചു നിർദിഷ്ട സമയത്തിനുള്ളിൽ പ്രാഥമിക സർവ്വേ അടിസ്ഥാന പ്പെടുത്തി യുക്തിവഹമായ ചട്ടക്കൂടും തന്ത്രങ്ങളും പ്രവർത്തനങ്ങളും രൂപകൽപന ചെയ്തു ഉദ്ധിഷ്ട ഫലം നേടുവാൻ സാധിക്കും. കൂടാതെ ഈ സാങ്കേതിക പ്രക്രിയ കുറഞ്ഞ ചിലവിൽ മികച്ച ഫലം ഉറപ്പുവരുത്തുവാൻ മുൻകൈ എടുക്കുന്നു. എന്നിരുന്നാലും സുദൃഢവും വ്യക്തവുമായ മാറ്റം സമൂഹത്തിൽ പ്രകടമാക്കുന്നതിനായി ബാഹ്യ ശക്തികളുടെ മേൽകൈ ഈ പ്രക്രിയയിൽ ഉടനീളം കാണുവാൻ സാധിക്കും. അതുകൊണ്ട് വികസന പ്രക്രിയയുടെ ഉടമസ്ഥത ബാഹ്യശക്തികൾ ഏറ്റെടുക്കുന്നതിനാൽ ജനങ്ങളുടെ ഇടയിൽ ആശ്രിത സംസ്കാരം രൂപീകൃതമാകുന്നു. ഇത്തരം ബാഹ്യശക്തികളെ സാമ്പത്തിക സ്രോതസുകളായി മാത്രമല്ല അറിവും, വിശകലന മികവും, കഴിവും, കാര്യക്ഷമതയും, തന്ത്രജ്ഞതയും ലഭ്യമാകുന്ന ഉറവിടമായി സമൂഹം കാണുന്നു. ഈ വികസന രീതികൾ പ്രതീക്ഷിക്കുന്ന ചില ഫലങ്ങൾ പൊടുന്നനെ സൃഷ്ടിക്കുന്നു. ആയതിനാൽ ആനുകൂല്യങ്ങൾ ഉറപ്പാക്കുന്നതിൽ ഉൽകൃഷ്ടരാകുന്നതല്ലാതെ ഉദ്ധിഷ്ട ഫലം നേടുന്നതിനായി പഠിക്കുവാനോ പങ്കാളിത്തം വഹിക്കുവാനോ തയ്യാറാകുന്നില്ല. അനന്തരം, വികസന പ്രക്രിയയുടെ ഗുണവും നേട്ടവും ദീർഘകാലം സുസ്ഥിരമായി നിലനിർത്തുവാൻ സമൂഹങ്ങൾക്കു സാധിക്കാതെ പോകുന്നു.

# വികസന സിദ്ധാന്തം

വികസനം എന്ന ആശയത്തെക്കുറിച്ചു വിവിധ പണ്ഡിതന്മാർ വ്യത്യസ്ത അർത്ഥങ്ങളും വ്യാഖ്യാനങ്ങളും സിദ്ധാന്തങ്ങളും നൽകുന്നു. എന്നാൽ, പ്രശ്നങ്ങൾ ഫലപ്രദമായി കൈകാര്യം ചെയ്യുവാനും തുടർച്ചയായ മാറ്റത്തോട് പൊരുത്തപ്പെട്ടും, പുതിയ ലക്ഷ്യങ്ങൾ കൈവരിക്കുന്നതിന് ലക്ഷ്യബോധത്തോടെയും ക്രിയാത്മകമായും പരിശ്രമിക്കുകയും ചെയ്യുന്നതിലൂടെ മനുഷ്യന്റെ കാര്യക്ഷമത വർധിപ്പിക്കുവാൻ കഴിയുന്ന ഒരു പരിണിത പ്രക്രിയയെയാണ് വികസനം എന്നു വിശേഷിപ്പിക്കുന്നത്. ജനങ്ങളാൽ അഥവാ സമൂഹത്താൽ നയിക്കപ്പെടുന്ന വികസനം മനസിലാക്കുന്നതിനും പ്രചോദിപ്പിക്കുന്നതിനുമായി വികസന സിദ്ധാന്തങ്ങളെയും മാതൃകകളെയും കുറിച്ച് ഒരു വിവരണം താഴെ കുറിക്കുന്നു.

## 1. ആശ്രിത സിദ്ധാന്തം

ആശ്രിത സിദ്ധാന്തമനുസരിച്ചു ലോക സമ്പത് വ്യവസ്ഥയിലെ ബാധിത രാജ്യങ്ങളുടെ അനുബന്ധ സ്ഥാനമാണ് അവികസനത്തിനു പ്രധാന കാരണം. അവികസിത രാജ്യങ്ങൾ ലോക വിപണിയിൽ താരതമ്യേന കുറഞ്ഞ വിലയ്ക്ക് ജോലിയും അസംസ്കൃത വസ്തുക്കളും വാഗ്ദാനം ചെയ്യുന്നു. ഈ വിഭവങ്ങൾ വികസിത രാജ്യങ്ങൾക്കു വിൽക്കുകയും അവിടെ അവ പൂർണതയുള്ള ഉല്പന്നങ്ങളായി രൂപാന്തരപ്പെടുത്തുകയും ചെയ്യുന്നു. അവികസിത രാജ്യങ്ങൾ ഈ ഉല്പന്നങ്ങൾ ഉയർന്നവിലക്കു വാങ്ങുന്നത് വഴി അവരുടെ മൂലധനം കുറയുകയും അല്ലാത്തപക്ഷം തങ്ങളുടെ ഉല്പാദന ശേഷി വർധിപ്പിക്കുന്നതിനായി പൂർണ ശ്രദ്ധ പതിപ്പിക്കേണ്ടിയും വരുന്നു. ഇതിന്റെ പരിണിത ഫലമായി ലോക സമ്പത് വ്യവസ്ഥയിൽ സമ്പന്നതയും ദാരിദ്ര്യവും ഒരു വിഷമവൃത്തത്തിൽ എപ്പോളും നിലകൊള്ളുന്നു.

## 2. ആധുനികവൽക്കരണ സിദ്ധാന്തം

സാംസ്കാരിക പ്രതിബന്ധങ്ങൾ മൂലം ഏഷ്യൻ, ആഫ്രിക്കൻ, ലാറ്റിൻ അമേരിക്കൻ രാജ്യങ്ങളിൽ പ്രതിധ്വനിക്കുന്ന അവികസനത്തെകുറിച്ചാണ് ആധുനികവൽക്കരണ സിദ്ധാന്തം വിശദീകരിക്കുന്നത്. പരമ്പരാഗത മൂല്യങ്ങളാണ് വികസ്വര രാജ്യങ്ങളിൽ അവികസനത്തിന്നു കാരണമെന്നാണ് ആധുനികവത്കരണത്തെ അനുകൂലിക്കുന്നവർ വാദിക്കുന്നത്. അവർ മുതലാളിത്ത-വ്യവസായ മാതൃകയെ അനുകൂലിക്കുകയും, മുതലാളിത്ത വ്യവസ്ഥ (സ്വതന്ത്രവിപണി) വ്യവസായവത്കരണത്തിലൂടെ മികവുറ്റ ഉല്പാദനം പ്രോത്സാഹിപ്പിക്കുമെന്നു വിശ്വസിക്കുന്നു. ഈ പ്രക്രിയ ഫാക്ടറി അധിഷ്ഠിത ഉൽപാദനത്തിലേക്ക് നയിക്കപ്പെടുന്നതിനു പാശ്ചാത്യ സർക്കാരുകളിൽ നിന്നും കമ്പനി കളിൽ നിന്നുമുള്ള സഹായവും നിക്ഷേപവും വികസ്വര രാജ്യങ്ങൾക്കു ആവശ്യമാകും.

## 3. ക്യാച്ച്-അപ്പ് വികസന സിദ്ധാന്തം

1949 ൽ മുൻ അമേരിക്കൻ പ്രസിഡന്റ് ഹാരി എസ്. ട്രൂമാൻ 'അവികസിത രാജ്യങ്ങൾ വികസിപ്പിക്കാനുള്ള' ബൃഹദ് പദ്ധതിയെക്കുറിച്ചു ഒരു പുതിയ പ്രഖ്യാപനം നടത്തി. വികസ്വര രാജ്യങ്ങൾക്ക് നിക്ഷേപവും സാങ്കേതികത്വവും സാമ്പത്തിക സഹായവും വാഗ്ദാനം ചെയ്യുന്നതിലൂടെ, 'ആത്യന്തിക അഭിവൃദ്ധി'യിലേക്ക് മുന്നേറാൻ അവരെ പ്രാപ്തരാക്കും എന്ന് ആശയസംബന്ധമായി അദ്ദേഹം വിശദീകരിച്ചു.

## 4. സാമൂഹിക വികസന സിദ്ധാന്തം

സമൂഹത്തിലെ ഓരോ വ്യക്തിയുടെയും ക്ഷേമം മെച്ചപ്പെടുത്തുന്നതിലൂടെ, ഓരോരുത്തർക്കും അവരുടെ മുഴുവൻ കഴിവ് ആർജ്ജിക്കുവാൻ സാധിക്കുന്നതിനെയാണ്

സാമൂഹിക വികസനം എന്ന് വിശേഷിപ്പിക്കുന്നത്. ഓരോ പൗരന്റെയും ക്ഷേമവുമായി ഒരു സമൂഹത്തിന്റെ വിജയം ബന്ധപ്പെട്ടിരിക്കുന്നു. രാഷ്ട്രീയ സാംസ്കാരിക സാമ്പത്തിക വിഷയങ്ങളെ അടിസ്ഥാനപ്പെടുത്തി അതിപ്രധാന ഘടനാപരമായ മാറ്റങ്ങൾ ഉരുവാക്കുന്ന സമഗ്രമായ ആശയമാണ് സാമൂഹിക വികസനം. ആരും പട്ടിണി അനുഭവിക്കാതെയും, ആർക്കും ജീവനത്തിന്റെ അടിസ്ഥാന ആവശ്യങ്ങൾ നിഷേധിക്കപ്പെടാതെയും ജനങ്ങളുടെ ഉന്നത ജീവിത നിലവാരം ഉറപ്പുവരുത്തുകയും ചെയ്യുന്ന ഒരു പുതിയ സമൂഹത്തെ സൃഷ്ടിക്കുക എന്നതാണ് ഈ സിദ്ധാന്തത്തിന്റെ ലക്ഷ്യം.

## 5. സുസ്ഥിര വികസന സിദ്ധാന്തം

മനുഷ്യ വികസനത്തിന്റെ തീരുമാനം രൂപപ്പെടുന്ന എല്ലാ വശങ്ങളുമായി പാരിസ്ഥിതിക, സാമൂഹിക, സാമ്പത്തിക ആശങ്കകളെ അന്തർലീനമായ മറ്റെല്ലാത്തിനേയും സംയോജിപ്പിക്കുന്നതാണ് അടിസ്ഥാനമായി സുസ്ഥിര വികസനത്തിന്റെ പ്രധാന തത്വം. സുസ്ഥിര വികസന ഘടനയിൽ മറ്റെല്ലാ തത്വങ്ങളുടെയും കാതൽ ഏകീകൃത തീരുമാനമെടുക്കലാണ് (ഡെർബാക്ക് ജെ. സി., 2003; സ്റ്റോഡ്ഡാർട്ട്, 2011). ആഴത്തിൽ ഉറപ്പിച്ച ഈ ഏകീകരണ ആശയം, മറ്റ് നയങ്ങളിൽ നിന്ന് സുസ്ഥിരതയെ വേർതിരിക്കുന്നു.

# വികസന മാതൃകകൾ

ഇന്നത്തെ പ്രശ്നങ്ങൾക്ക് ഇന്നലത്തെ ഉത്തരം നൽകാൻ ഞങ്ങൾക്ക് കഴിയില്ല. ഞങ്ങൾ സേവിക്കുന്ന ജനങ്ങളുടെ സമഗ്രവികസനത്തിനായി നമ്മൾ പ്രയത്നിക്കുമ്പോൾ, ആധുനിക വെല്ലുവിളികൾക്ക് ഉചിതമായ പ്രസക്തവുമായ പ്രതികരണങ്ങളും ഉത്തരവും നമ്മൾ കണ്ടെത്തേണ്ടതുണ്ട്. ഇതിനായി മുൻകാല ചരിത്രത്തിൽ ഉടലെടുത്ത വിവിധ വികസന മാതൃകകളെക്കുറിച്ച് വ്യക്തമായ ധാരണയുണ്ടാകണം. ഓരോ പ്രത്യേക സന്ദർഭത്തിലും എല്ലാ മാതൃകകൾക്കും പ്രസക്തിയുണ്ടെങ്കിലും, ഉചിതമായ മാതൃകയേതെന്നു ശ്രദ്ധാപൂർവം ശാസ്ത്രീയമായി വിശകലനം ചെയ്തു ഉചിതമായ തന്ത്രങ്ങൾ തിരഞ്ഞെടുക്കേണ്ടതുണ്ട്.

## 1. ചാരിറ്റി/ ജീവകാരുണ്യ സമീപനം

വെള്ളപ്പൊക്കം, ഭൂകമ്പം, വരൾച്ച, പകർച്ചവ്യാധികൾ തുടങ്ങിയ അടിയന്തിര സാഹചര്യങ്ങളിലും പ്രകൃതിദുരന്തങ്ങളിലും ആവശ്യ വ്യക്തികൾക്കും സമൂഹങ്ങൾക്കും ചാരിറ്റി സമീപനത്തിൽ സേവനങ്ങൾ ലഭ്യമാക്കുന്നു. ഇവിടെ സ്വയം സഹായിക്കുവാൻ കഴിയാത്തവരെ പുറത്തുനിന്നുമുള്ളവർ സഹായിക്കണം എന്ന വിശ്വാസത്താൽ, ബാധിക്കപെട്ടവരുടെ കുറഞ്ഞ പങ്കാളിത്തം മാത്രമേ കാണുവാൻ സാധിക്കൂ. ദുരിതമനുഭവിക്കുന്ന ജനങ്ങളുടെ ദയനീയാവസ്ഥ മറികടക്കാൻ, മനുഷ്യസ്നേഹപരമായ വാക്കുകളിലൂടെയും പ്രവർത്തികളിലൂടെയുമുള്ള ജീവകാരുണ്യ പ്രവർത്തനങ്ങൾ ആവശ്യമാകുന്നു. അത്തരം ആവശ്യങ്ങൾ ഉണ്ടാകുമ്പോഴെല്ലാം നമ്മൾ ജീവകാരുണ്യ പ്രവർത്തനങ്ങൾ ചെയ്യേണ്ടിവരും.

അതേസമയം, ജനങ്ങളുടെ ക്ഷേമത്തിൽ ആത്മാർത്ഥമായി താൽപ്പര്യമുള്ളവർ ദുരന്ത സാധ്യതയുള്ള മേഖലയിലെ ജനങ്ങളുടെ നാശനഷ്ടം, ആളപായം, കഷ്ടപ്പാട് എന്നിവ ഗണ്യമായി കുറയ്ക്കുവാൻ ഈ പ്രദേശങ്ങളിലെ ജനങ്ങളെ ദുരന്തങ്ങൾ നേരിടാൻ മുൻകൂട്ടി തയ്യാറാക്കും. സമയമില്ലാത്തവർക്ക് സാമൂഹ്യാധിഷ്ഠിത ദുരന്ത തയ്യാറെടുപ്പിൽ ഏർപ്പെട്ടിരിക്കുന്നവരുമായി ചേർന്ന് പ്രവർത്തിക്കുവാനും സാധിക്കും. ഇത് ദുരന്തബാധിതരായ ആളുകളുടെ ഒറ്റപ്പെട്ട പ്രവർത്തനമല്ല, മറിച്ച് സാമൂഹ്യാധിഷ്ഠിത ദുരന്ത തയ്യാറെടുപ്പു പ്രക്രിയയിലൂടെ ജനങ്ങളെ ശാക്തീകരിക്കുന്നതിന്റെ ഭാഗമാണ്.

## 2. വികസന സമീപനം

ദരിദ്രർക്ക് കഴിവുകളും വിഭവങ്ങളും ഇല്ല എന്നും; ദരിദ്രരുടെ ക്ഷേമം വ്യക്തമായി അറിയുന്നവർ എന്ന് കരുതപ്പെടുന്ന വിദഗ്ധരുടെ സഹായത്തോടെ അവർ നയിക്കുന്ന ജീവിത രീതി മാറ്റണം എന്ന വിശ്വാസത്തിന്റെ അടിസ്ഥാനത്തിലുള്ള സമീപനമാണ് വികസന സമീപനം. അതിനാൽ, വിവിധ സ്ഥാപനങ്ങൾ, സർക്കാരിതര സംഘടനകൾ (എൻജിഒ), പ്രവർത്തന മേഖലയാധിഷ്ഠിതമായ സംഘടനകൾ അല്ലെങ്കിൽ വികസന സംഘടനകൾ; ജനങ്ങളുടെ ഇന്നത്തെ അവസ്ഥക്ക് മാറ്റം വരുത്തുവാനും ആവശ്യ കഴിവുകളാലും കാര്യക്ഷമതയാലും സുസജ്ജമാക്കി അവർ പരസഹായമില്ലാതെ നിലനിൽക്കുവാൻ വികസന പ്രവർത്തനങ്ങൾ ആരംഭിക്കുന്നു. എന്നാൽ ഈ മാതൃക ജനങ്ങളെ ദുർബലരാക്കുന്ന പ്രശ്നങ്ങളുടെ മൂലകാരണങ്ങൾ വേണ്ടവിധം പരിശോധിച്ച് അവ പരിഹരിക്കുന്നില്ല. ഈ സമീപനം, ജനങ്ങളുടെ നിലവിലെ ജീവിത നിലവാരവും അവസ്ഥയും മാറ്റുന്നതിനുള്ള വികസനത്തിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നു. മാത്രമല്ല, സാധാരണയായി അത്തരം വികസന പ്രവർത്തനങ്ങൾ; തിരഞ്ഞെടുത്ത കുറച്ച് ഗുണ ഭോക്താക്കളിലൊ പ്രത്യേകം ലക്ഷ്യമാക്കുന്ന വിഭാഗങ്ങളിലൊ ശ്രദ്ധ കേന്ദ്രീകരിക്കുകയും, കൂടാതെ സമൂഹത്തിൽ വിഭജനം സൃഷ്ടിക്കുന്നതിനും സാമൂഹിക സംഘാടനത്തിൽ തടസ്സം സൃഷ്ടിക്കുന്നതിനും കാരണമാകുന്നു.

## 3. സാമൂഹ്യ പ്രവർത്തന സമീപനം

അടിച്ചമർത്തപ്പെട്ടവരും പാർശ്വവത്കരിക്കപ്പെട്ടവരും ഘടനാപരമായ മാറ്റത്തിന് വേണ്ടിയുള്ള പോരാട്ടത്തിൽ നേരിട്ടു നടത്തുന്ന ഇടപെടലുകളാണ് സാമൂഹിക പ്രവർത്തന സമീപനം. ഇത് നീതി, സമത്വം, സ്വാതന്ത്ര്യം എന്നിവ അടിസ്ഥാനമാക്കിയുള്ള ഒരു സമൂഹത്തെ സൃഷ്ടിക്കുന്നു. ഒരു പ്രത്യേക ജോലിക്കൊ ലക്ഷ്യത്തിനൊ വേണ്ടി ഒരുമിച്ചു പ്രവർത്തിക്കുന്ന സംഘാധിഷ്ഠിത തന്ത്രമാണ് പ്രസ്ഥാനങ്ങൾ കെട്ടിപ്പടുക്കുന്നതിനായി ഈ സമീപനത്തിൽ അനുവർത്തിക്കുന്നത്. ഇത് സംഘടനക്കുള്ളിലെ ജനാധിപത്യ സമീപനത്തിൽ പ്രസ്ഥാനത്തെ അടിസ്ഥാനമാക്കിയും രാഷ്ട്രീയാധിഷ്ഠിതമായി യോജിക്കുകയും വിവിധ തത്പര ബാഹ്യ ഗ്രൂപ്പുകളുമായോ സംഘടനകളുമായോ ബന്ധപ്പെട്ടിരിക്കുന്നു.

അധികാരത്തിൽ പങ്കാളിയാകുവാൻ രാഷ്ട്രീയ പോരാട്ടത്തിലേക്കു നയിക്കുന്ന ഒരു നടപടിയും; തുല്യ അവസരം സ്ഥാപിക്കുകയും ആധിപത്യവും മനുഷ്യത്വരഹിത സംസ്കാരവും അവസാനിപ്പിക്കുന്ന ഒരു സാംസ്കാരിക പ്രവർത്തനവുമാണ് ഈ സമീപനം. കൂടാതെ, പാർശ്വവത്കരിക്കപ്പെട്ടവർക്ക് വിഭവങ്ങളിൽ തുല്യ പങ്ക് ഉറപ്പുവരുത്തുന്ന ഒരു സാമ്പത്തിക നടപടിയും; നീതി, സമത്വം, സാഹോദര്യം എന്നിവ സ്ഥാപിതമാക്കുവാൻ ശ്രമിക്കുന്ന ഒരു ആത്മീയ പ്രവർത്തനവുമാണ് സാമൂഹ്യ പ്രവർത്തന സമീപനം. ഇത്തരത്തിലുള്ള ഓരോ പ്രസ്ഥാനത്തിനും അഥവാ പോരാട്ടത്തിനും ഒരു വേദനാജനകമായ ചരിത്രവും, നീതിക്കു വേണ്ടിയുള്ള ദാഹവും, ജീവിതത്തിന്റെ അന്തസ്സിനായുള്ള അന്വേഷണവുമുണ്ടാകും.

## 4. മനുഷ്യാവകാശ സമീപനം

'ജനങ്ങൾ അവകാശങ്ങളുടെ ഉടയവർ' എന്ന പുതിയ ധാരണ അവകാശങ്ങൾ അടിസ്ഥാനമാക്കിയുള്ള സമീപനത്തിനു ജന്മം നൽകി. മനുഷ്യാവകാശ സമീപനം അല്ലെങ്കിൽ അവകാശാധിഷ്ഠിത സമീപനം, സാമൂഹിക പ്രവർത്തന സമീപനത്തെ പടുത്തുയർത്തുകയും അതിൽ മനുഷ്യാവകാശ മാനദണ്ഡങ്ങളും തത്വങ്ങളും ശ്രദ്ധാപൂർവം ഉൾചേർക്കുകയും ചെയ്യുന്നു. പ്രാദേശിക, ദേശീയ, അന്താരാഷ്ട്ര തലങ്ങളിൽ മനുഷ്യാവകാശ വ്യവഹാരവും ദരിദ്രരുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതും, ഇന്നത്തെ രാഷ്ട്രീയ വ്യവഹാരത്തിന്റെ പ്രധാന പ്രമേയങ്ങളാണ്. ജനങ്ങളോട് കാണിച്ച എല്ലാ അനീതികളും മനുഷ്യാവകാശ ലംഘനങ്ങളുടെ ഭാഗമാണ്. ജനങ്ങളുടെ സാമ്പത്തിക, സാമൂഹിക,



സാംസ്കാരിക, പൗര, രാഷ്ട്രീയ അവകാശങ്ങൾ നശിപ്പിക്കുന്നത് ലക്ഷ്യംവെച്ചായിരുന്നു അവർക്കെതിരായി നടന്ന എല്ലാ അതിക്രമങ്ങളും. സാർവത്രിക രാഷ്ട്രീയ പരിഗണനയും പ്രാധാന്യവും ജനങ്ങളുടെ പ്രശ്നങ്ങളുടെമേൽ മനുഷ്യാവകാശ കാഴ്ചപ്പാടിൽ സ്വീകരിക്കേണ്ടതുണ്ട്.

പാർശ്വവത്കരിക്കപ്പെട്ടവരുടെ കഷ്ടപ്പാടുകളോട് സംവേദനക്ഷമത പുലർത്തുന്നതിനും, അങ്ങനെ ദരിദ്രർക്ക് അനുരഞ്ജന പ്രക്രിയയിലൂടെ അവരുടെ അവകാശങ്ങൾ നേടുന്നതിനും; സമൂഹത്തിലെ സമ്പന്നരുടെ മനോനില മാറ്റുക എന്നതാണ് വെല്ലുവിളി. സമാധാനവും അനുരഞ്ജനവും നീതിയും അഭേദ്യമാണ്.

## സമൂഹത്താൽ നയിക്കപ്പെടുന്ന വികസന പ്രക്രിയ

താഴെനിന്ന് മുകളിലോട്ടുള്ള സാമൂഹിക-സാംസ്കാരിക വികസന രീതിയും ഘടനാപരമായ പരിവർത്തന രീതിയും അമർത്യ സെന്നിന്റെ കാര്യശേഷി സമീപനവും, ഒരു സമൂഹവുമായി ഇടപഴകുന്നതിനുള്ള പുതിയ രീതികൾക്ക് വഴിയൊരുക്കി. എന്നാൽ മിക്കപ്പോഴും ഒരു വ്യക്തിയൊ സമൂഹമൊ ദരിദ്രമാകുന്നത് അവരെ സാമൂഹിക വിവേചനത്താലും, സാമ്പത്തികമായി ചൂഷണത്താലും, സാംസ്കാരികമായി നിശബ്ദരാക്കിയതിനാലും, രാഷ്ട്രീയമായി ശക്തിയില്ലാത്തവരാക്കിയതിനാലുമാണ്. അവർക്ക് അർഹമായ എല്ലാ അവകാശങ്ങളും പ്രത്യേകിച്ച് മനുഷ്യത്വ, പൗരത്വ അവകാശങ്ങളും നഷ്ടപ്പെട്ടവരാണ്. ജാതി, വംശം, ഭാഷ, മതം, ഉത്ഭവ പ്രദേശം, രാഷ്ട്രീയം, സാമ്പത്തികം, നിക്ഷിപ്ത താത്പര്യങ്ങൾ, തൊഴിൽ തുടങ്ങി വിവിധ ഘടകങ്ങളാൽ സമൂഹം വിവിധ സമുദായങ്ങളായും ഗ്രൂപ്പുകളായും വിഭജിക്കപ്പെട്ടിരിക്കുന്നു. ഈ സാഹചര്യത്തിൽ,

മന്ദഗതിയിലുള്ളതും പരിമിതമെങ്കിലും; സമൂഹത്തിന്റെ മുമ്പോട്ടുള്ള ഗമനത്തിനും സുസ്ഥിരതയ്ക്കും, സമൂഹത്തിന്റെ കൂട്ടായ അറിവും ബുദ്ധിവൈഭവവും പ്രോത്സാഹിപ്പിക്കപ്പെടുന്നതാണ് ഉചിതം എന്ന് മനസിലാക്കപ്പെടുന്നു.

ബാഹ്യവും പ്രത്യക്ഷവുമായ ഫലങ്ങളും വിജയങ്ങളും മാത്രമല്ല വിജയത്തിന്റെ അളവിൽ ഉൾപ്പെടുക പ്രത്യുത ഗുണനിലവാരത്തെയും ആശ്രയിച്ചിരിക്കും ഗ്രൂപ്പുകളുടെയും സമൂഹങ്ങളുടെയും പ്രവർത്തന-പ്രതിഫലന പ്രക്രിയ, എല്ലാവരുടെയും പങ്കാളിത്തം, ജാതി-വിശ്വാസം-മതം വിഭജനത്തെ മറികടക്കുന്ന മറ്റുള്ളവരോടുള്ള ബഹുമാനം, കൂട്ടായ തീരുമാനമെടുക്കൽ, സ്വയം നിയന്ത്രിക്കാനുള്ള കഴിവ്, പൊരുത്തക്കേടുകൾ കൈകാര്യം ചെയ്യുക, അധികാരികളുമായി ധാരണയുണ്ടാക്കുക, പഠിച്ച പാഠങ്ങൾ തിരിച്ചറിയുക, മാറ്റം ആഘോഷിക്കുക, മൂല്യങ്ങളും മനോഭാവങ്ങളും ആഴത്തിലാക്കുക, വ്യക്തമായ പരിണിതഫലങ്ങൾ ആഘോഷിക്കുകയും ചെയ്യുന്നതാണ് വിജയത്തിന്റെ യഥാർത്ഥ അളവുകോൽ. ഫലാധിഷ്ഠിത ഭരണ നിർവ്വഹണത്തിൽ നിന്നുമാണ് സാമൂഹ്യ ഉടമസ്ഥതയിലും നടത്തിപ്പിലുമുള്ള പ്രക്രിയയിലേക്കുള്ള മാറ്റം. ഇത്തരം പ്രക്രിയകളിൽ അളക്കാവുന്ന ഗുണപരമായ സൂചികകളാൽ ഫലപ്രദമായി സംയോജിപ്പിക്കുകയും, പ്രക്രിയകൾ കെട്ടിപ്പടുക്കുന്നതിനുള്ള നടപടികൾ - പ്രതിഫലനം - ജ്ഞാനം അടിസ്ഥാനമാക്കിയുള്ള പ്രായോഗിക പ്രവർത്തനങ്ങൾക്ക് പ്രാധാന്യം നൽകുന്നു. ചില സംഘടനകൾക്ക്, ഇത് വളരെ അനുയോജ്യമാണെന്ന് തോന്നിയേക്കാം, പക്ഷേ ഇതേ രീതിയിലാണ് കാരിത്താസിന്റെ പങ്കാളികളും സമൂഹം നയിക്കുന്ന അല്ലെങ്കിൽ ജനങ്ങൾ നയിക്കുന്ന പ്രക്രിയകളെക്കുറിച്ചു മനസ്സിലാക്കിയിരിക്കുന്നത്.

അടുത്തിടെ, അഞ്ചു സംഘടനകളിലെ സാമൂഹിക സംഘാടന പ്രക്രിയകളിലെ പ്രക്രിയകൾ, തന്ത്രങ്ങൾ, മാർഗ്ഗങ്ങൾ, ഇടപെടൽ, നേട്ടങ്ങൾ, പഠിച്ച പാഠങ്ങൾ എന്നിവ പഠിക്കുന്നതിനായി ഒരു ഗവേഷണം നടത്തി. ഇതിൽ നഗരപ്രദേശങ്ങളിൽ പ്രവർത്തിച്ചുവരുന്ന മൂന്ന് സംഘടനകളും (സേവാ കേന്ദ്ര കൊൽക്കത്ത (എസ് കെ സി), ചേതനാലയ ദില്ലി, സെന്റ് സേവ്യേഴ്സ് സോഷ്യൽ സർവീസ് സൊസൈറ്റി (എസ് എക്സ് എസ് എസ് എസ്) അഹമ്മദാബാദ്) ഗ്രാമീണ മേഖലയിൽ പ്രവർത്തിക്കുന്ന രണ്ട് സംഘടനകളും (കൃപ സോഷ്യൽ വെൽഫെയർ സൊസൈറ്റി (കെ എസ് ഡബ്ല്യു എസ്) ഉജ്ജൈൻ, പൂർവ്വാഞ്ചൽ ഗ്രാമീൺ സേവാ സമിതി (പി ജി എസ് എസ്) ഗോരഖ്പൂർ) തിരഞ്ഞെടുത്തു.

പ്രവർത്തന മേഖല, സമൂഹം, സംഘടനകൾ എന്നിവയിൽ നിന്നും പഠിച്ച കാര്യങ്ങൾ മറ്റു സഹായ സംഘടനകൾക്കും പ്രവർത്തന തലത്തിലെ ജീവനക്കാർക്കും സമൂഹത്തിലെ വ്യക്തികളുടെയും നേതാക്കളുടെയും വീക്ഷണകോണിൽ നിന്നും സമൂഹത്താൽ നയിക്കപ്പെടുന്ന പ്രക്രിയകളെ മെച്ചപ്പെട്ട നിലയിൽ മനസിലാക്കുന്നതിനും സഹായിക്കുന്നതിനും വേണ്ടി തയ്യാറാക്കപ്പെട്ട ഒരു കൈപുസ്തകമാണിത്. ഈ ഗവേഷണത്തിൽ നിന്നും പന്ത്രണ്ട് ഘട്ടങ്ങളുള്ള ഒരു മാതൃക ഉയർന്നുവന്നു. ഈ 12 ഘട്ടങ്ങൾ ഒരു സമ്പൂർണ്ണ പട്ടികയായി കണക്കാക്കരുത്, പകരം ഒരു രീതിശാസ്ത്ര ചട്ടക്കൂട് നൽകുക എന്നതാണ് ഉദ്ദേശ്യം:

1. വിശ്വാസവും ആത്മവിശ്വാസവും കെട്ടിപ്പടുക്കുക
2. ദൗത്യം, മൂല്യങ്ങൾ, സാമൂഹിക സംഘാടന പ്രക്രിയ എന്നിവയെക്കുറിച്ചു പങ്കിട്ട/ പൊതു ധാരണ വളർത്തുക / വികസിപ്പിക്കുക
3. സമൂഹ്യാധിഷ്ഠിത സംഘടനകളുടെ രൂപീകരണത്തിലേക്കു നയിക്കുന്ന ഉചിതവും വൈവിധ്യവുമായ ഗ്രൂപ്പുകളുടെ രൂപീകരണവും പ്രവർത്തനവും
4. വിമർശനാത്മകമായ/ തീവ്രമായ ബോധ്യങ്ങൾ വളർത്തുക: വ്യക്തിത്വം, നേതൃത്വം, വിജ്ഞാനം എന്നിവയ്ക്കൊപ്പം വ്യക്തികളുടെയും സമൂഹത്തിന്റെയും വികസനം
5. സാമൂഹിക പ്രശ്നങ്ങൾ തിരിച്ചറിഞ്ഞു പ്രാധാന്യം വിലയിരുത്തി മുൻഗണന തയ്യാറാക്കുക
6. ഉത്തരവാദിത്വപ്പെട്ട ചുമതലവഹിക്കുന്നവരുമായി മുഖാമുഖം നടത്തുകയും, ഉപജീവന അവസരങ്ങൾ വികസിപ്പിക്കുകയും ചെയ്യുക

7. പ്രദർശനവും സങ്കര/വ്യത്യസ്ത സാഹചര്യങ്ങൾ മനസ്സിലാക്കിയുള്ള പഠനവും
8. പ്രവർത്തന-പ്രതിഫലന പ്രക്രിയയും പ്രായോഗിക പ്രവർത്തനവും
9. സഹകരണം, കൂട്ടായ പ്രവർത്തനങ്ങൾക്കുള്ള ശൃംഖല, ശുപാർശ പ്രവർത്തനങ്ങൾ
10. സന്നദ്ധപ്രവർത്തനം, ദാനം നൽകൽ, പങ്കിടൽ
11. ആഘോഷം, ദൃശ്യത, അംഗീകാരം
12. 'സഹായ' സംഘടനയുടെ മാറുന്ന കടമകൾ / കർത്തവ്യങ്ങൾ

ഈ പ്രക്രിയ വ്യക്തമായി വിശദീകരിക്കേണ്ടത് പ്രധാനമാണ്. ഘട്ടം ഘട്ടമായി വികസിപ്പിച്ചെടുത്ത സാമൂഹിക സംഘാടനം, തികച്ചും ഒരു പുതിയ മേഖലയായി കരുതിക്കൊണ്ടുതന്നെയാണ് തുടക്കം കുറിച്ചിട്ടുള്ളത്. വ്യത്യസ്തമായ വികസന തന്ത്രമുപയോഗിച്ചു ഒരു സംഘടന ഇതിനകം ഒരു പദ്ധതി പ്രവർത്തനമാരംഭിച്ചാൽ, ഉചിതമായ നടപടികൾ സ്വീകരിക്കുവാൻ സാധിക്കും. മാത്രമല്ല, ഇവിടെ അവതരിപ്പിക്കുന്നത് ഒരു എഴുതപ്പെട്ട രേഖയടിസ്ഥാനപ്പെടുത്തിയ പ്രക്രിയ പോലെ വായിച്ചേക്കാം. പക്ഷേ, സാമൂഹിക സംഘാടന പ്രക്രിയ ഒരിക്കലും എഴുതപെട്ട രേഖ അടിസ്ഥാനമാക്കിയല്ല, പ്രത്യുത ചാക്രികമാണ്. ആദ്യം ഒരു നടപടിക്രമം പൂർത്തിയാക്കിയതിനുശേഷം മാത്രം അടുത്ത നടപടിക്രമത്തിലേക്കു പോകേണ്ടത് പോലെയല്ല ഈ പ്രക്രിയ. ചാക്രികമായ പ്രക്രിയയായതിനാൽ (cyclical process), നടപടിക്രമങ്ങൾ മുമ്പോട്ടും പിമ്പോട്ടും പോകേണ്ടതിന്റെ ആവശ്യകത അനിവാര്യമായും ഉയർന്നുവരും. ഓരോ നടപടിക്രമങ്ങളും ശ്രുതിമധുരമായി സംയോജിപ്പിച്ച് ബന്ധിപ്പിക്കുന്നതാണ് മുന്നോട്ടുള്ള ഗമനത്തിനു ഏറ്റവും നല്ല മാർഗ്ഗം.


വ്യത്യസ്തവും സങ്കീർണ്ണവുമായ സന്ദർഭങ്ങളിൽ നടപടിക്രമങ്ങളുടെ അഥവാ ഘട്ടങ്ങളുടെ പുനക്രമീകരണം ആവശ്യമായി വന്നേക്കാം. ഓരോ ഘട്ടവും എടുക്കുമ്പോൾ, സമൂഹം കെട്ടിപ്പടുക്കുന്ന ജീവനക്കാരോ സംഘടനകളുടെ പരിശീലകരോ ഓരോ ഘട്ടത്തിന്റെയും ഉദ്ദേശ്യത്തെ വ്യക്തമായി അറിഞ്ഞും ആശ്രയിച്ചു മുമ്പോട്ടു നീങ്ങിയാൽ, ആരും തടസ്സം സൃഷ്ടിക്കുകയും മുൻകൂട്ടി നിശ്ചയിച്ചിട്ടുള്ള സ്ഥാനങ്ങൾക്കും പ്രേരണകൾക്കു വഴങ്ങേണ്ടിയും വരില്ല. ഇവിടെ രീതികളിൽ കാർക്കശ്യവും കർശനവുമായ ശരിയും തെറ്റുമില്ല. ഒരു സന്ദർഭത്തിൽ ഏതു രീതിയാകും ശരിയായി പ്രവർത്തിക്കുക എന്ന് ഒരാൾക്കും അറിയില്ല. പരീക്ഷണവും, പ്രതിഫലനവും, യാഥാർത്ഥ്യത്തോടുള്ള തുറന്ന മനസ്സും, സന്ദർഭത്തിനനുസരിച്ച് പ്രായോഗികത സ്വീകരിക്കാനുള്ള കഴിവും എപ്പോഴും മനസ്സിൽ സൂക്ഷിക്കണം. കൂടാതെ അതാത് സന്ദർഭത്തിൽ നിന്നും വിവിധ സമൂഹത്തിൽ നിന്നും പഠിക്കുന്നതിനും, പ്രവർത്തകർക്കിടയിൽ ഓരോ ഘട്ടത്തിലും നേടിയ നേട്ടങ്ങളെയും, നടപടിക്രമങ്ങളെയും കുറിച്ച് നിരന്തരമായ അവലോകനം നടത്തുന്നത് നിർണ്ണായകമാണ്.

# പദ്ധതി പിന്തുണയും സമയപരിധിയും

നഗര - ഗ്രാമീണ മേഖലയിൽ നിന്നുള്ള അഞ്ചു സഹായ സംഘടനകളുടെ അനുഭവങ്ങളിൽ നിന്നും 8 മുതൽ 9 വർഷത്തെ സമയപരിധിയും പദ്ധതി പിന്തുണയും ആവശ്യമാണെന്ന ആശയരൂപീകരണമുണ്ടായി. ഈ പ്രക്രിയ സന്ദർഭത്തിനും സങ്കീർണ്ണതയ്ക്കും അനുസൃതമായി പൊരുത്തപ്പെടേണ്ടതുണ്ട്. ഇത് സാധാരണ സാഹചര്യങ്ങളിൽ പ്രവർത്തിച്ചേക്കാം. എന്നാൽ ജാതി, മതം, ഭാഷ എന്നിവയുടെ അടിസ്ഥാനത്തിൽ ധ്രുവീകരിക്കപ്പെട്ടതൊ ആഴത്തിൽ വിഭജിക്കപ്പെട്ടതൊ ആയ ഒരു പ്രദേശത്ത്, സമൂഹത്തിനു ആവശ്യമാകുന്നത് തിരഞ്ഞെടുക്കുന്നതിൽ സഹായ സംഘടനകൾ വളരെ ശ്രദ്ധാലുവായിരിക്കണം. ശക്തമായ പൊതുതാത്പര്യത്തിനെതിരെ പ്രവർത്തിച്ചു രക്തസാക്ഷിയാകുവാൻ ഒരു സംഘടനയും ആഗ്രഹിക്കുന്നില്ല. ഒരു വർഷത്തോളം പ്രവർത്തിച്ചിട്ടും, പൊതുതാത്പര്യത്തിന്റെയും, ഐക്യദാർഢ്യത്തിന്റെയും

ഒരുമിച്ചു പ്രവർത്തിക്കുന്നതിന്റെയും പ്രാധാന്യം മനസ്സിലാക്കുവാൻ സമൂഹത്തിലെ അംഗങ്ങൾ തയ്യാറായില്ലെങ്കിൽ, ആ പ്രദേശം ഉപേക്ഷിച്ചു പോകുന്നതാണ് നല്ലത്. കൂട്ടായ പ്രതിഫലനം, ആശയങ്ങളുടെയും വികാരങ്ങളുടെയും ആഴത്തിലുള്ള പങ്കിടൽ, മറ്റൊന്നിനെയോ മറ്റൊരാളെയോ തീവ്രമായി ശ്രവിക്കുകയും, പൊതു വിഷയങ്ങളുടെമേൽ അഭിപ്രായ സമന്വയം രൂപീകരിക്കുന്നതിനുമുള്ള മാർഗ്ഗനിർദ്ദേശങ്ങളാണ് സഹായ സംഘടനകൾ നൽകേണ്ടത്.

**സാമൂഹിക സംഘാടന പ്രക്രിയയുടെ ഒരു മാതൃകാ സമയപരിധി**



## സാമൂഹിക സംഘാടന പ്രക്രിയയുടെ ഒരു മാതൃകാ സമയപരിധി

| | | | |
|---|---|---|---|
| നടപടി 1 & 2 | നടപടി 3 & 4 | നടപടി 5 & 6 | നടപടി 7, 9 & 12 |
| ഘട്ടം 1<br>ഏകദേശം 1 വർഷം | ഘട്ടം 2<br>ഏകദേശം 2½ വർഷം | ഘട്ടം 3<br>ഏകദേശം 2½ വർഷം | ഘട്ടം 4<br>ഏകദേശം 2 വർഷം |

| | | |
|---|---|---|
| സ്റ്റാഫ് പിന്തുണയുണ്ടാകും- എന്നാൽ ഏറ്റവും കുറഞ്ഞ പ്രോഗ്രാം പിന്തുണ | സ്റ്റാഫ് പിന്തുണയും പ്രോഗ്രാം പിന്തുണയും | പദ്ധതി പ്രദർശനതയ്ക്കും,കൂട്ടായ പ്രവർത്തന ശൃംഖലക്കുമുള്ള പിന്തുണയും ദൃശ്യപരതയും; ഈ ഘട്ടത്തിന്റെ തുടക്കത്തിൽ പന്ത്രണ്ടാം നടപടി അവതരിപ്പിക്കുക |

**പദ്ധതിയിൽ നിരന്തരമായി അഥവാ എല്ലാ സമയത്തും ഉപയോഗിക്കുന്ന ഘട്ടങ്ങൾ**

**(Cross Cutting Themes)**

നടപടി 8 - ഈ രീതിശാസ്ത്രം പ്രക്രിയയിലുടനീളം ഉപയോഗിക്കുന്നു
നടപടി 10 - പ്രചോദനം, ചെറിയ പ്രവർത്തനങ്ങൾ, പരീക്ഷണവും നിരീക്ഷണവും എന്നിവ നടപടി 11 - ലേക്ക് നയിക്കുന്നു - ദൃശ്യപരത, തിരിച്ചറിയൽ, പ്രതിഫലം - ഇവ മൂന്നാം ഘട്ടം മുതൽ അവതരിപ്പിക്കുന്നു

അദ്ധ്യായം 2

# വിശ്വാസവും ആത്മവിശ്വാസവും കെട്ടിപ്പടുക്കുക



# വിശ്വാസവും ആത്മവിശ്വാസവും കെട്ടിപ്പടുക്കുക


## ഉദ്ദേശ്യം

സമൂഹത്താൽ നയിക്കപ്പെടുന്ന വികസന പ്രക്രിയയുടെ ആദ്യ പടി വിശ്വാസവും ആത്മവിശ്വാസവും കെട്ടിപ്പടുക്കുക എന്നതാണ്. സംഘടനകളുടെയും സംഘടന ജീവനക്കാരുടെയും 'വിശ്വാസ്യത' സ്ഥാപിക്കുകയും സമൂഹവുമായി സൗഹൃദപരമായ 'ബന്ധം' കെട്ടിപ്പടുക്കുകയുമാണ് ആത്യന്തിക ലക്ഷ്യം. 'സ്വാഗതം ചെയ്യപ്പെടുകയും പരസ്പര സ്വീകാര്യത', 'മറ്റുള്ളവരെ അതേപടി അംഗീകരിക്കുക' എന്ന ബോധം വളർത്തിയെടുക്കുകയുമാണ് ഈ ഘട്ടത്തിൽ ആദ്യം കൈക്കൊള്ളുന്ന നടപടി. സമൂഹം കെട്ടിപ്പടുക്കുന്ന പ്രക്രിയയിലെ പ്രവർത്തകരെ സമൂഹത്തിലെ അംഗങ്ങൾ കാണുകയും (സംഘടനയും ജീവനക്കാരും) അവർ വിശ്വസനീയരും, എല്ലാവരുമായും ഒരുപോലെ ബന്ധപ്പെടാൻ കഴിവുള്ളവരും, മറ്റുള്ളവരെ കേൾക്കുവാൻ തയ്യാറുള്ളവരും, ക്ഷമയോടും സ്ഥിരോത്സാഹത്തോടും കൂടി സമൂഹത്തിന്റെ ആവശ്യം നേടിയെടുക്കുവാൻ അവർക്കൊപ്പം അധികദൂരം സഞ്ചരിക്കുവാനും തയ്യാറുള്ളവരുമായിരിക്കണം. ഇതിന്റെ പരിണിതഫലം പരസ്പരബന്ധം, മെച്ചപ്പെട്ട ധാരണ, പരസ്പര സ്വീകാര്യത, ആത്മവിശ്വാസം എന്നിവയാണ്.

## സമയ ദൈർഘ്യം

ബന്ധങ്ങളിലെ വിശ്വാസ്യത കെട്ടിപ്പടുക്കുന്നതിന് പരസ്പര വിശ്വാസവും ഉറപ്പും നേടുന്നതിനും സഹായ സംഘടനാ ജീവനക്കാർക്കും സമൂഹത്തിലെ അംഗങ്ങൾക്കും സാധാരണയായി 6 മുതൽ 8 മാസം വരെ സമയമെടുക്കും.

**വിശ്വാസ്യത കെട്ടിപ്പടുക്കലും പരസ്പര സ്വീകാര്യതയും**



# ഒന്നാം ഘട്ടം മുന്നോട്ടുപോകുവാനുള്ള മാർഗ്ഗങ്ങൾ

- ചെറുപ്പക്കാർ, പ്രായമായവർ, യുവജനങ്ങൾ, പുരുഷന്മാർ, സ്ത്രീകൾ, തുടങ്ങി എല്ലാ ജനവിഭാഗങ്ങളും ഒത്തുചേരുന്ന തെരുവുകളിലും പൊതു സ്ഥലങ്ങളിലും, കുട്ടികളുടെ കളിസ്ഥലങ്ങൾ, സ്കൂളുകൾ, അമ്പലങ്ങൾ, മുസ്ലിം പള്ളികൾ എന്നിടങ്ങളിലും പാർപ്പിട മേഖലകളിലും നെടുകെയും കുറുകെയും നടന്നു എല്ലാ വ്യക്തികളെയും പരിചയപ്പെടുക.
- എല്ലാവരോടും മര്യാദയോടെ പെരുമാറുക, നിങ്ങളുടെ വ്യക്തിത്വത്തെയൊ ഉദ്ദേശ്യത്തെയൊ ആരെങ്കിലും ചോദ്യം ചെയ്താൽ നിങ്ങൾ ആരാണെന്ന് വ്യക്തമായി പ്രസ്താവിക്കുക.
- കുട്ടികൾക്കും സ്ത്രീകൾക്കും മറ്റുള്ളവർക്കും പരിചിതമായ മുഖമായി മാറുക. ആളുകളുടെ പേരുകൾ മനസിലാക്കുക, നിങ്ങളുടെ പേര് വിളിക്കാൻ മറ്റുള്ളവരെ പ്രചോദിപ്പിക്കുക.
- കഴിയുന്നത്ര വ്യക്തികളുമായി ബന്ധം സ്ഥാപിക്കുകയും, ചുരുക്കം വ്യക്തികൾക്ക് മാത്രമല്ല എല്ലാവർക്കും സമീപിക്കാവുന്ന വ്യക്തിത്വമാണെന്നു പ്രകടമാക്കുക.
- പ്രവർത്തനമേഖലകളിൽ ഇടയ്ക്കിടെ സമൂഹത്തിന്റെ സമയാനുസൃതമായി സന്ദർശിക്കുകയും, പ്രത്യേകിച്ച് സൂര്യാസ്തമയത്തിനുശേഷം പ്രവർത്തനമേഖല സന്ദർശിച്ച് സമൂഹത്തിലെ അംഗങ്ങൾ രാത്രികാലങ്ങളിൽ നേരിടുന്ന വെല്ലുവിളികൾ മനസിലാക്കുക.
- പഞ്ചേന്ദ്രിയങ്ങളിലോരോന്നും ശക്തമായി പ്രയോഗിക്കുക - യാഥാർത്ഥ്യങ്ങളെ വസ്തുനിഷ്ഠമായി മനസ്സിലാക്കുന്നതിനായി കാണുക, സ്പർശിക്കുക, മണക്കുക, കേൾക്കുക, ആസ്വദിക്കുക. സമൂഹത്തിലെ അംഗങ്ങൾ തമ്മിലുള്ള ബന്ധങ്ങൾ നിരീക്ഷിക്കുക
- സമൂഹത്തിന്റെ ജീവിത താളവും അതിന്റെ എല്ലാ സങ്കീർണതകളും നിരീക്ഷിക്കുകയും അതിൽ പങ്കെടുക്കുകയും ചെയ്യുക. സമൂഹത്തിന്റെ സങ്കീർണ്ണതകളെ ചോദ്യം ചെയ്യാതെ ഒരു പഠിതാവാകുക.
- സജീവമായ കേൾവിക്ക് സമയം വിനിയോഗിക്കുക, ഏതെങ്കിലും തരത്തിലുള്ള ഉപദേശങ്ങൾ നൽകുന്നതും വിധികൾ പറയുന്നതും ഒഴിവാക്കുക
- സംഭാഷണത്തിനിടയിലൊ അല്ലെങ്കിൽ ആരെങ്കിലും നിങ്ങളെ ചോദ്യം ചെയ്താലൊ വ്യക്തമായി ഉറപ്പുള്ള അറിവുകൾ മാത്രം പറയുക
- ഔപചാരിക, അനൗപചാരിക, പരമ്പരാഗത, മത നേതാക്കളുമായി സമ്പർക്കം പുലർത്തുക.
- വീടുകളിൽ ആളുകളെ സന്ധിക്കുമ്പോൾ സൂക്ഷ്മത പുലർത്തുക. സ്വകാര്യതയെ ബഹുമാനിക്കുക, പ്രത്യേകിച്ച് സ്ത്രീകളുടെയും കൗമാരക്കാരായ പെൺകുട്ടികളുടെയും.
- ........................................................ (സന്ദർഭത്തിനനുസരിച്ച് മാർഗ്ഗങ്ങൾ കൂട്ടി ചേർക്കുക അല്ലെങ്കിൽ പരിഷ്ക്കരിക്കുക)

# സഹായകരമായ നിർദ്ദേശങ്ങൾ

- കഴിവതും അതേ സമൂഹത്തിൽ നിന്നൊ അല്ലെങ്കിൽ അടുത്തുള്ള സമൂഹത്തിൽ നിന്നൊ പ്രവർത്തകരെ അഥവാ സ്റ്റാഫിനെ തിരഞ്ഞെടുക്കുക. കൂടാതെ സ്റ്റാഫിൽ പുരുഷന്മാർക്കും സ്ത്രീകൾക്കും തുല്യ പ്രാതിനിധ്യം ഉണ്ടായിരിക്കുവാൻ ശ്രദ്ധിക്കുക.
- സമൂഹത്തോട് സത്യസന്ധമായ സമീപനം പുലർത്തുന്നതിനു സ്റ്റാഫിനെ നവീകരിക്കുക. മാറ്റങ്ങൾ കൊണ്ടുവരുന്നതിന് സമൂഹത്തിനു സ്വതസിദ്ധവും ജന്മസിദ്ധവുമായ കഴിവുണ്ടെന്ന് മനസിലാക്കുവാൻ സ്റ്റാഫിനെ സഹായിക്കുക.

- തുടക്കത്തിൽ, സ്ത്രീകളിലും കുട്ടികളിലും ശ്രദ്ധ കേന്ദ്രീകരിക്കുന്നത് ഉത്തമ മായിരിക്കും, കാരണം അവർ എപ്പോഴും ലഭ്യമായിരിക്കുകയും എളുപ്പത്തിൽ സംവദിക്കുവാൻ സാധിക്കുകയും ചെയ്യും.
- സാമൂഹ്യം-സാമ്പത്തികം, രാഷ്ട്രീയം, സാംസ്കാരികം, മതപരം, ഭാഷാപരം, ജാതി വ്യവസ്ഥിതികൾ എന്നിവ സമൂഹത്തിൽ എപ്രകാരം പ്രവർത്തിക്കുന്നു എന്ന് പഠിക്കുവാനും മനസ്സിലാക്കുവാനും താത്പര്യപ്പെടുക.
- പൊതു ആഘോഷങ്ങളിലൊ മരണാനന്തര ചടങ്ങിലൊ കുടുംബപരമായ ആഘോഷങ്ങളിലൊ പങ്കെടുക്കുവാൻ ശ്രമിക്കുക. പ്രായമായവർക്കൊപ്പവും, രോഗികൾക്കൊപ്പവും, ഭിന്നശേഷിക്കാർക്കൊപ്പവും, അധസ്ഥിതർക്കൊപ്പവും സമയം ചിലവഴിക്കുവാൻ ശ്രമിക്കുക. ഇത് നിങ്ങളെക്കുറിച്ചും നിങ്ങളുടെ ദൗത്യത്തെക്കുറിച്ചും ശക്തമായ സന്ദേശം നൽകുവാൻ ഇടവരുത്തും.
- വിവിധ മത, ജാതി, വർഗ്ഗ, പൊതുസൗകര്യങ്ങൾ/സ്ഥലങ്ങളായ സ്കൂൾ, ജലസംഭരണി, ആരോഗ്യ കേന്ദ്രങ്ങൾ, സർക്കാർ ഓഫീസുകൾ എന്നിവ എടുത്തുകാണിക്കുന്ന നിലയിൽ അനൗപചാരികമായി പ്രവർത്തിക്കുന്ന പ്രദേശത്തിന്റെ ഭൂപടം വരയ്ക്കുക
- ....................................................... (സന്ദർഭത്തിനനുസരിച്ച് നിർദ്ദേശങ്ങൾ കൂട്ടി ചേർക്കുക അല്ലെങ്കിൽ പരിഷ്ക്കരിക്കുക)

# ഉപയോഗപ്രദമായ മുന്നറിയിപ്പുകൾ

- ഏതെങ്കിലും തരത്തിലുള്ള തെറ്റായ സൂചനകളൊ സന്ദേശങ്ങളൊ നൽകരുത്
- സമൂഹത്തിനു അഭികാമ്യമല്ലാത്ത ചില പ്രവർത്തനങ്ങൾ ആളുകളുടെ ഇടയിൽ നിങ്ങൾ നിരീക്ഷിച്ചാലും ആരെയും വെല്ലുവിളിക്കരുത്.
- ഈ ഘട്ടത്തിൽ തെറ്റായ വശങ്ങൾ ഉയർത്തിക്കാട്ടരുത്. ഒഴിവാക്കുന്നതുകൊണ്ട് അംഗീകരിക്കുന്നു എന്ന് അർത്ഥമില്ല
- ആരെയും വിധിക്കുകയൊ നിർദ്ദേശങ്ങളൊ ഉപദേശങ്ങളൊ നൽകരുത്. യാഥാർഥ്യത്തെ 'വിധി' എന്ന നിലയിൽ ന്യായീകരിക്കുകയുമരുത്.
- കുട്ടികൾക്കായി ചില കളികൾ ഒഴികെ മറ്റൊരു പ്രവർത്തനവും ആരംഭിക്കരുത്.
- ജനങ്ങൾക്കുവേണ്ടി ഉണ്ടായിരിക്കും/നിലകൊള്ളും എന്നതിനപ്പുറം ഒരു വാഗ്ദാനങ്ങളും നൽകരുത്.
- നിങ്ങൾ സംസാരിച്ചുകൊണ്ടിരിക്കുമ്പോൾ നിങ്ങളുടെ ഓഫീസ് സമയം അഥവാ പ്ര വർത്തന സമയം അവസാനിച്ചു എന്ന് പറഞ്ഞു സംഭാഷണം നിർത്തരുത്.
- .......................... (സന്ദർഭത്തിനനുസരിച്ച് കൂട്ടി ചേർക്കുക അല്ലെങ്കിൽ പരിഷ്ക്കരിക്കുക)

# സൂചകങ്ങൾ

1. XXX കുട്ടികൾ, XXX യുവജനങ്ങൾ, XXX സ്ത്രീകൾ, XXX പുരുഷന്മാർ എന്നിവരുമായി എനിക്ക് സൗഹൃദമുണ്ട്.
2. XXX സ്ത്രീകൾ, പ്രായമുള്ളവർ, രോഗികൾ, ഭിന്നശേഷിക്കാർ എന്നിവർ പരിപൂർണ വിശ്വാസത്തോടെ അവരുടെ പ്രശ്നങ്ങൾ എന്നോട് പങ്കുവെച്ചു.
3. XXX കുടുംബങ്ങൾ എനിക്ക് ഒരു ഗ്ലാസ് വെള്ളമൊ ചായയൊ നൽകി.
4. XXX ആൺകുട്ടികളും പെൺകുട്ടികളും അവരുടെ ________, ________, ________ ആശങ്കകളെക്കുറിച്ചു എന്നോട് പങ്കിട്ടു.
5. XXX കുട്ടികൾ എന്നെ അവരുടെ വീടുകളിലേക്ക് കൂട്ടിക്കൊണ്ടുപോയി.
6. ഏകദേശം XXX പരമ്പരാഗത, പ്രാദേശിക, മതനേതാക്കൾ എന്നോട് സംഭാഷണങ്ങൾ നടത്തി.
7. സഹായത്തിനും മാർഗ്ഗനിർദ്ദേശത്തിനുമായി XXX പേർ എന്നെ വിളിച്ചു.

8. അവരോടൊപ്പം സമയം ചെലവഴിക്കുന്നതിനും അവരെ ശ്രദ്ധിക്കുന്നതിനും xxx പേർ എന്നെ അഭിനന്ദിച്ചു.
9. ഒരു പ്രത്യേക സാഹചര്യത്തിൽ xxx വ്യത്യസ്ത കാരണങ്ങളെ കണ്ടെത്തുകയും സമൂഹത്തിലെ അംഗങ്ങൾക്ക് അനുകൂലമായും പ്രതികൂലവുമായുള്ള അവയുടെ ഇടപെടൽ തിരിച്ചറിയുകയും ചെയ്തു.
10. സമൂഹത്തിലെ അംഗങ്ങളുടെ ദൈനംദിന ജീവിതത്തിലെ xxx ദിനചര്യകൾ കണ്ടെത്തുകയും, അവയുമായി അവർ സ്വയം എങ്ങനെ ചിട്ടപ്പെടുത്തുന്നു എന്ന് തിരിച്ചറിഞ്ഞു.
11. ........................... (സന്ദർഭത്തിനനുസരിച്ച് കൂട്ടി ചേർക്കുക അല്ലെങ്കിൽ പരിഷ്ക്കരിക്കുക)

# സ്വയം വിലയിരുത്തുക

താഴെ കൊടുത്തിരിക്കുന്നത് സ്വയം വിലയിരുത്തുന്നതിനു ഉപയോഗിക്കാവുന്ന സൂചികകൾ (tool). ഉചിതമായ ഉത്തരം ടിക്ക് ചെയ്യുക. 'ഉറപ്പില്ല' എന്നാൽ നിങ്ങൾ യോജിക്കുകയൊ വിയോജിക്കുകയൊ എന്നല്ല.

| നം. | പരിശോധിക്കേണ്ട വശങ്ങൾ | ശക്തമായി യോജി ക്കുന്നു | യോജി ക്കുന്നു | ഉറപ്പില്ല | വിയോജി ക്കുന്നു | ശക്തമായി വിയോജി ക്കുന്നു |
|---|---|---|---|---|---|---|
| 1. | സമൂഹത്തിലെ അംഗങ്ങൾ താമസിക്കുന്നിടത്തു ചുറ്റിനടക്കുന്നത് എനിക്ക് ആനന്ദപ്രദമാണ്. | | | | | |
| 2. | സമൂഹത്തിലെ അംഗങ്ങൾ എന്റെ ആശംസകൾ സ്വീകരിക്കുകയും തിരിച്ചു എനിക്കും ആശംസ കൾ നേരുകയും ചെയ്യും | | | | | |
| 3. | ഏകദേശം 40 ശതമാനം കുടുംബങ്ങൾ എന്നെ അവരുടെ വീടുകളിലേക്ക് സ്വാഗതം ചെയ്തു | | | | | |
| 4. | സമൂഹത്തിലെ ചില വ്യക്തികൾ എന്നെ അധൈര്യപ്പെടുത്തിയപ്പോഴും/ഭയപെടുത്തിയ പ്പോഴും ഞാൻ ശാന്തനായിരുന്നു. | | | | | |
| 5. | ചില സ്ത്രീകൾക്കു അവരുടെ ജീവിതകഥ വളരെ സ്വാതന്ത്ര്യത്തോടെയും വിശ്വാസത്തോടെയും എന്നോട് പങ്കു വയ്ക്കുവാൻ സാധിച്ചു. | | | | | |
| 6. | ചില വ്യക്തികളുടെ പങ്കുവയ്ക്കൽ എനിക്ക് അസ്വസ്ഥതയുണ്ടാക്കി | | | | | |
| 7. | ചില യാഥാർഥ്യങ്ങൾ എന്നിൽ വിഷാദം ഉള വാക്കി | | | | | |
| 8. | ചില കുട്ടികൾ എന്നെ സ്പർശിച്ചപ്പോൾ എനിക്ക് അസ്വസ്ഥത തോന്നി | | | | | |
| 9. | മയക്കുമരുന്നിന് അടിമപ്പെട്ട യുവജനങ്ങളെ കണ്ടപ്പോൾ എനിക്ക് ദേഷ്യമുണ്ടായി | | | | | |
| 10. | ചിലർ എന്നെ സംശയത്തോടെ നോക്കി | | | | | |

- *നിങ്ങളുടെ സ്വയം വിലയിരുത്തലിന് മാർക്ക് നൽകുക: 1 മുതൽ 5 വരെയുള്ള ചോദ്യങ്ങൾക്ക്, ഇപ്രകാരം സ്കോർ നൽകുക: ശക്തമായി യോജിക്കുന്നു = +2, യോജിക്കുന്നു = +1, ഉറപ്പില്ല = 0, വിയോജിക്കുന്നു = –1, ശക്തമായി വിയോജിക്കുന്നു = –2.*
- *6 മുതൽ 10 വരെയുള്ള ചോദ്യങ്ങൾക്ക്, വിപരീതമായി സ്കോർ രേഖപ്പെടുത്തുക: ശക്തമായി യോജിക്കുന്നു = –2, യോജിക്കുന്നു = –1, ഉറപ്പില്ല = 0, വിയോജിക്കുന്നു = +1, ശക്തമായി വിയോജിക്കുന്നു = +2.*
- *നിങ്ങളുടെ മുഴുവൻ മാർക്കും കൂട്ടുക. നിങ്ങൾക്ക് 15 – നും അതിനുമുകളിലും മാർക്കുണ്ടെങ്കിൽ, നിങ്ങൾ ശരിയായ പാതയിലാണ്. എന്നാൽ 15 മാർക്കിലും കുറവാണെങ്കിൽ, നിങ്ങൾ ഇനിയും വളരെയധികം മെച്ചപ്പെടുത്തേണ്ടതും പഠിക്കേണ്ടതുമായ മേഖലകളുണ്ട്.*
- *സംഘടനയിലെ മറ്റു ജീവനക്കാരുമായി അഥവാ സ്റ്റാഫുമായി നിങ്ങളുടെ മാർക്കും വികാരങ്ങളും പങ്കുവയ്ക്കുക.*

# പ്രതിഫലനങ്ങൾക്കും പങ്കിടലിനുമുള്ള ചോദ്യങ്ങൾ

1. സമൂഹത്തിലെ അംഗങ്ങളുമായി സംവദിക്കുമ്പോൾ നിങ്ങൾ എന്താണ് കണ്ടത്, നിരീക്ഷിച്ചത്, കേട്ടത്?
2. പരിചിതമായ മുഖങ്ങളുടെ പ്രത്യേകിച്ച് പരമ്പരാഗത, മതനേതാക്കൾ, പൊതു സൗകര്യങ്ങൾ എന്നിവയുടെ ഒരു പട്ടിക തയ്യാറാക്കുക.
3. സമൂഹത്തിലെ അംഗങ്ങൾ നിങ്ങളെ സ്വാഗതം ചെയ്യുകയും അംഗീകരിക്കുകയും ചെയ്തിട്ടുണ്ടോ? ഉണ്ടെങ്കിൽ, എങ്ങനെ? ഉദാഹരണങ്ങൾ ഉപയോഗിച്ച് വിശദമാക്കുക.
4. സമൂഹത്തിലെ അംഗങ്ങൾ നിങ്ങളെ അല്ലെങ്കിൽ നിങ്ങളുടെ സഹായ സംഘടനയെ എങ്ങനെ വിശ്വസിക്കുവാൻ ആരംഭിക്കുകയും നിങ്ങളിലുള്ള വിശ്വാസ്യത വളരുവാനിടയായ സാഹചര്യം ഉദാഹരണ സഹിതം വിശദീകരിക്കുക.
5. നിങ്ങളെക്കുറിച്ചും നിങ്ങളുടെ സംഘടനയെക്കുറിച്ചും എന്ത് അഭിപ്രായങ്ങളാണ് നിങ്ങൾ കേട്ടത്?
6. നിങ്ങൾ വ്യക്തിപരമായി എന്തെങ്കിലും വെല്ലുവിളികൾ നേരിട്ടിട്ടുണ്ടോ? ഉണ്ടെങ്കിൽ, അവ എന്തായിരുന്നു?
7. സമൂഹിക സന്ദർശനംകൊണ്ടു നിങ്ങളിൽ എന്തെങ്കിലും മാറ്റങ്ങൾ ഉണ്ടായിട്ടുണ്ടോ? ഉണ്ടെങ്കിൽ, അവ എന്തായിരുന്നു?
8. ........................... (സന്ദർഭാനുസൃതമായി കൂട്ടി ചേർക്കുക അല്ലെങ്കിൽ പരിഷ്ക്കരിക്കുക)

# സാമൂഹിക സംഘാടകരുടെ (കമ്മ്യൂണിറ്റി മൊബിലൈസർ) മനോഭാവവും സമീപനവും എന്നെ മാറ്റി

ഉജ്ജയിനിൽ നിന്നുള്ള ശ്രീ. റാമിന്റെ വാക്കുകൾ ചുവടെ കുറിക്കുന്നു. ''തുടക്കത്തിൽ, സംഘടനകളുടെ സ്റ്റാഫ് ഈ പ്രദേശം സന്ദർശിച്ചപ്പോൾ ഞാൻ അവരെ സംശയിച്ചു. അവർ ക്രിസ്ത്യൻ സംഘടനകളിൽ നിന്നുള്ളവരായതിനാൽ ഞാൻ അവരുടെ ഉദ്ദേശ്യങ്ങളെ ചോദ്യം ചെയ്തു. ഞങ്ങളുടെയിടയിൽ മത പരിവർത്തനം നടത്തുകയാണോ ഉദ്ദേശ്യം എന്ന് ഒരിക്കൽ നേരിട്ട് ചോദിച്ചു. ക്രമേണ, എല്ലാ പ്രവർത്തകരും/സ്റ്റാഫുകളും ഞങ്ങളുടെ സ്വന്തം സമൂഹത്തിൽ നിന്നോ അയൽ പ്രദേശങ്ങളിൽ നിന്നോ ഉള്ളവരാണെന്നും അവരാരും ക്രിസ്ത്യാനികളല്ലെന്നും ഞാൻ കണ്ടെത്തി. ക്രിസ്തുമതത്തെക്കുറിച്ച് ആരും സംസാരിച്ചില്ല. പക്ഷേ, ഞങ്ങളുടെ മത-സാംസ്കാരിക ആഘോഷങ്ങളിൽ സംഘടനാ ഉദ്യോഗസ്ഥർ /സ്റ്റാഫ് പങ്കെടുത്തു. ഞങ്ങളുടെ കഥകൾ കേൾക്കുവാൻ ഓരോ കുടുംബത്തിനൊപ്പവും മണിക്കൂറുകളോളം സമയം അവർ ചെലവഴിച്ചു. ഞങ്ങളിൽ ചിലർ ഞങ്ങളുടെ സന്തോഷങ്ങളും പ്രയാസങ്ങളും പങ്കിട്ടു. അവരുടെ മനോഭാവവും സമീപനവും പെരുമാറ്റവും വ്യത്യസ്തമാണെന്ന് ഞാൻ തിരിച്ചറിഞ്ഞു. ഞാൻ അവർ ലളിതരും വിശ്വസനീയരുമാണെന്നു കണ്ടെത്തി. ഇത് എന്റെ ചിന്താഗതിയെ മാറ്റി അവരിലുള്ള എന്റെ വിശ്വാസം വർദ്ധിപ്പിച്ചു.'' പദ്ധതി പ്രദേശത്തുടനീളം എല്ലാ അംഗങ്ങളും ഇത്തരത്തിലുള്ള നിരീക്ഷണം പങ്കുവയ്ക്കുവാനിടയായി. സംഘടനകളുടെ ഡയറക്ടർമാർ ഈ നിരീക്ഷണങ്ങളോട് യോജിക്കുകയും വിശ്വാസവും ആത്മവിശ്വാസവും കെട്ടിപ്പടുക്കുന്നതുമായിരുന്നു തങ്ങളുടെ പ്രധാന വെല്ലുവിളികളിലൊന്നെന്നും ഇതിനു വളരെയധികം സമയമെടുത്തുവെന്നും പറഞ്ഞു.

അദ്ധ്യായം 3

# ദൗത്യം, മൂല്യങ്ങൾ, എന്നിവയെക്കുറിച്ചു പങ്കിട്ട/ പൊതു ധാരണ വളർത്തുക/ വികസിപ്പിക്കുക



# ദൗത്യം, മൂല്യങ്ങൾ, സാമൂഹിക സംഘാടന പ്രക്രിയ എന്നിവയെക്കുറിച്ചു പങ്കിട്ട/ പൊതു ധാരണ വളർത്തുക/ വികസിപ്പിക്കുക


## ഉദ്ദേശ്യം

സാമൂഹിക സംഘാടന പ്രക്രിയയ്ക്കുള്ള പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനുള്ള അടിസ്ഥാനം ഒരുക്കുന്നതാണ് രണ്ടാമത്തെ ഘട്ടം. വ്യക്തികളെ ഒന്നിപ്പിച്ചു നിർത്തുന്ന പൊതു താത്പര്യങ്ങളും ലക്ഷ്യങ്ങളും കണ്ടെത്തി ജീവിത നിലവാരം മെച്ചപ്പെടുത്തുവാൻ, സമൂഹത്തിലെ അംഗങ്ങളുമായി സാമൂഹിക പ്രവർത്തകർ (കമ്മ്യൂണിറ്റി മൊബിലൈസേഴ്സ്) അഥവാ വികസന പ്രവർത്തകർ (ഡെവലപ്മെന്റ് പ്രാക്റ്റീഷനർ) നടത്തുന്ന ആശയവിനിമയത്തിലും സംഭാഷണത്തിലും ഈ ഘട്ടമാരംഭിക്കുന്നു. ഐക്യദാർഢ്യം, സഹാനുഭൂതി, പൊതുനന്മ (എല്ലാവരുടെയും നല്ലത്), സാഹോദര്യം, സാമൂഹിക നീതി ബോധം, ദുർബലരോടുള്ള പരിഗണന, സമൂഹത്തിന്റെ പൊതു സ്വഭാവം തുടങ്ങി സമൂഹത്തിന്റെ സ്വതസിദ്ധമായ മൂല്യങ്ങൾ കണ്ടെത്തി സ്ഥിരീകരിക്കേണ്ട സമയം കൂടിയാണിത്. ഇത് അംഗങ്ങൾക്ക് അവർ ആരാണെന്നും അവരുടെ ശക്തിയേയും വിഭവങ്ങളേയും കുറിച്ച് ചിന്തിക്കുവാനും അവരുടെ സ്വപ്നങ്ങളേയും അഭിലാഷങ്ങളേയും കുറിച്ച് വിശകലനം ചെയ്യുവാൻ ഈ ഘട്ടത്തിൽ ഇടം നൽകുന്നു. ഈ ഘട്ടത്തിന്റെ പരിണിതഫലമായി ജനങ്ങൾ അവരുടെ മതം, ജാതി, ലിംഗഭേദം, അവരുടെ സാധ്യതകൾ, ദൈനംദിന ജീവിതത്തിൽ അവർ വിലമതിക്കുന്ന മൂല്യങ്ങൾ എന്നിവ തിരിച്ചറിയുകയും അവ വിശകലനം ചെയ്തു എല്ലാവരുടേയും ജീവിതനിലവാരം മെച്ചപ്പെടുത്തുവാനും പൊതു ധാരണകൾ വളർത്തുവാനും കൂട്ടായ ബന്ധങ്ങൾ കെട്ടിപ്പടുക്കുന്നതിനും ഉപയോഗപ്പെടുത്താം.

# സമയ പരിധി

കൂട്ടായ പൊതു ധാരണകൾ വളർത്തിയെടുക്കാൻ ഏകദേശം 4 മുതൽ 5 മാസം വരെ സമയമെടുക്കും

**പങ്കിട്ട ദൗത്യങ്ങളും മൂല്യങ്ങളും**




# രണ്ടാം ഘട്ടം മുന്നോട്ടുപോകുവാനുള്ള മാർഗ്ഗങ്ങൾ

- പൊതു താത്പര്യങ്ങളെക്കുറിച്ചു സംസാരിക്കുവാൻ സന്നദ്ധതയുള്ള വ്യക്തികളെയും കുടുംബങ്ങളെയും കണ്ടെത്തുക
- പ്രായം, ലിംഗം, തൊഴിൽ അഥവാ താത്പര്യം എന്നിവയെ അടിസ്ഥാനപ്പെടുത്തി ചെറുതും, അനൗപചാരികവും, പൊടുന്നനെയുള്ള സംഗമമായി ജനങ്ങളെ ഒന്നിച്ചു കൂട്ടിവരുത്തി, അവരുടെ ജീവിതം, ജീവിതശൈലി, ഉപജീവനം എന്നീ വിഷയങ്ങളെ ആസ്പദമാക്കിയുള്ള ലഘു ചോദ്യങ്ങളിലൂടെ ആരംഭിക്കുക.
- സമൂഹത്തിലെ ആദരണീയരായ വ്യക്തികൾ ആരൊക്കെയാണെന്നും, എന്തുകൊണ്ടാണ് എല്ലാവരും അവരെ ബഹുമാനിക്കുന്നത് എന്നും കണ്ടെത്തുക
- മുഴുവൻ സമൂഹത്തെയും ഒന്നിച്ചു കൂട്ടുന്ന പരിപാടികളും സംഭവങ്ങളും കണ്ടെത്തുകയും അവയിൽ ഏതു ദിവസങ്ങളാണ് അവർക്ക് ഏറ്റവും വിലപ്പെട്ടത് എന്നും കണ്ടെത്തുക.
- ആപത്കരമായതൊ അത്യാവശ്യ ഘട്ടങ്ങളിലൊ നിങ്ങളൊ സമൂഹത്തിലെ മറ്റൊരെങ്കിലുമൊ ഒരു വ്യക്തിയെ സഹായിക്കുകയൊ അല്ലെങ്കിൽ ആരെങ്കിലും സഹായം സ്വീകരിക്കുകയൊ ചെയ്തതായ സന്ദർഭങ്ങളും മുഹൂർത്തങ്ങളും ഓർമ്മിക്കുവാൻ സമൂഹത്തെ പ്രോത്സാഹിപ്പിക്കുക.
- ഐക്യദാർഢ്യം, സഹാനുഭൂതി, ദരിദ്രരുടെ ക്ഷേമം, സാമൂഹിക നീതിബോധം എന്നീ ജനങ്ങൾ ശീലിക്കുന്ന മൂല്യങ്ങളെക്കുറിച്ചു സമൂഹം അനുഭവിച്ചതോ കണ്ടതൊ കേട്ടതൊ ആയ സംഭവങ്ങൾ ചിന്തിക്കുവാനും വിശകലനം ചെയ്യുവാനും പ്രോത്സാഹിപ്പിക്കുക.
- സമൂഹത്തിന്റെ ശരിയായ ശക്തിയും കഴിവുകളും സ്ഥിരീകരിക്കുകയും അവ കെട്ടിപ്പടുക്കുകയും ചെയ്യുക
- നിപുണത, കഴിവ്, അറിവ്, അടിസ്ഥാന സൗകര്യങ്ങൾ, സാമ്പത്തികമായ വിഭവങ്ങൾ (റിസോഴ്സ്സ്) സമൂഹത്തിൽ കൈവശമുള്ളവരെ കണ്ടെത്തുന്നതിനുള്ള ചർച്ചകൾക്ക് വഴിയൊരുക്കുക.
- സമൂഹത്തിലെ വിവിധ വ്യക്തികളുടെ കാര്യക്ഷമത കണ്ടെത്തുവാൻ ജനങ്ങളെ സഹായിക്കുകയും എപ്രകാരം അവരുടെ അറിവും കഴിവും ഉപയോഗപ്പെടുത്തുവാൻ സാധിക്കും എന്നും കണ്ടെത്തുക
- ............................ (സന്ദർഭാനുസൃതമായി കൂട്ടിച്ചേർക്കുക അല്ലെങ്കിൽ പരിഷ്കരിക്കുക)

## സഹായകരമായ നിർദ്ദേശങ്ങൾ

- സമൂഹത്തിനു അനുയോജ്യമായ സമയത്ത് ഒത്തുചേരലുകൾ ആസൂത്രണം ചെയ്യുക
- ചെറുതും പരിചിതവുമായ ഗ്രൂപ്പുകളിൽ ആശയവിനിമയം ആരംഭിക്കുകയും എല്ലാവരുടെയും പങ്കാളിത്തവും ഉറപ്പാക്കുക
- നിലവിലുള്ള അനൗപചാരിക ഗ്രൂപ്പുകളെയും അല്ലെങ്കിൽ സമൂഹത്തിൽ അംഗീകരിക്കപ്പെട്ട ഗ്രൂപ്പുകളെയും കണ്ടെത്തുകയും മനസിലാക്കുകയും ചെയ്യുക
- സമൂഹത്തെയും പരമ്പരാഗത നേതാക്കളെയും എല്ലാ കാര്യങ്ങളും അറിയിക്കുകയും, അവരെ ഈ പ്രക്രിയയുടെ ഭാഗമാക്കി നിർത്തുകയും ചെയ്യുക
- സമൂഹം മറന്ന ചരിത്രങ്ങളുടെയും അനുഭവങ്ങളുടെയും വിശേഷങ്ങളിലേക്ക് വെളിച്ചം വീശുവാൻ കഴിവുള്ള പ്രായമായ വ്യക്തികളുമായി ബന്ധപ്പെടുക.
- വിവിധ ചെറു ഗ്രൂപ്പുകളിൽ നിന്നും വ്യത്യസ്തവും പരസ്പരവിരുദ്ധവുമായ ചിന്തകളും ഉൾകാഴ്ചകളും ഉയർന്നുവരുവാൻ സമ്മതിക്കുക
- സമൂഹത്തിന്റെ വ്യത്യസ്തതകളും വൈവിധ്യങ്ങളും പ്രതിഫലിപ്പിക്കുവാൻ സാധിക്കുന്ന ചർച്ചകൾക്ക് വഴിയൊരുക്കുക
- .............................. (സന്ദർഭാനുസൃതമായി കൂട്ടിച്ചേർക്കുക അല്ലെങ്കിൽ പരിഷ്കരിക്കുക)

## ഉപയോഗപ്രദമായ മുന്നറിയിപ്പുകൾ

- സമൂഹത്തെയും അവരുടെ കാര്യക്ഷമതയെയും കുറച്ചുകാണരുത്.
- ചില വ്യക്തികളുടെ അശുഭാപ്തിപരമായ അഭിപ്രായങ്ങളിലൊ, ദാരിദ്ര്യമൊ ശുചിത്വമില്ലാത്ത ജീവിത സാഹചര്യങ്ങളൊ ആയ ബാഹ്യമായി കാണുന്ന സാഹചര്യങ്ങളിലൊ വ്യാകുലനാകുവാനൊ വഹിക്കപ്പെടുവാനൊ ഇടയാകരുത്.
- തെറ്റായ വശങ്ങളൊ ധാർമ്മികതയുമായി ബന്ധപ്പെട്ട പ്രശ്നങ്ങളൊ ഈ ഘട്ടത്തിൽ ചർച്ച ചെയ്യുന്നത് ഒഴിവാക്കുക.
- ഏറ്റുമുട്ടൽ സൃഷ്ടിക്കാൻ സാധ്യതയുള്ള തർക്കവിഷയങ്ങളിൽ ഇടപെടുവാൻ തിരക്കുകൂട്ടരുത്.
- നിങ്ങൾ പറയുന്നതിനോട് 'അതെ' എന്ന് പറയുവാൻ അംഗങ്ങളെ പ്രേരിപ്പിക്കരുത്. അവർക്കു പറയുവാനുള്ളത് വിശദമാക്കുവാൻ അവസരം നൽകുക.
- ചരിത്രപരവും സംസ്കാരപരവും മതപരവുമായ ആചാരങ്ങളെ സംബന്ധിച്ച് ലളിതവും ഏകീകൃതവുമായ വ്യാഖ്യാനം സൃഷ്ടിക്കുവാനുള്ള പ്രലോഭനത്തെ ചെറുക്കുക.
- .............................. (സന്ദർഭാനുസൃതമായി കൂട്ടിച്ചേർക്കുക അല്ലെങ്കിൽ പരിഷ്കരിക്കുക)

## സൂചകങ്ങൾ

1. XXX സ്ത്രീകൾ, XXX പുരുഷന്മാർ, XXX ചെറുപ്പക്കാരായ പെൺകുട്ടികൾ, XXX ചെറുപ്പക്കാരായ ആൺകുട്ടികൾ, XXX കുട്ടികൾ എന്നിവർക്കിടയിൽ അനൗപചാരിക യോഗങ്ങൾ നടന്നിട്ടുണ്ട്.
2. ഹിന്ദുമതത്തിൽ നിന്നുള്ള XXX അംഗങ്ങളും, ഇസ്ലാം മതം പിന്തുടരുന്ന XXX അംഗങ്ങളും, XXX മറ്റ് മതസ്ഥരും (ക്രിസ്ത്യാനികൾ, സർന അല്ലെങ്കിൽ ബുദ്ധമതം) അനൗപചാരിക യോഗങ്ങളിലൂടെ കണ്ടുമുട്ടി.
3. ദളിത വിഭാഗത്തിൽ നിന്നുമുള്ള XXX അംഗങ്ങൾ, മറ്റ് ജാതികൾ അഥവാ സമുദായങ്ങളിൽ നിന്നുമുള്ള XXX അംഗങ്ങളെ അനൗപചാരിക യോഗങ്ങളിലൂടെ കണ്ടുമുട്ടി.

4. തന്റെ കഴിവുകൾ സമൂഹത്തിൽ ആവശ്യമുള്ള വ്യക്തികളുമായി പങ്കുവെക്കുവാൻ സന്നദ്ധതയുള്ള പ്രത്യേക കഴിവുകളുള്ള XXX സ്ത്രീകളെയും, XXX യുവജനങ്ങളെയും കണ്ടെത്തി.
5. നേതൃത്വ ശേഷിയുള്ള XXX സ്ത്രീകളെയും XXX യുവാക്കളെയും തിരിച്ചറിഞ്ഞു.
6. XXX മത അല്ലെങ്കിൽ പരമ്പരാഗത നേതാക്കൾ സഹകരണവും പിന്തുണയും പ്രകടിപ്പിച്ചു.
7. ............................... (സന്ദർഭാനുസൃതമായി കൂട്ടിച്ചേർക്കുക അല്ലെങ്കിൽ പരിഷ്കരിക്കുക)

**സമൂഹത്തിലെ പൊതു താൽപ്പര്യങ്ങൾ, മൂല്യങ്ങൾ, അഭിലാഷങ്ങൾ എന്നിവ സൂക്ഷമായി പരിശോധിച്ച് കണ്ടെത്തുക**

| | സമൂഹത്തെ ഒറ്റക്കെട്ടായി ബന്ധിപ്പിച്ചു നിർത്തുന്ന പൊതു താല്പര്യങ്ങൾ | | | | | പരിപോഷിപ്പിക്കപ്പെടുന്ന മൂല്യങ്ങൾ | പൊതുവായ അഭിലാഷങ്ങൾ |
|---|---|---|---|---|---|---|---|
| | സ്ത്രീകൾ | പുരുഷന്മാർ | ചെറുപ്പക്കാരായ പെൺകുട്ടികൾ | ചെറുപ്പക്കാരായ ആൺകുട്ടികൾ | കുട്ടികൾ | | |
| മാസം 1 | | | | | | | |
| മാസം 2 | | | | | | | |
| മാസം 3 | | | | | | | |
| മാസം 4 | | | | | | | |
| മാസം 5 | | | | | | | |

*ശ്രദ്ധിക്കുക: പൊതു താത്പര്യം എന്നാൽ എന്തെങ്കിലും അറിയുവാനൊ പഠിക്കുവാനൊ ആയി സമൂഹത്തിലെ വ്യക്തികളെ ഒന്നിച്ചു നിർത്തുന്ന അല്ലെങ്കിൽ ബന്ധിപ്പിച്ചു നിർത്തുന്ന ഘടകം*

# പ്രതിഫലനങ്ങൾക്കും പങ്കിടലിനുമുള്ള ചോദ്യങ്ങൾ

1. അനൗപചാരിക യോഗങ്ങളിൽ സമൂഹത്തിലെ എല്ലാ വിഭാഗങ്ങളും വേണ്ടത്ര പ്രതിനിധീകരിച്ചിട്ടുണ്ടൊ? ഇല്ലെങ്കിൽ, എന്തുകൊണ്ട്?
2. ഏതെങ്കിലും ഗ്രൂപ്പുകളെ വിട്ടുപോവുകയൊ അല്ലെങ്കിൽ ബന്ധപ്പെടാതിരിക്കുകയൊ ചെയ്തിട്ടുണ്ടൊ? ഉണ്ടെങ്കിൽ, എന്തായിരുന്നു തടസ്സം?
3. സമൂഹത്തിലെ അംഗങ്ങളുടെ പൊതു താത്പര്യങ്ങൾ, വിലമതിക്കപ്പെടുന്ന മൂല്യങ്ങൾ, ശക്തികൾ, അവസരങ്ങൾ എന്നിവ തിരിച്ചറിയാൻ എത്രത്തോളം ബുദ്ധിമുട്ടായിരുന്നു അല്ലെങ്കിൽ എളുപ്പമായിരുന്നു?
4. ഈ ഉദ്യമം സമൂഹത്തിന്റെ കൂട്ടായ സവിശേഷതകൾ മനസ്സിലാക്കുന്നതിനു ചില ഉൾക്കാഴ്ചകൾ സൃഷ്ടിച്ചിട്ടുണ്ടൊ?
5. ഈ ഉദ്യമം സമൂഹത്തിലെ അംഗങ്ങൾക്ക് എന്തെങ്കിലും നല്ല സാധ്യതകൾ തുറന്നുകൊടുത്തിട്ടുണ്ടൊ?
6. ............................................................... (സന്ദർഭാനുസൃതമായി കൂട്ടിച്ചേർക്കുക അല്ലെങ്കിൽ പരിഷ്കരിക്കുക)

# പങ്കിടൽ എനിക്ക് സന്തോഷവും സംതൃപ്തിയും നൽകുന്നു

ന്യൂ സീമാപുരിയിലെ E 44 ബ്ലോക്കിൽ താമസിക്കുന്ന 18 – കാരിയായ മുസ്ലിം പെൺകുട്ടി കുമാരി അമിഷ പന്ത്രണ്ടാം ക്ലാസിൽ പഠിക്കുകയായിരുന്നു. അവളുടെ പിതാവ് മുൻഷി ഒരു ഗ്ലാസ് ഫാക്ടറിയിൽ അക്കൗണ്ടന്റായി ജോലി ചെയ്യുകയായിരുന്നു. കടബാധ്യത മൂലം അവളുടെ വീട് വിറ്റതിനാലാണ് അവളുടെ കുടുംബം ന്യൂ സീമാപുരിയിലെ E 44 ബ്ലോക്കിലെ ഒരു വീട്ടിലേക്ക് മാറുവാൻ ഇടയായത്. അവൾക്കു അവിടെയുള്ള ആളുകളെയൊ ആ പ്രദേശമൊ ഇഷ്ടപ്പെട്ടില്ല. അവിടെയുള്ള ഭൂരിഭാഗം ആളുകളും പാഴ് വസ്തുക്കൾ പെറുക്കി വിറ്റു ജീവിക്കുന്നവരാകയാൽ അവൾക്കു ആ പ്രദേശം വളരെ മലിന മായി തോന്നിയിരുന്നു. ഇത് അവളെ അസഹ്യപ്പെടുത്തുകയും അവളുടെ മാതാപിതാക്കളോട് വഴക്കുണ്ടാക്കുകയും ചെയ്തു.

ഈ അവസരത്തിൽ അവൾ ചേതനാലയയെക്കുറിച്ച് കേൾക്കുകയും 'ഹോസ്ല' എന്ന വിഷയാധിഷ്ഠിത ഗ്രൂപ്പ് അഥവാ ഫോക്കസ് ഗ്രൂപ്പിൽ അംഗമായി. ഒറ്റ മുറി വീടുകളിൽ താമസിക്കുന്ന യുവജനങ്ങൾ വരെയും സന്തുഷ്ടരായി ജീവിക്കുന്നത് അവളെ അതിശയിപ്പിച്ചു. കൂടാതെ, ചേതനാലയയുടെ സെന്ററിൽ ഏതെങ്കിലും ചടങ്ങ് സംഘടിപ്പിക്കുമ്പോൾ ചില സമയങ്ങളിൽ അവർ സ്വമേധയാ ഭക്ഷണം കൊണ്ടുവരുന്നതും അവൾ ശ്രദ്ധിക്കുമായിരുന്നു എന്ന് അമിഷ പറഞ്ഞു. അവളുടെ സഹപ്രവർത്തകരിൽ ഒരാളോട് ഇപ്രകാരം ചോദിച്ചു, ''നിങ്ങൾ ദരിദ്രനാണ്, എന്നിട്ടും നമ്മുടെ പൊതു യോഗങ്ങളിൽ സ്വമേധയാ ഭക്ഷണം കൊണ്ടുവരുവാൻ എങ്ങനെ സാധിക്കുന്നു?''. 'തങ്ങളുടെ ചിലവുകൾ കുറയ്ക്കുന്നതു വഴി ലഭിക്കുന്ന കൊച്ചു സമ്പാദ്യം ഉപയോഗിച്ച് ഞങ്ങൾ ഭക്ഷണം തയ്യാറാക്കുകയും അത് മറ്റുള്ളവരുമായി പങ്കിടുകയും ചെയ്യുന്നു. ഈ പങ്കുവയ്ക്കൽ തങ്ങൾക്കു ആനന്ദവും സംതൃപ്തിയും സന്തോഷവും നൽകുന്നു' എന്ന് അവർ അവളോട് പറഞ്ഞു. എനിക്ക് ഇത് മനസ്സിലാക്കുവാൻ കഴിഞ്ഞില്ല. ഈ വസ്തുത എന്റെ മനസ്സാക്ഷിയെ അസ്വസ്ഥതപ്പെടുത്തുകയും, ഞാൻ എന്നെക്കുറിച്ചും എന്റെ ജീവിതം, മൂല്യങ്ങൾ, എന്റെ ലോക കാഴ്ചപ്പാടിനെക്കുറിച്ചും നിരവധി ചോദ്യങ്ങൾ ചോദിക്കുവാൻ തുടങ്ങി. ഇതിനു ശേഷം മറ്റുള്ളവരുടെ ആവശ്യങ്ങളോട് എനിക്ക് നന്മയുള്ളവളും നന്ദിയുള്ളവളും കരുതലുള്ളവളുമായി മാറുവാൻ തനിക്ക് സാധിച്ചു എന്ന് അമിഷ പറഞ്ഞു.

അദ്ധ്യായം 4

# ഉചിതവും വൈവിധ്യവുമായ ഗ്രൂപ്പുകളുടെയും സമൂഹ്യാധിഷ്ഠിത സംഘടനകളുടെയും രൂപീകരണവും പ്രവർത്തനവും



# സമൂഹ്യാധിഷ്ഠിത സംഘടനകളുടെ രൂപീകരണത്തിലേക്കു നയിക്കുന്നു ഉചിതവും വൈവിധ്യവുമായ ഗ്രൂപ്പുകളുടെ രൂപീകരണവും പ്രവർത്തനവും

## ഉദ്ദേശ്യം

ഉചിതമായ ഗ്രൂപ്പുകളുടെയും സമൂഹാധിഷ്ഠിത സംഘടനകളുടെയും (CBOs) രൂപീകരണം യുക്തിപരമായ അടുത്ത പടിയായി കാണുന്നു. പല വ്യക്തികൾ ഒന്നുചേർന്ന് ഒരു ഗ്രൂപ്പ് രൂപീകരിക്കുമ്പോൾ; അവർക്ക് സൗഹൃദം, വ്യക്തിത്വം, സുരക്ഷ, ആത്മാഭിമാനം, സ്വന്തമെന്ന ബോധം, പുതിയ ആശയങ്ങളുടെ രൂപീകരണം, വിവരങ്ങൾ പങ്കുവയ്ക്കുവാനുള്ള വേദി എന്നിവയ്ക്കുള്ള അവസരമുണ്ടാകുന്നു. ഗ്രൂപ്പിന്റെ വ്യക്തിത്വം, ഗ്രൂപ്പ് അംഗങ്ങൾക്ക് പ്രത്യേകിച്ച് ഏറ്റവും ദുർബലരായ അംഗങ്ങൾക്ക് ശക്തി നൽകുന്നു. സ്ഥിരമായ ആശയവിനിമയവും പരസ്പര ആശ്രയത്വവും പൊതുവായ ലക്ഷ്യങ്ങൾ കൈവരിക്കുന്നതിന് ഒരുമിച്ച് പ്രവർത്തിക്കാൻ ഗ്രൂപ്പ് അംഗങ്ങൾക്ക് പ്രചോദനം നൽകുന്നു. ഗ്രൂപ്പുകളുടെ പ്രവർത്തനം അംഗങ്ങൾക്ക് നേതൃത്വഗുണങ്ങൾ വളർത്തിയെടുക്കാൻ ഇടം നൽകുന്നു.


സമൂഹത്തിലെ അംഗങ്ങളെ പ്രായം, ലിംഗം, തൊഴിൽ, പൊതുതാത്പര്യങ്ങൾ എന്നിവ അടിസ്ഥാനമാക്കി വ്യത്യസ്തവും എന്നാൽ യുക്തവുമായ ഗ്രൂപ്പുകളായി സംഘടിപ്പിക്കുന്നതാണ് ഈ രൂപരേഖ. ക്രെഡിറ്റ് ഗ്രൂപ്പ്, സ്വാശ്രയ ഗ്രൂപ്പ്, പരസ്പര സഹായ ഗ്രൂപ്പ്, യുവജന ഗ്രൂപ്പ്, വനിതാ ഗ്രൂപ്പ്, കുട്ടികളുടെ ഗ്രൂപ്പ്, കർഷകരുടെ ഗ്രൂപ്പ് എന്നിങ്ങനെ ഗ്രൂപ്പുകൾ അവയുടെ സ്വഭാവത്തിൽ വ്യത്യാസപ്പെട്ടിരിക്കുന്നു. ഓരോ ഗ്രൂപ്പും സ്വന്തം താത്പര്യങ്ങൾക്കനുസൃതമായി പ്രവർത്തിക്കുകയും, എല്ലാ ഗ്രൂപ്പ് അംഗങ്ങളെയും സഹായിക്കുന്ന പ്രവർത്തനങ്ങൾ ഏറ്റെടുക്കുകയും ചെയ്യുന്നു. ഗ്രൂപ്പുകളുടെ പ്രവർത്തന മേഖല പൊതുവെ സ്ഥലം, ലിംഗം, പ്രായം, തൊഴിൽ എന്നിവയിൽ മാത്രമായി പരിമിതപ്പെട്ടിരിക്കുന്നതിനാൽ, സമൂഹ്യാധിഷ്ഠിത സംഘടന (സി ബി ഒ /CBO) എന്ന് വിളിക്കുന്ന

വിശാലമായ ഗ്രൂപ്പുകളുടെ രൂപീകരണമാണ് യുക്തിപരമായ അടുത്ത പടി. ഒരു സിബിഒ – യ്ക്ക് നിർദ്ദിഷ്ട ഘടനയില്ല. ഒരു സംഘടനയെന്ന നിലയിൽ, അവരുടെ അംഗത്വം, പ്രവർത്തന സ്വഭാവം, ഉൾപ്പെടുന്ന വീടുകൾ അഥവാ കുടുംബങ്ങൾ, പ്രവർത്തന മേഖല, സമൂഹത്തിന്മേലുള്ള സ്വാധീനം എന്നിവ ഗ്രൂപ്പിന്റെ സ്ഥാനത്തേക്കാൾ വളരെ വലുതാണ്. ഗ്രൂപ്പ് നേതാക്കൾ പകരുന്ന ചൈതന്യത്താലും സി ബി ഒ കളുടെ പ്രവർത്തനത്താലും വ്യക്തികൾക്ക് സമൂഹത്തിലെ നേതാക്കന്മാരുമായുള്ള ആരോഗ്യപരമായ ബന്ധത്താലും സാധ്യമാകുന്ന നിലയിൽ ഗ്രൂപ്പുകളുടെ മെച്ചപ്പെട്ട പ്രവർത്തനമാണ് പ്രതീക്ഷിക്കുന്ന ഫലം.

## സമയ പരിധി

സാധാരണയായി, ഉചിതമായ ഗ്രൂപ്പുകളുടെ രൂപീകരണത്തിനും പ്രവർത്തനങ്ങൾക്കും കുറഞ്ഞത് ഒരു വർഷം സമയമെടുക്കും. ചെറിയതൊ ഉദ്ധിഷ്ടകാര്യത്തിനായുള്ള ഗ്രൂപ്പുകളുടെയൊ (ഫോക്കസ് ഗ്രൂപ്പ്) പ്രവർത്തനം തുടങ്ങിയാൽ സമൂഹ്യാധിഷ്ഠിത ഗ്രൂപ്പുകളുടെ രൂപീകരണം ആരംഭിക്കുന്നതിനു അനുയോജ്യമാണ്.

**സമൂഹ്യാധിഷ്ഠിത സംഘടനകളും (CBOs) ഇൻക്ലൂസിവ് ഗ്രൂപ്പുകളുടെയും രൂപീകരണം**




## മൂന്നാം ഘട്ടം മുന്നോട്ടുപോകുവാനുള്ള മാർഗ്ഗങ്ങൾ

- രൂപീകരണം, ബൗദ്ധികവിക്ഷോഭം, മാനദണ്ഡം, പ്രകടനം, പിൻവാങ്ങൽ എന്നീ വികസന മാതൃകകൾ വളരെ ഉപകാരപ്രദമാകും
  - a. രൂപീകരണം എന്ന ഘട്ടത്തിൽ ഉൾപെട്ടിട്ടുള്ളത് സമൂഹത്തിൽ ഇടപഴകുക, ആരോഗ്യപരമായ ചോദ്യം ചെയ്യൽ, ഗ്രൂപ്പിന്റെ വ്യക്തിത്വം, ഉദ്ദേശ്യം, സുരക്ഷിത മായ വിഷയങ്ങളുടെ സംവാദം, പരിമിതമായ സമ്മതം – ഇവ സുഗമമാക്കുന്നതിനും ഉപയോഗിക്കുന്നതിനെക്കുറിച്ചുള്ള നിർദ്ദേശങ്ങളും വളരെയധികം ആവശ്യമാണ്.
  - b. ബൗദ്ധികവിക്ഷോഭം – പ്രതിരോധം, പങ്കാളിത്തത്തിന്റെ അഭാവം, അധികാര പോരാട്ടവും സംഘർഷവും, മത്സരം, ഗ്രൂപ്പ് മാനദണ്ഡങ്ങളെക്കുറിച്ചുള്ള ചർച്ച, വ്യത്യാസങ്ങൾ തിരിച്ചറിയൽ – ഇവക്ക് പ്രചോദനം നൽകുന്ന നേതൃത്വവും, പരിശീലനവും മധ്യസ്ഥതയും ആവശ്യമാണ്.
  - c. മാനദണ്ഡം നിശ്ചയിക്കൽ (norming) അനുരഞ്ജനം, ഉത്കണ്ഠ കുറയ്ക്കുക, ഉടമ്പടി, പൊതുസമ്മതം, വ്യക്തമായ കടമകളും ഉത്തരവാദിത്വങ്ങളും, സമന്വയം വികസിപ്പിക്കുക, ഗ്രൂപ്പിന്റെ പ്രയത്നങ്ങളെ അംഗീകരിക്കുക, പഠന അവസ

രങ്ങളും പ്രതികരണങ്ങളും നൽകുക, ചെറിയ പ്രവർത്തനങ്ങൾ ആരംഭിക്കുക, ഗ്രൂപ്പിന്റെ കൂട്ടായ ഊർജ്ജം നിരീക്ഷിക്കുക – ഇവ സുഗമമാക്കുന്നതിനും ഉപയോഗിക്കുന്നതിനെക്കുറിച്ചുള്ള നിർദ്ദേശങ്ങളും ആവശ്യമാണ്

d. പ്രകടനം – നല്ല ഗ്രൂപ്പ് ബന്ധങ്ങൾ, വ്യക്തമായ കാഴ്ചപ്പാടും ലക്ഷ്യവും, ഫലങ്ങൾ അടിസ്ഥാനമാക്കിയുള്ളത്, ഒരു ടീമായി പ്രവർത്തിക്കാനുള്ള കഴിവ് – ഇടയ്ക്കിടെ പ്രതിനിധീകരണവും ചെറിയ ഇടപെടലും നിരീക്ഷിക്കുന്നതാവശ്യമാണ്.

e. പിൻവാങ്ങൽ – (പുനരുജ്ജീവനത്തിനായി താൽക്കാലികമായി നിർത്തുന്നു) പ്രക്രിയ നവീകരണം ശക്തിപ്പെടുത്തുക, പൂർത്തിയാക്കിയ കർത്തവ്യങ്ങൾ, പഠനങ്ങളുടെ പങ്കുവയ്ക്കലും വിവരണങ്ങൾ മാറ്റുക, കൃതജ്ഞതകൾക്കുള്ള അവസരങ്ങൾ നൽകുക, അംഗീകാരങ്ങളും പ്രതിഫലവും നൽകുക – താൽക്കാലികമായ നിർത്തൽ, ഉന്മേഷം വീണ്ടെടുക്കുക, ഉത്തരവാദിത്വങ്ങൾ കൈമാറുക എന്നിവ ആവശ്യമാണ്.

- കുട്ടികളെയും സ്ത്രീകളെയും യുവാക്കളെയും പുരുഷന്മാരെയും സംഘടിപ്പിച്ചു അവരുടെ കഥകൾ പങ്കുവയ്ക്കുക, പ്രചോദനാത്മക വ്യക്തികളുടെ ജീവിതം, സമൂഹത്തിൽ നിരീക്ഷിച്ച നല്ല സംഭവങ്ങൾ, പേര് വെളിപ്പെടുത്താത്ത വ്യക്തികൾ പങ്കിടുന്ന വിവരണങ്ങൾ, ശ്രദ്ധാപൂർവം ഒന്നിച്ചു കൂടിവന്നു ഐക്യത്തോടെ നിൽക്കേണ്ടതിന്റെ പ്രാധാന്യം എന്നീ വിഷയങ്ങളിന്മേലുള്ള സംഭാഷണം ആരംഭിക്കുക
- സമാന താത്പര്യങ്ങളുള്ള വ്യക്തികളുമായി ഗ്രൂപ്പുകൾ രൂപീകരിച്ച് സമൂഹത്തിലെ അംഗങ്ങളെ പ്രോത്സാഹിപ്പിക്കുക. സാധാരണയായി, അവരുടെ പ്രായം, ലിംഗം, തൊഴിൽ എന്നിവ അടിസ്ഥാനമാക്കി ഗ്രൂപ്പ് രൂപീകരിക്കാനാണ് അവർ ഇഷ്ടപ്പെടുക.
- കുട്ടികളുടെയും വനിതകളുടെയും ഗ്രൂപ്പുകൾക്കു രൂപം നൽകുന്നത് താരതമ്യേന എളുപ്പമായിരിക്കും, കാരണം അവർ പൊതുവെ താത്പര്യം കാണിക്കുകയും സമയം ചിലവഴിക്കുവാൻ സാധിക്കുകയും ചെയ്യുന്നു. എന്നിരുന്നാലും, യുവാക്കളെയും പുരുഷന്മാരെയും പോലുള്ള മറ്റു വിഭാഗത്തെ ഉപേക്ഷിക്കരുത്.
- ഗ്രൂപ്പിൽ ജാതി, മതം അല്ലെങ്കിൽ വംശീയത എന്നീ വ്യത്യസ്ത പശ്ചാത്തലമുള്ള വ്യക്തികളെ ഗ്രൂപ്പിൽ അംഗങ്ങളാക്കുന്നതാണ് അനുയോജ്യം എന്ന് നയത്തിൽ പറഞ്ഞു വശത്താക്കുക അല്ലെങ്കിൽ നിർബന്ധിക്കുക
- ആരൊക്കെയാണ് അംഗങ്ങൾ, ഗ്രൂപ്പിന്റെ പേര്, ഗ്രൂപ്പിന്റെ ലക്ഷ്യങ്ങൾ എന്തായിരിക്കണം, ആരാണ് ഗ്രൂപ്പിന്റെ നേതാവ് അഥവാ നേതാക്കൾ ആയിരിക്കേണ്ടത് എന്നിവ തീരുമാനിക്കാൻ ഗ്രൂപ്പ് അംഗങ്ങളെ സഹായിക്കുക.
- സുരക്ഷിതമായ വിഷയങ്ങൾ ഉപയോഗിച്ച് സാമൂഹ്യ ഇടപഴകൽ, പഠനം നടത്തൽ, ചോദ്യം ചോദിക്കൽ എന്നീ പ്രക്രിയ ഉൾപ്പെടുന്ന ഗെയിമുകൾ ആരംഭിക്കുക.
- ഉപയോഗപ്രദവും അർത്ഥവത്തായതും മൂല്യങ്ങളും തത്വങ്ങളും പ്രോത്സാഹിപ്പിക്കുന്നതുമായ വിലപ്പെട്ട പ്രവർത്തനങ്ങളായി അംഗങ്ങൾ എല്ലാ പ്രവർത്തനങ്ങളെയും കരുതണം.
- എല്ലാവരുടെയും പങ്കാളിത്തം ഉറപ്പാക്കുക, നേതൃത്വത്തെ പ്രോത്സാഹിപ്പിക്കുക, സംഘർഷമുണ്ടാകുമ്പോൾ സൗമ്യമായി മധ്യസ്ഥം വഹിക്കുക.
- കാഴ്ചപ്പാടുകൾ, ധാരണകൾ, അറിവ് എന്നിവ ഓരോ വ്യക്തികൾക്കും വ്യത്യസ്തമാണെന്ന് തിരിച്ചറിയുവാനും അവ അംഗീകരിക്കുവാനും അംഗങ്ങളെ സമ്മതിക്കുക.
- ഉടമ്പടികളും സമവായവും പ്രോത്സാഹിപ്പിക്കുക, കടമകളും ഉത്തരവാദിത്തങ്ങളും നിർവചിക്കുക, സമന്വയ മനസ്ഥിതി വികസിപ്പിക്കുക.
- ഓരോ ഗ്രൂപ്പിനും അവരുടെ താത്പര്യങ്ങളെ അടിസ്ഥാനമാക്കി ഗ്രൂപ്പിന്റെ ഇടപെടൽ അല്ലെങ്കിൽ പദ്ധതിയാധിഷ്ഠിത പ്രവർത്തനങ്ങൾ വഴി ചെറിയ പ്രവർത്തനങ്ങൾ ചെയ്യുവാൻ സഹായിക്കുക. സ്വാശ്രയ ഗ്രൂപ്പ് (SHG) രൂപീകരണം, കുട്ടികളുടെ



പാർലമെന്റ്, യൂത്ത് പീസ് അംബാസഡർമാർ, ഇക്കോ ക്ലബ്ബുകൾ എന്നിവയെക്കുറിച്ച് ചിന്തിക്കാം.

- കർത്തവ്യം പൂർത്തീകരിക്കുന്നതിനെ പ്രോത്സാഹിപ്പിക്കുകയും വിജയങ്ങൾ ആഘോഷിക്കുകയും ചെയ്യുക. വിജയങ്ങളെ പൊതുസദസ്സിൽ അംഗീകരിക്കുകയും അഭിനന്ദിക്കുകയും ചെയ്യുക.
- ബുദ്ധിമുട്ടനുഭവിച്ചാലും, ചുമതലകൾ / കർത്തവ്യം പൂർത്തിയാക്കുന്നതിനുള്ള ഉത്തരവാദിത്വം ഏറ്റെടുക്കാൻ അംഗങ്ങളെ അനുവദിക്കുക.
- സാമൂഹ്യാധിഷ്ഠിത സംഘടനകൾ രൂപീകരിക്കുന്നത് ആരംഭിക്കുക - വിവിധ ഗ്രൂപ്പുകളിലെ നേതാക്കൾ, ഗ്രാമത്തിലെ മുതിർന്നവർ (സ്ത്രീകൾ, പുരുഷന്മാർ) അല്ലെങ്കിൽ ഗ്രാമസഭയുടെ മാതൃകയിൽ ഗ്രാമം മുഴുവനും അടങ്ങുന്ന വിശാലമായ സംഘടനകൾ
- സാമൂഹ്യാധിഷ്ഠിത സംഘടനകൾ ഗ്രൂപ്പ് അംഗങ്ങളുമായും അവരുടെ ഉദ്ദേശ്യങ്ങളുമായും നൈസർഗ്ഗികമായി ബന്ധപ്പെട്ടിരിക്കുന്നുവെന്ന് പ്രോത്സാഹിപ്പിക്കുക.
- മുഴുവൻ സമൂഹത്തിനും കുടിവെള്ളം, ശുചിത്വം, ശ്മശാനത്തിലേയ്ക്കുള്ള റോഡ്, മെച്ചപ്പെട്ട പൊതുവിതരണ സംവിധാനം, ആരോഗ്യ സംരക്ഷണം, അംഗ പരിമിതർക്കുള്ള പരിചരണം തുടങ്ങി സമൂഹത്തിന്റെ പൊതുവായ ആവശ്യങ്ങൾ മെച്ചപ്പെടുത്തുന്നതിലും അല്ലെങ്കിൽ സാമൂഹിക വിഭവ വികസനത്തിലും ശ്രദ്ധ കേന്ദ്രീകരിക്കുവാൻ സാമൂഹ്യാധിഷ്ഠിത സംഘടനകളെ സഹായിക്കുക
- ........................... (സന്ദർഭാനുസൃതമായി കൂട്ടിച്ചേർക്കുക അല്ലെങ്കിൽ പരിഷ്കരിക്കുക)

# സഹായകരമായ നിർദ്ദേശങ്ങൾ

- ഓരോ ഗ്രൂപ്പിനും ഒരു പേര് ഉണ്ടായിരിക്കേണ്ടത് അത്യാവശ്യമാണ്. പേര് വ്യക്തിത്വവും പ്രചോദനവും പ്രോത്സാഹനവും നൽകുന്നു.
- അനേകർക്ക് അവസരങ്ങൾ ലഭിക്കേണ്ടതിനും അംഗീകരിക്കപ്പെടേണ്ടതിനും, ആനുകാലികമായ നേതൃമാറ്റം നടത്തുവാൻ ഗ്രൂപ്പിനെ പ്രോത്സാഹിപ്പിക്കുക. വിദ്യാസമ്പന്നരായ വ്യക്തികൾ മാത്രം നേതൃസ്ഥാനത്ത് ആയിരിക്കണമെന്നില്ല. ശക്തമായ തീക്ഷണതയും പ്രതിബദ്ധതയും ഉള്ള ഏതൊരു വ്യക്തിക്കും ഒരു നേതാവാകാം.
- വ്യക്തിത്വവുമായി ബന്ധപ്പെട്ട അടിസ്ഥാന കഴിവുകൾ, നേതൃത്വഗുണങ്ങൾ, വ്യക്തികൾ തമ്മിലുള്ള ബന്ധം കെട്ടിപ്പടുക്കുന്നതിനുള്ള കഴിവുകൾ, ആശയവിനിമയ കഴിവുകൾ എന്നിവ വികസിപ്പിക്കുന്നതിന് ഗ്രൂപ്പ് അംഗങ്ങൾക്ക് ധാരാളം അവസരങ്ങൾ നൽകുന്നതിന് ഗ്രൂപ്പ് ഉപയോഗിക്കുക.
- ഗ്രൂപ്പ് അംഗങ്ങളെ അവർ തിരഞ്ഞെടുക്കുന്ന ആഭ്യന്തര പ്രവർത്തനങ്ങൾ സംബന്ധിച്ച് ചർച്ച ചെയ്യുവാനും സംവാദം നടത്തുവാനും സമവായത്തിലെത്തുവാനും അനുവദിക്കുക. ചെറുതും നിയന്ത്രിക്കാവുന്നതുമായ പ്രവർത്തനങ്ങൾ ഏറ്റെടുക്കാൻ പ്രോത്സാഹിപ്പിക്കുക.
- ഏതുതരം നിർവ്വഹണവും സുഗമമാക്കൽ , മാർഗനിർദേശം നൽകുന്നത്, പരിശീലനം, മധ്യസ്ഥത തുടങ്ങിയ തന്ത്രങ്ങൾ നടപ്പിലാക്കുവാൻ ഓരോ വ്യക്തികളെ ഏൽപ്പിക്കുക.
- കളികൾ, പ്രചോദനാത്മകമായ യോഗങ്ങൾ (മോട്ടിവേഷണൽ സെഷനുകൾ), പ്രായത്തിന് അനുയോജ്യമായ ഗെയിമുകൾ, ഗ്രൂപ്പ് പ്രവർത്തനങ്ങൾ എന്നിവ സംഘടിപ്പിക്കുന്നത് നൂതനവും സർഗ്ഗാത്മകവും അർത്ഥവത്തായതുമായിരിക്കുക.
- ഓരോ ഘട്ടത്തിലും എങ്ങനെ മുന്നോട്ട് പോകാമെന്നതിനെക്കുറിച്ചുള്ള ആശയങ്ങൾ കൊണ്ടുവരുവാൻ അംഗങ്ങളെ പ്രോത്സാഹിപ്പിക്കുകയും ഓരോ ആശയത്തിനും ഉചിതമായ പരിഗണന നൽകുകയും ചെയ്യുക.
- മിതമായ മധ്യസ്ഥത വഹിച്ചു പൊരുത്തക്കേടുകൾ കൈകാര്യം ചെയ്യുക.
- പ്രായോഗിക അനുഭവങ്ങളിലും, തദ്ദേശീയമായതിലും അല്ലെങ്കിൽ സാമൂഹിക നിപുണതയിലും കൂട്ടായ ബുദ്ധിവൈഭവത്തിലും ശ്രദ്ധ കേന്ദ്രീകരിക്കുക.
- ........................ (സന്ദർഭാനുസൃതമായി കൂട്ടി ചേർക്കുക അല്ലെങ്കിൽ പരിഷ്ക്കരിക്കുക)

# ഉപയോഗപ്രദമായ മുന്നറിയിപ്പുകൾ

- പദ്ധതികൾ / പ്രവർത്തനങ്ങൾ സുഗമമാക്കുന്ന പ്രവർത്തകരുടെ കഴിവുകളും കാര്യക്ഷമതയും പ്രകടിപ്പിക്കുന്നതിനൊ തെളിയിക്കുന്നതിനൊ ഗ്രൂപ്പിന്റെ ഇടപെടൽ ഉപയോഗിക്കരുത്.
- പ്രവർത്തകർ അഥവാ ഫെസിലിറ്റേറ്റർ അറിവുള്ള വ്യക്തിയാണെന്നും അംഗങ്ങൾ അജ്ഞരാണെന്നുമുള്ള നിലപാടിൽ ഉപദേശം നൽകരുത്.
- ഒരിക്കലും അംഗങ്ങളുടെ തെറ്റുകളിൽ പരിഹസിക്കുകയോ പ്രകോപിതരാകുകയോ ചെയ്യരുത്.
- വ്യത്യസ്തങ്ങളായ ചിന്തകളും ആസൂത്രണങ്ങളും അനുവദിക്കുക, പക്ഷേ സമവായത്തിലെത്താൻ ഗ്രൂപ്പിനെ സഹായിക്കുക.
- അംഗങ്ങളുടെ അറിവില്ലായ്മക്ക് അവരുടെ വിദ്യാഭ്യാസം അല്ലെങ്കിൽ മത പശ്ചാത്തലങ്ങൾ കാരണമായി ആരോപിക്കരുത്.

- മതം, ജാതി, വംശീയത എന്നിവ അടിസ്ഥാനമാക്കി പ്രത്യേക ഗ്രൂപ്പായി അംഗങ്ങളെ സംഘടിപ്പിക്കുന്നതിനുള്ള എളുപ്പമാർഗ്ഗം സ്വീകരിക്കരുത്.
- ഒരു ഗ്രൂപ്പും ഒത്തുചേരാൻ നിർബന്ധിക്കരുത്. അവരെ പ്രചോദിപ്പിക്കുക. എന്താണ് സംഭവിക്കുന്നതെന്ന് തിരിച്ചറിയുമ്പോൾ, അവർ യഥാക്രമം കർത്തവ്യത്തിൽ ഉത്സുകരാകും.
- ........................ (സന്ദർഭാനുസൃതമായി കൂട്ടി ചേർക്കുക അല്ലെങ്കിൽ പരിഷ്ക്കരിക്കുക)

# സൂചകങ്ങൾ

1. XXX വനിതാ ഗ്രൂപ്പുകൾ, XXX കുട്ടികളുടെ ഗ്രൂപ്പുകൾ, XXX പുരുഷ ഗ്രൂപ്പുകൾ, XXX യുവജന ഗ്രൂപ്പുകൾ പതിവായി മീറ്റിംഗുകളിൽ പങ്കെടുക്കുകയും പരസ്പരം ഇടപഴകുകയും ചെയ്യുന്നു.
2. പാഴ്‌വസ്തുക്കൾ പെറുക്കി വിറ്റു ഉപജീവനം നടത്തുന്നവർ, കർഷകർ, കരകൗശല വസ്തുക്കൾ നിർമ്മിക്കുന്നവർ പോലെ തൊഴിലധിഷ്ഠിതമായി XXX ഗ്രൂപ്പുകൾ രൂപീകരിച്ചു.
3. നേതൃത്വ ശേഷിയുള്ള XXX അംഗങ്ങളെ കണ്ടെത്തി.
4. XXX ഗ്രൂപ്പുകളിൽ, വിവിധ ജാതികളിൽ നിന്നും മതങ്ങളിൽ നിന്നുമുള്ള നേതാക്കളുണ്ട്.
5. ജാതി മത വ്യവസ്ഥകൾ മറികടന്ന് XXX ശതമാനം ഗ്രൂപ്പുകൾ ഒരുമിച്ച് പ്രവർത്തിക്കുന്നു.
6. XXX ശതമാനം നേതാക്കൾ തീക്ഷ്ണരും പ്രതിബദ്ധതയുള്ളവരുമാണ്.
7. ഗ്രൂപ്പ് അംഗങ്ങളിൽ XXX ശതമാനം പേരും ഒരുമിച്ച് വരുന്നതിൽ ഒരു ലക്ഷ്യം കാണാൻ കഴിയുമെന്ന് കരുതുന്നു.
8. XXX ഗ്രൂപ്പുകൾ ചെറിയ കൂട്ടായ പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചു.
9. XXX ശതമാനം ഗ്രൂപ്പുകളിൽ, നേതൃമാറ്റമുണ്ട്.
10. XXX സാമൂഹ്യാധിഷ്ഠിത സംഘടനകൾ (CBOs) ആരംഭിച്ചു/രൂപീകരിച്ചു.
11. ..........................(സന്ദർഭാനുസൃതമായി കൂട്ടി ചേർക്കുക അല്ലെങ്കിൽ പരിഷ്ക്കരിക്കുക)

**ഗ്രൂപ്പുകളുടെ രൂപീകരണവും പ്രവർത്തനവും രേഖപ്പെടുത്തുന്നതിനുള്ള ഒരു മാതൃക**

| സ്ത്രീകളുടെ ഗ്രൂപ്പ് രൂപീകരണവും പ്രവർത്തനവും രേഖപെടുത്തുക | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| | രൂപീകരിച്ച ഗ്രൂപ്പുകളുടെ എണ്ണം | അംഗങ്ങളുടെ എണ്ണം | സ്ഥിര ഹാജർ (ശതമാനത്തിൽ) | ചർച്ച ചെയ്ത പ്രശ്നങ്ങൾ | തീരുമാനിച്ച പ്രവർത്തനങ്ങൾ | നടപ്പിലാക്കിയ പ്രവർത്തനങ്ങൾ | പൊരുത്തക്കേടുകൾ/ വിയോജിപ്പുകൾ | ദളിത്, ആദിവാസി, ന്യൂനപക്ഷ വിഭാഗങ്ങളിൽ നിന്നുള്ള നേതാക്കളുടെ എണ്ണം | മറ്റു പരാമർശങ്ങൾ |
| മാസം 1 | | | | | | | | | |
| മാസം 2 | | | | | | | | | |
| മാസം 3 | | | | | | | | | |
| മാസം 4 | | | | | | | | | |
| മാസം 5 | | | | | | | | | |

*കുറിപ്പ്: പ്രായം, താത്പര്യം, തൊഴിലധിഷ്ഠിതം, അല്ലെങ്കിൽ സി ബി ഒ അടിസ്ഥാനമാക്കിയുള്ള ഓരോ ഗ്രൂപ്പിന്റെയും പ്രവർത്തന പുരോഗതി വിലയിരുത്തി രേഖപ്പെടുത്തുന്നതിന് സമാനമായ മാതൃക വികസിപ്പിച്ചു അവരുടെ പുരോഗതി ട്രാക്കുചെയ്യുക*

## പ്രതിഫലനങ്ങൾക്കും പങ്കിടലിനുമുള്ള ചോദ്യങ്ങൾ

1. സ്ത്രീകൾ, യുവജനങ്ങൾ, കുട്ടികൾ, പുരുഷന്മാർ എന്നിവരിൽ ഗ്രൂപ്പ് രൂപീകരണത്തിൽ വളരെയധികം താത്പര്യം കാണിച്ചവരും, ആരാണ് വിമുഖത കാണിച്ചവരും? എന്തുകൊണ്ട്?
2. ഗ്രൂപ്പ് രൂപീകരണത്തിൽ അംഗങ്ങൾ ഏറ്റവും കൂടുതൽ ഇഷ്ടപ്പെട്ടത് എന്താണ്? ഒത്തുചേരുന്നതിനുള്ള എന്തെങ്കിലും ഉദ്ദേശ്യങ്ങൾ അവർ വ്യക്തമാക്കിയിട്ടുണ്ടോ?
3. വ്യത്യസ്ത ജാതി, മത, വംശീയ, ഭാഷാ, സാംസ്കാരിക പശ്ചാത്തലങ്ങളിൽ നിന്നുള്ള അംഗങ്ങളെ ഒരുമിച്ച് കൊണ്ടുവരുന്നത് എത്രത്തോളം ബുദ്ധിമുട്ടുള്ളത് അല്ലെങ്കിൽ എളുപ്പമായിരുന്നു? പരസ്പര സ്വീകാര്യതയൊ പൊരുത്തക്കേടുകളൊ ഉണ്ടായിരുന്നോ? എന്തെങ്കിലും ഉണ്ടായിരുന്നെങ്കിൽ എങ്ങനെ ആ തടസ്സങ്ങളെ ഗ്രൂപ്പുകൾ മറികടന്നു?
4. ഗ്രൂപ്പ് മീറ്റിംഗുകൾ സന്തോഷകരവും ഉപയോഗപ്രദവുമാണെന്ന് ഗ്രൂപ്പ് അംഗങ്ങൾ കരുതിയൊ? എങ്ങനെ?
5. ഗ്രൂപ്പ് അംഗങ്ങൾ പ്രകടിപ്പിച്ചതൊ അനുഭവിച്ചതൊ ആയ ചില ബുദ്ധിമുട്ടുകളും വെല്ലുവിളികളും എന്തൊക്കെയാണ്?
6. ഏതൊക്കെ കൂട്ടായ പ്രവർത്തനങ്ങളാണ് ഗ്രൂപ്പ് തീരുമാനിച്ചത്? എപ്രകാരമാണ് അംഗങ്ങൾ അവരുടെ ചുമതലകൾ നിറവേറ്റിയത്?
7. നേതൃമാറ്റം അംഗങ്ങൾ വിലമതിച്ചിട്ടുണ്ടോ? ഉണ്ടെങ്കിൽ അവയുടെ ശരി തെറ്റുകൾ എന്തൊക്കെയായിരുന്നു?
8. ..................... (സന്ദർഭാനുസൃതമായി കൂട്ടി ചേർക്കുക അല്ലെങ്കിൽ പരിഷ്ക്കരിക്കുക)

## ഭിന്നശേഷിക്കാരുടെയിടയിലെ സ്വാശ്രയ ഗ്രൂപ്പുകളുടെ രൂപീകരണമുളവാക്കിയ സ്വാധീനം


ഉത്തർപ്രദേശിലെ ഗോരഖ്പൂർ ജില്ലയിലെ ഒരു ഗ്രാമത്തിലാണ് ജിതേന്ദ്ര താമസിക്കുന്നത്. ഉന്നത വിദ്യാഭ്യാസം പൂർത്തിയാക്കാൻ അദ്ദേഹം അനുഭവിക്കുന്ന ബുദ്ധിമുട്ടും പ്രശ്നങ്ങളും അദ്ദേഹത്തിന്റെ ഗ്രാമത്തിലെ ഭിന്നശേഷിക്കാരുടെ സംഘടനയുടെ പതിവ് യോഗത്തിൽ പങ്കുവയ്ക്കുകയുണ്ടായി. പി ജി എസ് എസ് ന്റെ മാർഗ്ഗനിർദേശത്താൽ, ബെംഗളൂരുവിലുള്ള സാമൂഹ്യാധിഷ്ഠിത പുനരധിവാസ (സിബിആർ) ഫോറത്തിന്റെ സാമ്പത്തിക സഹായം ജിതേന്ദ്രയ്ക്ക് ലഭിച്ചു. തന്മൂലം 2016 – ൽ ജിതേന്ദ്ര കമ്പ്യൂട്ടർ ആപ്ലിക്കേഷനിൽ ഡിപ്ലോമ പൂർത്തിയാക്കി. കൂടാതെ, ഇദ്ദേഹം അംഗമായിരിക്കുന്ന സ്വാശ്രയ ഗ്രൂപ്പിൽ നിന്നും വായ്പ യെടുത്ത് പഠിച്ചു 2017 –ൽ ബിഎഡ് (B.Ed ) പൂർത്തിയാക്കി.

നാളിതുവരെ, ടോയ്‌ലറ്റ് നിർമാണത്തിന് സർക്കാർ ധനസഹായം ലഭിക്കുന്നതിന് 75 ഭിന്നശേഷിക്കാരെയും, 10 പേർക്ക് വികലാംഗ പെൻഷൻ ലഭിക്കുവാനും, 40 പേർക്ക് വികലാംഗ സർട്ടിഫിക്കറ്റുകൾ ലഭിക്കുവാനും ജിതേന്ദ്ര സഹായിച്ചു. മാത്രമല്ല 15 ഭിന്നശേഷിക്കാർക്ക് റെയിൽവേ യാത്ര ഇളവ് പാസുകൾ ലഭിക്കുന്നതിനായുള്ള അപേക്ഷകൾ അയക്കുന്നതിനും അദ്ദേഹത്തിന് സാധിച്ചു. 2017 ലെ ഭിന്നശേഷിക്കാരുടെ അന്താരാഷ്ട്ര ദിനത്തിൽ, ഉഡാൻ (UDAAN) പ്രോഗ്രാമിലെ മികച്ച അവതാരകനായി അദ്ദേഹത്തിന് പുരസ്കാരം ലഭിച്ചു.

അതുപോലെ, കൊൽക്കത്തയിലെ താംഗ്രയിലെ ഒരു സോഷ്യൽ ആക്ഷൻ ഗ്രൂപ്പ് അംഗം പറഞ്ഞത്, ''സ്റ്റാഫ് / പ്രവർത്തകർ വന്നില്ലെങ്കിലും എനിക്ക് ഇപ്പോൾ ഒരു യോഗം കാര്യക്ഷമമായി നടത്തുവാൻ സാധിക്കും. ഞാൻ ഒരു വ്യക്തിത്വമാണെന്നും ഗ്രൂപ്പിൽ എന്റെ മനസ്സ് തുറന്നു സംസാരിക്കുവാൻ കഴിയുമെന്നും എനിക്കിപ്പോൾ തോന്നുന്നു. എനിക്ക് ഇപ്പോൾ അർഹമായ ബഹുമാനം ലഭിക്കുന്നു. എനിക്ക് എന്തെങ്കിലും ആവശ്യമുണ്ടെങ്കിൽ എവിടെ സമീപിക്കണം എന്ന് വ്യക്തമായറിയാം''.

അദ്ധ്യായം **5**

# വിമർശനാത്മകമായ / തീവ്രമായ ബോധ്യങ്ങൾ വളർത്തുക, നേതൃത്വവും അറിവും വികസിപ്പിക്കുക



# വിമർശനാത്മകമായ / തീവ്രമായ ബോധ്യങ്ങൾ വളർത്തുക:

## വ്യക്തിത്വം, നേതൃത്വം, വിജ്ഞാനം എന്നിവയ്ക്കൊപ്പം വ്യക്തികളുടെയും സമൂഹത്തിന്റെയും വികസനം

### ഉദ്ദേശ്യം

വ്യക്തി, കുടുംബം, സാമൂഹിക തലത്തിൽ ആത്മപരിശോധനയുടെ തീവ്രമായ പ്രക്രിയയിലൂടെ ഗ്രൂപ്പുകളെ നയിക്കുക എന്നതാണ് ഈ ഘട്ടത്തിന്റെ ലക്ഷ്യം. ഗ്രൂപ്പുകളുടെ ഉദ്ദേശ്യം ഇടയ്ക്കു നിർത്തി ചുറ്റുപാടുള്ള എല്ലാ സങ്കീർണ്ണതകളുടെയും യാഥാർത്ഥ്യങ്ങളെ ആഴത്തിൽ ദീർഘമായി നോക്കി പരിശോധിക്കുകയും ചെയ്യുക എന്നതാണ്. ഈ പ്രക്രിയയിലൂടെ, ഗ്രൂപ്പുകൾ നല്ലതും അർത്ഥവത്തായതുമായി കണക്കാക്കുന്ന വശങ്ങളെ വിലമതിക്കുകയും അവരുടെ ജീവിതത്തിന്റെയും ആവാസ വ്യവസ്ഥയുടെയും മാറ്റമില്ലാത്ത വശങ്ങളൊ മാനങ്ങളൊ ആയി ഇതുവരെ അംഗീകരിച്ചിരുന്ന വീക്ഷണങ്ങളെക്കുറിച്ചു ചോദ്യം ഉന്നയിക്കുകയും ചെയ്യുക. ഉത്തരങ്ങൾ കണ്ടെത്തുക, 'എന്തുകൊണ്ട്' അല്ലെങ്കിൽ 'എന്തുകൊണ്ടല്ല' എന്ന് ചോദിക്കുന്നതിനുള്ള ആർജ്ജവം എന്നിവ ഈ ഘട്ടത്തിൽ അതിപ്രധാനമാണ്. ഒരു വ്യക്തി, നേതാവ് എന്നതിന്റെ അർത്ഥമെന്താണെന്നും, ഏതുതരം നേതാക്കളാണ് സമൂഹത്തിന്റെ ശക്തിയും ഐക്യവും വളർത്തിയെടുക്കുക എന്നും മനസ്സിലാക്കുവാൻ ഗ്രൂപ്പ് അംഗങ്ങളെ സഹായിക്കുകയും ചെയ്യുക. ഗ്രൂപ്പ് മീറ്റിംഗുകൾക്കായി പതിവായി ഒത്തുകൂടുന്ന ഗ്രൂപ്പ് അംഗങ്ങൾക്ക്, അവർക്ക് എന്താണ് സംഭവിക്കുന്നതെന്ന് മാത്രമല്ല എന്തുകൊണ്ടാണ് അപ്രകാരം സംഭവിക്കുന്നതെന്ന് സ്ഥിരീകരിക്കുവാനും വിശകലനം ചെയ്യുവാനും സഹായിക്കണം. സാമൂഹ്യവത്ക്കരണ പ്രക്രിയയെക്കുറിച്ചും യാഥാർത്ഥ്യമായ സാമൂഹിക നിർമ്മാണത്തെക്കുറിച്ചും കുടുംബങ്ങളുടെയും സമൂഹത്തിന്റെയും

മാറുന്ന കടമകളെയും പ്രവർത്തനങ്ങളെയും കുറിച്ചും നിർണായകമായ അറിവ് നേടുന്നതിന് അവർക്കു വേണ്ടുന്ന നിർദ്ദേശങ്ങൾ നൽകണം. ഈ ഘട്ടത്തിലെ പ്രക്രിയകളുടെ പരിണിതഫലങ്ങൾ ബഹുഗുണമുള്ളതും, വ്യക്തിഗതമായ വ്യക്തിത്വവികസനം മുതൽ സാമൂഹിക തലത്തിൽ ഒരു കൂട്ടായ ബോധം കെട്ടിപ്പടുക്കുന്നതുവരെയുള്ളതുമാണ്. ഈ പ്രക്രിയയിലൂടെ, സമൂഹത്തിലെ അംഗങ്ങൾ പൗരത്വ അവകാശങ്ങളെക്കുറിച്ചും വിശകലനപരവും നിർണായകവുമായ കഴിവുകളെക്കുറിച്ചുള്ള അറിവ് വികസിപ്പിക്കുന്നു.

## സമയ പരിധി

വളരെയധികം ആത്മ വിശകലനവും പ്രതിഫലനവും ആവശ്യമുള്ള ഒരു തീവ്രമായ പ്രക്രിയയാണിത്. 'ഉചിതവും വൈവിധ്യവുമായ ഗ്രൂപ്പുകളുടെയും സാമൂഹ്യാധിഷ്ഠിത സംഘടനകളുടെയും രൂപീകരണവും പ്രവർത്തനവും' എന്ന മൂന്നാം ഘട്ടവുമായി ഉൾച്ചേർന്നാണ് ഈ ഘട്ടം നടപ്പിലാക്കുന്നത്. അനാവശ്യമായ ബാഹ്യ സ്വാധീനമില്ലാതെ വേണം സാമൂഹ്യാധിഷ്ഠിത സംഘടനകളുടെ രൂപീകരണ പ്രക്രിയ ഗ്രൂപ്പുകൾ നയിക്കേണ്ടത്. ഘട്ടം 3 – ഉം ഘട്ടം 4 – ഉം ചേർന്ന് ഏകദേശം 2 വർഷവും 6 മാസവും സമയമെടുക്കുവാൻ സാധ്യതയുണ്ട്.



# നാലാം ഘട്ടം മുന്നോട്ടു നയിക്കുവാനുള്ള മാർഗ്ഗങ്ങൾ

- ആത്മപരിശോധനയോടെ ആരംഭിക്കുക, ഓരോ അംഗങ്ങളും വ്യക്തിഗതമായി സ്വയം മനസിലാക്കാൻ ആഴത്തിൽ പരിശോധിക്കുക.
- സമൂഹത്തിലെ അംഗങ്ങൾ അവരുടെ ശക്തി, ഭയം, അരക്ഷിതാവസ്ഥ, പ്രതീക്ഷകൾ, സ്വപ്നങ്ങൾ, അവർ എങ്ങനെ വളരാൻ ആഗ്രഹിക്കുന്നു എന്നിവയെക്കുറിച്ചു സ്വയം വിവരിക്കുന്നത്തിനുള്ള ചർച്ചകൾ സുഗമമാക്കുക.
- വ്യക്തിപരമായ പ്രതിബന്ധങ്ങളെയും വെല്ലുവിളികളെയും മറികടന്ന വിജയങ്ങൾ കൈവരിച്ച പ്രചോദനാത്മകമായ വ്യക്തികളുടെ കഥകളും വീഡിയോകളും പങ്കിടുക.
- പ്രതികൂല സാഹചര്യങ്ങൾക്കിടയിലും വ്യക്തിഗത വളർച്ചയ്ക്കുള്ള അനന്തമായ സാധ്യതകളെ ഗ്രൂപ്പ് അംഗങ്ങൾക്ക് പരിചയപ്പെടുത്തുക.
- കുടുംബത്തിന്റെയും, സ്ത്രീ പുരുഷ കടമകളെക്കുറിച്ചും അടുത്ത തലത്തിലുള്ള ചർച്ചകൾ സൃഷ്ടിക്കുക.
- കുടുംബഘടനയിൽ മാറ്റം വരുത്തുന്നതിന്റെ ഗുണങ്ങളും അപാകതകളും സംബന്ധിച്ച് ചോദ്യങ്ങൾ ചോദിക്കുക.
- വിവിധ കുടുംബാംഗങ്ങളുടെ തുല്യത അല്ലെങ്കിൽ തുല്യതയില്ലാത്ത അവസ്ഥയെക്കുറിച്ചു അടിയന്തിരമായി മനസ്സിലാക്കാൻ പ്രേരിപ്പിക്കുക (പുരുഷൻമാർ അല്ലെങ്കിൽ സ്ത്രീകൾ, സമ്പാദിക്കുന്നവർ അല്ലെങ്കിൽ സമ്പാദിക്കാത്തവർ, ആൺകുട്ടികൾ അല്ലെങ്കിൽ പെൺകുട്ടികൾ, ഭിന്നശേഷിക്കാർ, മാനസിക വെല്ലുവിളി നേരിടുന്നവർ, വിധവകൾ, പ്രായമായ കുടുംബാംഗങ്ങൾ എന്നിവരെപോലെ അവഗണിക്കപ്പെട്ട വ്യക്തികളുടെ അവസ്ഥ). കൂടാതെ, എന്തുകൊണ്ടാണ് അങ്ങനെ സംഭവിക്കുന്നത് എന്നും മനസ്സിലാക്കുവാൻ സഹായിക്കുക.
- അംഗങ്ങൾക്ക് നൽകിയിട്ടുള്ള പരമ്പരാഗത അല്ലെങ്കിൽ സ്ഥിരമായി പുരുഷന്മാർക്കും സ്ത്രീകൾക്കും നൽകുന്ന കടമകളെക്കുറിച്ചും; അംഗങ്ങൾ ഇത് ന്യായമായതൊ വിവേചനപരമൊ ആണെന്ന് കരുതുന്നുണ്ടൊ, എന്തെങ്കിലും മാറ്റം വരുത്തേണ്ടതുണ്ടൊ എന്നതിനെക്കുറിച്ചും ചർച്ചകൾ നടത്തുക.
- സമൂഹത്തെ കേന്ദ്രീകരിച്ചുള്ളതാകണം അടുത്ത തലം ചർച്ചകൾ .
- ദുർബലത, ദാരിദ്ര്യം, വിവേചനം, ഒഴിവാക്കൽ അനുഭവങ്ങൾ എന്നിവ മനസിലാക്കാൻ അംഗങ്ങളെ സഹായിക്കുകയും അഭിപ്രായ വ്യത്യാസത്തിലൊന്നും ഏർപ്പെടാതെ, സ്വയം ചില വ്യക്തികളൊ ഗ്രൂപ്പുകളൊ മറ്റുള്ളവരെ അപേക്ഷിച്ച് കൂടുതൽ ദുർബലരാകുന്നത് എന്തുകൊണ്ടാണെന്നും ചർച്ചചെയ്യുക.
- സമൂഹത്തിലുള്ള പ്രത്യേകാവകാശമില്ലാത്ത ആളുകളെക്കുറിച്ചും അവരുടെ അവസ്ഥ മെച്ചപ്പെടുത്തുന്നതിന് എന്തെങ്കിലും ചെയ്യുവാൻ സാധിക്കുമെന്നും ഗ്രൂപ്പ് അംഗങ്ങൾ കരുതുന്നുണ്ടെങ്കിൽ അവയെക്കുറിച്ചും ചർച്ച ചെയ്യുക.
- വിദ്യാഭ്യാസം, തൊഴിൽപരമായ അപകടങ്ങൾ, ആരോഗ്യം, ജലം, ശുചിത്വം, തിരഞ്ഞെടുക്കപ്പെട്ട നേതൃത്വത്തിന്റെ പങ്ക്, സമൂഹത്തിൽ തൊഴിലവസരങ്ങൾ എന്നിവയിൽ നന്നായി പ്രവർത്തിക്കുന്നവ, എന്താണ് മെച്ചപ്പെടുത്തേണ്ടത് എന്നതിനെ അടിസ്ഥാനമാക്കി ചർച്ച ചെയ്യുക.
- വ്യക്തിത്വ വികസനവും, നേതൃത്വവികസനവും, ഗ്രൂപ്പ് രൂപീകരണവും ലക്ഷ്യവും, കുടുംബജീവിതം, സാമൂഹിക ബന്ധങ്ങൾ, സാമൂഹിക-സാംസ്കാരിക വിശകലനങ്ങൾ, ലിംഗ വിശകലനം, വിജ്ഞാന വികസനം വർദ്ധിപ്പിക്കുന്നതിന് സാമൂഹിക-രാഷ്ട്രീയ, ഭരണനിർവ്വഹണ ഘടനകളെക്കുറിച്ചുള്ള ധാരണ എന്നിവയെക്കുറിച്ചുള്ള ആവശ്യമായ സെഷനുകൾ സംഘടിപ്പിക്കുക.

- സമൂഹത്തിലെ അംഗങ്ങൾക്ക് അവരുടെ അവകാശങ്ങൾ ബഹുമാനിക്കപ്പെടുന്നു, പരിരക്ഷിക്കപ്പെടുന്നു, നിറവേറ്റപ്പെടുന്നു എന്ന് തോന്നുകയാണെങ്കിൽ, ഭരണഘടനാ വ്യവസ്ഥകൾ, അടിസ്ഥാന നിയമങ്ങൾ, മനുഷ്യാവകാശങ്ങൾ (സിവിൽ, രാഷ്ട്രീയ, സാമൂഹിക, സാമ്പത്തിക, സാംസ്കാരിക), മാനുഷിക മാന്യത എന്നിവയെക്കുറിച്ചുള്ള ചർച്ചകൾ പ്രോത്സാഹിപ്പിക്കുകയും ആവശ്യമായ അറിവുകളും നൽകുക.
- ......................... (സന്ദർഭാനുസൃതമായി കൂട്ടിച്ചേർക്കുക അല്ലെങ്കിൽ പരിഷ്കരിക്കുക)

## സഹായകരമായ നിർദ്ദേശങ്ങൾ

- വ്യക്തിത്വത്തെക്കുറിച്ചു ചർച്ച ചെയ്യുന്നത് ആത്മവിശ്വാസം വർദ്ധിപ്പിക്കുന്നതിനും, സദസ്സിനെ അഭിമുഖീകരിക്കുന്നതിനൊ പുതിയ ആളുകളെ കണ്ടുമുട്ടുന്നതിനൊ പോലുള്ള ഭയത്തെ മറികടക്കുന്നതിലേക്കും നയിക്കും.
- നൂതനവും ക്രിയാത്മകവുമായ സാങ്കേതിക വിദ്യകൾ ഉപയോഗിക്കുക. ഇത് ബൗദ്ധിക തലത്തിൽ മാത്രമുള്ള ഒരു വ്യായാമമായിരിക്കരുത്. ഹൃദയം, വിചാരങ്ങൾ, വികാരങ്ങൾ എന്നിവ ഉൾപ്പെടുത്തുക. ചിത്രങ്ങൾ വരയ്ക്കാനും സ്കിറ്റുകൾ അല്ലെങ്കിൽ നാടകങ്ങൾ അവതരിപ്പിക്കാനും അല്ലെങ്കിൽ അവരുടെ വികാരങ്ങളും കാഴ്ചപ്പാടുകളും വെളിപ്പെടുത്തുന്നതിന് പ്രചോദനാത്മക വീഡിയോകൾ കാണിക്കാനും അംഗങ്ങളെ പ്രോത്സാഹിപ്പിക്കുക.
- വിവിധ വിഷയങ്ങളിൽ അംഗങ്ങളുമായി അവരുടെ അഭിപ്രായങ്ങൾ പങ്കിടാൻ സമൂഹത്തിൽ നിന്നൊ പുറത്തുനിന്നൊ ഉള്ള പാണ്ഡിത്യമുള്ള വ്യക്തികളെ ക്ഷണിക്കുക.
- സമൂഹത്തിലെ അംഗങ്ങളുടെ വ്യത്യസ്ത സ്ഥാനവും അവരുടെ താളവും നിലയുമറിഞ്ഞു ജാഗ്രത പുലർത്തുക.
- അംഗങ്ങളുടെ ജീവിതാനുഭവങ്ങളെക്കുറിച്ചുള്ള എല്ലാ ചർച്ചകളും ബന്ധിപ്പിക്കുക. കൂടാതെ, മാനസിക-സാമൂഹിക വശങ്ങളിലും അനുഭവങ്ങളിലും ശ്രദ്ധ കേന്ദ്രീകരിക്കുക.
- നിങ്ങൾ ഇത് പറയുകയാണോ എന്ന് ചോദിച്ച്, പങ്കെടുക്കുന്നവരെ സംസാരിക്കാൻ സഹായിച്ചു വഴികാട്ടുക.
- പൊതു സ്ഥലം ഒഴിവാക്കി, വ്യതിചലിക്കുന്നവരെയും വഴിതെറ്റിക്കുന്നവരെയും പ്രക്രിയയെ അട്ടിമറിക്കുന്നവരെയും വ്യക്തിഗതമായി കൈകാര്യം ചെയ്യുക.
- പ്രവർത്തനങ്ങൾ സമൂഹത്തിലെ കാര്യങ്ങൾ എന്തുകൊണ്ട് ഇപ്രകാരമായിരിക്കുന്നു എന്നതിൽ ശ്രദ്ധ കേന്ദ്രീകരിച്ചായിരിക്കണം.
- ............................(സന്ദർഭാനുസൃതമായി കൂട്ടിച്ചേർക്കുക അല്ലെങ്കിൽ പരിഷ്കരിക്കുക)

## ഉപയോഗപ്രദമായ മുന്നറിയിപ്പുകൾ

- ചില വശങ്ങൾ മാത്രം എടുക്കുകയോ വിധികൾ പുറപ്പെടുവിക്കുകയോ ചെയ്യരുത്; പ്രശ്നങ്ങളെക്കുറിച്ച് ആഴത്തിൽ അന്വേഷിക്കാൻ അംഗങ്ങളെ പ്രോത്സാഹിപ്പിക്കുക.
- വ്യത്യാസങ്ങൾ വിശകലനം ചെയ്യുന്നത് അടിച്ചമർത്തുകയൊ ഒഴിവാക്കുകയൊ ചെയ്യരുത്.
- ചർച്ചകളെ വിദ്വേഷപരമാകുവാൻ അനുവദിക്കരുത്. ഗ്രൂപ്പിന്റെ പ്രശ്നം ശ്രദ്ധയോടെ പരിഗണിക്കുന്നതിനും, പിന്നീട് ചർച്ച പുനരാരംഭിക്കാനും കഴിയും.
- ഗ്രൂപ്പിന് എല്ലാ കാര്യങ്ങളും അംഗീകരിക്കേണ്ട ആവശ്യമില്ല, അവർ യോജിക്കുകയൊ വിയോജിക്കുകയൊ ചെയ്യാം.
- അറിവിന്റെയും വിശകലനത്തിന്റെയും 'ദാതാവ്' അല്ലെങ്കിൽ 'ബുൾഡോസർ'

എന്നതിലുപരി പ്രക്രിയയുടെ ഒരു 'ഫെസിലിറ്റേറ്റർ' അല്ലെങ്കിൽ 'ആനിമേറ്റർ' ആയി ബോധപൂർവ്വം പ്രവർത്തിക്കുക.

- അംഗീകരിക്കപ്പെട്ട നേതാക്കളൊ പ്രത്യേകാവകാശമുള്ള അംഗങ്ങളൊ ചർച്ചകളിൽ ആധിപത്യം പുലർത്തുകയൊ അപഹരിക്കുകയൊ ചെയ്യുന്നില്ലെന്ന് ഉറപ്പാക്കുക.
- പങ്കെടുക്കുന്നവർക്ക് അമിതമായി ആശയങ്ങൾ നല്കുകയൊ അടിച്ചേൽപ്പിക്കുകയൊ ചെയ്യരുത്.
- 'ചെയ്യേണ്ട' കാര്യങ്ങളുടെ പട്ടികയൊ 'പരാതികളുടെ' പട്ടികയൊ തയ്യാറാക്കരുത്.
- ...............................(സന്ദർഭാനുസൃതമായി കൂട്ടിച്ചേർക്കുക അല്ലെങ്കിൽ പരിഷ്കരിക്കുക

# സൂചകങ്ങൾ

1. XXX അംഗങ്ങൾക്ക് മുമ്പത്തേതിനേക്കാൾ കൂടുതൽ ആത്മവിശ്വാസവും ഉറപ്പും തോന്നുന്നു.
2. XXX ശതമാനം അംഗങ്ങൾ അവനവനെക്കുറിച്ചും, സമൂഹത്തെക്കുറിച്ച് വിമർശനാത്മക ധാരണ വളർത്തിയെടുത്തിട്ടുണ്ട്.
3. XXX ശതമാനം അംഗങ്ങൾക്ക് ഗ്രൂപ്പുകളിൽ ഭയമൊ ലജ്ജയൊ ഇല്ലാതെ അവരുടെ കാഴ്ചപ്പാടുകൾ പ്രകടിപ്പിക്കാൻ കഴിയും.
4. XXX ഗ്രൂപ്പ് അംഗങ്ങൾ വിവിധ കുടുംബാംഗങ്ങൾക്ക് നൽകിയിട്ടുള്ള സ്ഥാനങ്ങളും കടമകളും പുനഃപരിശോധിക്കുന്നു.
5. XXX ഗ്രൂപ്പുകൾ അവരുടെ സമൂഹത്തിലെ ദുർബലരായ അംഗങ്ങളെ തിരിച്ചറിഞ്ഞു.
6. സമൂഹത്തിലെ അവഗണിക്കപ്പെട്ട ഗുരുതര പ്രശ്നങ്ങളുടെ ഒരു പട്ടിക XXX ഗ്രൂപ്പുകൾ തിരിച്ചറിഞ്ഞു.
7. തങ്ങളുടെ ജീവിതനിലവാരം ഉയർത്താൻ ഒരുമിച്ച് എന്തെങ്കിലും ചെയ്യണമെന്ന് XXX ശതമാനം അംഗങ്ങൾ കരുതുന്നു.
8. സാമൂഹ്യാധിഷ്ഠിത സംഘടനകളെ ശക്തിപ്പെടുത്തുന്നതിന്റെ പ്രാധാന്യവും സമൂഹത്തെ നയിക്കുന്നതിൽ അവയുടെ പങ്കും XXX ശതമാനം അംഗങ്ങൾ മനസ്സിലാക്കി.
9. ഒരു സമ്മിശ്ര ഗ്രൂപ്പ് രൂപീകരണമാണ് ജാതി മത വ്യവസ്ഥകളെ മറികടക്കാൻ സഹായിക്കുന്ന ശരിയായ ക്രമീകരണമെന്നു XXX അംഗങ്ങൾക്ക് തോന്നുന്നു.
10. ...............................(സന്ദർഭാനുസൃതമായി കൂട്ടിച്ചേർക്കുക അല്ലെങ്കിൽ പരിഷ്കരിക്കുക)

**ആത്മപരിശോധനയും വിശകലനവും**

| നം. | അംഗങ്ങൾ തിരിച്ചറിഞ്ഞ അസമത്വങ്ങൾ / ദുർബലതകൾ / വിവേചനം | | | | ഇവയ്ക്ക് മാറ്റം വരുത്തുവാൻ എന്തുചെയ്യണമെന്നാണ് അംഗങ്ങൾ കരുതുന്നത്. |
|---|---|---|---|---|---|
| | ജാതി | മതം | ലിംഗം | ഭിന്നശേഷികൾ | |
| സ്ത്രീകൾ | | | | | |
| ചെറുപ്പക്കാരായ പെൺകുട്ടികൾ | | | | | |
| ചെറുപ്പക്കാരായ ആൺകുട്ടികൾ | | | | | |
| കുട്ടികൾ | | | | | |
| പുരുഷന്മാർ | | | | | |
| സാമൂഹ്യാധിഷ്ഠിത സംഘടനകൾ | | | | | |



## പ്രശ്നങ്ങളുടെ വിശകലനം

| നം. | പ്രശ്നങ്ങളുടെ വിശകലനം | | |
|---|---|---|---|
| | വ്യക്തികളുടെ ഉത്കണ്ഠകൾ | സമൂഹത്തിന്റെ പൊതു പ്രശ്നങ്ങൾ | അംഗങ്ങൾക്ക് വിശകലനം നടത്തുവാൻ ബുദ്ധിമുട്ടുള്ള പ്രശ്നങ്ങൾ |
| സ്ത്രീകൾ | | | |
| ചെറുപ്പക്കാരായ പെൺകുട്ടികൾ | | | |
| ചെറുപ്പക്കാരായ ആൺകുട്ടികൾ | | | |
| കുട്ടികൾ | | | |
| പുരുഷന്മാർ | | | |
| സാമൂഹ്യാധിഷ്ഠിത സംഘടനകൾ | | | |

## പ്രതിഫലനങ്ങൾക്കും പങ്കിടലിനുമുള്ള ചോദ്യങ്ങൾ

1. ഗ്രൂപ്പിൽ ശാന്തരും ലജ്ജിതരുമായുള്ള അംഗങ്ങളും അവരുടെ കുടുംബത്തിലൊ സമൂഹത്തിലൊ അവരുടെ പങ്കും പദവിയും തമ്മിൽ എന്തെങ്കിലും ബന്ധം കണ്ടെത്തിയോ?
2. എല്ലാ അംഗങ്ങളുടെയും പങ്കാളിത്തം ഉറപ്പാക്കാൻ നിങ്ങൾ എന്ത് തന്ത്രമാണ് സ്വീകരിച്ചത്?

3. ചുറ്റുമുള്ള കാര്യങ്ങളെ വിമർശനാത്മകമായി നോക്കാനും ചോദ്യം ചെയ്യാനും അംഗങ്ങളെ പ്രാപ്തമാക്കുന്നതിൽ നിങ്ങൾക്ക് എന്തെങ്കിലും തടസ്സമുണ്ടായൊ? ഉണ്ടെങ്കിൽ, നിങ്ങൾ അത് എങ്ങനെ കൈകാര്യം ചെയ്തു?
4. വ്യക്തിത്വവികസനത്തിന്റെ ഏത് വശങ്ങളാണ് വ്യക്തികളുടെയും ഗ്രൂപ്പുകളുടെയും നേതൃത്വവികസനത്തിന് വഴിയൊരുക്കിയത്? ഉണ്ടെങ്കിൽ, എങ്ങനെ?
5. വിവിധ വിഷയങ്ങളിൽ അംഗങ്ങൾക്ക് എങ്ങനെ അറിവ് ലഭിച്ചു? നിലവിലെ സാഹചര്യം മാറാൻ അവർക്ക് നിസ്സഹായതയൊ ദേഷ്യമൊ വർദ്ധിച്ച ദൃഢനിശ്ചയമൊ തോന്നിയിട്ടുണ്ടോ?
6. ഗ്രൂപ്പുകൾ പതിവായി യോഗങ്ങൾ തുടങ്ങുമ്പോൾ സമൂഹത്തിലെ അംഗങ്ങളിൽ നിന്ന് നിങ്ങൾ എന്താണ് കേൾക്കാറുള്ളത്?
7. തിരിച്ചറിയാവുന്ന മാറ്റ വിവരണങ്ങൾ എന്തായിരുന്നു?
8. ..............................(സന്ദർഭാനുസൃതമായി കൂട്ടിച്ചേർക്കുക അല്ലെങ്കിൽ പരിഷ്കരിക്കുക)

# മനുഷ്യക്കടത്തിനിരയായ എന്റെ സഹോദരിയെ ഞാൻ രക്ഷിച്ചു

13 വയസ്സുള്ള വിദ്യാർത്ഥിനിയും കുട്ടികളുടെ ഗ്രൂപ്പിലെ അംഗവുമായ കുമാരി നഫീസ ഖത്തൂൺ ഈ സംഭവം വിവരിക്കുന്നു:

എന്റെ അച്ഛനും ശ്രീ റാഫിക്കും തമ്മിൽ എപ്പോഴും വഴക്കുണ്ടാക്കുമായിരുന്നു. റെയിൽവേ ലൈനിന്റെ മറുവശത്ത് വെള്ളം എടുക്കാൻ പോയപ്പോൾ എന്റെ 16 വയസ്സുള്ള മൂത്ത സഹോദരിയെ റാഫിക്ക് തട്ടിക്കൊണ്ടുപോയി. അബോധാവസ്ഥയിലാക്കി അവർ ബുർഖ ധരിപ്പിച്ചു ഉത്തർപ്രദേശിൽ കൊണ്ടുപോയി മുപ്പത് ലക്ഷം രൂപയ്ക്കു വിറ്റു. ബാർ ഉടമകൾ എന്റെ സഹോദരിയെ അല്പമായ വസ്ത്രം ധരിപ്പിക്കുകയും ശരീരം സിഗരറ്റ് കഷ്ണങ്ങൾ ഉപയോഗിച്ച് കുത്തി നോവിച്ചു പീഡിപ്പിക്കുകയും ജനക്കൂട്ടത്തിന് മുന്നിൽ നൃത്തം ചെയ്യാൻ നിർബന്ധിക്കുകയും ചെയ്തിരുന്നു. അതേസമയം, പെൺകുട്ടി ആരുടെയെങ്കിലും കൂടെ ഒളിച്ചോടിയതായി സമൂഹത്തിലെ അംഗങ്ങളെ ബോധ്യപ്പെടുത്താൻ റാഫിക്ക് ശ്രമിച്ചുകൊണ്ടിരുന്നു. പ്രാദേശിക പോലീസ് സ്റ്റേഷനിലെ അധികാരികൾ പരാതി സ്വീകരിക്കുവാൻ വിസമ്മതിച്ചു. എന്റെ ഗ്രൂപ്പ് മീറ്റിംഗിൽ ഞാൻ മനസ്സിലാക്കിയ തനുസരിച്ചു ചൈൽഡ് ഹെൽപ്പ് ലൈൻ നമ്പറായ (1098-ൽ) വിളിച്ചു സഹായമഭ്യർത്ഥി ക്കുവാൻ ഞാൻ അമ്മയോട് പറഞ്ഞു. അമ്മ ധൈര്യപ്പെട്ടു ആ നമ്പറിലേക്ക് വിളിച്ച് മറുവശത്തുള്ള വ്യക്തിയോട് സംസാരിച്ചു. ചില ആളുകൾ ഉടനെ വന്ന് പരാതി നൽകാൻ എന്റെ അമ്മയെ സഹായിച്ചു. ഇതിനിടയിൽ, എങ്ങനെയോ എന്റെ സഹോദരിക്ക് ഒരു ഫോൺ ലഭിക്കുകയും, അവളെ തട്ടിക്കൊണ്ടുപോയ ആളുകളുടെ പേരുവിവരം നൽകുവാനു മിടയായി. ചൈൽഡ്ലൈനും ലോക്കൽ പോലീസും എന്റെ സഹോദരി നിലവിലുള്ളത് 800 കിലോമീറ്റർ അകലെയുള്ള ലക്നൗവിലാണെന്നു കണ്ടെത്തി. അവർ ഉടൻതന്നെ ഉത്തർപ്രദേശ് പോലീസിനെ ബന്ധപ്പെട്ടു. അവർ ഒന്നിച്ച് എന്റെ സഹോദരിയെ കണ്ടുപിടിച്ചു, അവളെ സുരക്ഷിതമായി വീട്ടിലേക്ക് തിരിച്ചയച്ചു. എന്റെ സഹോദരിയുടെ മൊഴിയുടെ അടിസ്ഥാനത്തിൽ അവളെ തട്ടിക്കൊണ്ടുപോയവരെ ജയിലിൽ അടക്കുവാൻ ഇടയായി.

അദ്ധ്യായം 6

# സാമൂഹിക പ്രശ്നങ്ങൾ തിരിച്ചറിഞ്ഞു പ്രാധാന്യം വിലയിരുത്തി മുൻഗണന തയ്യാറാക്കുക



# സാമൂഹിക പ്രശ്നങ്ങൾ തിരിച്ചറിഞ്ഞു പ്രാധാന്യം വിലയിരുത്തി മുൻഗണന തയ്യാറാക്കുക

## ഉദ്ദേശ്യം

സാമൂഹിക പ്രശ്നങ്ങളെക്കുറിച്ചുള്ള സമൂഹത്തിന്റെ വിലയിരുത്തലാണ് സമൂഹത്തിന്റെ എല്ലാ ഭാവി തീരുമാനങ്ങളുടെയും അടിസ്ഥാനം. മാറ്റേണ്ടതെന്തെന്ന് തിരിച്ചറിയുന്നതിനൊപ്പം സമൂഹത്തിലെ വിഭവങ്ങൾ കണ്ടെത്തി രേഖപ്പെടുത്തുന്നതും സാമൂഹിക പ്രശ്നങ്ങളുടെ വിലയിരുത്തലിൽ ഉൾപ്പെടുന്നു. ഒരു പ്രശ്നം ഒരു വ്യക്തിക്കൊ, ഒരു ഗ്രൂപ്പിനൊ അല്ലെങ്കിൽ ഒരു മുഴുവൻ സമൂഹത്തിനൊ അനുഭവപ്പെടാം. ഭക്ഷണം, വെള്ളം, ശുചിത്വം എന്നീ അടിസ്ഥാന ആവശ്യങ്ങൾ പോലെയൊ ജാതി, മത വൈവിധ്യങ്ങൾക്കിടയിലുള്ള സമാധാനപരമായ സഹവർത്തിത്വം പോലെയൊ, പ്രശ്നങ്ങൾ പ്രത്യക്ഷത്തിൽ വളരെ വ്യക്തമായി കാണാവുന്നതായിരിക്കും. വ്യക്തികൾ, സംഘടനകൾ, സ്ഥാപനങ്ങൾ, കെട്ടിടങ്ങൾ, പൊതു ആസ്തികൾ, സംരംഭകർ, മനുഷ്യസ്നേഹികൾ എന്നിവ വിഭവങ്ങളിൽ അഥവാ ആസ്തികളിൽ ഉൾപ്പെടാം. സമൂഹത്തിന്റെ യാഥാർത്ഥ്യവും സമഗ്രവുമായ ചിത്രം വികസിപ്പിക്കുക എന്നതാണിതിന്റെ ഉദ്ദേശ്യം. സാമൂഹിക പ്രശ്നങ്ങൾ തിരിച്ചറിയുമ്പോൾ അത് എന്താണെന്നും എന്തായിരിക്കണമെന്നും തമ്മിലുള്ള അന്തരം മനസ്സിലാക്കുവാൻ സഹായിക്കും. സമൂഹത്തിന്റെ പ്രത്യേക ആവശ്യങ്ങളെക്കുറിച്ചു പൊതുവായ ധാരണയിലെത്താൻ വിശാലമായ അടിസ്ഥാന വിവരശേഖരണം, വസ്തുതകൾ, കണക്കുകൾ, യാഥാർത്ഥ്യങ്ങൾ, ദുർബലതകൾ, ചരിത്രങ്ങൾ, അനുഭവങ്ങൾ എന്നിവ വിശകലനം ചെയ്യുക എന്നത് ഈ പ്രക്രിയയിൽ ഉൾപ്പെടുന്നു. നഷ്ടമായതൊ മറ്റ് പ്രസക്തമായ അറിവുകളൊ അടിസ്ഥാന വിവരങ്ങളൊ നിർദ്ദേശിക്കുകയും നൽകുകയും ചെയ്യുന്നതിലൂടെ ഫെസിലിറ്റേറ്റർമാർ/പ്രവർത്തകർക്ക് അംഗങ്ങളെ സഹായിക്കാൻ കഴിയും.

എല്ലാ സാമൂഹിക പ്രശ്നങ്ങളും ഒരേ സമയം അഭിസംബോധന ചെയ്യുന്നത് പ്രായോഗികമൊ സാധ്യമായതൊ അല്ല. ആയതിനാൽ, സാമൂഹിക പ്രശ്നങ്ങൾ തിരിച്ചറിഞ്ഞാൽ, സമൂഹത്തിലെ അംഗങ്ങൾ ഏറ്റവും അടിയന്തിരമെന്ന് കരുതുന്നതും ദുർബലരായ

വ്യക്തികൾ, ഗ്രൂപ്പുകൾ അല്ലെങ്കിൽ മുഴുവൻ സമൂഹത്തിനും പ്രയോജനപ്രദമായതും അടിയന്തിര ശ്രദ്ധ ആവശ്യപ്പെടുന്നതുമായ പ്രശ്നങ്ങൾക്ക് മുൻഗണന നൽകുന്നതിന് സൗകര്യമൊരുക്കുക. സാമൂഹിക പ്രശ്നങ്ങൾക്ക് മുൻഗണന ക്രമം നിശ്ചയിച്ചു കഴിഞ്ഞാൽ, ഓരോ പ്രശ്നത്തിനും ഒരു പ്രവർത്തന രൂപരേഖ തയ്യാറാക്കാൻ സമൂഹത്തിലെ അംഗങ്ങളെ സഹായിക്കുകയും, അംഗങ്ങളുടെ കഴിവുകളും അനുഭവങ്ങളും പ്രശ്നങ്ങളുടെ സങ്കീർണ്ണതകളും കണക്കിലെടുത്ത് ഓരോ അംഗങ്ങൾക്കും ഉത്തരവാദിത്വങ്ങൾ നൽകുകയും ചെയ്യുക. ദിശാബോധത്തോടും കൃത്യമായ രൂപ രേഖകളും ഉപയോഗിച്ച് പങ്കിട്ട ഉത്തരവാദിത്വത്തോടെ; തിരിച്ചറിഞ്ഞ സാമൂഹിക പ്രശ് നങ്ങൾ കൃത്യമായി മുൻഗണനാ ക്രമമനുസരിച്ചു ആവശ്യമായ വിഭവങ്ങൾ കണ്ടെത്തി ബന്ധിപ്പിക്കുകയും ചെയ്തു, പ്രശ്നത്തിന്റെ ഉടമസ്ഥത ഏറ്റെടുത്തു വികസനം ന ടപ്പിലാക്കുകയും ചെയ്യുന്നതാണ് ഈ ഘട്ടത്തിന്റെ പരിണിതഫലങ്ങൾ.

# സമയ പരിധി

സാമൂഹിക പ്രശ്നങ്ങൾ തിരിച്ചറിയുന്നത് ഒറ്റത്തവണ മാത്രം ചെയ്യുന്ന പ്രവർത്തനമല്ല. സമൂഹത്തിലെ അംഗങ്ങൾ യാഥാർഥ്യങ്ങളെ ആഴത്തിൽ മനസ്സിലാക്കുകയും പുരോഗമന പരമായ രീതിയിൽ വിവിധ പ്രവർത്തനങ്ങൾ നടപ്പിലാക്കുകയും ചെയ്യുമ്പോൾ ഈ പ്രക്രിയ ആവർത്തിക്കും. പ്രാരംഭത്തിൽ പ്രശ്നങ്ങളുടെ പട്ടിക തയ്യാറാക്കുന്നതിന് മൂന്നൊ നാലൊ യോഗങ്ങൾ വിളിച്ചുചേർക്കേണ്ടതായി വരുകയും ശേഷം മുൻ ഗണനാടിസ്ഥാ നത്തിൽ സമവായത്തിൽ എത്തിച്ചേരുകയും ചെയ്യുന്നു.

**ഉവ്വ് എന്നും ഇല്ല എന്നും പറയുവാനും പഠിക്കുക**

| ✗ | ✓ |
|---|---|
| ദാനമായി കൊടുക്കുന്ന പണമൊ ഭക്ഷണമൊ-ടിവി, ഗ്രൈൻഡർ, മിക്സി<br>അഴിമതി<br>ഇടനിലക്കാർ | കുട്ടികളുടെ വിദ്യാഭ്യാസം,<br>വൃത്തിയും ആരോഗ്യ സംരക്ഷണവും<br>വെള്ളം, വൈദ്യുതി,<br>ശുചീകരണം<br>റോഡുകൾ, സുരക്ഷയും,<br>സുരക്ഷിതത്വവും |

# അഞ്ചാം ഘട്ടം മുന്നോട്ടു നയിക്കുവാനുള്ള വഴികൾ

- സാമൂഹിക പ്രശ്നങ്ങളെക്കുറിച്ചും അവ എന്തുകൊണ്ട് അങ്ങനെ സംഭവിക്കുന്നു എന്നതിനെക്കുറിച്ചും അംഗങ്ങൾക്ക് തോന്നുന്ന കാര്യങ്ങൾ പങ്കിടുവാനും തുറന്ന സംഭാഷണത്തിൽ ഏർപ്പെടുവാനും അവരെ ക്ഷണിക്കുക. ലഭ്യമായ വിവരങ്ങൾ, വസ് തുതകൾ, കണക്കുകൾ, യാഥാർത്ഥ്യങ്ങൾ, ദുർബലതകൾ, ചരിത്രങ്ങൾ, അനുഭവങ്ങൾ എന്നിവ ചർച്ചചെയ്യുക വഴി യാഥാർത്ഥ്യങ്ങളേയും പ്രശ്നങ്ങളേയും മനസ്സിലാക്കുന്നതിലൂടെ എല്ലാ അംഗങ്ങളെയും ഒരേ തലത്തിൽ നിർത്തുവാൻ സഹായിക്കും.
- പ്രാക്ടീസ് - ഗവേഷണ രീതിശാസ്ത്രം ഉപയോഗിച്ച് പ്രശ്ന വിശകലനം നടത്തി ബാഹ്യമായ കാഴ്ചപ്പാടുകൾ അടിച്ചേല്പിക്കാതെ ചർച്ചയ്ക്കായി വിവിധ വിവരങ്ങൾ നൽകാം. പ്രാക്ടീസ്-റിസർച്ചിന്റെ അടിസ്ഥാനം പഠനേതരം മാത്രമല്ല സിദ്ധാന്തങ്ങളിൽ നിന്നും പ്രവർത്തി തലത്തിൽ ഉപയോഗപ്പെടുത്തുകയെന്നതാണ്. പ്രായോഗിക അനുഭവം, പ്രവർത്തന മേഖലയിലെ ഗവേഷണം (ഫീൽഡ് ഗവേഷണം) ഗവേഷണ

രീതിശാസ്ത്രം (റിസർച്ച് മെത്തഡോളജി) അടിസ്ഥനമാക്കിയുള്ള ഒരു സംയുക്ത സമീപനമാണ് ഈ സമീപനം. ഫല നിർണയത്തിൽ ഡോക്യുമെന്റേഷൻ, സ്വാധീനങ്ങൾ, തെളിവടിസ്ഥാനമാക്കിയുള്ള സമീപനം എന്നിവ ദൈനംദിന സാമൂഹിക പ്രവർത്തനത്തിന്റെ ഭാഗമായി മാറിയിരിക്കുന്നു (ഓസ്ബോൺ 2002; ഹെൻറിക് 2002).

- പങ്കാളിത്ത പഠനവും പ്രവർത്തനവും (PLA) പങ്കാളിത്ത ഗ്രാമീണ വിലയിരുത്തൽ (PRA) സാങ്കേതികവിദ്യ, ഫോക്കസ്ഡ് ഗ്രൂപ്പ് ചർച്ചകൾ, ട്രാൻസെക്റ്റ് വോക്ക് എന്നിവ സമൂഹത്തിന്റെ ഒരു വലിയ ചിത്രം മനസ്സിലാക്കുന്നതിനും ഗുരുതര പ്രശ്നങ്ങൾ കണ്ടെത്തുന്നതിനും ഫലപ്രദമായി ഉപയോഗപ്പെടുത്താം.
- ഗുരുതരമായ പ്രശ്നങ്ങൾ. നൈസർഗ്ഗികമായ അഭിമുഖം സാങ്കേതികതത്വങ്ങൾ ഉപയോഗിച്ച് പങ്കാളിത്ത, ദൃശ്യാവിഷ്കാര രീതികൾ വിന്യസിച്ചുകൊണ്ട് സമൂഹത്തെക്കുറിച്ചു അറിയുന്നതിനും അവരുമായി ഇടപഴകുന്നതിനുമുള്ള സമീപനങ്ങളാണ് പി ആർ എയും (PRA) പി എൽ എ യും (PLA). ഈ രീതികൾ കൂട്ടായ വിശകലനത്തിന്റെയും പഠനത്തിന്റെയും പ്രക്രിയയെ സഹായിക്കുന്നു. പ്രശ്നങ്ങൾ കണ്ടെത്തുന്നതിനും ആസൂത്രണം ചെയ്യുന്നതിനും നിരീക്ഷിക്കുന്നതിനും പ്രോജക്റ്റുകളും പ്രോഗ്രാമുകളും അവലോകനം നടത്തുന്നതിനും ഈ സമീപനങ്ങൾ ഉപയോഗിക്കാം. കൂടിയാലോചനകൾക്കപ്പുറം, ഈ സമീപനങ്ങൾ അവരുടെ ജീവിതത്തെ രൂപപ്പെടുത്തുന്ന പ്രശ്നങ്ങളിലും ഇടപെടലുകളിലും സമൂഹത്തിന്റെ സജീവ പങ്കാളിത്തത്തെ പ്രോത്സാഹിപ്പിക്കുന്നു.
- സാധ്യതകളും വിഭവങ്ങളും കണ്ടെത്തി പ്രശ്നപരിഹാരം സാധ്യമാക്കുന്നതിനു റിസോഴ്സ് മാപ്പിംഗ് സാങ്കേതികവിദ്യ ഉപയോഗപ്പെടുത്താം.
- പ്രശ്നപരിഹാരത്തിന് മുൻഗണനാ പട്ടിക തയ്യാറാക്കുന്നതിന് മാനദണ്ഡങ്ങളുടെ ഒരു ക്രമം അംഗങ്ങൾ വികസിപ്പിക്കുന്നത് അനുയോജ്യമാണ്. ഉദാഹരണത്തിന്, സമൂഹത്തിലെ ഏറ്റവും കൂടുതൽ അംഗങ്ങളെ ബാധിക്കുന്ന ഒരു പ്രശ്നം, സമൂഹത്തിലെ ദുർബലരായ അംഗങ്ങൾക്ക് വളരെ പ്രധാനമായ ഒരു ആവശ്യം, സമൂഹത്തിൽ ലഭ്യമായ കരുത്തും വിഭവങ്ങളും ഉപയോഗിച്ച് കൈകാര്യം ചെയ്യാൻ കഴിയുന്ന ഒരു പ്രശ്നം, മിക്ക അംഗങ്ങളെയും ഒരുമിച്ച് കൊണ്ടുവന്നു പ്രവർത്തിക്കുവാൻ കഴിയുന്ന ഒരു പ്രശ്നം, അല്ലെങ്കിൽ ബാഹ്യ ആശ്രയമില്ലാതെ വളരെയധികം സമരം ചെയ്യാതെ പരിഹാരം കണ്ടെത്തുവാൻ കഴിയുന്ന ഒരു പ്രശ്നം. ഈ പ്രശ്നങ്ങൾക്ക് മുൻഗണന നൽകാൻ മാനദണ്ഡം ഉപയോഗിക്കുക.
- ലഭ്യമായ വിഭവങ്ങൾ ഉപയോഗിച്ച് എപ്രകാരം ഒരു പ്രശ്നം പരിഹരിക്കുവാൻ സാധിക്കും എന്നതിനെക്കുറിച്ച് ചർച്ച നടത്തുക. കൂടാതെ മാറിയ സാഹചര്യങ്ങളിൽ പ്രശ്നവിശകലനത്തിൽ നിന്നും ലക്ഷ്യ വിശകലനത്തിലേക്കു നയിക്കുന്നതിനുതകുന്ന നടപടികൾ കണക്കിലെടുത്ത് ഒരു ചർച്ച സൃഷ്ടിക്കുക. ശരിയായ ചിന്താഗതികളെ ഉത്തേജിപ്പിക്കുക.
- വ്യക്തതയുള്ള, അളക്കാവുന്ന, സാധ്യമായ, പ്രസക്തമായ, സമയബന്ധിത (SMART) തത്വങ്ങൾ ഉപയോഗിച്ച്, ഓരോ പ്രവർത്തനത്തിനും ഉത്തരവാദിത്വമുള്ള വ്യക്തിയെ തിരഞ്ഞെടുത്തു, വ്യക്തിയെ അല്ലെങ്കിൽ സംവിധാനത്തെ നിരീക്ഷിക്കുക, അവലോകനത്തിനുള്ള സമയം എന്നിവ ഉൾപ്പെടുത്തി ഒരു പ്രവർത്തന മാട്രിക്സ് തയ്യാറാക്കുക
- ഒരു സമയക്രമം അനുസരിച്ചു പ്രവർത്തനങ്ങളുടെ ഒരു പട്ടിക തയ്യാറാക്കി അംഗങ്ങളെ സഹായിക്കുക, അതുവഴി യുക്തിപരമായ നടപടികൾ എങ്ങനെ പരസ്പരം ബന്ധപ്പെട്ടിരിക്കുന്നുവെന്നും എല്ലാവർക്കും അവരുടെ പങ്ക് എങ്ങനെ പ്രാധാന്യമുള്ളതാണ് എന്നതിനെക്കുറിച്ചും തുടക്കം മുതൽ അവസാനം വരെ എല്ലാവർക്കും അറിയുവാൻ സാധിക്കും. ആസൂത്രണ പ്രക്രിയയുടെ ഉടമസ്ഥാവകാശം ഏറ്റെടുക്കുന്നതിന് ഇത് സഹായിക്കും.




- പ്രവർത്തനങ്ങളുടെ ഉത്തരവാദിത്വങ്ങൾ ഏറ്റെടുക്കുമ്പോൾ, ആവശ്യമായ പ്രവർത്തനങ്ങളുമായി അവരവരുടെ കഴിവുകളും കാര്യശേഷിയും പൊരുത്തപ്പെടുത്തുന്നതിന് അംഗങ്ങൾക്ക് വേണ്ടുന്ന നിർദ്ദേശങ്ങൾ നൽകുക.
- പ്രവർത്തനങ്ങളുടെ ഉത്തരവാദിത്വം ഏറ്റെടുത്ത ഗ്രൂപ്പുകൾക്ക് മാർഗ്ഗനിർദ്ദേശവും ധാർമ്മികവും സാങ്കേതികവുമായ പിന്തുണയും നൽകുക.
- പരാജയങ്ങളെ ജീവിതത്തിന്റെ ഭാഗമായി അംഗീകരിക്കാൻ ഗ്രൂപ്പുകളെ പ്രേരിപ്പിക്കുക, വിജയം കൈവരിക്കുവാൻ സാധിക്കുന്നില്ലെങ്കിൽ നിരുത്സാഹിതരാകാതിരിക്കാൻ സഹായിക്കുക. അനാവശ്യമായ അമിത ഉത്കണ്ഠകൾ, വിജയം, ഫലങ്ങൾ എന്നിവയിൽ നിന്നും; ഒരു ഗ്രൂപ്പായി പ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്നതിനുള്ള നൂതന മാർഗ്ഗങ്ങൾ കണ്ടെത്തുന്നതിന്, പരിശീലനം, ആസൂത്രണം, പഠനം എന്നിവയ്ക്ക് മുൻഗണന നൽകണം.
- ...............................(സന്ദർഭാനുസൃതമായി കൂട്ടിച്ചേർക്കുക അല്ലെങ്കിൽ പരിഷ്കരിക്കുക)

## സഹായകരമായ നിർദ്ദേശങ്ങൾ

- ഓരോ സമുദായത്തിനും അതിന്റേതായ ആവശ്യങ്ങളും ആസ്തികളും ഉണ്ടെന്നും അതുപോലെ തന്നെ സ്വന്തം സംസ്കാരവും സാമൂഹിക ഘടനയും, ചരിത്രം, ശക്തി, പൊരുത്തക്കേടുകൾ എന്നിവയാൽ സമ്പുഷ്ടവും വിശിഷ്ടവുമായ ബന്ധങ്ങളുടെ വലയമുണ്ടെന്നു നിർവചിക്കുവാനും മനസ്സിലാക്കുവാനും സാധിക്കും. സാമൂഹിക ബന്ധങ്ങളും സാമൂഹിക ഘടനകളും എങ്ങനെ പ്രവർത്തിക്കുന്നുവെന്ന് തിരിച്ചറിയുന്നതിനും അവ പുറത്തുകൊണ്ടുവരുന്നതിനും സൂക്ഷ്മത പുലർത്തുക.

- സാധ്യമെങ്കിൽ, സാഹചര്യങ്ങളെക്കുറിച്ച് നല്ല അറിവുകളൊ വിവരങ്ങളൊ നൽകുവാൻ കഴിയുന്ന സർക്കാർ ഉദ്യോഗസ്ഥർ, പരിചയസമ്പന്നരായ വ്യക്തികൾ, പ്രാദേശിക നേതാക്കൾ തുടങ്ങിയവരെ കൊണ്ടുവന്നു യാഥാർഥ്യങ്ങളെക്കുറിച്ചും അവസരങ്ങളെക്കുറിച്ചും വസ്തുനിഷ്ഠമായി ബോധവത്കരിക്കാൻ ശ്രമിക്കുക. എന്നിരുന്നാലും തീരുമാനമെടുക്കാനുള്ള അവകാശം സമൂഹത്തിലെ അംഗങ്ങളിൽ മാത്രം നിക്ഷിപ്തമായിരിക്കും.
- ഭൂരിഭാഗം അംഗങ്ങൾക്കും സമൂഹത്തെക്കുറിച്ചും സമൂഹത്തിലെ പ്രശ്നങ്ങളെക്കുറിച്ചും നല്ല ധാരണയും മികച്ച കാഴ്ചപ്പാടും ഉണ്ടാവുകയും അതിന്റെ ഉടമസ്ഥത ഏറ്റെടുക്കുകയും ചെയ്യുക. അനാവശ്യമായ പൊരുത്തക്കേടുകൾ ഒഴിവാക്കാൻ ഇത് സഹായിക്കും.
- മുൻഗണന നൽകുക എന്നാൽ ഏറ്റവും പ്രധാനപ്പെട്ട പ്രശ്നങ്ങൾ തിരിച്ചറിയുക മാത്രമല്ല. പ്രത്യുത സമൂഹത്തിന്റെ യോഗ്യതകൾ, കഴിവുകൾ, താൽപ്പര്യങ്ങൾ, ആവശ്യമായ സമയം, പ്രശ്നങ്ങൾ കൈകാര്യം ചെയ്യാനും പരിഹരിക്കുവാനുമുള്ള കഴിവ് എന്നിവയുമായി ബന്ധിപ്പിക്കുന്നതുമാണ്.
- എല്ലാവരുടെയും ആശയങ്ങളും ആശങ്കകളും കേൾക്കുകയും ശ്രദ്ധിക്കുകയും ചെയ്യുന്ന രീതിയിൽ സംഭാഷണം സുഗമമാക്കുക.
- സമൂഹത്തിലെ ചില അംഗങ്ങൾക്ക് ലഭ്യമായ ആന്തരികവും ബാഹ്യവുമായ വിഭവങ്ങളെയും അവസരങ്ങളെയും കുറിച്ച് അറിവുണ്ടായിരിക്കാം. അവയെല്ലാം അംഗങ്ങളുടെ മുമ്പാകെ ബോധിപ്പിക്കുക.
- വളർന്നുവരുന്ന നേതാക്കളെ നിരീക്ഷിച്ചു തിരിച്ചറിഞ്ഞു അവർക്ക് അവസരങ്ങൾ സൃഷ്ടിക്കുകയും ചെയ്യുക, അതുവഴി എല്ലാവർക്കും അവരുടെ ഏറ്റവും മികച്ചത് പ്രദർശിപ്പിക്കുവാൻ സാധിക്കും.
- ഓരോ ഗ്രൂപ്പും അവരുടെ താത്പര്യങ്ങൾക്കും ശേഷികൾക്കും അനുസരിച്ച് തനതായ പ്രവർത്തന പദ്ധതി വികസിപ്പിക്കാൻ പ്രോത്സാഹിപ്പിക്കണം.
- ഒരു ആസൂത്രണ പ്രക്രിയ സമൂഹത്തിലെ അംഗങ്ങൾക്ക് സമൂഹത്തെക്കുറിച്ചുള്ള അവരുടെ അഭിപ്രായങ്ങളും പ്രതീക്ഷകളും ഭയങ്ങളും അറിയിക്കുവാനുള്ള അവസരം നൽകുകയും കൂടാതെ ഒരു നല്ല ആസൂത്രണം എളുപ്പത്തിൽ പിന്തുടരാവുന്ന വഴികാട്ടിയാവുകയും ചെയ്യും.
- ..............................(സന്ദർഭാനുസൃതമായി കൂട്ടിച്ചേർക്കുക അല്ലെങ്കിൽ പരിഷ്കരിക്കുക)

# ഉപയോഗപ്രദമായ മുന്നറിയിപ്പുകൾ

- ഒരേ സമയം നിരവധി പ്രശ്നങ്ങൾ പരിഹരിക്കുവാനുള്ള ശ്രമത്തെ പ്രോത്സാഹിപ്പിക്കരുത്.
- അംഗങ്ങളുടെ വേഗതയ്ക്കൊപ്പം പോകുക, തിരക്കുകൂട്ടരുത്. ചില ഗ്രൂപ്പുകൾ മറ്റുള്ളവയേക്കാൾ കൂടുതൽ സമയമെടുക്കും.
- നിങ്ങളുടെ കാഴ്ചപ്പാടിലൊ സഹായസംഘടനയുടെ വിലയിരുത്തലിലൊ ഉരുത്തിരിയുന്ന ഏറ്റവും പ്രധാനപ്പെട്ട പ്രശ്നം സമൂഹത്തിനു പ്രാധാന്യമുള്ളതാകണമെന്നില്ല. സമൂഹത്തിന്റെ തീരുമാനത്തെ ബഹുമാനിക്കുക.
- ഫെസിലിറ്റേറ്റർ/പ്രവർത്തകർ പ്രോത്സാഹിപ്പിക്കുകയും അംഗങ്ങൾക്ക് മാർഗ്ഗനിർദ്ദേശങ്ങൾ നൽകുകയും സാങ്കേതിക പിന്തുണയും അറിവും നൽകി സഹായിക്കുകയും വേണം. എന്നാൽ പ്രക്രിയയെ നയിക്കാനൊ ബാഹ്യ കാഴ്ചകൾ അടിച്ചേൽപ്പിക്കാനൊ പാടില്ല.
- സമൂഹത്തിലെ അംഗങ്ങൾക്കിടയിൽ അസ്വസ്ഥത സൃഷ്ടിക്കുന്ന സാങ്കേതിക പദപ്രയോഗങ്ങൾ ഉപയോഗിക്കരുത്.
- ............................(സന്ദർഭാനുസൃതമായി കൂട്ടിച്ചേർക്കുക അല്ലെങ്കിൽ പരിഷ്കരിക്കുക)

# സൂചകങ്ങൾ

1. XXX ശതമാനം ഗ്രൂപ്പുകളും സമൂഹത്തെക്കുറിച്ചുള്ള വലിയ ചിത്രവും അതിന്റെ യാഥാർത്ഥ്യങ്ങളെയും അംഗീകരിച്ചു.
2. XXX ശതമാനം ഗ്രൂപ്പുകളും അവരുടെ പ്രശ്നങ്ങൾ തിരിച്ചറിഞ്ഞു, XXX ശതമാനം ഗ്രൂപ്പുകളും പ്രശ്നങ്ങൾക്ക് മുൻഗണനാക്രമം നൽകി.
3. സമൂഹത്തിലെ വിഭവങ്ങളുടെ രേഖ തയ്യാറാക്കൽ (റിസോഴ്സ് മാപ്പിംഗ്) അവർക്ക് പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് പുതിയ ഉൾക്കാഴ്ചകൾ നൽകിയിട്ടുണ്ടെന്ന് XXX ശതമാനം അംഗങ്ങൾ അഭിപ്രായപ്പെട്ടു.
4. പ്രശ്നങ്ങളുടെ മുൻഗണനാക്രമം തയ്യാറാക്കുന്നതും വിഭവങ്ങളുടെ രേഖ തയ്യാറാക്കലും (റിസോഴ്സ് മാപ്പിംഗ്) XXX ശതമാനം ഗ്രൂപ്പുകളെ പുതിയ ഊർജ്ജത്താൽ നിറയ്ക്കുകയും അവരുടെ കൂട്ടായ പ്രതിബദ്ധത വർദ്ധിപ്പിക്കുകയും ചെയ്തു.
5. XXX ശതമാനം ഗ്രൂപ്പുകളിൽ മുഴുവൻ അംഗങ്ങളുടെയും പങ്കാളിത്തമുണ്ടായിരുന്നു.
6. XXX ശതമാനം ഗ്രൂപ്പുകളിൽ, പ്രശ്നങ്ങളുടെ മുൻഗണനാക്രമം തയ്യാറാക്കുന്നതിൽ ആന്തരിക വൈരുദ്ധ്യങ്ങളുണ്ടായിരുന്നു. ഇതിൽ XXX ശതമാനം ഗ്രൂപ്പുകളും അഭിപ്രായ സമന്വയത്തിലൂടെ പൊരുത്തക്കേടുകൾ രമ്യമായി പരിഹരിച്ചു.
7. XXX ശതമാനം ഗ്രൂപ്പുകളും അവരുടെ പ്രവർത്തന (ആക്ടിവിറ്റി) മാട്രിക്സ് തയ്യാറാക്കിയിട്ടുണ്ട്.
8. ................................(സന്ദർഭാനുസൃതമായി കൂട്ടിച്ചേർക്കുക അല്ലെങ്കിൽ പരിഷ്കരിക്കുക)

## സാമൂഹിക പ്രശ്നങ്ങളുടെ മാപ്പിംഗും മുൻഗണനാക്രമീകരണവും

| നം. | തിരിച്ചറിഞ്ഞ പ്രശ്നങ്ങൾ | | പ്രശ്നങ്ങളുടെ മുൻഗണനാക്രമം | |
|---|---|---|---|---|
| | വ്യക്തിഗത പ്രശ്നങ്ങൾ | മുൻഗണന നൽകിയ മൂന്ന് പ്രശ്നങ്ങൾ | സമൂഹത്തിന്റെ പ്രശ്നങ്ങൾ | മുൻഗണന നൽകിയ മൂന്ന് പ്രശ്നങ്ങൾ |
| സ്ത്രീകൾ | | | | |
| ചെറുപ്പക്കാരായ പെൺകുട്ടികൾ | | | | |
| ചെറുപ്പക്കാരായ ആൺകുട്ടികൾ | | | | |
| കുട്ടികൾ | | | | |
| പുരുഷന്മാർ | | | | |
| സാമൂഹ്യാധിഷ്ഠിത സംഘടനകൾ | | | | |

## പ്രവർത്തന ആസൂത്രണ മാട്രിക്സ്

| പ്രവർത്തന ആസൂത്രണ മാട്രിക്സ് | | | | | | |
|---|---|---|---|---|---|---|
| നം. | പ്രവർത്തനത്തിന്റെ വിശദാംശങ്ങൾ (സ്മാർട്ട്) | വിഭവങ്ങൾ - ആവശ്യമുള്ളതും ലഭ്യമായതും | ഉത്തരവാദിത്വപ്പെട്ട വ്യക്തി (കൾ) | എപ്പോഴാണ്? എത്ര ഇടവിട്ട്? | നിരീക്ഷണം | അവലോകനം |
| | | | | | | |
| | | | | | | |
| | | | | | | |
| | | | | | | |
| | | | | | | |

**പ്രവർത്തനങ്ങളുടെ സമയക്രമം**

| പ്രവർത്തനങ്ങളുടെ സമയക്രമം | | | | | | | |
|---|---|---|---|---|---|---|---|
| നം. | പ്രവർത്തനത്തിന്റെ വിശദാംശങ്ങൾ (സ്മാർട്ട്) | ജനുവരി | ഫെബ്രുവരി | മാർച്ച് | ഏപ്രിൽ | മെയ് | ജൂൺ |
| 1 | xxx | xxx | | | | | |
| 2 | xxx | xxx | xxx | | | | |
| 3 | xxx | | xxx | | | | |
| 4 | xxx | | xxx | xxx | xxx | | |
| 5 | xxx | | | | | xxx | xxx |

# പ്രതിഫലനങ്ങൾക്കും പങ്കിടലിനുമുള്ള ചോദ്യങ്ങൾ

1. പ്രശ്നങ്ങൾ തിരിച്ചറിയുന്നതിൽ സമൂഹത്തിലെ അംഗങ്ങളുടെ അനുഭവങ്ങൾ എന്തായിരുന്നു? ആശ്വാസകരമൊ വെല്ലുവിളി നിറഞ്ഞതൊ? ഉദാഹരണങ്ങൾ ഉപയോഗിച്ച് വിശദമാക്കുക.
2. താത്പ്പര്യങ്ങളുടെ വൈരുദ്ധ്യവും, കുറച്ച് പേരുടെ ആധിപത്യവും, ചിലരെ ഒഴിവാക്കുന്നതും ഉണ്ടായിരുന്നൊ? ഉണ്ടെങ്കിൽ, അവ എങ്ങനെ കൈകാര്യം ചെയ്തു?
3. പ്രശ്നങ്ങൾക്ക് മുൻഗണന നൽകുന്നതിനായി അംഗങ്ങൾ വികസിപ്പിച്ച മാനദണ്ഡങ്ങൾ എന്തൊക്കെയാണ് ?
4. ഗ്രൂപ്പ് അംഗങ്ങൾ പതിവിലും കൂടുതൽ സമയം എടുക്കുമ്പോൾ നിങ്ങൾക്ക് എങ്ങനെ ആ സാഹചര്യം അനുഭവപ്പെട്ടു അല്ലെങ്കിൽ കൈകാര്യം ചെയ്തു?
5. പരിഹരിക്കേണ്ട പ്രശ്നങ്ങൾ തിരിച്ചറിഞ്ഞു മുൻഗണന നൽകുമ്പോൾ സമൂഹത്തിന്റെ മാനസികാവസ്ഥ എപ്രകാരമായിരുന്നു?
6. ...............................(സന്ദർഭാനുസൃതമായി കൂട്ടിച്ചേർക്കുക അല്ലെങ്കിൽ പരിഷ്കരിക്കുക)

# സൂക്ഷ്മമായ ആസൂത്രണം സ്ഥിതിഗതികൾ മാറ്റിമറിച്ചു

പദ്ധതികളുടെ സൂക്ഷ്മാസൂത്രണവും സമൂഹത്തിന്റെ ഉടമസ്ഥാവകാശവും ഉജ്ജൈൻ പ്രദേശത്തെ സ്ഥിതിഗതികൾ മാറ്റിമറിച്ചു. ഓരോ ഗ്രാമീണ സമൂഹത്തിനും സ്വന്തം പദ്ധതികൾ വികസിപ്പിക്കാൻ സൗകര്യമൊരുക്കി. പദ്ധതികളുടെ പട്ടിക തയ്യാറാക്കിയ ശേഷം, സമൂഹത്തിലെ അംഗങ്ങൾ ഏറ്റവും അടിയന്തിരമായി പരിഹരിക്കേണ്ട പ്രശ്നങ്ങൾ തിരിച്ചറിഞ്ഞു. മിക്കപ്പോഴും, ദലിത് കുടിയേറ്റ പ്രദേശങ്ങളിലേക്കും, ശ്മാശനത്തിലേക്കുമുള്ള റോഡുകൾ അല്ലെങ്കിൽ ഗ്രാമങ്ങളിലേക്കുള്ള ജലസൗകര്യം എന്നിവയായിരുന്നു. മുഴുവൻ സമൂഹവും പദ്ധതികളുടെ ഉടമസ്ഥാവകാശം ഏറ്റെടുത്തതിനാൽ, നിരവധി ഗ്രാമങ്ങളിൽ രജപുത്ര സ്ത്രീകളും ദലിത് സ്ത്രീകളും ഒന്നിച്ചു കടന്നുവന്നു ദളിതർ താമസിക്കുന്ന പ്രദേശങ്ങളിലേക്കുള്ള റോഡിനു വേണ്ടിയുള്ള ആവശ്യം ഉന്നയിച്ചു. 'ഉയർന്ന ജാതിക്കാരായ സ്ത്രീകൾ ദലിത് സ്ത്രീകൾക്ക് നൽകുന്ന പിന്തുണ കുറച്ച് വർഷങ്ങൾക്ക് മുമ്പ് സങ്കൽപ്പിക്കാൻ പോലും കഴിയുമായിരുന്നില്ല. എന്നാൽ ഇത് ഇപ്പോൾ ഞങ്ങളുടെ പ്രദേശത്ത് ഒരു യാഥാർത്ഥ്യമാണ്', എന്ന് കൃപയിലെ സ്റ്റാഫായ ശ്രീ. സന്തോഷ് അഭിമാനത്തോടെ പറഞ്ഞു. തയ്യാറാക്കിയ 16 പദ്ധതികളിൽ 6 പദ്ധതികൾ ഗ്രാമത്തിൽ പൂർത്തിയാക്കുവാൻ സാധിച്ചു എന്ന് സ്ത്രീകൾ അഭിമാനത്തോടെ പറഞ്ഞു. സമാനമായ വികാരങ്ങൾ പ്രകടിപ്പിക്കുന്നതും മതത്തിനതീതമായി സമൂഹത്തിലെ അംഗങ്ങളെ മറ്റ് സമുദായത്തിലെ അംഗങ്ങൾ പിന്തുണയ്ക്കുന്നതും നഗരപ്രദേശങ്ങളിലും കാണുവാനിടയായി. പദ്ധതികൾക്ക് സമൂഹം ഒന്നിച്ചു നൽകിയ മുൻഗണനാക്രമം മുഖാന്തിരം സമൂഹത്തിലെ അംഗങ്ങൾ ഒന്നിച്ച് പ്രവർത്തിക്കുന്ന രീതി തന്നെ മാറ്റിമറിക്കപ്പെട്ടു.

അദ്ധ്യായം 7

# ഉത്തരവാദിത്വപ്പെട്ട ചുമതലവഹിക്കുന്നവരുമായി മുഖാമുഖം നടത്തുക, ഉപജീവന അവസരങ്ങൾ വിപുലീകരിക്കുക



# ഉത്തരവാദിത്വപ്പെട്ട ചുമതലവഹിക്കുന്നവരുമായി മുഖാമുഖം നടത്തുക, ഉപജീവന അവസരങ്ങൾ വിപുലീകരിക്കുക

## ഉദ്ദേശ്യം

'വികസന മാതൃകയിൽ' നിന്നും 'അവകാശാടിസ്ഥാന സാമൂഹിക പ്രവർത്തന മാതൃകയിലേക്കുള്ള', അടിസ്ഥാനമായ മാറ്റം ബോധപൂർവം കൊണ്ടുവരുക എന്നതാണ് ഈ ഘട്ടത്തിന്റെ ഉദ്ദേശ്യം. മനുഷ്യാവകാശ അധിഷ്ഠിത സമീപനം ആളുകളെ അവരുടെ അവകാശങ്ങൾ അറിയുവാനും അവകാശപ്പെടുവാനും ശാക്തീകരിക്കും. സഹായ സംഘടന കളുടെ മേൽ 'നിശബ്ദമായി ആശ്രയിക്കുന്ന സംസ്കാരം' ഇല്ലാതാക്കുവാൻ ഗ്രൂപ്പുകളെയും സമൂഹാധിഷ്ഠിത സംഘടനകളെയും പ്രാപ്തരാക്കുക. കൂടാതെ പൗരന്മാരെന്ന നിലയിൽ അവരുടെ വ്യക്തിത്വം ഉറപ്പിക്കുവാനും അവകാശപ്പെടുവാനും, അവകാശവാഹകർ എന്ന നിലയിൽ അർഹത നേടുകയും, നിയമപരവും ധാർമ്മികവുമായ ചുമതല നിർവ്വഹിക്കു ന്നവരെ കണക്കുബോധിപ്പിക്കുവാൻ ബാധ്യസ്ഥരുമാക്കുക. പങ്കാളിത്തം, ഉത്തരവാദിത്വം, വിവേചനരഹിതവും സമത്വവും, ശാക്തീകരണം, നിയമസാധുത (PANEL) എന്നീ അഞ്ച് തത്വങ്ങളെ അടിസ്ഥാനമാക്കിയുള്ളതാണ് അവകാശാടിസ്ഥാന പ്രവർത്തനങ്ങൾ. നമ്മുടെ ഭരണഘടനയിലും അന്താരാഷ്ട്ര നിയമങ്ങളിലും വ്യക്തമാക്കിയിരിക്കുന്ന നിയമ പരമായ അവകാശങ്ങളെ പൊതുവെ പാനൽ (PANEL) തത്വങ്ങൾ എന്നറിയപ്പെടുന്നു. പാനൽ തത്വങ്ങൾ പ്രായോഗികമായി മനുഷ്യാവകാശ അധിഷ്ഠിത സമീപനം എന്താണ് അർത്ഥമാക്കുന്നത് എന്ന് വേർതിരിച്ചറിയുന്നതിനുള്ള ഒരു മാർഗമാണ്. അവകാശങ്ങൾ സർക്കാർ നൽകുന്നതല്ല. അവ ഓരോ പൗരനും ജന്മസിദ്ധമായി ലഭിക്കുന്നതും, ഭരണകൂടം മാതൃകാപരമായി ഉറപ്പുവരുത്തേണ്ടതുമാണ്. എന്നിരുന്നാലും, 'അവകാശങ്ങൾ ന ൽകിയിട്ടില്ല, അവ നേടിയെടുക്കുന്നതായിട്ടാണ്' അനുഭവങ്ങളിൽ കാണുവാൻ കഴിഞ്ഞിട്ടുള്ളത്. അവകാശങ്ങൾ അടിസ്ഥാനമാക്കിയുള്ള മാതൃക നടപ്പിലാക്കുന്നത്


മനസ്സിലാക്കുവാൻ സമൂഹത്തിലെ അംഗങ്ങളെ സഹായിക്കണം. സർക്കാർ ഉദ്യോഗസ്ഥർ, തെരഞ്ഞെടുക്കപ്പെട്ട ജനപ്രതിനിധികൾ, പൊതു സ്ഥാപനങ്ങൾ, പോലീസ് എന്നിവരുമായി ചർച്ച നടത്തുന്നതിനിടയിൽ സംസ്ഥാനത്തിനു മേൽക്കൈയുള്ള പ്രവർത്തനങ്ങൾ കാരണം ബന്ധങ്ങളിൽ വിള്ളലുകൾ ഉണ്ടാകാം. ആയതിനാൽ അഹിംസാത്മക തന്ത്രങ്ങളിലൂടെ അവരുടെ അവകാശങ്ങൾ നേടിയെടുക്കുവാൻ സമൂഹത്തിലെ അംഗങ്ങൾക്ക് മതിയായ മനുഷ്യമൂലധനം, പ്രസക്തമായ കഴിവുകളും ശേഷികളും, നിയമങ്ങളെക്കുറിച്ചുള്ള അറിവ്, നടപടിക്രമങ്ങൾ, ചർച്ചകൾക്കും സംഭാഷണത്തിനുമുള്ള കഴിവ് ഉപയോഗിച്ച് ശാക്തീകരിക്കേണ്ടത് ആവശ്യമാണ്.

ഉപജീവന അവസരങ്ങൾ ശക്തിപ്പെടുത്തുക, തൊഴിൽ നൈപുണ്യത്തിനു വേണ്ടുന്ന കാര്യശേഷി വർദ്ധിപ്പിക്കുക, സംരംഭകത്വത്തിനു വേണ്ടുന്ന ബാങ്ക് വായ്പകൾ നേടിയെടുക്കുക എന്നിവയിൽ പുതിയ അവസരങ്ങൾ കണ്ടെത്തുവാനുള്ള ഒരു ഘട്ടം കൂടിയാണിത്. മെച്ചപ്പെട്ട ജീവിത നിലവാരത്തിനായി അർഹമായ പൗരാവകാശങ്ങൾ നേടുവാനും ഉത്തരവാദിത്വപ്പെട്ട ചുമതല വഹിക്കുന്നവരുമായി കൂടുതൽ മുഖാമുഖവും കൂടിയാലോചനകളും നടത്തുന്നതാണ് ഈ ഘട്ടത്തിന്റെ പരിണിതഫലം.

## സമയ പരിധി

ഈ ഘട്ടത്തിലാണ്, രൂപീകരിച്ച ഗ്രൂപ്പുകൾ അവരുടെ ആവശ്യങ്ങൾ, അവകാശങ്ങൾ, അർഹതകൾ എന്നിവ ഉത്തരവാദിത്വപെട്ടവരുമായി വിലപേശി ചർച്ച ചെയ്തു വിശകലനം നടത്തുവാനും ഉറപ്പാക്കുവാനും ആരംഭിക്കുന്നത്. അവരുടെ പൗരാധികാരം ഉറപ്പാക്കുന്നതിനുള്ള പുതിയ വഴികൾ അവർ കണ്ടെത്തുവാൻ ആരംഭിക്കുന്നു. നിലവിലെ അധികാരനടത്തിപ്പിലും ഉദ്യോഗസ്ഥ ഭരണനിർവ്വഹണ സംവിധാനത്തിലും, ജനങ്ങളുടെ അർഹതപ്പെട്ട അവകാശങ്ങൾ നേടുന്നതിനും വികസന പദ്ധതികൾ അല്ലെങ്കിൽ ഉപജീവനമാർഗങ്ങൾ എന്നിവ നേടുന്നതിനും നിരന്തരമായ ശ്രമങ്ങൾ ആവശ്യമാണ്. ഈ ഘട്ടം പൂർത്തീകരിക്കാൻ ഏകദേശം 2 മുതൽ 3 വർഷം വരെ സമയം എടുക്കും.

**കാര്യക്ഷമമായ മുഖാമുഖം നടത്തുവാൻ വേണ്ടുന്ന അറിവും കഴിവും**




## ആറാം ഘട്ടം മുന്നോട്ടു നയിക്കുന്നതിനുള്ള വഴികൾ

- അവകാശങ്ങളേയും അർഹതകളേയും കുറിച്ച് അറിവും ജ്ഞാനമുള്ളവരുമായി മാറുന്നതിന് അംഗങ്ങളെ പരിശീലിപ്പിക്കുക.
- വിവരാവകാശം, വിദ്യാഭ്യാസ അവകാശം, മഹാത്മാഗാന്ധി ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി, ഭക്ഷണത്തിനുള്ള അവകാശം എന്നിങ്ങനെ വിവിധ സാമൂഹിക നിയമ നിർമ്മാണങ്ങളെക്കുറിച്ചു അറിവും കൂടാതെ, റേഷൻ സംവിധാനം, സൗജന്യ നിയമ



സഹായം, പ്രസവാനുകൂല്യങ്ങൾ, പെൻഷൻ, ഭിന്നശേഷിക്കാർക്കുള്ള സഹായം, ദളിതർക്കുള്ള വിദ്യാഭ്യാസ സഹായം, ആദിവാസികൾ, ന്യൂനപക്ഷങ്ങൾ, കൂടാതെ തിരിച്ചറിയൽ കാർഡുകൾ എങ്ങനെ നേടാം, വോട്ടർ കാർഡ്, ആധാർ കാർഡ്, തൊഴിൽ കാർഡ്, ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവർക്കുള്ള (ബി പി എൽ) കാർഡ്, ജനനം, മരണം, വരുമാനം എന്നിങ്ങനെയുള്ള വിവിധ സർട്ടിഫിക്കറ്റുകൾ എന്നിങ്ങനെ അർഹതപ്പെട്ടത് നേടുന്നതിനും; ഇതിനായുള്ള നടപടിക്രമങ്ങൾ സംബന്ധിച്ച പരിശീലനം സംഘടിപ്പിക്കുക

- ഭരണഘടനയാലും വിവിധ നിയമങ്ങളാലും സംരക്ഷിക്കപ്പെടുന്ന മൂല്യങ്ങളെക്കുറിച്ചും, വായ്പകൾ നേടുന്നതിനും, സബ്സിഡികൾ, ക്ഷേമപദ്ധതികൾ പോലുള്ള നയങ്ങൾ, പദ്ധതികൾ, എന്നിവയെക്കുറിച്ച് സമൂഹത്തിലെ അംഗങ്ങളെ പരിശീലിപ്പിക്കുക.
- അപേക്ഷകൾ പൂരിപ്പിക്കൽ, ഇന്റർനെറ്റ് സേവനം ഉപയോഗപ്പെടുത്തൽ, വിവിധ നോഡൽ ഓഫീസുകളെക്കുറിച്ചുള്ള വിവരങ്ങൾ, ഭരണ സംവിധാനങ്ങൾ – പഞ്ചായത്ത്, വിവിധ വകുപ്പുകൾ, പ്രാദേശിക, ബ്ലോക്ക്, ജില്ലാ അല്ലെങ്കിൽ സംസ്ഥാന തലങ്ങളിലെ ഭരണനിർവ്വഹണ ഓഫീസുകൾ എന്നിവയെക്കുറിച്ചു സൈദ്ധാന്തിക പരിജ്ഞാനവും പ്രായോഗിക നടപടിക്രമങ്ങളിലും പരിശീലനം ലഭിക്കുന്നുണ്ടെന്നും ഉറപ്പാക്കുക.
- വിവിധ സർക്കാർ പദ്ധതികൾ, പ്രോഗ്രാമുകൾ എന്നിവ ലഭ്യമാക്കുന്നതിലൂടെ ജനങ്ങളുടെ ഉപജീവന മാർഗ്ഗങ്ങൾ ശക്തിപ്പെടുത്തുന്നതിനുള്ള അവസരങ്ങൾ

തുറന്നുകൊടുക്കുക, സ്വകാര്യ സ്ഥാപനങ്ങളും കോർപ്പറേറ്റ് സോഷ്യൽ റെസ്പോൺസിബിലിറ്റി (CSR) സംരംഭങ്ങളും വാഗ്ദാനം ചെയ്യുന്ന പദ്ധതികളും സൗകര്യങ്ങളും തൊഴിൽ നൈപുണ്യവും സമൂഹത്തിലെ അംഗങ്ങളെ പരിചയപ്പെടുത്തുക

- നിവേദനങ്ങൾ എങ്ങനെ തയ്യാറാക്കാമെന്നും ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് മുന്നിൽ എങ്ങനെ വിഷയങ്ങൾ അവതരിപ്പിക്കണമെന്നും ഹർജികൾ സമർപ്പിക്കുന്നതും മുഖാമുഖ യോഗങ്ങൾ നടത്തുന്നതും എപ്രകാരം എന്നതിനെക്കുറിച്ചും സമൂഹത്തിലെ അംഗങ്ങൾക്ക് മാർഗ്ഗനിർദ്ദേശങ്ങൾ നൽകുക.
- സമൂഹത്തിലെ അംഗങ്ങൾ പഠിക്കുന്ന കാര്യങ്ങൾ പരിശീലിപ്പിക്കുന്നതിനും ഇടനിലക്കാരേയും ദല്ലാളുകളേയും ഒഴിവാക്കുന്നതിനും യുവജന വോളന്റിയർമാരുമായി ചേർന്ന് മാതൃകാ സഹായ കേന്ദ്രങ്ങൾ സ്ഥാപിക്കുക.
- ശാക്തീകരണ പ്രക്രിയയെ പിന്തുടരുക, അതായത്, സമൂഹത്തിലെ അംഗങ്ങൾക്ക് അവരുടെ 'നിശബ്ദ സംസ്കാരം', സ്വയാശ്രയത്വ ലക്ഷണങ്ങൾ എന്നിവ ഇല്ലാതാക്കി ഓരോ അംഗങ്ങളുടേയും കാര്യശേഷി വർദ്ധിപ്പിക്കുക, ബലപ്പെടുത്തുക, സാക്ഷാത്കരിക്കുക, ഉയർച്ച കൈവരിക്കുക.
- ഉത്തരവാദിത്വപ്പെട്ട ചുമതല വഹിക്കുന്നവരുമായുള്ള കൂടിക്കാഴ്ചകൾ നടത്തുന്ന സമയത്ത് അവകാശങ്ങൾ, നടപടിക്രമങ്ങൾ, സംഭാഷണം, ചർച്ചകൾ എന്നിവയുടെ ആവിഷ്കാരണം പ്രധാന പങ്ക് വഹിക്കുന്നു.
- പാനൽ (PANEL) തത്വങ്ങൾ അവതരിപ്പിക്കുകയും അവ സമൂഹത്തിൽ തന്നെ പരിപോഷിപ്പിക്കപ്പെടുകയും നടപ്പാക്കുകയും ചെയ്യുന്നുവെന്ന് ഉറപ്പാക്കുക.
- പൊതു മീറ്റിംഗുകൾ, പോസ്റ്റർ കാമ്പെയ്നുകൾ, സോഷ്യൽ മീഡിയ, പ്രസ് മീറ്റ്, പ്രസ് ഇന്റർവ്യൂ, പ്രമുഖ വ്യക്തികളുടെ സാന്നിധ്യത്തിൽ പൊതു ഹിയറിംഗ്, സർക്കാർ സംഘടിപ്പിക്കുന്ന അദാലത്തുകളിൽ (ജൻ സുൻവായ്) പങ്കെടുക്കുക എന്നിവയിലൂടെ പൊതു അഭിപ്രായങ്ങളും പിന്തുണയും കൈവരിച്ചു പൊതു ശുപാർശ സൂചികകൾ അവതരിപ്പിക്കുക.
- ചില സന്ദർഭങ്ങളിൽ, ധർണ, കുത്തിയിരിപ്പ് സമരം, പൊതു റാലി അല്ലെങ്കിൽ മറ്റേതെങ്കിലും അഹിംസാ രീതിയിലുള്ള പ്രതിഷേധം എന്നിവ സർക്കാർ ഉദ്യോഗസ്ഥർക്ക് സമൂഹത്തിന്റെ കടുത്ത ആവശ്യങ്ങൾ മനസ്സിലാക്കുന്നതിനു തിരഞ്ഞെടുക്കാവുന്ന ഒരു പോംവഴിയാണ്. അത്തരം പ്രതിഷേധത്തെക്കുറിച്ച് സമൂഹത്തെ അറിയിക്കുക.
- പോലീസ് സ്റ്റേഷൻ, കോടതികൾ, സർക്കാർ ഓഫീസുകൾ എന്നിടങ്ങളിലുള്ള സന്ദർശനങ്ങൾ ആത്മവിശ്വാസം നേടാൻ സഹായിക്കുന്നു.
- ..............................(സന്ദർഭാനുസൃതമായി കൂട്ടിച്ചേർക്കുക അല്ലെങ്കിൽ പരിഷ്കരിക്കുക)

## സഹായകരമായ നിർദ്ദേശങ്ങൾ

- വികസന സമീപനത്തിൽ നിന്നും അവകാശാധിഷ്ഠിത സമീപനത്തിലേക്കുള്ള മാറ്റം വളരെ സമയമെടുക്കുന്ന ഒന്നാണ്. ചില ഗ്രൂപ്പുകൾക്ക് സർക്കാരിന്റെ ഘടനയും സംവിധാനങ്ങളും മനസ്സിലാക്കാൻ ഒരു സഹായഹസ്തം ആവശ്യമായി വരും. ചിലപ്പോൾ സമൂഹത്തിലെ അംഗങ്ങൾ അവരുടെ ആവശ്യങ്ങൾക്ക് അവർക്കൊപ്പം കൂടെചെല്ലുവാൻ അവശ്യപ്പെട്ടേക്കാം. ഇതും പരിശീലനത്തിന്റെ ഒരു ഭാഗമാണ്. എന്നിരുന്നാലും, ആത്യന്തികമായി സമൂഹത്തിലെ അംഗങ്ങൾ തന്നെ ഈ പ്രക്രിയയുടെ നായകത്വം ഏറ്റെടുക്കണം..

- ഉത്തരവാദിത്വമുള്ള ചുമതലക്കാരുമായി അഭിമുഖം നടത്തുന്നതിന് സഹായ സംഘടനയുടെ വിശ്വാസ്യത വളരെ ഉപകാരപ്രദമാകും. എന്നിരുന്നാലും, പരസ്പര പ്രവർത്തനങ്ങൾ ജനങ്ങളാൽ നയിക്കപ്പെടുന്നതാകുവാൻ പ്രചോദിപ്പിക്കുക.
- ധാർമ്മിക പിന്തുണയിൽ തുടങ്ങി എഴുതുവാനുള്ള കഴിവിൽ നിന്നും സാങ്കേതിക പിന്തുണ വരെയുള്ള വിവിധ സഹായങ്ങൾ ആവശ്യമായി വന്നേക്കാം. സാധ്യമാകുന്ന എല്ലാ മേഖലകളിലും, സമൂഹത്തിലെ അംഗങ്ങളെ അല്ലെങ്കിൽ അവരുടെ കുട്ടികളെ പരിശീലിപ്പിക്കേണ്ടത് പ്രധാനമാണ്. എഴുതുവാനുള്ള കഴിവും സാങ്കേതിക കഴിവുകളും യുവജനങ്ങൾ വളരെ വേഗത്തിൽ സ്വായത്തമാക്കും. ഇവരുടെ കഴിവുകൾ മുഴുവനായും പ്രയോജനപ്പെടുത്തുവാൻ സാധിക്കും.
- സർക്കാർ പദ്ധതികൾ, സാമൂഹിക സുരക്ഷാ മുൻകരുതലുകൾ, പാവപ്പെട്ടവർക്കു വേണ്ടിയുള്ള വിവിധ സംസ്ഥാന–കേന്ദ്ര സർക്കാർ പദ്ധതികൾ എന്നിവയുടെ എല്ലാ നടപടിക്രമങ്ങളും ഉൾച്ചേർത്തുകൊണ്ടുള്ള ഒരു സഹായഗ്രന്ഥം തയ്യാറാക്കുക.
- വിവിധ വിഷയങ്ങളെ സംബന്ധിച്ച പുസ്തകങ്ങൾ ഉള്ള സമൂഹം നടത്തുന്ന ഒരു സമഗ്ര ഗ്രന്ഥശാല സ്ഥാപിക്കുകയും, വായനയുടേയും പങ്കുവയ്ക്കലിന്റെയും സംസ്കാരം വളർത്തുകയും ചെയ്യുക.
- അംഗങ്ങൾ വ്യക്തിഗതമായും കൂട്ടായും പ്രചോദനവും തീക്ഷണതയും പ്രതിബദ്ധതയും നേടി അവരുടെ പ്രശ്നങ്ങൾക്ക് മുൻഗണനകൾ നൽകി വേണ്ടുന്ന പ്രവർത്തന പദ്ധതി വികസിപ്പിച്ചു കഴിഞ്ഞാൽ, ഉദ്യോഗസ്ഥരെ കണ്ടുമുട്ടുന്നതിനുള്ള നേതൃത്വം ജനങ്ങൾ തന്നെ ഏറ്റെടുക്കണം. ഇവിടെ സമൂഹത്തിലെ അംഗങ്ങളുടെ താളത്തിനനുസരിച്ചു വേണം മുമ്പോട്ടു പോകുവാൻ.
- അനുഭവങ്ങളിൽ നിന്നുള്ള പാഠങ്ങൾ പഠിക്കുന്നതിനും, സമയാസമയങ്ങളിൽ പ്രക്രിയ അവലോകനവും പ്രതിഫലന യോഗങ്ങളും സംഘടിപ്പിക്കുക.
- ‘ജിസ്കി ലഡായ്, ഉസ്കി അഗ്വായ്’ (അവന്റെയൊ അവളുടെയൊ പോരാട്ടമാണിതെങ്കിൽ, അവനൊ അവളൊ നേതൃത്വം ഏറ്റെടുക്കുക) എന്ന ശുപാർശ മുദ്രാവാക്യം മറന്നുപോകരുത്.
- പൊതു പ്രവർത്തനത്തിൽ വൈകാരികതയെ ക്രിയാത്മക ചിന്തകൾ മറികടക്കുന്ന കാഴ്ച്ചയാണ് അനുഭവങ്ങൾ നൽകിയിട്ടുള്ളത്. നല്ല ആസൂത്രണം, വിശദമായ കടമകളും ഉത്തരവാദിത്വങ്ങളും, ജനക്കൂട്ട നിയന്ത്രണം, ടീമിനുള്ളിലുള്ള വിലപേശൽ, പൊതു പ്രവർത്തനത്തിൽ ഉയർത്തി കാണിക്കുന്ന ആവശ്യങ്ങൾ എന്നിവ ഊന്നിപ്പറയുക.
- ..............................(സന്ദർഭാനുസൃതമായി കൂട്ടിച്ചേർക്കുക അല്ലെങ്കിൽ പരിഷ്കരിക്കുക)

## ഉപകരപ്രദമായ മുന്നറിയിപ്പുകൾ

- ഉത്തരവാദിത്വപ്പെട്ട ചുമതലവഹിക്കുന്നവരെ വെല്ലുവിളിക്കുവാനൊ എതിർക്കുവാനൊ സമൂഹത്തിലെ അംഗങ്ങളെ നിർബന്ധിക്കരുത്.
- പ്രതിഷേധങ്ങളും ധാരണകളും നടത്തുവാൻ സ്നേഹം നടിച്ചു ജനങ്ങളെ വശത്താക്കരുത്. പ്രതിഷേധങ്ങൾ നടത്തുന്നതിനുള്ള തീരുമാനം നിർബന്ധമായും സമൂഹത്തിലെ അംഗങ്ങൾ തന്നെയായിരിക്കണം എടുക്കേണ്ടത്.
- ചില സമയങ്ങളിൽ, സർക്കാർ പൗരന്മാരോട് സ്വേച്ഛാധിപതിയെപ്പോലെ പെരുമാറുവാൻ സാധ്യതയുള്ളതുകൊണ്ട്; ധർണ, പ്രതിഷേധം പോലുള്ള പൊതുപ്രവർത്തനങ്ങളുടെ പ്രത്യാഘാതങ്ങളും സാധ്യമായ വീഴ്ചകളും മനസ്സിലാക്കുവാൻ ജനങ്ങളെ പ്രേരിപ്പിക്കുക.

- പ്രതിഷേധത്തിനിടെ ഏതെങ്കിലും തരത്തിലുള്ള അക്രമങ്ങളും പൊതു അല്ലെങ്കിൽ സ്വകാര്യ സ്വത്തുക്കൾക്ക് നാശനഷ്ടം വരുത്തുന്നത് നിയമവിരുദ്ധമായതിനാൽ ഈ പ്രവൃത്തികൾ ഒഴിവാക്കുവാൻ ജനങ്ങളോട് നിർദ്ദേശിക്കുക.
- ഉത്തരവാദിത്വപ്പെട്ട ചുമതല വഹിക്കുന്നവരുമായുള്ള മുഖാമുഖം നേതാക്കളുടെയൊ വിദ്യാസമ്പന്നരായ അംഗങ്ങളുടെയൊ മാത്രം ജോലിയല്ല, പ്രത്യുത എല്ലാ അംഗങ്ങളും ഇത്തരം നടപടി ക്രമങ്ങളിൽ ഇടപെടാൻ എല്ലാവരേയും പ്രോത്സാഹിപ്പിക്കണം.
- ..............................(സന്ദർഭാനുസൃതമായി കൂട്ടിച്ചേർക്കുക അല്ലെങ്കിൽ പരിഷ്കരിക്കുക)

# സൂചകങ്ങൾ

1. xxx സ്ത്രീകൾ xxx പുരുഷന്മാർ xxx യുവജനങ്ങൾ നിവേദനങ്ങളും അപേക്ഷകളും തയ്യാറാക്കുന്നത് പഠിച്ചു.
2. റേഷൻ കാർഡ്, വോട്ടർ കാർഡ്, ആധാർ കാർഡ് എന്നിവ ലഭിക്കുന്നതിന് xxx വ്യക്തിഗത അപേക്ഷകൾ സമർപ്പിച്ചു; വിധവ പെൻഷനു xxx വിധവകൾ അപേക്ഷ സമർപ്പിച്ചു.
3. xxx വ്യക്തികൾക്ക് തിരിച്ചറിയൽ കാർഡുകൾ ലഭിച്ചു; xxx വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസ സ്കോളർഷിപ്പ് ലഭിച്ചു; xxx കുടുംബങ്ങൾക്ക് തൊഴിൽ കാർഡുകളും xxx കുടുംബങ്ങൾക്ക് വിവിധ സർട്ടിഫിക്കറ്റുകളും ലഭിച്ചു.
4. സമൂഹത്തിലെ വിവിധ പൊതുവായ പ്രശ്നങ്ങളെക്കുറിച്ച് ഉചിതമായ അധികാരികൾക്ക് xxx ഗ്രൂപ്പുകൾ നിവേദനങ്ങൾ സമർപ്പിച്ചു.
5. xxx ശതമാനം നേതാക്കൾ വാക്ചാതുര്യതയും അനുരഞ്ജന മികവും, വിലപേശൽ നിരീക്ഷണ വൈദഗ്ധ്യവും വികസിപ്പിച്ചെടുത്തിട്ടുണ്ട്.
6. സമൂഹത്തിലെ xxx അംഗങ്ങൾക്ക് സർക്കാർ ഓഫീസുകൾ സുപരിചിതമായിട്ടുണ്ട്, കൂടാതെ അവർക്ക് ഉദ്യോഗസ്ഥരെ സ്വയം സന്ദർശിക്കുവാനുള്ള പ്രാപ്തിയുമുണ്ടായി.
7. സമൂഹത്തിലെ xxx അംഗങ്ങൾക്ക് വിവിധ സർക്കാർ – സ്വകാര്യ ചെറിയ – വലിയ പദ്ധതികൾ നേടിയെടുക്കുവാൻ സാധിച്ചു.
8. xxx യുവജനങ്ങൾ നിവേദനങ്ങൾ തയ്യാറാക്കുന്നതിന് സന്നദ്ധ സേവനം നൽകി
9. xxx അംഗങ്ങൾക്ക് ഉദ്യോഗസ്ഥർ, അധികാരികൾ എന്നിവർക്കു പൗരന്മാരോട് ഉത്തരവാദിത്വമുണ്ടെന്നു മനസ്സിലായി
10. ഗ്രൂപ്പുകൾ, വ്യക്തിഗത സാമൂഹിക പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് സംബന്ധപെട്ട സർക്കാർ ഉദ്യോഗസ്ഥരുമായി xxx മുഖാമുഖ യോഗങ്ങൾ നടത്തി.
11. xxx വ്യക്തികൾ വിവരാവകാശ അപേക്ഷകൾ എഴുതുന്നത് എങ്ങനെ എന്ന് പഠിക്കുകയും, പൊതു വിവരാവകാശ ഉദ്യോഗസ്ഥൻ സമക്ഷം സമർപ്പിക്കുകയും ചെയ്തു.
12. ...............................(സന്ദർഭാനുസൃതമായി കൂട്ടിച്ചേർക്കുക അല്ലെങ്കിൽ പരിഷ്കരിക്കുക)

# സ്വയം വിലയിരുത്തൽ സൂചിക

'1' മുതൽ '5' വരെയുള്ള സ്കെയിലിൽ; '1' ഏറ്റവും കുറഞ്ഞതും, '5' പരമാവധി ഉള്ളതും. നിങ്ങൾ എങ്ങനെ പുരോഗതി വിലയിരുത്തും?

| നം. | വളർച്ചാ മേഖലകൾ | സ്കോർ |
|---|---|---|
| 1. | അപേക്ഷകളും നിവേദനങ്ങളും തയ്യാറാക്കാൻ ഞാൻ പഠിച്ചു. | |
| 2. | പ്രാദേശിക സർക്കാർ ഓഫീസുകൾ എവിടെയാണെന്ന് എനിക്കറിയാം. | |
| 3. | എന്റെ നിവേദനം സമർപ്പിക്കാൻ ഓഫീസുകളിൽ ഒറ്റയ്ക്ക് പോകുവാൻ സാധിക്കുമെന്നെനിക്കു ഉറപ്പുണ്ട്. | |
| 4. | ഉദ്യോഗസ്ഥരുമായി വിലപേശി ചർച്ച നടത്തി ധാരണയുണ്ടാക്കുവാൻ ഞാൻ പഠിച്ചു. | |
| 5. | എനിക്ക് അർഹതപ്പെട്ടത് നേടുന്നതിന് ഞാൻ തുടർച്ചയായി അനന്തര നടപടികൾ സ്വീകരിക്കാറുണ്ട്. | |
| 6. | എനിക്ക് മറ്റുള്ളവരെ നിവേദനം തയ്യാറാക്കുന്നതിനും ഉദ്യോഗസ്ഥരെ കാണുന്നതിനും സഹായിക്കാനാകും. | |
| 7. | ഞാൻ ശക്തമായ പൗരബോധം വളർത്തിയെടുത്തു. | |
| 8. | സഹായ സംഘടനകൾ സംഘടിപ്പിച്ച പരിശീലനങ്ങൾ മുഖന്തിരം പദ്ധതികൾ, അവകാശങ്ങൾ എന്നിവയെക്കുറിച്ചും അവ നേടിയെടുക്കുന്നതിനുള്ള നടപടിക്രമങ്ങളെക്കുറിച്ചും അറിവ് വളർത്തുവാൻ എനിക്ക് സാധിച്ചു. | |
| 9. | ഞങ്ങളുടെ പ്രദേശങ്ങൾ സന്ദർശിക്കുവാൻ ഉദ്യോഗസ്ഥർ വരുമ്പോൾ, ഞങ്ങളുടെ ആവശ്യങ്ങളെക്കുറിച്ച് ഭയമൊ ലജ്ജയൊ ഇല്ലാതെ ഞാൻ സംസാരിക്കുന്നു. | |
| 10. | വിവിധ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി പ്രാദേശിക സർക്കാർ ഉദ്യോഗസ്ഥരെ ഗ്രൂപ്പ് അംഗങ്ങൾ ഐക്യത്തോടെ സമീപിക്കുന്നു. | |
| 11. | ഉദ്യോഗസ്ഥരുമായി കൂടിക്കാഴ്ച നടത്തുമ്പോൾ ഗ്രൂപ്പ് അംഗങ്ങൾ ധൈര്യവും വ്യക്തതയും ആത്മവിശ്വാസവും കാണിക്കുന്നു. | |
| 12. | അംഗങ്ങളുടെ കഴിവിനും പ്രാപ്തിക്കുമനുസരിച്ചു ഗ്രൂപ്പ് അംഗങ്ങൾ അവരുടെ ഉത്തരവാദിത്വങ്ങൾ പങ്കിടുന്നു. | |
| 13. | ഗ്രൂപ്പ് അംഗങ്ങൾ അവരുടെ പ്രദേശത്തു പ്രവർത്തിക്കുന്ന സഹായ സംഘടനകളുടെ പക്ഷത്തു നിന്നും മറ്റു എൻ ജി ഒ-കളുടെ പക്ഷത്തു നിന്നും എല്ലാറ്റിനും കൃത്യമായ കണക്കുബോധിപ്പിക്കുവാൻ ആവശ്യപ്പെടുന്നു. | |
| 14. | ഒരു സമൂഹമെന്ന നിലയിൽ ഞങ്ങൾ പദ്ധതികൾ ആസൂത്രണം ചെയ്യുകയും തന്ത്രങ്ങൾ ഉപയോഗിക്കുകയും അവ നടപ്പിലാക്കുകയും ചെയ്യുന്നു. | |
| 15. | ഗ്രൂപ്പ് നേതാക്കൾ ആസൂത്രണ, അവലോകന യോഗങ്ങൾ പതിവായി സംഘടിപ്പിക്കുന്നു. | |
| 16. | ...............................(സന്ദർഭാനുസൃതമായി പ്രത്യേക വളർച്ചാമേഖലകൾ കൂട്ടിച്ചേർക്കുക) | |

*കുറിപ്പ്: എല്ലാ നേതാക്കളോടും സ്വയം വിലയിരുത്താനും മാർക്ക് മുഴുവനും കൂട്ടി നൽകാനും ആവശ്യപ്പെടുക. മുഴുവൻ മാർക്കിനെ അടിസ്ഥാനമാക്കി ഒരു സംഭാഷണം നടത്തുക. ആദ്യ 8 മേഖലകൾ വ്യക്തിഗത വളർച്ചയെ സൂചിപ്പിക്കുന്നു. ശക്തി അംഗീകരിക്കുകയും വെല്ലുവിളികൾ തിരിച്ചറിയുകയും ചെയ്യുക. അതുപോലെ, മറ്റൊരു ചർച്ച ഗ്രൂപ്പുകളുടെയൊ നേതാക്കളുടെയൊ വളർച്ചയെക്കുറിച്ചായിരിക്കാം.*



# പ്രതിഫലനത്തിനും പങ്കിടലിനുമുള്ള ചോദ്യങ്ങൾ

1. അവകാശങ്ങൾ അടിസ്ഥാനമാക്കിയുള്ള ഇടപെടലുകൾ മനസ്സിലാക്കുന്നതിലും സ്വീകരിക്കുന്നതിലും സമൂഹത്തിലെ അംഗങ്ങളുടെ അനുഭവങ്ങൾ, പോരാട്ടങ്ങൾ അല്ലെങ്കിൽ വെല്ലുവിളികൾ എന്തൊക്കെയായിരുന്നു?
2. സമൂഹത്തിലെ അംഗങ്ങൾക്ക് വിവിധ പരിശീലനങ്ങൾ ഉപയോഗപ്രദമായി തോന്നിയിട്ടുണ്ടോ? ഉണ്ടെങ്കിൽ, അംഗങ്ങൾ വളരെ ഉപയോഗപ്രദമെന്ന് വിലയിരുത്തിയത് എന്താണ്? ഉള്ളടക്കത്തെക്കുറിച്ചോ രീതിശാസ്ത്രത്തെക്കുറിച്ചോ അവർ അഭിപ്രായങ്ങൾ പറഞ്ഞുവോ?
3. സമൂഹത്തിലെ അംഗങ്ങൾക്ക് സ്വയം ഉദ്യോഗസ്ഥരുമായി കൂടിക്കാഴ്ച നടത്തുവാൻ ആത്മവിശ്വാസം തോന്നിയിട്ടുണ്ടോ? ഉണ്ടെങ്കിൽ, അവരുടെ പഠനങ്ങളും വെല്ലുവിളികളും എന്തായിരുന്നു?
4. പൗരാവകാശികളെയും ഉത്തരവാദിത്വപ്പെട്ട ചുമതല വഹിക്കുന്നവരെയും ബന്ധിപ്പിക്കുന്നതിൽ നിങ്ങളുടെ സംതൃപ്തി എന്താണ്? നിങ്ങളുടെ സംതൃപ്തി നില വ്യക്തമാക്കുന്നതിന് ഉദാഹരണങ്ങൾ നൽകുക.
5. സമൂഹത്തിലെ അംഗങ്ങൾ പ്രചാരണത്തിനും പ്രതിഷേധത്തിനും ധർണ്ണയ്ക്കും പോയത് എന്ത് പ്രശ്നങ്ങൾക്ക് വേണ്ടിയാണ്, അതിൽ നിന്നും അവർ ഉൾക്കൊണ്ട പാഠങ്ങൾ എന്തായിരുന്നു?
6. ..............................(സന്ദർഭാനുസൃതമായി കൂട്ടിച്ചേർക്കുക അല്ലെങ്കിൽ പരിഷ്കരിക്കുക)

# അവകാശങ്ങൾ അല്ലെങ്കിൽ അർഹതപ്പെട്ടത് നേടിയെടുക്കുന്നതിനുണ്ടായ 'ചിലവ്'

പി ജി എസ് എസിലെ കുമാരി മൈന ദേവി ഒരു സംഭവം വിവരിക്കുന്നു: ''ഒരു പുരുഷൻ ഗർഭിണിയായ സ്ത്രീയെ ആശുപത്രിയിലേക്ക് കൊണ്ടുപോയപ്പോൾ അവൾ മരിച്ചു പോയി. റോഡ് വളരെ മോശമായതിനാൽ അവളെ കൃത്യസമയത്ത് ആശുപത്രിയിൽ എത്തിക്കാൻ കഴിഞ്ഞില്ല. ഗർഭിണിയായ സ്ത്രീയുടെ മരണം ഗ്രാമീണരെ പ്രകോപിപ്പിക്കുകയും, ഉടൻതന്നെ ജനങ്ങൾ സ്വമേധയാ റോഡ് തടഞ്ഞു. പോലീസ് വന്ന് ജനങ്ങളെ ലാത്തി വച്ച് അടിച്ചോടിക്കുവാൻ ശ്രമിച്ചു. എന്നിട്ടും സ്ത്രീകൾ പിൻമാറിയില്ല. പിന്നീട് ബ്ലോക്ക് ഡവലപ്മെന്റ് ഓഫീസർ വന്ന് സ്ത്രീകളെ സന്ദർശിച്ച് റോഡ് നന്നാക്കുമെന്ന് ഉറപ്പ് നൽകി. ഈ സംഭവത്തെക്കുറിച്ച് ചിന്തിച്ചപ്പോൾ, വനിതാ ഗ്രൂപ്പ് അംഗങ്ങൾക്ക് റോഡ് തടയാൻ എങ്ങനെ ശക്തി ലഭിച്ചുവെന്ന് ആശ്ചര്യപ്പെടുകയും ലാത്തി ചാർജ് ഉണ്ടായിരുന്നിട്ടും ഉദ്യോഗസ്ഥരെ നേരിടുവാൻ എങ്ങനെ സാധിച്ചുവെന്നും ആശ്ചര്യപ്പെടുകയുണ്ടായി. ഇത് തങ്ങളുടെ കൂട്ടായ ശക്തിയുടെ പ്രകടനമായിരുന്നു എന്ന് അവർക്ക് മനസ്സിലായി''.

58 വയസുള്ള വിധവയായ ശ്രീമതി സൈഫുൻ, കഴിഞ്ഞ 45 വർഷമായി ടാംഗ്രയിലെ മുസ്ലിം ക്യാമ്പ് പ്രദേശത്ത് താമസിക്കുന്നു. ഭർത്താവിനെ നഷ്ടപ്പെട്ടിട്ടും കുടുംബത്തിലെ ദുരന്തങ്ങളും ഉണ്ടായിരുന്നിട്ടും, അവർ വനിതാ ഗ്രൂപ്പിലെ സജീവ അംഗവും പ്രദേശത്തെ ചലനാത്മകയായ നേതാവുമായിരുന്നു. പ്രദേശത്ത് നിരവധി പ്രശ്നങ്ങളുണ്ടായിരുന്നു – അഴുക്കുചാലുകൾ കവിഞ്ഞൊഴുകുന്നു, തെരുവുവിളക്കുകളില്ല, അല്ലെങ്കിൽ അവ തകർന്നു. സൈഫുൻ പ്രദേശത്തെ സ്ത്രീകളെ പ്രചോദിപ്പിക്കുകയും കോർപ്പറേഷൻ ഉദ്യോഗസ്ഥരെ കാണുകയും മിക്ക പ്രശ്നങ്ങളും പരിഹരിക്കുകയും ചെയ്തു. അവൾക്ക് എല്ലാ പ്രക്രിയകളെക്കുറിച്ചും വളരെ പരിചിതയാകുകയും, വിവിധ വകുപ്പുകളിലെ സുപ്രധാന ഉദ്യോഗസ്ഥരുമായി അവൾ നല്ല ബന്ധം പുലർത്തുകയും ചെയ്തു. ഇപ്പോൾ അവൾ സർക്കാർ ഓഫീസുകളിലേക്കും ആത്മവിശ്വാസത്തോടെ കടന്നുചെല്ലുകയും, പ്രശ്നങ്ങൾ പെട്ടെന്ന് പരിഹരിക്കുകയും ചെയ്യുന്നു.

അദ്ധ്യായം 8

# പ്രദർശനവും സങ്കര / വ്യത്യസ്ത സാഹചര്യങ്ങൾ മനസ്സിലാക്കിയുള്ള പഠനവും



# പ്രദർശനവും സങ്കര / വ്യത്യസ്ത സാഹചര്യങ്ങൾ മനസ്സിലാക്കിയുള്ള പഠനവും

## ഉദ്ദേശ്യം

വിവിധ മേഖലകളിലൊ അല്ലെങ്കിൽ മറ്റ് സഹായ സംഘടനകൾ സന്ദർശിച്ചൊ സമാന മായ സാമൂഹിക സംഘാടന പ്രവർത്തനങ്ങളുടെ പ്രക്രിയകളും ഫലങ്ങളും കാണുന്നതിന് സമൂഹത്തിലെ നേതാക്കൾക്കും അംഗങ്ങൾക്കും അവസരം നൽകുക എന്നതാണ് ഈ ഘട്ടത്തിന്റെ ലക്ഷ്യം. സംയുക്തമായ പഠനം ശക്തിപ്പെടുത്തുന്നതിന് പഠിക്കുകയും പങ്കുവെക്കുകയും ചെയ്യുക എന്നതാണ് ഉദ്ദേശ്യം. കാണുക, വിധിക്കുക, പ്രവർത്തിക്കുക എന്ന പ്രക്രിയയെ പഠനാത്മക സന്ദർശനങ്ങൾ പ്രോത്സാഹിപ്പിക്കുന്നു. സാമൂഹിക സംഘാടനത്തിൽ 'പ്രവർത്തിയിലൂടെ പഠിക്കുന്നതിനു' ഊന്നൽ നൽകുന്നു, 'കാണുന്നതിലൂടെ പഠിക്കുക' എന്നതിനും പ്രാധാന്യം നൽകുന്നു, അതിലുപരി സാമൂഹിക വികസനം അല്ലെങ്കിൽ സമാന പശ്ചാത്തലങ്ങളിൽ പ്രവർത്തിക്കുന്ന വ്യക്തികളുമായി നിരന്തര സമ്പർക്കത്തിൽ ഏർപ്പെടുക എന്നതും ഒഴിവാക്കപ്പെടാനാവാത്തതാണ്. 'പരിചിതമാകുക അഥവാ എക്സ്പോഷർ' എന്നാൽ മറ്റൊരു സമൂഹവുമായി കൂടിക്കാഴ്ച നടത്തുക മാത്രമല്ല, പ്രത്യുത മറ്റൊരു കമ്മ്യൂണിറ്റി സ്വീകരിക്കുന്നതും അംഗീകരിക്കുന്നതും ഉൾപ്പെടുന്നു. രണ്ട് സാഹചര്യങ്ങളും പഠനത്തിനുള്ള അവസരങ്ങൾ നൽകുന്നു.

ഈ സാഹചര്യത്തിൽ, പരിചിതമാവുക അഥവാ എക്സ്പോഷർ എന്നാൽ, സമാനമായ ഒരു സമൂഹത്തിലേക്ക് മറ്റൊരു സംഘടന മുഖാന്തിരം നടത്തുന്ന ഒരു സന്ദർശനമായി മന സ്സിലാക്കുന്നു, വ്യത്യസ്ത സാഹചര്യങ്ങൾ മനസ്സിലാക്കിയുള്ള പഠനം അഥവാ ക്രോസ്

ലേണിംഗ് എന്നാൽ ഒരേ സഹായ സംഘടനയുടെ പ്രവർത്തന പരിധിയിൽ വരുന്ന ഭൂമിശാസ്ത്രപരമായ ഒരു പ്രദേശത്ത് നിന്ന് മറ്റൊരു പ്രദേശത്തേക്കുള്ള ഒരു സന്ദർശന മായി മനസ്സിലാക്കുന്നു. വ്യത്യസ്ത സാഹചര്യങ്ങൾ മനസ്സിലാക്കുന്നതിനുള്ള പഠനവും (ക്രോസ്സ് ലേണിംഗ്) പരിചിതമാകുന്നതിനുള്ള സന്ദർശനങ്ങൾ (എക്സ്പോഷർ വിസിറ്റ്) സമൂഹത്തിലെ അംഗങ്ങൾക്ക് അവരുടെ വിജ്ഞാനമണ്ഡലം വികസിപ്പിക്കുവാൻ സഹായിക്കുന്നു, പ്രത്യേകിച്ച് മറികടക്കുവാൻ ബുദ്ധിമുട്ടുള്ള പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ഇതര കാഴ്ചപ്പാടുകൾ നേടുവാൻ സാധിക്കുന്നു. സാമൂഹിക സംഘാടനത്തിലെ വിവിധ സമീപനങ്ങളും രീതിശാസ്ത്രങ്ങളും ടീമുകൾ സംയുക്തമായി പഠിക്കുമ്പോൾ, ന വീകരണത്തിനും പരീക്ഷണത്തിനും കൂടുതൽ തുറന്നുകൊടുക്കാൻ ഇത് അവരെ സഹായിക്കുന്നു. ഈ ഉദ്യമത്തിൽ മറ്റു ടീമുകൾ നേടിയ വിജയകരമായ നേട്ടങ്ങളും പരിണിതഫലങ്ങളും കാണുമ്പോൾ സമൂഹത്തിലെ അംഗങ്ങൾ ഉർജ്ജസ്വലരാകുവാനും പ്രോചോദിതരാകുവാനുമുള്ള നല്ല മാർഗ്ഗങ്ങൾ അവർക്ക് ലഭിക്കുവാനിടയാകും. വേറിട്ട ചിന്തകൾ, നൂതന രീതികൾ, ഇടപെടൽ തന്ത്രങ്ങൾ, സംയുക്ത പഠനത്തിനും പരസ്പര ബന്ധങ്ങൾക്കുമുള്ള അവസരങ്ങൾ പര്യവേക്ഷണം ചെയ്യുക എന്നിവയാണ് ഈ ഘട്ടത്തിൽ പ്രതീക്ഷിക്കുന്ന ഫലങ്ങൾ.

## സമയ പരിധി

സൈദ്ധാന്തികമായി, സാമൂഹിക സംഘാടനത്തിനു വിവിധ വസ്തുതകൾ പരിചിത മാകുന്നതിനും (എക്സ്പോഷർ) വ്യത്യസ്ത സാഹചര്യങ്ങൾ മനസ്സിലാക്കുന്നതിനുമുള്ള പഠന (ക്രോസ് ലേണിംഗ്) സന്ദർശനങ്ങൾ ഏത് ഘട്ടത്തിലും സംഘടിപ്പിക്കുവാൻ സാധിക്കുമെങ്കിലും; ആദ്യ 6 ഘട്ടങ്ങൾക്ക് ശേഷം ഈ സന്ദർശനങ്ങൾ നടത്തുകയും യുക്തിസഹമായി പിന്തുടരുകയും ചെയ്താൽ, ഗ്രൂപ്പുകൾ പക്വതയും അറിവും അനുഭവവും ഒരു നിശ്ചിത നിലവാരത്തിൽ കൈവരിക്കുകയും അത് അവിടെ അവർ നേരിടുന്ന പ്രശ്നങ്ങളിലും അനുഭവങ്ങളിലും സാഹചര്യങ്ങൾക്കും സന്ദർഭങ്ങൾക്കും അനുയോജ്യമായി ഫലപ്രദമായി ഉപയോഗിക്കുവാൻ കഴിയും. പൂർണമായും സന്ദർഭോചിതമായ സന്ദർശനങ്ങൾ ഒരു ദിവസമോ തുടർച്ചയായ രണ്ട് ദിവസമോ ആകാം.

## ഏഴാം ഘട്ടം മുന്നോട്ടു നയിക്കുന്നതിനുള്ള വഴികൾ

- ഗ്രൂപ്പുകളുമായി ചർച്ച ചെയ്യുകയും വ്യത്യസ്ത സാഹചര്യങ്ങൾ മനസ്സിലാക്കുന്ന തിനുള്ള പഠന (ക്രോസ്സ് ലേർണിംഗ്) സന്ദർശന വേളയിൽ വിശദമായി അറിയേണ്ട വശങ്ങൾ, കാര്യങ്ങൾ അല്ലെങ്കിൽ പ്രശ്നങ്ങൾ തിരിച്ചറിയുകയും പട്ടികപ്പെടുത്തുകയും ചെയ്യുക.
- സന്ദർശനത്തിന് മുമ്പ്, സന്ദർശനത്തിന്റെ ലക്ഷ്യങ്ങൾ, രീതിശാസ്ത്രം, സമയക്രമം എന്നിവ നിർവ്വചിക്കുന്നതിന് ടീമുമായി ഒരു ആസൂത്രണ യോഗം സംഘടിപ്പിച്ചു, ടീം അംഗങ്ങൾ ഓരോരുത്തരുടേയും പങ്ക് എന്തായിരിക്കും എന്ന് വിശദമാക്കുക. സന്ദർശനത്തിന്റെ ഉദ്ദേശ്യത്തെക്കുറിച്ച് വ്യക്തമായ ധാരണ മുഴുവൻ ടീമംഗങ്ങൾക്കും ഉണ്ടായിരിക്കേണ്ടതും എല്ലാവരും ഒരേ രീതിയിൽ എല്ലാം മനസ്സിലാക്കിയിരിക്കേണ്ടതും വളരെ പ്രധാനമാണ്.
- സന്ദർശനച്ചിലവിന് സാമ്പത്തിക സംഭാവന നൽകാൻ തിരഞ്ഞെടുത്ത വ്യക്തികളെ പ്രേരിപ്പിക്കുക.




- അപരിചിതത്വം ഒഴുവാക്കുന്നതിനുള്ള ആക്റ്റിവിറ്റി അല്ലെങ്കിൽ ഗെയിം ഉപയോഗിച്ച് സന്ദർശനം ആരംഭിക്കുക, അവിടെ സന്ദർശക ടീമും പ്രാദേശിക ടീമും പരസ്പരം പരിചിതവും തൃപ്തികരവുമായ അനുഭവത്തിൽ എത്തിച്ചേരും.
- സഹായ സംഘടനകളിലെ സന്നദ്ധപ്രവർത്തകരൊ ആനിമേറ്റർമാരൊ സന്ദർശനം സുഗമമാക്കുന്ന ഒരു കടമ മാത്രമേ നിർവ്വഹിക്കാവു. പരസ്പരം സ്വതന്ത്രമായി ഇടപഴകുവാനും ആശയവിനിമയം നടത്തുവാനും ഇരു ടീമുകളേയും പ്രോത്സാഹിപ്പിക്കുക.
- വ്യത്യസ്ത വിഷയങ്ങൾ പരിചിതമാകുന്നതിനുള്ള (എക്സ്പോഷർ) സന്ദർശനം എൻ ജി ഒയുടെ കാര്യനിർവ്വഹണ അല്ലെങ്കിൽ പ്രവർത്തന ഓഫീസിലേക്ക് മാത്രമായി പരിമിതപ്പെടുത്തരുത്, പ്രത്യുത സമൂഹങ്ങളിലേക്കുള്ള സന്ദർശനങ്ങളും സമൂഹത്തിലെ അംഗങ്ങളുമായുള്ള നേരിട്ടുള്ള ഇടപെടലും നിർബന്ധമായും ഉൾപ്പെടുത്തേണ്ടതുണ്ട്.
- ചോദ്യങ്ങൾ ചോദിക്കുവാനും സംശയങ്ങൾ നിവാരണം നടത്തുവാനും രണ്ട് ടീം അംഗങ്ങളെയും പ്രോത്സാഹിപ്പിക്കുക. ഒരു സന്ദർശനം ഇരു ടീമുകൾക്കും ഒരുപോലെ ഗുണം ചെയ്യണം.
- വിവിധ നൂതന രീതികൾ, ഇടപെടൽ തന്ത്രങ്ങൾ, പഠനങ്ങൾ എന്നിവയിൽ ശ്രദ്ധ കേന്ദ്രീകരിക്കാൻ ഇരു ടീമുകളെയും പ്രോത്സാഹിപ്പിക്കുക.
- സന്ദർശന ടീം അവരുടെ അനുഭവങ്ങളും പഠിച്ച പാഠങ്ങളും പ്രാദേശിക ടീമുമായി പങ്കിടുന്ന ഒരു വിശദീകരണ യോഗത്തോടെ വേണം സന്ദർശനം അവസാനിപ്പിക്കുവാൻ.
- സമൂഹത്തിൽ നിന്ന് പഠിക്കുവാൻ ആഗ്രഹിക്കുന്ന മറ്റ് ഗ്രൂപ്പുകളിലേക്കും, മറ്റു ഗ്രൂപ്പുകളെ സന്ദർശനങ്ങൾ നടത്തുവാൻ സ്വാഗതം ചെയ്യുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുക.

- സന്ദർശനത്തിനുശേഷം, അവർ കണ്ടതും പഠിച്ചതും അടിസ്ഥാനമാക്കി തങ്ങളുടെ പ്രദേശങ്ങളിൽ നടപ്പിലാക്കുവാനൊ മാറ്റുവാനൊ നിർദ്ദേശിക്കുന്ന കാര്യങ്ങളെക്കുറിച്ച് എൻ. ജി. ഒ. ഉദ്യോഗസ്ഥർ ചർച്ച ചെയ്യുകയും, അതിനായി ഒരു പദ്ധതി ആവിഷ്ക്കരിക്കുകയും വേണം.
- ...............................(സന്ദർഭാനുസൃതമായി കൂട്ടിച്ചേർക്കുക അല്ലെങ്കിൽ പരിഷ്കരിക്കുക)

## സഹായകരമായ നിർദ്ദേശങ്ങൾ

- സന്ദർശിക്കേണ്ട സമൂഹത്തിന്റെ സ്വഭാവം, പ്രവർത്തനം, സമൂഹം അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ എന്നിവയുമായി ബന്ധപ്പെട്ടു സമൂഹത്തെക്കുറിച്ചുള്ള ചില പ്രാഥമിക ധാരണകൾ സന്ദർശക അംഗങ്ങൾക്ക് ലഭിക്കുന്നത് നല്ലതാണ്.
- സമഗ്ര പഠനത്തിനായി പ്രായം, ലിംഗഭേദം, തൊഴിൽ, മതം, ജാതി എന്നിങ്ങനെയുള്ള ചെറുതും സമ്മിശ്രവുമായ ഗ്രൂപ്പുകളായുള്ള സന്ദർശനങ്ങൾ പ്രോത്സാഹിപ്പിക്കുക.
- എല്ലാവരുടേയും കാഴ്ചപ്പാടുകൾ കണക്കിലെടുത്ത് സന്ദർശനത്തിനായുള്ള അജണ്ട എല്ലാവരുടേയും പങ്കാളിത്വത്തോടെ വേണം തയ്യാറാക്കുവാൻ.
- സന്ദർശക സംഘത്തിനും സന്ദർശിക്കേണ്ട സമൂഹത്തിലെ അംഗങ്ങൾക്കും സൗകര്യപ്രദമായ സമയത്ത് സന്ദർശനം ആസൂത്രണം ചെയ്യണം.
- സന്ദർശന വേളയിൽ ടീം അംഗങ്ങൾക്ക് എന്തൊക്കെയാണ് ശ്രദ്ധിക്കേണ്ട കാര്യങ്ങൾ എന്നതിനെക്കുറിച്ചും വ്യക്തതയും ഏകീകൃതമായ ധാരണയും ഉണ്ടായിരിക്കണം.
- സന്ദർശിക്കുന്ന ടീം അംഗങ്ങളുടെ വൈവിധ്യമാർന്ന കഴിവുകളും ലഭ്യമായ സമയവും മനസ്സിൽ വെച്ചുകൊണ്ടുള്ള യുക്തിവഹമായ ലക്ഷ്യങ്ങളായിരിക്കണം.
- ടീം മടങ്ങിപ്പോയി, അവർ കണ്ടതും പഠിച്ചതുമായ കാര്യങ്ങൾ സമൂഹത്തിലെ മറ്റ് അംഗങ്ങൾക്ക് എങ്ങനെ പറഞ്ഞു കൊടുക്കും എന്നതിനെക്കുറിച്ച് കൃത്യമായി നിർവചിക്കപ്പെട്ട ഒരു പദ്ധതി ഉണ്ടായിരിക്കണം.
- സന്ദർശനവും ആശയവിനിമയവും സംഘടിപ്പിക്കുന്നതിൽ നേതൃത്വം വഹിക്കുവാൻ സമൂഹത്തിലെ അംഗങ്ങളെ സഹായിക്കുക.
- ...............................(സന്ദർഭാനുസൃതമായി കൂട്ടിച്ചേർക്കുക അല്ലെങ്കിൽ പരിഷ്കരിക്കുക)

## ഉപകാരപ്രദമായ മുന്നറിയിപ്പുകൾ

- സഹായ സംഘടനയിലെ ഉദ്യോഗസ്ഥരൊ ഏതാനും നേതാക്കളൊ പ്രക്രിയയും ചർച്ചകളും അവരുടെ കുത്തകാവകാശമാക്കരുത്.
- പ്രതിഫലനവും പഠനവും വിട്ടുവീഴ്ച ചെയ്യപ്പെടാൻ സാധ്യതയുള്ളതിനാൽ സന്ദർശനം പൂർണ്ണമായും യാതൊരുഘടനയുമില്ലാത്തതായിരിക്കണം.
- ടീം കഴിയുന്നിടത്തോളം തുല്യലക്ഷണമുള്ളതായിരിക്കരുത്, പകരം എല്ലാ വ്യക്തികൾക്കും പഠിച്ച പഠനങ്ങൾ മടങ്ങിച്ചെന്നു പറഞ്ഞു കൊടുക്കുവാൻ കഴിവുള്ള സമൂഹത്തിലെ എല്ലാ വിഭാഗങ്ങളിൽ നിന്നുമുള്ള പ്രതിനിധികളെ ഉൾപ്പെടുത്തണം.
- പഠന ഉദ്ദേശ്യവും സാഹചര്യങ്ങളും വ്യത്യസ്തമായതിനാൽ, രണ്ട് സമൂഹങ്ങളും തമ്മിൽ അനാരോഗ്യകരമായ താരതമ്യമൊ മത്സര മനോഭാവമൊ ഉണ്ടാകരുത്.
- ...............................(സന്ദർഭാനുസൃതമായി കൂട്ടിച്ചേർക്കുക അല്ലെങ്കിൽ പരിഷ്കരിക്കുക)

# സൂചകങ്ങൾ

1. XXX വിവിധ വസ്തുതകൾ പരിചിതമാകുന്നതിനു (എക്സ്പോഷർ) അല്ലെങ്കിൽ വ്യത്യസ്ത സാഹചര്യങ്ങൾ മനസ്സിലാക്കുന്നതിനുള്ള പഠന (ക്രോസ് ലേണിംഗ്) സന്ദർശനങ്ങൾ ഏറ്റെടുത്തു.
2. XXX ഗ്രൂപ്പ് നേതാക്കളും XXX അംഗങ്ങളും സന്ദർശനങ്ങളിൽ പങ്കെടുത്തിട്ടുണ്ട്.
3. XXX ഗ്രൂപ്പുകളെ സമൂഹം സ്വീകരിച്ചു.
4. വ്യത്യസ്ത സാഹചര്യങ്ങൾ മനസ്സിലാക്കുന്നതിനുള്ള പഠന സന്ദർശനങ്ങളുടെ (ക്രോസ്-വിസിറ്റ്) അനുഭവങ്ങളേയും പഠനങ്ങളേയും കുറിച്ച് സമൂഹത്തിലെ XXX അംഗങ്ങൾ വിലയിരുത്തി.



5. വിവിധ വസ്തുതകൾ പരിചിതമാകുന്നതിനല്ല (എക്സ്പോഷർ) സന്ദർശനം കാരണം ________, ________ രീതിശാസ്ത്രമായും ________, ________ ഇടപെടൽ തന്ത്രങ്ങളായും അംഗങ്ങൾ പുതുതായി പഠിച്ചു.
6. വ്യത്യസ്ത സാഹചര്യങ്ങൾ മനസ്സിലാക്കുന്നതിനുള്ള പഠന സന്ദർശനങ്ങൾ(ക്രോസ് വിസിറ്റ്) പഠനങ്ങളെ അടിസ്ഥാനമാക്കി XXX ആസൂത്രണങ്ങൾ പരിഷ്കരിച്ചു.
7. സന്ദർശിച്ച സമൂഹത്തിലെ അംഗങ്ങളുമായും ആതിഥേയ സംഘടനയിലെ സ്റ്റാഫുമായും XXX അംഗങ്ങൾ നിരന്തരം സംഭാഷണത്തിലേർപ്പെട്ടു.
8. ............................(സന്ദർഭാനുസൃതമായി കൂട്ടിച്ചേർക്കുക അല്ലെങ്കിൽ പരിഷ്കരിക്കുക)

# പ്രതികരണം രേഖപെടുത്തുന്നതിനുള്ള ഫാറം

| നം. | അവലോകനം ചെയ്യേണ്ട വശങ്ങൾ | എന്താണ് നന്നായി പ്രവർത്തിച്ചത്? എങ്ങനെ? | എന്താണ് മെച്ചപ്പെടുത്തേണ്ടിയിരുന്നത്? എന്തുകൊണ്ട്? |
|---|---|---|---|
| 1. | സന്ദർശനത്തിനായി തിരഞ്ഞെടുത്ത സമൂഹം അല്ലെങ്കിൽ പദ്ധതി പ്രദേശവും സംഘടനയും | | |
| 2. | സന്ദർശനത്തിനായുള്ള ടീമിന്റെ തിരഞ്ഞെടുപ്പും ഘടനയും | | |
| 3. | വ്യത്യസ്ത സാഹചര്യങ്ങൾ മനസ്സിലാക്കുന്നതിനുള്ള പഠന സന്ദർശനത്തിനായി എടുത്ത തയ്യാറെടുപ്പ് ജോലികളും അന്തിമ അജണ്ടയുടെ അനുയോജ്യതയും | | |
| 4. | തിരഞ്ഞെടുത്ത തീയതിയും സമയവും | | |
| 5. | പദ്ധതി നടപ്പാക്കലിനായി തിരഞ്ഞെടുത്ത അജണ്ടയുടെ പ്രസക്തി | | |
| 6. | സമൂഹത്തിലെ അംഗങ്ങളുമായി ആശയവിനിമയത്തിനുള്ള മതിയായ സമയം | | |
| 7. | സന്ദർശന, ആതിഥേയ ടീമുകളുടെ ആശയവിനിമയത്തിന്റെ സംതൃപ്തി നില | | |
| 8. | എല്ലാ വശങ്ങളും ഉൾക്കൊള്ളുന്നതിനുള്ള സമയത്തിന്റെ പര്യാപ്തത | | |
| 9. | സംഘടനാ ജീവനക്കാരുടെ സഹായം | | |
| 10. | വിവരണ അല്ലെങ്കിൽ വിശദമാക്കൽ യോഗത്തിന്റെ ഫലപ്രാപ്തി | | |
| 11. | വലിയ സമൂഹവുമായുള്ള പഠന പങ്കിടൽ | | |
| 12. | ഭാവിയിലെ സാമൂഹിക വികസന പദ്ധതികൾ രൂപകൽപ്പന ചെയ്യുന്നതിലും മികവുറ്റതാക്കുന്നതിലുമുള്ള പഠനത്തിന്റെ പ്രായോഗിക ഉപയോഗം | | |

## പ്രതിഫലനങ്ങൾക്കും പങ്കിടലിനുമുള്ള ചോദ്യങ്ങൾ

1. ആസൂത്രണം, നടപ്പാക്കൽ, പഠനം എന്നിവയുടെ വീക്ഷണകോണിൽ നിന്ന് സന്ദർശനത്തിന്റെ പ്രധാന ശക്തികളും ദൗർബല്യങ്ങളും എന്തായിരുന്നു?
2. സന്ദർശനത്തിന്റെ ഉദ്ദേശ്യം അംഗങ്ങൾ മനസ്സിലാക്കിയിട്ടുണ്ടൊ? ഉണ്ടെങ്കിൽ, ഏതെല്ലാം വശങ്ങൾ സുഗമമാക്കി; ഇല്ലെങ്കിൽ, എന്തൊക്കെയായിരുന്നു വെല്ലുവിളികൾ?
3. അംഗങ്ങളെ നയിക്കുവാനും മാർഗ്ഗനിർദ്ദേശങ്ങൾ നൽകുവാനും സാമൂഹിക നേതാക്കൾക്ക് പ്രാപ്തിയുണ്ടായിരുന്നോ?
4. പുതിയ ഗ്രൂപ്പ് ആളുകളുമായും സംഘടനയിലെ സ്റ്റാഫുകളുമായും സംവദിക്കാൻ അംഗങ്ങൾക്ക് ആത്മവിശ്വാസം തോന്നിയിട്ടുണ്ടൊ?
5. വ്യത്യസ്ത സാഹചര്യങ്ങൾ മനസ്സിലാക്കുന്നതിനുള്ള പഠന (ക്രോസ് വിസിറ്റ്) സന്ദർശനത്തിന്റെ പഠന മികവും ഒരു പരിശീലനം അല്ലെങ്കിൽ കാര്യശേഷി വർദ്ധിപ്പിക്കൽ സെഷനിൽ നിന്നും എങ്ങനെ വ്യത്യസ്തമായിരുന്നു?
6. വിശദമാക്കൽ അല്ലെങ്കിൽ വിവരണ യോഗങ്ങളുടെ പരിണിതഫലങ്ങൾ എന്തായിരുന്നു?
7. ...............................(സന്ദർഭാനുസൃതമായി കൂട്ടിച്ചേർക്കുക അല്ലെങ്കിൽ പരിഷ്കരിക്കുക)

## കുട്ടികളുടെ പാർലമെന്റിൽ നിന്നുള്ള പാഠങ്ങൾ

''വസ്തുതകൾ മനസ്സിലാക്കുന്നതിനുള്ള (എക്സ്പോഷർ) സന്ദർശനങ്ങളുടെ പ്രധാന ഗുണഭോക്താക്കളിലൊരാളായിരുന്നു ചേതനാലയയിലെ കുട്ടികൾ. കുട്ടികളുടെ പാർലമെന്റ് നടപ്പിലാക്കുന്ന മറ്റു സംഘടനകളിലേക്കു എക്സ്പോഷർ സന്ദർശനങ്ങൾ ചേതനാലയ സംഘടിപ്പിക്കുകയും കുട്ടികളെ കൊണ്ടുപോകുകയും ചെയ്തു. കുട്ടികൾ പൂർണ്ണമായും ഊർജ്ജസ്വലരായി മടങ്ങി വരുകയും, വളരെ സജീവമാവുകയും ചെയ്തു. മറ്റ് സംഘടനകളിൽ നിന്ന് പഠിച്ചുകൊണ്ട്, കുട്ടികൾ ഒരുമിച്ച് നിർണ്ണായക ഘടകമായി ഉറച്ച തീരുമാനത്തോടെ പ്രവർത്തിക്കുവാനും അങ്ങനെ സമൂഹത്തിന് ഒരു സംഭാവന നൽകുവാനും തീരുമാനിച്ചു. മാറ്റങ്ങൾ കൊണ്ടുവരുന്നതിൽ കുട്ടികളുടെ ശക്തി എന്തെന്ന് കുട്ടികൾ തിരിച്ചറിഞ്ഞു. മൊബൈൽ ക്രഷ് പാർക്ക് വീണ്ടെടുക്കുന്നതിൽ സീമാപുരിയിലെ കുട്ടികൾ ഏർപ്പെടുന്നതിന് പിന്നിലെ പ്രചോദനമിതാണ്'', എന്ന് ചേതനാലയയുടെ ഫീൽഡ് കോർഡിനേറ്റർ ശ്രീ വികാസ് പറഞ്ഞു.

അധ്യായം 9

# പ്രവർത്തന-പ്രതിഫലന പ്രക്രിയയും പ്രായോഗിക പ്രവർത്തനവും



# പ്രവർത്തന-പ്രതിഫലന പ്രക്രിയയും പ്രായോഗിക പ്രവർത്തനവും

## ഉദ്ദേശ്യം

സമൂഹങ്ങൾ ഒരു പൊതു ആവശ്യത്തിനായി ഒത്തുചേരുകയും ഗ്രൂപ്പുകളായും സംഘടന കളായും വളരുകയും അവരുടെ പ്രത്യേക പ്രശ്നങ്ങളും ആശങ്കകളും പരിഹരിക്കുന്നതിനായി പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുകയും നടപ്പിലാക്കുകയും ചെയ്യുമ്പോഴാണ് സാമൂഹിക സംഘാടനം ആരംഭിക്കുന്നത്. എന്നിരുന്നാലും, പ്രക്രിയയിൽ ഉൾപ്പെട്ടിരിക്കുന്ന ഗ്രൂപ്പുകൾക്ക് അവരുടെ അനുഭവങ്ങളെക്കുറിച്ച് പ്രതിഫലിപ്പിക്കുവാനും അതിൽ അടിസ്ഥാനമാക്കി സമൂഹത്തിന്റെ അറിവ് വർദ്ധിപ്പിക്കുവാനും കഴിയുമെങ്കിൽ മാത്രമാണ് ഈ പ്രക്രിയ ആഴമേറിയതും സമ്പന്നവും ശക്തവുമാകുന്നത്. പ്രവർത്തനക്ഷമമായ ദൈനംദിന ജീവിതത്തിൽ, ഒരു പ്രതിഫലന സംസ്കാരം വളർത്തിയെടുക്കുന്നത് അംഗങ്ങൾക്ക് തമ്മിൽ തമ്മിലും സമൂഹത്തിലെ മറ്റു അംഗങ്ങളുടെ ആന്തരിക ഇടപെ ടലുകളുമായും നല്ല സമ്പർക്കം പുലർത്താൻ സഹായിക്കുന്നു. ആഴത്തിലുള്ള സംഭാഷണം നടത്താൻ പ്രതിഫലന സമയത്ത് അംഗങ്ങൾ പരസ്പരം സഹായിക്കണം.

'എന്താണ് സംഭവിച്ചത് അല്ലെങ്കിൽ എന്താണ് ചെയ്തത്' എന്നതിനപ്പുറം, പ്രവർത്തന-പ്ര തിഫലന പ്രക്രിയ 'എങ്ങനെ', 'എന്തുകൊണ്ട്' - വ്യക്തിയൊ ഗ്രൂപ്പൊ എങ്ങനെ ചെയ്തു, എന്തുകൊണ്ടാണ് അവർ അങ്ങനെ തീരുമാനിച്ചത് എന്നിവയിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നു. ഇത് പ്രക്രിയകളും അവയുടെ പരിണിതഫലങ്ങളെയും വിലയിരുത്തുക മാത്രമല്ല നിർവ്വഹിക്കുന്നത്. ചിന്തകൾ, വികാരങ്ങൾ, ശരീരം, ആന്തരിക ചൈതന്യം എന്നിവ പ്രതിഫലന പ്രക്രിയയിൽ ഉൾപ്പെടുന്നു. മൂല്യങ്ങളെയും വിശ്വാസ വ്യവസ്ഥകളെയും



വിമർശനാത്മകമായി നോക്കുവാൻ ഇത് സഹായിക്കുന്നു. ജീവിതവും - മരണവും കാലചക്രത്തിന്റെ അവിഭാജ്യഘടകമെന്ന നിലയിൽ, അനുഭവങ്ങളിൽ നിന്നും ഈ സമയവും 'കടന്നു പോകട്ടെ' എന്നു ചിന്തിക്കുന്ന നിമിഷങ്ങളിൽ നിന്നും നിഷ്ക്രിയാവസ്ഥ, സംഗ്രഹിക്കുക, അർത്ഥവത്താക്കുക എന്നീ നിലകളിലേക്കു മാറേണ്ട സമയം. ആസൂത്രണത്തിലും നടപ്പാക്കലിലും ഗ്രൂപ്പുകൾ നേരത്തെ അവഗണിച്ചിരിക്കാനിടയുള്ള ചില ഉൾക്കാഴ്ചകൾ, സാധ്യതകൾ, സ്ഥിതിവിവരക്കണക്കുകൾ, സാധ്യമായ പ്രവർത്തനങ്ങൾ എന്നിവയും പ്രവർത്തന-പ്രതിഫലന പ്രക്രിയ ഉയർത്തിക്കാട്ടുന്നു. സാമുദായിക സാമൂഹിക പ്രവർത്തനത്തിന്റെ ആത്മീയത കൂടുതൽ ആഴത്തിലാക്കാൻ സമൂഹത്തിലെ അംഗങ്ങളെ സഹായിക്കുന്നതിനു പ്രതിഫലനാനുഭവത്തിൽ നിന്നും പ്രവർത്തന-ഗവേഷണങ്ങളിൽ നിന്നും ഉരുത്തിരിഞ്ഞ അറിവ് അല്ലെങ്കിൽ സിദ്ധാന്തമാണ് പ്രായോഗിക പ്രവർത്തനം അല്ലെങ്കിൽ പ്രാക്ടിക്കൽ പ്രാക്സിസ്.

## ഉചിതമായ സമയം

സാമൂഹ്യ സംഘടനാ പ്രക്രിയയിലുടനീളം ഏതു ഘട്ടത്തിലും ഉപയോഗിക്കേണ്ടുന്നതും ഇടപെടൽ നടത്തേണ്ടതുമായ ഒരു പ്രതിപാദ്യ വിഷയമാണ് പ്രവർത്തന-പ്രതിഫലന പ്രക്രിയയും പ്രായോഗിക പ്രവർത്തനവും. ഓരോ ഘട്ടവും പൂർത്തിയാക്കിയ ശേഷം ഗ്രൂപ്പുകൾ ഒരു പ്രവർത്തന-പ്രതിഫലന പ്രക്രിയ നടത്തുന്നതാണ് അഭികാമ്യം. ഈ രീതിയിൽ, പ്രക്രിയകളുമായി ബന്ധപ്പെട്ട വികാരങ്ങൾ, ചിന്തകൾ, പ്രതികരണങ്ങൾ എന്നിവ പങ്കെടുക്കുന്നവരുടെ ഓർമ്മയിൽ പുതുമ നിലനിർത്തുകയും; ഒപ്പം ഓർമ്മിക്കുമ്പോഴും വിജ്ഞാന വികാസത്തിലും ഒന്നും നഷ്ടപ്പെടുവാൻ അനുവദിക്കുകയുമില്ല.

## എട്ടാം ഘട്ടം തുടരുവാനുള്ള വഴികൾ

- ജനം സ്വയം കാണുവാൻ ആഗ്രഹിക്കുന്നത് ലഭിക്കേണ്ടതിനു, കൃത്യമായ തീരുമാനങ്ങളോ പ്രവർത്തനങ്ങളോ തിരിച്ചറിയുന്നതിനു ഗ്രൂപ്പ് ചർച്ചകൾ നടത്തുവാൻ സഹായിക്കുകയും സുഗമമാക്കുകയും ചെയ്യുക.
- ഗ്രൂപ്പ് അംഗങ്ങൾക്ക് സംഗ്രഹിക്കുവാനും പ്രതിഫലിക്കുവാനും കഴിയുന്നതും

ഗ്രൂപ്പിന് ഏറ്റവും സൗകര്യപ്രദമായ ഒരു രീതിശാസ്ത്രം അല്ലെങ്കിൽ സൂചിക തീരുമാനിക്കുവാനും പ്രോത്സാഹിപ്പിക്കുക.

- ചുവടെ അവതരിപ്പിച്ചിരിക്കുന്ന ലിസ്റ്റിൽ നിന്ന് പങ്കെടുക്കുന്നവർക്ക് സൗകര്യപ്രദവും സന്ദർഭോചിതവൽക്കരിക്കാവുന്നതും പ്രതിഫലനത്തിന് ഉചിതവുമായ ഒരു മാതൃക തിരഞ്ഞെടുക്കുക.
- പങ്കെടുക്കുന്നവരുടെ താൽപ്പര്യങ്ങൾക്കനുസരിച്ച് ചാർട്ടുകൾ, ചിത്രങ്ങൾ, കൊളാഷ്, സ്കിറ്റുകൾ എന്നിവ ഉപയോഗിച്ച് വികാരങ്ങൾ, മാനസികാവസ്ഥ, ചിന്തകൾ എന്നിവ വിശകലനം ചെയ്യുന്നതിനുള്ള നൂതന മാർഗ്ഗങ്ങൾ അവതരിപ്പിക്കുക.
- പങ്കെടുക്കുന്നവരെ ചിന്തകൾക്ക് അതീതമായി പോകുവാനും മാനസിക വിക്ഷോഭങ്ങളെയും വികാരങ്ങളെയും വിശകലനം ചെയ്യുവാനും സഹായിക്കുക. ശരീരഭാഷ നിരീക്ഷിക്കുക.
- ഘടനവത്കരണ സൂചിക (സിസ്റ്റമറ്റൈസേഷൻ ടൂൾ) ഒരു തരത്തിൽ ഈ വിദ്യകൾ ഉപയോഗിക്കുന്നു. ഗ്രൂപ്പ് അംഗങ്ങൾക്ക് അവരുടെ സ്വന്തം ചിന്തകളിലേക്കും വികാരങ്ങളിലേക്കും ആഴത്തിൽ പരിശോധിക്കാനും അവരുടെ പഠനങ്ങൾ തിരിച്ചറിഞ്ഞു അനുഭവ സംബന്ധമായ അറിവ് വളരുവാനും ഇത് വളരെ ഫലപ്രദമായ സൂചികയാണ്.
- പ്രവർത്തന - പ്രതിഫലനങ്ങൾക്കു ഗ്രൂപ്പുകൾക്ക് സൗകര്യപ്രദമായ നിലയിൽ PRA, PLA രീതികൾ ഉപയോഗിക്കാം. കൂടാതെ, വിവിധ പഠനങ്ങൾ നടത്തുന്നതിന് ഗ്രൂപ്പുകൾക്ക് അവരുടേതായ നൂതന ആശയങ്ങൾ കൊണ്ടുവരുവാൻ പ്രോത്സാഹിപ്പിക്കുക.
- ഒരേ സംഭവത്തിനൊ പ്രവർത്തനങ്ങൾക്കൊ ഒന്നിലധികം വിവരണങ്ങൾ ഉണ്ടാകാം, ഈ കാഴ്ചപ്പാടുകളിലെ വ്യത്യാസങ്ങൾ പഠനങ്ങളെ സുഗമമാക്കും.
- പ്രക്രിയകൾ ആവർത്തിക്കേണ്ടിവന്നാൽ അംഗങ്ങൾ എന്തുചെയ്യുമെന്നതിലാണ് പ്രതിഫലനത്തിന്റെ രത്നച്ചുരുക്കം - അവർ സമാനമായി ചെയ്യുന്ന കാര്യങ്ങൾ, അവർ വ്യത്യസ്തമായി ചെയ്യുന്ന കാര്യങ്ങൾ, ഇവ രണ്ടും അവർ തിരഞ്ഞെടുക്കുവാനുള്ള കാരണങ്ങൾ എന്തായിരിക്കും.
- ..............................(സന്ദർഭാനുസൃതമായി കൂട്ടി ചേർക്കുക അല്ലെങ്കിൽ പരിഷ്കരിക്കുക)

# സഹായകരമായ നിർദ്ദേശങ്ങൾ

- തുടക്കത്തിൽ വെല്ലുവിളിയാണെങ്കിലും, പ്രതിഫലന പ്രക്രിയയുടെ ഒരു സംസ്കാരം വികസിപ്പിക്കുക.
- പ്രതിഫലനങ്ങൾക്കു തിരഞ്ഞെടുത്ത വിഷയങ്ങളുടെ എണ്ണം അല്ലെങ്കിൽ മേഖലകൾ പരിമിതമാണെങ്കിൽ പ്രതിഫലന പ്രക്രിയ കൂടുതൽ ഫലപ്രദമാകും. ഇത് ആഴത്തിലുള്ള പ്രതിഫലനവും വിശകലനവും സാധ്യമാക്കും.
- ഈ കൈപുസ്തകത്തിന്റെ ഓരോ പ്രമേയ മേഖലകളിലും വളരെ പൊടുന്നനെ അല്ലെങ്കിൽ ഉടൻ തന്നെ ലഭിച്ച ഫലങ്ങളും പരിണിതഫലങ്ങളും വിലയിരുത്തുന്നതിനുള്ള ഭാഗങ്ങളും പ്രതിഫലനത്തിനും പങ്കിടലിനുമുള്ള ചോദ്യങ്ങളുമുണ്ട്. ഇവ പ്രവർത്തന-പ്രതിഫലനത്തെക്കുറിച്ചുള്ള പ്രാരംഭ ചർച്ചകൾക്ക് 'പ്രേരകശക്തി/ ട്രിഗർ' ആയി ഉപയോഗിക്കാം.
- കേവലം വിജയങ്ങൾ മാത്രം പട്ടികപ്പെടുത്തുകയല്ല, പ്രത്യുത പ്രക്രിയ സമയത്ത് 'എങ്ങനെ' സംഭവിച്ചു, 'എന്തുകൊണ്ട്' സംഭവിച്ചു, ജനങ്ങൾക്ക് എങ്ങനെ അനുഭവപെട്ടു എന്നതിലാണ് ശ്രദ്ധ കേന്ദ്രീകരിക്കേണ്ടത്.
- ചിലപ്പോൾ, ദൈനംദിന ജോലികളിൽ നിന്ന് വിച്ഛേദിക്കപ്പെട്ടു മറ്റൊരു സ്ഥലത്തേക്ക് മാറിപോയാൽ അംഗങ്ങൾക്ക് തീവ്രമായ പ്രതിഫലന പ്രക്രിയ വളരെ സഹായകമാകും.
- രണ്ടോ മൂന്നോ ദിവസത്തെ വാർഷിക പ്രതിഫലന യോഗം സംഘടിപ്പിക്കുന്നത് സഹായകരമാകും.

- ചിലപ്പോൾ, പ്രതിഫലന പ്രക്രിയ മുറിവുകൾ സുഖപ്പെടുത്തുന്നതിനും വ്യത്യാസങ്ങൾ അഭിമുഖീകരിക്കുന്നതിനും ഒരാളുടെ പരിമിതികൾ സ്വയം അംഗീകരിക്കുന്നതിനും മറ്റുള്ളവരുടെ സംഭാവനകളെ തിരിച്ചറിയുന്നതിനും സഹായിക്കുന്നു.
- വിശ്വാസത്തിലും സ്വാതന്ത്ര്യത്തിലും സമൂഹത്തിലെ അംഗങ്ങൾക്കിടയിൽ ആഴത്തിലുള്ള ബന്ധം സ്ഥാപിക്കുന്നതിന് ഇത് സഹായിക്കുന്നു.
- ഭൂമിശാസ്ത്രപരമായി വലിയൊരു പ്രദേശത്ത് സാമൂഹിക സംഘാടനം നടപ്പിലാക്കുമ്പോൾ, മുന്നിട്ടു നിൽക്കുന്ന മണ്ഡലങ്ങളിൽ നടത്തുന്ന പ്രതിഫലനത്തിൽ നിന്ന് ഉൾകൊള്ളുന്ന പഠനങ്ങൾ മറ്റ് മണ്ഡലങ്ങളിലെ പ്രക്രിയകളെ മെച്ചപ്പെട്ട നിലയിൽ നയിക്കുവാൻ സഹായകരമാകും വിധം ഉപയോഗിക്കാം.
- ..............................(സന്ദർഭാനുസൃതമായി കൂട്ടി ചേർക്കുക അല്ലെങ്കിൽ പരിഷ്കരിക്കുക)

# ഉപയോഗപ്രദമായ മുന്നറിയിപ്പുകൾ

- പ്രതിഫലന പ്രക്രിയയ്ക്കായി നിർബന്ധിക്കരുത്. പങ്കെടുക്കുന്നവരുടെ ഇഷ്ടം പരിപോഷിപ്പിക്കുവാനും അവ ചെയ്യുവാൻ സഹായിക്കുകയും ചെയ്യുക.
- തുടക്കത്തിൽ, പങ്കെടുക്കുന്നവർ സ്വയം മഹത്വവൽക്കരിക്കുവാനും, നേട്ടങ്ങൾ പ്രദർശിപ്പിക്കുവാനും, മറ്റുള്ളവരെ വിധിക്കുവാനും, വാദ-പ്രതിവാദങ്ങൾ നടത്തുവാനും, വഴക്കു ഉണ്ടാക്കുവാനും സാധ്യതയുണ്ട്. ചിലർക്ക് മനക്കരുത്തോടെ സംസാരിക്കുവാനും വികാരങ്ങൾ പ്രകടിപ്പിക്കുവാനും ബുദ്ധിമുട്ടായിരിക്കും. സാവധാനം അവരെ വഴികാട്ടുക.
- പ്രവർത്തന-പ്രതിഫലന പ്രക്രിയ ആഴത്തിലുള്ള സംഭാഷണം നടത്തുന്നതിനു വേണ്ടിയാണ്, അല്ലാതെ അത് ഒരു നേട്ടങ്ങളുടെ പട്ടിക സൃഷ്ടിക്കുന്നതിനൊ അല്ലെങ്കിൽ തെറ്റ് കണ്ടെത്തുന്നതിനുള്ള ഒരു ഉദ്യമമായി ചുരുക്കരുത്. മാറ്റങ്ങളിലേക്ക് നയിച്ചേക്കാവുന്ന അല്ലെങ്കിൽ സംഭവിച്ചേക്കാവുന്ന വിവിധ പ്രക്രിയകളുടെ സൂക്ഷ്മതയേയും വൈവിധ്യങ്ങളേയും കുറിച്ച് കൂട്ടായ അറിവ് സൃഷ്ടിക്കുന്നതിന് ആഴത്തിലുള്ള സംഭാഷണം സഹായിക്കും.




- വ്യത്യാസത്തിന്റെയൊ വിയോജിപ്പിന്റെയൊ ശബ്ദങ്ങൾ അടിച്ചമർത്താൻ പാടില്ല, പകരം അവർക്ക് അങ്ങനെ തോന്നുന്നതിന്റെ കാരണങ്ങൾ പങ്കിടാൻ പ്രോത്സാഹിപ്പിക്കണം.
- ..............................(സന്ദർഭാനുസൃതമായി കൂട്ടി ചേർക്കുക അല്ലെങ്കിൽ പരിഷ്കരിക്കുക)

## സൂചകങ്ങൾ


1. XXX ഗ്രൂപ്പുകളൊ സിബിഒകളൊ XXX തവണ പ്രവർത്തന-പ്രതിഫലന പ്രക്രിയയിലൂടെ കടന്നുപോയി.
2. XXX പങ്കെടുത്തവർക്ക് അവരുടെ ചിന്തകളും വികാരങ്ങളും സ്വതന്ത്രമായി പ്രകടിപ്പിച്ചതായും XXX പേർക്ക് അവർ മറ്റുള്ളവരെ സജീവമായി ശ്രദ്ധിക്കുവാൻ സാധിച്ചു എന്നും തോന്നി.
3. മറ്റുള്ളവരെ ശ്രദ്ധിച്ചതിനുശേഷം തങ്ങളുടെ കാഴ്ചപ്പാടുകളും അഭിപ്രായങ്ങളും മാറിയതായി XXX പങ്കെടുത്തവർക്കൊ ഗ്രൂപ്പുകൾക്കൊ തോന്നി.
4. പതിവ് റിപ്പോർട്ടിംഗ് ഫോർമാറ്റുകളിൽ രേഖപ്പെടുത്താത്ത പഠന ഫലങ്ങൾ തങ്ങൾ കണ്ടെത്തിയതായി XXX പങ്കെടുത്തവർക്കൊ ഗ്രൂപ്പുകൾക്കൊ തോന്നി.
5. പ്രതിഫലന പ്രക്രിയ അവരുടെ പരസ്പര ബന്ധത്തെ ശക്തിപ്പെടുത്തിയെന്ന് XXX പങ്കെടുത്തവർക്കൊ ഗ്രൂപ്പുകൾക്കൊ തോന്നി.
6. പ്രതിഫലന സെഷനുകൾ മറ്റുള്ളവരുടേയും അവരുടേയും സ്വന്തം ശക്തിയും പ രിമിതികളും അംഗീകരിക്കുന്നതിന് അവസരമൊരുക്കി എന്ന് XXX പങ്കെടുത്തവർക്കൊ ഗ്രൂപ്പുകൾക്കൊ തോന്നി എന്നവർ പ്രകടിപ്പിച്ചു.
7. പ്രതിഫലന പ്രക്രിയയിൽ നിന്ന് ലഭിച്ച പാഠങ്ങളെ പഠനങ്ങളെ അടിസ്ഥാനമാക്കി XXX പങ്കെടുത്തവരൊ ഗ്രൂപ്പുകളൊ അവരുടെ ആസൂത്രിത പ്രവർത്തനങ്ങളിൽ മാറ്റങ്ങൾ വരുത്തി.
8. ..............................(സന്ദർഭാനുസൃതമായി കൂട്ടി ചേർക്കുക അല്ലെങ്കിൽ പരിഷ്കരിക്കുക)

## പ്രവർത്തന - പ്രതിഫലന മാതൃകകൾ


**മാതൃക 1 – പ്രവർത്തനം, പ്രതിഫലനം, പഠനവും ആസൂത്രണവും (ARLP)**




**മാതൃക 2: ഗിബ്സ് റിഫ്ളക്ടീവ് സൈക്കിൾ (ഗിബ്സ് ജി, 1988)**




**മാതൃക 3: സിസ്റ്റമാറ്റൈസേഷൻ സൂചിക (Tool)**



**മാതൃക 4: ഇഗ്നേഷ്യൻ ഡെപ്ത് കോൺവെർസേഷൻ – വ്യക്തിപരവും സാമുദായികവുമായ വിവേചനം**





# പ്രതിഫലനങ്ങൾക്കും പങ്കിടലിനുമുള്ള ചോദ്യങ്ങൾ

1. പ്രവർത്തന-പ്രതിഫലന പ്രക്രിയയിൽ ഏർപ്പെട്ടിരിക്കുമ്പോൾ ഗ്രൂപ്പിന്റെ അനുഭവം എന്തായിരുന്നു?
2. അംഗങ്ങൾക്ക് പൂർണ്ണമായി പങ്കെടുക്കുവാൻ സാധിച്ചിട്ടുണ്ടോ? ഉണ്ടെങ്കിൽ, എങ്ങനെ? ഇല്ലെങ്കിൽ, എന്തുകൊണ്ട്?
3. പങ്കെടുക്കുന്നവർ അനുഭവിച്ച ചില ബുദ്ധിമുട്ടുകളും വെല്ലുവിളികളും എന്തൊക്കെയായിരുന്നു?
4. പ്രതിഫലന പ്രക്രിയയുടെ അവസാനം പങ്കെടുക്കുന്നവരുടെ ഊർജ്ജ നില എപ്രകാരമായിരുന്നു?
5. പ്രക്രിയയിലൂടെ പങ്കെടുക്കുന്നവർക്ക് എന്ത് പുതിയ ഉൾകാഴ്ചകളാണ് ലഭിച്ചത്?
6. ..............................(സന്ദർഭാനുസൃതമായി കൂട്ടി ചേർക്കുക അല്ലെങ്കിൽ പരിഷ്കരിക്കുക)

അദ്ധ്യായം 10

# സഹകരണം, കൂട്ടായ പ്രവർത്തനങ്ങൾക്കുള്ള ശൃംഖല, ശുപാർശ പ്രവർത്തനങ്ങൾ



# സഹകരണം, കൂട്ടായ പ്രവർത്തനങ്ങൾക്കുള്ള ശൃംഖല, ശുപാർശ പ്രവർത്തനങ്ങൾ

## ഉദ്ദേശ്യം

സഹകരണം, കൂട്ടായ പ്രവർത്തനങ്ങൾക്കുള്ള ശൃംഖല (നെറ്റ് വർക്കിംഗ്), ശുപാർശ പ്രവർത്തനങ്ങൾ എന്നിവ സമൂഹത്താൽ നയിക്കപ്പെടുന്ന പ്രകിയകൾക്കു പ്രാധാന്യമേറിയ മൂല്യവർദ്ധനവ് നൽകുന്നു. സമൂഹത്തിലെ അംഗങ്ങളുടെ അവകാശങ്ങളുടെയും അർഹതപെട്ടതിന്റെയൊ മൊത്തത്തിലുള്ള വികസനവും സാക്ഷാത്കാരവും ഒറ്റപ്പെടലിലൊ അല്ലെങ്കിൽ ഒരു പ്രത്യേക സഹായ സംഘടനയുമായി മാത്രം ബെ ന്ധപെട്ടതുകൊണ്ടോ സാധിക്കില്ല. സഹകരണം എന്നാൽ 'ഒരുമിച്ച് പ്രവർത്തിക്കുക' എന്നാണ് അർത്ഥമാക്കുന്നത്. അതിൽ വിവരങ്ങൾ പങ്കിടൽ, പദ്ധതി ഏകോപനം, സംയുക്ത ആസൂത്രണവും പ്രവർത്തനവും, പൊതുവായ താൽപ്പര്യങ്ങൾ എന്നിവ ഉൾപ്പെടുന്നു. വൈവിധ്യമാർന്ന ബന്ധങ്ങൾ, ബന്ധങ്ങളുടെ കരുത്ത്, അവയ്ക്കിടയിലുള്ള വിശ്വാസ്യത എന്നിവയുള്ള ഒരു കൂട്ടം സംഘടനകൾ ഉൾക്കൊള്ളുന്ന ഒരു ശൃംഖല അഥവാ നെറ്റ്വർക്ക് ഒരു പ്രത്യേക ലക്ഷ്യത്തിനായി അല്ലെങ്കിൽ വിശാലമായ പിന്തുണനാ കൃത്യത്തിനായി പ്രവർത്തിക്കുന്നു. ഇത് ഒരു ആവാസവ്യവസ്ഥ പോലെയാണ്, അവിടെ വ്യത്യസ്ത ഘടകങ്ങൾ ഒരുമിച്ച് പ്രവർത്തിക്കുന്നു. സഖ്യം, പങ്കാളിത്തം എന്നിവ പോലുള്ള അനുബന്ധ ആശയങ്ങളും ഇവയിലുണ്ട്. സ്ഥാപനങ്ങളുടെ നിയമങ്ങൾ, നയങ്ങൾ,

ഘടനകൾ, പദ്ധതികൾ എന്നിവ മാറ്റുന്നതിനുള്ള ആസൂത്രിതമായ പ്രവർത്തനമാണ് അഡ്വക്കസി അഥവാ ശുപാർശ. സമൂഹത്തിലേയും സാമൂഹിക ഘടനയിലേയും താഴെത്തട്ടു മുതൽ ഉയർന്ന തലങ്ങൾ വരെ ശുപാർശ പ്രവർത്തനങ്ങൾ ആരംഭിക്കാം. ഒരു പ്രത്യേക ആവശ്യത്തിന് സ്വാധീനിക്കുക അഥവാ ലോബിയിംഗ് എന്നാൽ വ്യക്തിപരവും അനൗപചാരികമായ ഇടപെടലുകളിലൂടെ തീരുമാനമെടുക്കുന്നവരെ അധികാരികളെ സ്വാധീനിക്കുക എന്നതാണ്.

അവകാശ അധിഷ്ഠിത വികസന പ്രക്രിയയുടെ വിശാലതയും സങ്കീർണ്ണതയും കണക്കിലെടുക്കുമ്പോൾ, കമ്മ്യൂണിറ്റി അംഗങ്ങൾ 'എന്റെ വഴി അല്ലെങ്കിൽ പെരുവഴി' സമീപനം ഒഴിവാക്കുകയും മറ്റ് സംഘടനകൾ, മാധ്യമങ്ങൾ, വ്യക്തികൾ, പ്രവർത്തകർ, പണ്ഡിതന്മാർ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവയുമായി ഫലപ്രദമായി സഹകരിക്കുവാൻ കൂട്ടായ പ്രവർത്തന ശൃംഖലയിൽ അഥവാ നെറ്റ്‌വർക്കുകളിൽ ചേർന്ന് ശുപാർശ പ്രവർത്തനങ്ങൾ ആരംഭിക്കുവാനും പഠിക്കേണ്ടത് അനിവാര്യമാണ്. പദ്ധതിയാധിഷ്ഠിതമായി, പൊതു മിനിമം പദ്ധതികൾ ആവിഷ്കരിക്കുവാനും അവ നിരന്തരം അവലോകനം ചെയ്യുവാനും കഴിയണം. സഹകരണവും നെറ്റ്‌വർക്കിംഗും വ്യത്യസ്ത കഴിവുകൾ, വൈദഗ്ദ്ധ്യം, അനുഭവങ്ങൾ, ചിലപ്പോൾ ആവശ്യമായ വിഭവങ്ങൾ എന്നിവ പരിശോധിച്ച് വിശാലമായ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനു കൂടുതൽ ജനങ്ങളെ പ്രേരിപ്പിക്കുകയും അവസരമൊരുക്കുകയും ചെയ്യുന്നു. സങ്കീർണ്ണമായ പ്രശ്നങ്ങൾക്ക്, പ്രത്യേകിച്ച്, നയപരമായ വിഷയങ്ങൾക്ക് കൂട്ടായ ശക്തിയും പ്രവർത്തനവും ആവശ്യമാണ്. പൊതുവായ താൽപ്പര്യവും ലക്ഷ്യവുമുള്ള വ്യത്യസ്ത പ്രസ്ഥാനങ്ങൾ, സംഘടനകൾ, സമൂഹങ്ങൾ, ശൃംഖലകൾ എന്നിവയുമായി ഒന്നിച്ചു പ്രവർത്തിക്കുവാനുള്ള ഒരു സംസ്കാരം വളർത്തിയെടുത്ത് വിഭാവനം ചെയ്യുന്നതാണ് ഇതിന്റെ പരിണിതഫലം.

## ഉചിതമായ സമയം

ഗ്രൂപ്പുകളും സാമൂഹ്യാധിഷ്ഠിത സംഘടനകളും അവരുടെ സ്വന്തം വ്യക്തിത്വവും അജണ്ടയും ഉള്ള ശക്തമായ പ്രസ്ഥാനങ്ങളായി വളർന്നുവെന്ന് ഈ ഘട്ടം അനുമാനിക്കുന്നു. ഇവയുടെ അഭാവത്തിൽ, ചില നിക്ഷിപ്ത താൽപ്പര്യ ഗ്രൂപ്പുകൾ അവരോടു സഹകരിക്കുവാൻ സാധ്യതയുണ്ട്. സഹകരണവും ശൃംഖലയും പ്രവർത്തന രീതിയെ നിർവ്വചിക്കുന്നതിനാൽ ഇത് മറ്റ് ഘട്ടങ്ങളുടെ ഭാഗവും പങ്കുമാണ്; പ്രത്യേകിച്ചും, സമൂഹത്തിലെ നേതാക്കൾ ഉത്തരവാദിത്വപ്പെട്ട ചുമതലകൾ വഹിക്കുന്നവരുമായി കൂടിക്കാഴ്ചകൾ നടത്തുവാൻ ആരംഭിക്കുമ്പോൾ.

## ഒൻപതാം ഘട്ടം മുന്നോട്ടു തുടരുവാനുള്ള വഴികൾ

- പ്രാദേശിക, ബ്ലോക്ക്, ജില്ലാ അല്ലെങ്കിൽ സംസ്ഥാന തലങ്ങളിൽ ഗ്രൂപ്പുകൾക്കും സാമൂഹ്യാധിഷ്ഠിത സംഘടനകൾക്കും ഒരുമിച്ച് പ്രവർത്തിക്കുവാനും മികച്ച പ്രവർത്തനങ്ങൾ പങ്കിടുവാനും കൂട്ടായ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിനും സമാന സംഘടനകൾ, ശൃംഖലകൾ/നെറ്റ്‌വർക്കുകൾ, പ്രസ്ഥാനങ്ങൾ, വ്യക്തികൾ, പ്രവർത്തകർ, മാധ്യമങ്ങൾ (ഇനി മുതൽ 'സാധ്യതയുള്ള സഹകാരികൾ' എന്ന് വിളിക്കുന്നു) തിരിച്ചറിയുകയും അതിന്റെ ഒരു പട്ടിക തയ്യാറാക്കുകയും ചെയ്യുക.
- ഇമെയിൽ, ഫോൺ കോൾ, കോൺഫറൻസുകൾ, വർക്ക്ഷോപ്പുകൾ, മീറ്റിംഗുകൾ എന്നിവയിൽ കണ്ടുമുട്ടുന്നതും നിങ്ങളുടെ പ്രവർത്തനങ്ങളെക്കുറിച്ചു പങ്കിടുന്നതും അവരെ ശ്രദ്ധിക്കുന്നതും വഴി സഹകാരികളുമായി സമ്പർക്കം വികസിപ്പിക്കുക.



- വിവിധ പൊതു കമ്മിറ്റികളിലും പ്രവർത്തന ഗ്രൂപ്പുകളിൽ പങ്കെടുക്കുവാനും മറ്റ് ഗ്രൂപ്പുകളിൽ പങ്കാളികളാകുവാനും സന്നദ്ധസേവനം നടത്തുവാനുമായി സാമൂഹ്യാ ധിഷ്ഠിത സംഘടനാ (സി ബി ഒ) നേതാക്കളെ പ്രോത്സാഹിപ്പിക്കുക.
- പൊതുവായ പ്രവർത്തന പദ്ധതി ചർച്ച ചെയ്യുവാനും വികസിപ്പിക്കുവാനും കഴിവുള്ള സമാന മനസ്സുള്ള സുഹൃത്തുക്കളേയും സൗഹൃദ സംഘടനകളേയും തിരിച്ചറിയുവാൻ സമൂഹത്തിലെ അംഗങ്ങളെ സഹായിക്കുക.
- ശുപാർശ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്ന ഗ്രൂപ്പുകൾക്കായി തിരയുക, ഒപ്പം ഗ്രൂപ്പുകളിൽ അംഗമാകുവാൻ അവരെ സഹായിക്കുകയും ചെയ്യുക.
- ജില്ല, സംസ്ഥാന, ദേശീയ തലങ്ങളിൽ നെറ്റ്‌വർക്കുകളും മറ്റ് സംഘടനകളും സംഘടിപ്പിക്കുന്ന ദരിദ്രർക്ക് അനുകൂലമായ നയ പ്രചാരണങ്ങളിലും പരിപാടികളിലും പങ്കെടുക്കുവാൻ അംഗങ്ങളെ സഹായിക്കുകയും മാർഗ്ഗനിർദ്ദേശങ്ങൾ നല്കുകയും ചെയ്യുക. അത്തരം സന്ദർശനങ്ങൾ സമൂഹത്തിലെ അംഗങ്ങളെ കഴിവുകൾ നേടാൻ സഹായിക്കുകയും, ഇത് പ്രാദേശിക ശുപാർശ പ്രവർത്തനങ്ങൾ രൂപീകരിക്കുവാനും അവരുടെ അവകാശങ്ങളും അർഹതപ്പെട്ട അവകാശങ്ങൾ സർക്കാർ ഉദ്യോഗസ്ഥരിൽ നിന്ന് ലഭ്യമാക്കുവാൻ ആവശ്യപ്പെടുകയും ചെയ്യുന്നതിന് സഹായകരമാകും.
- സ്കൂൾ സമിതി (കമ്മിറ്റി), ആരോഗ്യ സമിതി, വികസന സമിതി എന്നിങ്ങനെ വിവിധ കൂട്ടായ്മകളിൽ അംഗമാകുവാൻ സമൂഹത്തിലെ അംഗങ്ങളെ പ്രോത്സാഹിപ്പിക്കുക. ഇത് അവരുടെ അഭിപ്രായങ്ങൾ പ്രകടിപ്പിക്കുവാൻ ഇടം നല്കുകയും തീരുമാന മെടുക്കുന്ന പ്രക്രിയകളിൽ പങ്കെടുക്കുവാനും അവരുടേതായ സംഭാവനകൾ നൽകുവാനു മുള്ള അവസരവും നൽകുകയും ചെയ്യും.
- പ്രാദേശിക ഭരണത്തിന്റെ ഒരു ഘടകം എന്ന നിലയിൽ പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ പ്രാധാന്യത്തെക്കുറിച്ചും ഇവയിൽ പങ്കെടുക്കുവാനുള്ള അവകാശത്തെക്കുറിച്ചും ഗ്രൂപ്പുകളേയും സാമൂഹ്യാധിഷ്ഠിത സംഘടനകളേയും

അവബോധമുള്ളവരാക്കുക. ഇതിനായി സമൂഹത്തിലെ അംഗങ്ങളെ, പ്രത്യേകിച്ച്, വനിതാ അംഗങ്ങളെ തിരഞ്ഞെടുപ്പിൽ മത്സരിക്കാൻ പ്രോത്സാഹിപ്പിക്കുക.

- സാമൂഹ്യാധിഷ്ഠിത സംഘടനാ (സി ബി ഒ) നേതാക്കളെ ജീവകാരുണ്യ സംഘടനകളും സി എസ് ആർ സ്ഥാപനങ്ങളുമായി പരിചയപ്പെടുത്തുക. രജിസ്റ്റർ ചെയ്ത പ്രസ്ഥാനങ്ങളായി രൂപീകരിക്കുന്നതിന് സി ബി ഒ നേതാക്കളെ നയിക്കുകയും സമൂഹത്തിന്റെ നന്മയ്ക്കായി പ്രവർത്തിക്കുവാൻ സാധ്യതയുള്ള പങ്കാളികളുമായി ഔദ്യോഗിക ഉടമ്പടികളിൽ ഏർപ്പെടുവാൻ സഹായിക്കുകയും ചെയ്യുക.
- പ്രാദേശിക സർക്കാർ ഉദ്യോഗസ്ഥർ മുഖാന്തിരം അവരവരുടെ പ്രദേശത്ത് നടപ്പിലാക്കുന്ന പദ്ധതികളുടെയൊ പരിപാടികളുടെയൊ പ്രവർത്തനങ്ങൾ നിരീക്ഷിക്കുന്നതിനു വേണ്ടുന്ന നിർദ്ദേശങ്ങൾ നൽകുകയും അവ കൃത്യമായി നടപ്പാക്കുന്നതിൽ എന്തെങ്കിലും പരാജയം അല്ലെങ്കിൽ പൊരുത്തക്കേടുകൾ ഉണ്ടായാൽ അതിന്റെ ഉത്തരവാദിത്വം ഏറ്റെടുക്കുവാൻ സർക്കാർ ഉദ്യോഗസ്ഥരോട് ആവശ്യപ്പെടുന്നതിനു അംഗങ്ങളെ സഹായിക്കുക.
- ............................(സന്ദർഭാനുസൃതമായി കൂട്ടി ചേർക്കുക അല്ലെങ്കിൽ പരിഷ്കരിക്കുക)

# സഹായകരമായ നിർദ്ദേശങ്ങൾ

- മികച്ച ഫലപ്രാപ്തിക്കായി പരസ്പരാശ്രിതത്വ തത്വം ഊന്നിപ്പറയുക അല്ലെങ്കിൽ ഒരുമിച്ച് പ്രവർത്തിക്കുന്ന സംസ്കാരം പഠിപ്പിക്കുക.
- സുസ്ഥിര മാറ്റങ്ങൾക്ക് താൽപ്പര്യങ്ങളുടെ സംയോജനവും, ജനങ്ങളുടെ ശക്തി വർധിപ്പിക്കുന്നതും നിർണായകമാണ്.
- സഹകരണം, ബന്ധങ്ങൾ സ്ഥാപിക്കുക, നെറ്റ്‌വർക്കിംഗ് / ശൃംഖലകൾ സൃഷ്ടിക്കുക എന്നിവ വികസന പ്രവർത്തനങ്ങളിൽ ഏർപ്പെടുവാൻ മാത്രമല്ല, തീരുമാനമെടുക്കുന്ന പ്രക്രിയകളിൽ പങ്കാളികളാകുവാനും സാധ്യത നൽകുന്നു.
- ഒരുമിച്ച് പ്രവർത്തിക്കുന്നത് തനിയാവർത്തനം ഒഴിവാക്കുവാനും വിഭവങ്ങൾ പാഴാക്കുന്നത് കുറയ്ക്കുവാനും എല്ലാവരിൽ നിന്നും മികച്ചത് ശേഖരിക്കുവാനും പരസ്പരം പഠിക്കുവാനും സഹായിക്കുന്നു.
- ചില സ്ഥലങ്ങളിൽ, വിദ്യാഭ്യാസം, ആരോഗ്യം, ശുചിത്വം, അവകാശങ്ങൾ, മനുഷ്യക്കടത്ത് എന്നിങ്ങനെയുള്ളതും; വീട്ടുജോലിക്കാർ, കുട്ടികൾ, യുവാക്കൾ എന്നിവരുടെ മനുഷ്യാവകാശവുമായി ബന്ധപ്പെട്ട വിവിധ വിഷയങ്ങളിൽ ഒന്നിലധികം സംഘടനകൾ പ്രവർത്തിക്കുന്നുണ്ടാകാം. നെറ്റ്‌വർക്കിലെ അഥവാ ശൃംഖലയിലെ അംഗങ്ങൾ തമ്മിലുള്ള ഒരു സഹകരണ സമീപനം സമൂഹത്തിന്റെ സമഗ്രവും പൂർണ്ണവുമായ വികസനത്തിന് സഹായിക്കും.
- പ്രധാന നയ ശുപാർശ പ്രവർത്തനങ്ങൾക്കും മൂലകാരണങ്ങൾ പരിഹരിക്കുന്നതിനും നെറ്റ്‌വർക്കുകൾ അഥവാ ശൃംഖലകൾ അവസരങ്ങൾ ഒരുക്കുന്നു.
- ............................(സന്ദർഭാനുസൃതമായി കൂട്ടി ചേർക്കുക അല്ലെങ്കിൽ പരിഷ്കരിക്കുക)

# സൂചകങ്ങൾ

1. സാമൂഹ്യാധിഷ്ഠിത സംഘടനകൾ (സി ബി ഒ) XXX കഴിവുള്ള വ്യക്തികളേയും അവരുടെ ഗ്രാമത്തിന് സമീപം പ്രവർത്തിക്കുന്ന XXX സമാന സംഘടനകളേയും കണ്ടെത്തി.

2. XXX സമൂഹ്യാധിഷ്ഠിത സംഘടനകൾ (സി ബി ഒ) അവർ സൃഷ്ടിച്ച മാറ്റങ്ങളുടെ വിവരണങ്ങളടങ്ങിയ പ്രൊഫൈലും പ്രവർത്തനങ്ങളും വിശദീകരിക്കുന്ന ലഘുലേഖകൾ തയ്യാറാക്കിയിട്ടുണ്ട്.
3. സമൂഹ്യാധിഷ്ഠിത സംഘടനകളുടേയും സമാന സംഘടനകളുടേയും നേതാക്കൾ തമ്മിൽ XXX മീറ്റിംഗുകൾ നടക്കുകയും; _______________, _____________ പ്രശ്നങ്ങൾ ചർച്ച ചെയ്യുകയും ചെയ്തു.
4. ശൃംഖലകൾ / നെറ്റ്‌വർക്കുകൾ സംഘടിപ്പിച്ച XXX ജില്ല, XXX സംസ്ഥാനം, XXX ദേശീയതല പരിപാടികൾ, സംഘടിത പ്രവർത്തനങ്ങൾ എന്നിവയിൽ XXX CBO നേതാക്കളും സമൂഹത്തിലെ അംഗങ്ങളും പങ്കെടുത്തിരുന്നു.
5. XXX താഴേക്കിടയിലുള്ള ശുപാർശ പ്രവർത്തനങ്ങൾ നടത്തി.
6. സ്കൂൾ സമിതി, ആരോഗ്യ സമിതി, വികസന സമിതി തുടങ്ങിയ വിവിധ സംഘടനകളിൽ സമൂഹത്തിലെ XXX അംഗങ്ങൾ അംഗത്വമെടുത്തു.
7. XXX ഗ്രൂപ്പ് നേതാക്കൾ പഞ്ചായത്ത് തിരഞ്ഞെടുപ്പിൽ മത്സരിക്കുകയും XXX അംഗങ്ങൾ തിരഞ്ഞെടുക്കപ്പെടുകയും ചെയ്തു.
8. XXX ജീവകാരുണ്യ സംഘടനകൾ അല്ലെങ്കിൽ സി എസ് ആർ സംഘടനകൾ ബന്ധപ്പെടുകയും, സാമൂഹ്യാധിഷ്ഠിത സംഘടനയുടെ (സി ബി ഒ) പ്രൊഫൈൽ പങ്കിട്ടുകയും ചെയ്തു.
9. ...........................(സന്ദർഭാനുസൃതമായി കൂട്ടി ചേർക്കുക അല്ലെങ്കിൽ പരിഷ്കരിക്കുക)

## സഹകരണ പങ്കാളികളുടെ (മാപ്പിംഗ്) രേഖ തയ്യാറാക്കുക

| സഹകരണ പങ്കാളികൾ | | | | | | |
|---|---|---|---|---|---|---|
| | വ്യക്തികൾ | | സംഘടനകൾ അല്ലെങ്കിൽ പ്രസ്ഥാനങ്ങൾ | | സ്ഥാപനങ്ങളുടെ പിന്തുണ | |
| സി ബി ഒ യുടെ പേര് | പേരും വിലാസവും | പ്രതിപാദ്യ വിഷയങ്ങളും പ്രശ്നങ്ങളും | പേരും വിലാസവും | പ്രതിപാദ്യ വിഷയങ്ങളും പ്രശ്നങ്ങളും | പേരും വിലാസവും | പ്രതിപാദ്യ വിഷയങ്ങളും പ്രശ്നങ്ങളും |
| സി ബി ഒ 1 | | | | | | |
| സി ബി ഒ 2 | | | | | | |
| സി ബി ഒ 3 | | | | | | |
| സി ബി ഒ 4 | | | | | | |
| സി ബി ഒ 5 | | | | | | |

## വിഭവ പങ്കാളികളുടെ (മാപ്പിംഗ്) രേഖ തയ്യാറാക്കുക

| വിഭവ പങ്കാളികൾ | | | | | | |
|---|---|---|---|---|---|---|
| | വ്യക്തികൾ | | സി എസ് ആർ അല്ലെങ്കിൽ സർക്കാർ സ്രോതസ്സുകൾ | | സ്ഥാപനങ്ങളുടെ പിന്തുണ | |
| സി ബി ഒ യുടെ പേര് | പേരും വിലാസവും | താൽപ്പര്യമുള്ള മേഖലകൾ; മാനവ വിഭവശേഷി അല്ലെങ്കിൽ സാമ്പത്തിക പിന്തുണ | പേരും വിലാസവും | താൽപ്പര്യമുള്ള മേഖലകൾ; മാനവ വിഭവശേഷി അല്ലെങ്കിൽ സാമ്പത്തിക പിന്തുണ | പേരും വിലാസവും | താൽപ്പര്യമുള്ള മേഖലകൾ; മാനവ വിഭവശേഷി അല്ലെങ്കിൽ സാമ്പത്തിക പിന്തുണ |
| സി ബി ഒ 1 | | | | | | |
| സി ബി ഒ 2 | | | | | | |
| സി ബി ഒ 3 | | | | | | |
| സി ബി ഒ 4 | | | | | | |
| സി ബി ഒ 5 | | | | | | |

*കുറിപ്പ്: നെറ്റ്‌വർക്ക്/ശൃംഖല അല്ലെങ്കിൽ ശുപാർശ പ്രശ്നങ്ങൾ സംബന്ധിച്ച് സമാന ടെംപ്ലേറ്റുകൾ സഹായകമാകും.*



## പ്രതിഫലനത്തിനും പങ്കിടലിനുമുള്ള ചോദ്യങ്ങൾ

1. സഹകരണം, നെറ്റ്‌വർക്കിംഗ്, ശുപാർശ ഇടപെടലുകൾ സംബന്ധിച്ച് ബന്ധപ്പെട്ട് സി ബി ഒ കളുടെയും ഗ്രൂപ്പുകളുടെയും അനുഭവങ്ങൾ എന്തായിരുന്നു? അവരുടെ ശക്തിയും പഠനവും വെല്ലുവിളികളും എന്തായിരുന്നു?
2. മറ്റുള്ളവരുമായി ഒത്തുചേർന്നു പ്രവർത്തിക്കുന്ന സംസ്കാരത്തിൽ സി ബി ഒ നേതാക്കൾ വളർന്നിട്ടുണ്ടോ? അവരുടെ ആശ്വാസകരവും അനാശ്വാസകരവുമായ മേഖലകൾ ഏതൊക്കെയായിരുന്നു?
3. ഏത് രീതിയിലാണ്, സഹകരണവും നെറ്റ്‌വർക്കിംഗ് ശ്രമങ്ങളും അവകാശാടിസ്ഥിതമായ വികസന പ്രക്രിയകളുടെ മൂല്യം വർദ്ധിപ്പിച്ചത്?
4. സഹകരണ പ്രവർത്തനങ്ങൾ വികസിപ്പിക്കുവാൻ സാമൂഹ്യാധിഷ്ഠിത സംഘടനകളെ (സി ബി ഒ) സഹായിച്ച പ്രതിപാദ്യ വിഷയ മേഖലകൾ എന്തായിരുന്നു, എങ്ങനെ?
5. ............................(സന്ദർഭാനുസൃതമായി കൂട്ടി ചേർക്കുക അല്ലെങ്കിൽ പരിഷ്കരിക്കുക)

## ഭരണ നിർവ്വഹണത്തിൽ ചേർന്ന്, നിങ്ങളുടെ ശബ്ദം ഉയർത്തുക

എൻജിഒ-കളുമായുള്ള സഹകരണത്തിന്റെയും നെറ്റ്‌വർക്കിംഗിന്റെയും ചില അടയാളങ്ങൾ പ്രാദേശിക - ജില്ലാതലത്തിലും സഹായ സംഘടനകൾ നൽകുന്നത് കാണുവാനിടയായി. എന്നിരുന്നാലും, സമൂഹത്തിലെ നേതാക്കളേക്കാൾ പ്രധാന പങ്കു വഹിച്ചത് സഹായ സംഘടനയിലെ ജീവനക്കാരാണ്. വിവിധ തദ്ദേശ സ്വയംഭരണ യോഗങ്ങളിൽ സമൂഹങ്ങളുടേയും ഗ്രൂപ്പുകളുടേയും നേതാക്കൾ പതിവായി പങ്കെടുത്തതാണ് വിജയം കൈവരിച്ച മേഖലകളിലൊന്ന്. ചിലർ സ്കൂൾ കമ്മിറ്റി, ഗ്രാമവികസന സമിതി, ആരോഗ്യ സമിതി എന്നിവയിൽ അംഗങ്ങളാവുകയും, പ്രാദേശിക ഭരണ നിർവ്വഹണ സംഘങ്ങളുമായി അവർക്ക് സഹകരിക്കുവാനും സാധിച്ചു. സമൂഹത്തിന്റെ ആശങ്കകൾക്ക് വേണ്ടി വാദിക്കുവാനും ഈ മീറ്റിംഗുകൾ മുഖാന്തിരം അവസരം ലഭിച്ചു. അത്തരം ആരോഗ്യപരമായ ബന്ധങ്ങൾ പൊതുസ്ഥാപനങ്ങളുടെ ഫലപ്രദമായ പ്രവർത്തനം ഉറപ്പാക്കുകയും മികവ് വർദ്ധിപ്പിക്കുകയും ചെയ്തു

അദ്ധ്യായം 11

# സന്നദ്ധപ്രവർത്തനം, ദാനം നൽകൽ, പങ്കിടൽ



# സന്നദ്ധപ്രവർത്തനം, ദാനം നൽകൽ, പങ്കിടൽ

## ഉദ്ദേശ്യം

സമൂഹത്തിലെ അംഗങ്ങൾക്കിടയിൽ സന്നദ്ധ സേവനം ചെയ്യുവാൻ പ്രേരിപ്പിക്കുകയും, കൊടുക്കുവാനും പങ്കിടുവാനുമുള്ള മനോഭാവം വളർത്തുകയും ചെയ്യുന്നതാണ് സാമൂഹ്യ സംഘാടനത്തിന്റെ പ്രധാന വശം. സമൂഹത്തിനു പ്രയോജനപ്പെടുന്നതിനായി സമയവും ഊർജ്ജവും പ്രതിബദ്ധതയോടെ സമർപ്പിക്കുന്നതാണ് സന്നദ്ധപ്രവർത്തനം. പ്രതിഫലമൊ അല്ലെങ്കിൽ സാമ്പത്തിക നേട്ടമൊ ലാഭമൊ ഒന്നും പ്രതീക്ഷിക്കാതെ പൂർണ്ണ സ്വതന്ത്ര്യത്തോടെയും സ്വന്ത ഇഷ്ടപ്രകാരം ഏറ്റെടുക്കുന്നതാണ് സന്നദ്ധപ്രവർത്തനം. ഇത് സ്വതന്ത്ര്യവും നീതിയുക്തവുമായ ജനാധിപത്യ സമൂഹത്തിന്റെ ഒരു അനിവാര്യ വ്യവസ്ഥിതിയാണ്. ആവശ്യമുള്ള അംഗങ്ങൾക്ക് സഹായകരവും സൗജന്യവുമായ സേവനങ്ങൾ നൽകുന്നതിന് അല്ലെങ്കിൽ സമൂഹത്തിന്റെ പൊതുവായ ആശങ്കകൾക്കായി സമയം, കഴിവുകൾ, കാര്യശേഷി എന്നിവ പങ്കിടാൻ അംഗങ്ങളെ പ്രേരിപ്പിക്കുന്നതിലൂടെ സന്നദ്ധപ്രവർത്തനത്തെ പരിപോഷിപ്പിക്കുവാൻ കഴിയും.

മനുഷ്യരെന്ന നിലയിൽ, നമുക്കെല്ലാവർക്കും സ്വന്തമെന്ന ഒരു ബോധം ആവശ്യമാണ്, ഒപ്പം പരസ്പരബന്ധം, പരസ്പരാശ്രിതത്വം, ബന്ധങ്ങളുടെ ഒരു ശൃംഖല എന്നിവ വികസിപ്പിക്കുവാനും പരിപാലിക്കുവാനും ഈ സ്വന്തമെന്ന ബോധം നമ്മെ പ്രേരിപ്പിക്കുന്നു. പങ്കിടൽ എന്നത് ഒരു പ്രവൃത്തി മാത്രമല്ല, അസാധാരണമായ യാഥാർത്ഥ്യമായി മാറിയ ഒരു ജീവിത സംസ്കാരമൊ, ജീവിതരീതിയൊ ആണ്. എന്നിട്ടും, ദുരന്തങ്ങളിലും വിപത്തുകളിലും പലരും സഹായം നൽകാൻ മുന്നോട്ട് വരുന്നു. ഗ്രാമീണ, ആദിവാസി



സമുദായങ്ങൾക്കിടയിൽ 'കൂട്ടായ്മ' അല്ലെങ്കിൽ 'പങ്കിടുന്ന സമൂഹങ്ങൾ' ഇപ്പോഴും കാണാനാകും. ഉപഭോക്തൃ സംസ്കാരം ഈ സംസ്കാരം നശിപ്പിച്ചു. ദരിദ്രരേയും നിർദ്ധനരേയും കരുതുന്നത് മാനവികതയുടെ ദൈവിക ലക്ഷ്യങ്ങളിലൊന്നായാണ്. മാന വികത തൊട്ടറിയുന്നവർ അനുകമ്പയുടേയും സഹാനുഭൂതിയുടേയും ഒരു മനോഭാവം വളർത്തിയെടുത്തവർ, അവരുടെ പരിമിതികളിൽ നിന്നും പങ്കിടുവാൻ മുന്നോട്ട് വരുന്നു. ഓരോ വ്യക്തിക്കും ബഹുമാനത്തോടും മാന്യതയോടും പെരുമാറുന്നതായി അനുഭവ പ്പെടുമ്പോൾ മാത്രമാണ് ഒരു സമൂഹം യഥാർത്ഥമായി ആരോഗ്യമുള്ള സമൂഹമാകുന്നത്. പൊതു നന്മ, ഐക്യദാർഢ്യം, സാഹോദര്യം എന്നീ തത്വങ്ങളെ അടിസ്ഥാനമാക്കിയുള്ള താണ് ഇത്.

പക്വതയും വളർച്ചയുമാണ് പങ്കിടുന്ന സമൂഹത്തിന്റെ ലക്ഷണം. നൽകുന്നതൊ പങ്കിടുന്നതൊ കേവലം സാമ്പത്തിക പദങ്ങളിൽ മാത്രമായി പരിമിതപ്പെടുത്തുവാൻ കഴിയില്ല. വിവരങ്ങൾ, കഴിവുകൾ, അറിവ്, നിപുണതകൾ പങ്കിടുക, അധ്വാനത്തിലൂടെയും സേവനത്തിലൂടെയും സംഭാവന ചെയ്യുവാനുള്ള സന്നദ്ധത, അല്ലെങ്കിൽ സമയം ചെലവഴിക്കുക എന്നിവയും ആകാം. ദാരിദ്ര്യവും പരിമിത വിഭവങ്ങളും മാത്രം ഉണ്ടായിരുന്നിട്ടും, സമൂഹത്തിലെ അംഗങ്ങൾക്ക് പങ്കിടുവാൻ ധാരാളമുണ്ട്. സമൂഹത്തിലെ ദരിദ്രരേയും നിർദ്ധനരേയും പിന്തുണയ്ക്കുന്നതിനായി മനുഷ്യസ്നേ ഹമുള്ള സംഘടനകളിൽ നിന്നും സി എസ് ആറിൽ നിന്നും വിഭവങ്ങൾ സമാഹരിക്കുവാൻ ഗ്രൂപ്പുകൾക്കും സാമൂഹ്യാധിഷ്ഠിത സംഘടനകൾക്കും (സി ബി ഒ) കഴിയും. ദരിദ്രരെ സഹായിക്കുവാനും പൊതുവികസ നത്തിനുമായി മറ്റുള്ളവരോട് 'ചോദിക്കുക' അല്ലെങ്കിൽ 'യാചിക്കുക' എന്നത് പങ്കിടലിന്റെ മറ്റൊരു മികച്ച രൂപമാണ്.

## ഉചിതമായ സമയം

ഈ ഘട്ടത്തിന് നിർദ്ദിഷ്ട സമയപരിധിയൊന്നുമില്ല. ഒരു സാംസ്കാരിക തലമെന്ന നിലയിൽ, ഇത് തുടക്കം മുതൽ ചെറിയ തോതിൽ പ്രോത്സാഹിപ്പിക്കണം.

# പത്താം ഘട്ടം മുന്നോട്ട് തുടരുവാനുള്ള വഴികൾ

- വ്യക്തിഗത ദാതാക്കളുടെ പ്രചോദനാത്മക കഥകൾ, പരിപാടികൾ, അനുഭവങ്ങൾ എന്നിവയിലൂടെ സന്നദ്ധപ്രവർത്തനം, നൽകൽ, പങ്കിടൽ എന്നിവയുടെ മൂല്യങ്ങൾ വിലമതിക്കുവാൻ സമൂഹത്തിലെ അംഗങ്ങളെ പ്രചോദിപ്പിക്കുക.
- സമത്വം, ധാർമികത, സാമൂഹികനീതി, സാഹോദര്യം, പൊതുനന്മ, ഐക്യദാർഢ്യം, ദരിദ്രർക്കും ദുർബലർക്കും ഇഷ്ടമുള്ളത് തിരഞ്ഞെടുക്കുവാനുള്ള അവകാശം, മേൽനോട്ടം, പങ്കാളിത്തം എന്നിവ മനുഷ്യന്റെ ജീവിതത്തോടും അന്തസ്സിനോടും ചേർത്തുനിർത്തി വിലമതിക്കുവാനും പ്രോത്സാഹിപ്പിക്കുവാനും അവയെ അഭിനന്ദിക്കുവാനും സമൂഹത്തിലെ അംഗങ്ങളെ പരിശീലിപ്പിക്കുക
- യുവജനങ്ങൾ, കുട്ടികൾ, സ്ത്രീകൾ, പുരുഷന്മാർ എന്നിവരെ അവരുടെ സമയം, കഴിവുകൾ, കാര്യശേഷി എന്നിവ പങ്കിട്ടു, സമൂഹത്തിലെ നിർധനരായ അംഗങ്ങൾക്ക് സഹായമൊ സൗജന്യ സേവനങ്ങളൊ ലഭ്യമാക്കുന്നതിന് സന്നദ്ധസേവനം ചെയ്യുവാൻ പ്രേരിപ്പിക്കുക.
- 'ഓരോരുത്തരും – മറ്റൊരാളെ സഹായിക്കുക' എന്നത് ഒരു നല്ല തന്ത്രമായിരിക്കും. ഉദാഹരണത്തിന്, യുവാക്കൾക്ക് മറ്റ് യുവാക്കളെ പരിശീലിപ്പിക്കുവാനും ദുർബലരായ വിദ്യാർത്ഥികളെ സഹായിക്കുവാൻ കുട്ടികൾക്ക് ഒന്നിച്ചിരുന്നു പഠിക്കുവാനുള്ള സമയം ക്രമീകരിക്കുവാനും കഴിയും.
- സമൂഹത്തിലെ നിർദ്ധന വ്യക്തികളുമായി വിവിധ കഴിവുകളും കാര്യശേഷിയുമുള്ള സന്നദ്ധപ്രവർത്തകരുമായി ബന്ധിപ്പിക്കുക.
- സമൂഹത്തിലെ ദരിദ്രരേയും നിർദ്ധനരേയും പിന്തുണയ്ക്കുന്നതിനായി മനുഷ്യസ്നേഹമുള്ള സംഘടനകളിൽ നിന്നും സി എസ് ആറിൽ നിന്നും വിഭവങ്ങൾ സമാഹരിക്കുവാൻ ഗ്രൂപ്പുകൾക്കും സാമൂഹ്യാധിഷ്ഠിത സംഘടനകൾക്കും (സി ബി ഒ) നിർദ്ദേശങ്ങൾ നൽകുക.
- പൊതുവായ എല്ലാ പ്രവർത്തനങ്ങൾക്കും സംഭാവന നൽകാൻ അംഗങ്ങളെ പ്രേരിപ്പിക്കുന്നതിലൂടെയും പങ്കെടുക്കുന്നവരോട് ഭക്ഷണച്ചെലവുകൾ വസ്തുക്കളായൊ പണമായോ പങ്കിടാൻ ആവശ്യപ്പെടുകയും ചെയ്യുന്നതാണ് പങ്കിടൽ സംസ്കാരം വളർത്തിയെടുക്കുന്നതിനുള്ള ഒരു മാർഗ്ഗം.
- സാധാരണയായി, അവർക്ക് ഉപയോഗപ്രദമാണെന്ന് അവർ കരുതുന്ന ഒരു പൊതു കാര്യത്തിനായി സമൂഹത്തിലെ അംഗങ്ങൾ അസാധാരണമായ മഹാമനസ്കത കാണിക്കുന്നു. സമൂഹത്തിന്റെ സ്വതസിദ്ധമായ മഹാമനസ്കത ഉളവാക്കുവാൻ കഴിയുന്ന ശരിയായ മധ്യസ്ഥ തന്ത്രം തിരിച്ചറിയുക.
- ............................(സന്ദർഭാനുസൃതമായി കൂട്ടി ചേർക്കുക അല്ലെങ്കിൽ പരിഷ്കരിക്കുക)

# സഹായകരമായ നിർദ്ദേശങ്ങൾ

- സമയം, കഴിവുകൾ, കാര്യക്ഷമത എന്നിവ ചെറിയ തോതിലെങ്കിലും പങ്കിടുവാൻ തയ്യാറുള്ള അംഗങ്ങളെ പ്രോത്സാഹിപ്പിക്കുക.
- എല്ലാ വർഷവും സന്നദ്ധസേവന അംഗീകാരം അല്ലെങ്കിൽ അവാർഡ് ചടങ്ങ് സംഘടിപ്പിക്കുക. സമൂഹത്തിലെ മറ്റ് അംഗങ്ങളെ പ്രചോദിപ്പിക്കുന്നതിനായി സ്വമേധയാ സേവനങ്ങൾ വാഗ്ദാനം ചെയ്ത വ്യക്തികളെ പൊതുജന മധ്യത്തിൽ ആദരിക്കുക അല്ലെങ്കിൽ അവാർഡുകൾ നൽകി അംഗീകരിക്കുക.

- സന്നദ്ധസേവനം നടത്തുന്ന, നൽകുന്ന, പങ്കിടുന്നവരുടെ നന്മ അംഗീകരിക്കുന്നതിൽ ഉദാരത പുലർത്തുക. സന്നദ്ധപ്രവർത്തകരെ പേര് പരാമർശിച്ചു പൊതുവായി അഭിനന്ദിക്കാനുള്ള എല്ലാ അവസരങ്ങളും ഉപയോഗിക്കുക. ഇത് മറ്റ് അംഗങ്ങളെ സന്നദ്ധപ്രവർത്തനവും പങ്കിടലും ഏറ്റെടുക്കുവാൻ പ്രോത്സാഹിപ്പിക്കും.
- പരിമിതികൾക്കുള്ളിൽ നിന്നും നൽകിയ പാവപ്പെട്ടവരെ പ്രോത്സാഹിപ്പിക്കുക.
- ............................(സന്ദർഭാനുസൃതമായി കൂട്ടി ചേർക്കുക അല്ലെങ്കിൽ പരിഷ്കരിക്കുക)

# ഉപയോഗപ്രദമായ മുന്നറിയിപ്പുകൾ

- സമൂഹത്തിലെ അംഗങ്ങളുടെ ഇഷ്ടത്തിന് വിരുദ്ധമായി സന്നദ്ധസേവനം നടത്തുവാനൊ പങ്കിടുവാനൊ അംഗങ്ങളെ നിർബന്ധിക്കരുത്.
- സമൂഹത്തിന്റെ മഹാമനസ്കത ഉളവാക്കുവാൻ ചില ശ്രമങ്ങൾക്ക് സാധിച്ചില്ലെങ്കിലും നിരുത്സാഹപ്പെടുകയൊ അധൈര്യപ്പെടുകയൊ വേണ്ട.
- വിജയത്തിലോ പരാജയത്തിലൊ ശ്രദ്ധ കേന്ദ്രീകരിക്കരുത്. നിങ്ങൾക്ക് ആവശ്യമുള്ളതൊ പ്രതീക്ഷിച്ചതൊ ആയ ഫലങ്ങൾ ആദ്യം ലഭിച്ചേക്കില്ല; എന്നിരുന്നാലും, നിങ്ങളുടെ പരിശ്രമം ദീർഘകാല പരിശ്രമത്തിൽ നിശ്ചയമായും ഫലം നൽകും.
- ..............................(സന്ദർഭാനുസൃതമായി കൂട്ടി ചേർക്കുക അല്ലെങ്കിൽ പരിഷ്കരിക്കുക)

# സൂചകങ്ങൾ

1. സമൂഹത്തിലെ XXX യുവാക്കൾ, XXX കുട്ടികൾ, XXX സ്ത്രീകൾ, XXX പുരുഷന്മാർ എന്നിവർ അവരുടെ സമയം, കഴിവുകൾ, കാര്യശേഷി എന്നിവ നിർദ്ധന അംഗങ്ങൾക്കായി പങ്കുവെക്കാൻ സന്നദ്ധരായി.
2. XXX യുവാക്കൾ വിവിധ കഴിവുകളിൽ മറ്റ് യുവാക്കളെ പരിശീലിപ്പിക്കുവാൻ സന്നദ്ധരായി.
3. ദുർബലരായ വിദ്യാർത്ഥികളെ സഹായിക്കുവാൻ XXX കുട്ടികൾ ഒന്നിച്ചിരുന്നു പഠിക്കുവാൻ സമയം ക്രമീകരിക്കുവാൻ സാധിച്ചു.
4. XXX വനിതാ ഗ്രൂപ്പുകളൊ സ്വാശ്രയ സംഘങ്ങളൊ ജനങ്ങളുടെ പൊതു ആവശ്യങ്ങൾ നിറവേറ്റുന്നതിനായി അവരുടെ പൊതു സമ്പാദ്യത്തിൽ നിന്നും പണം സംഭാവന ചെയ്തു.
5. സമൂഹത്തിലെ XXX അംഗങ്ങളുടെ സന്നദ്ധ സേവനത്തിലൂടെ പ്രദേശം വൃത്തിയാക്കുവാൻ സാധിച്ചു.
6. XXX അംഗങ്ങൾ രോഗികളേയും ഭിന്നശേഷിക്കാരേയും സന്ദർശിച്ച് അവരോടൊപ്പം സമയം ചെലവഴിച്ചു.
7. XXX യുവാക്കൾ, XXX സ്ത്രീകൾ, XXX പുരുഷന്മാർ എന്നിവർ സമൂഹത്തിൽ സർക്കാർ ഏറ്റെടുക്കുന്ന വികസന പ്രവർത്തനങ്ങൾ നിരീക്ഷിക്കുകയും ബന്ധപ്പെട്ട സർക്കാർ വകുപ്പുകൾക്ക് പ്രതികരണങ്ങൾ നൽകുകയും ചെയ്യുന്നു.
8. ഒരു പൊതു പരിപാടിക്കായി സമൂഹത്തിൽ നിന്നും XXX തുക ശേഖരിച്ചു.
9. പരിശീലനത്തിനുള്ള ഭക്ഷണ ചെലവിന്റെ XXX ശതമാനം, പരിശീലനത്തിൽ പങ്കെടുത്ത അംഗങ്ങളുടെ സംഭാവനയാണ്.
10. ..........................(സന്ദർഭാനുസൃതമായി കൂട്ടി ചേർക്കുക അല്ലെങ്കിൽ പരിഷ്കരിക്കുക)

# സ്വയം വിലയിരുത്തൽ സൂചിക

'1' മുതൽ '5' വരെയുള്ള സ്കെയിലിൽ; '1' ഏറ്റവും കുറഞ്ഞതും, '5' പരമാവധി ഉള്ളതും. നിങ്ങൾ എങ്ങനെ പുരോഗതി വിലയിരുത്തും?

| നം. | വളർച്ചാ മേഖലകൾ | സ്കോർ |
|---|---|---|
| 1. | സന്നദ്ധപ്രവർത്തനം, നൽകൽ, പങ്കിടൽ എന്നിവ ചെയ്യുന്നതിൽ ഞാൻ വളർന്നു. | |
| 2. | ദരിദ്രരേയും നിർദ്ധനരേയും സേവിക്കുന്നതിൽ ഞാൻ അഭിമാനിക്കുന്നു. | |
| 3. | ഞാൻ എന്റെ സമയം ചെലവഴിക്കുകയും എന്റെ കഴിവുകളും കാര്യക്ഷമതയും ആവശ്യമുള്ളവരുമായി പങ്കിടുകയും ചെയ്യുന്നു. | |
| 4. | സഹായ സംഘടനകൾ സംഘടിപ്പിച്ച പരിശീലനങ്ങളിൽ നിന്ന് ഞാൻ നേടിയ അറിവ് ചങ്ങാതിമാരുമായി ശ്രദ്ധയോടെ പങ്കിടുന്നു. | |
| 5. | ഞാൻ എന്റെ ചെലവുകൾ വെട്ടിക്കുറയ്ക്കുകയും സമൂഹത്തിലെ പൊതു പ്രവർത്തനങ്ങൾക്കായി എന്റെ സമ്പാദ്യം പങ്കിടുകയും ചെയ്യുന്നു. | |
| 6. | എന്റെ സന്നദ്ധ സേവനങ്ങൾ സമൂഹത്തിൽ അംഗീകരിക്കപ്പെട്ടു. | |
| 7. | സമൂഹത്തിലെ അംഗങ്ങൾ സന്നദ്ധപ്രവർത്തനത്തിലും പങ്കിടലിലും വളർന്നു. | |
| 8. | സമൂഹത്തിലെ പല അംഗങ്ങളും അവരുടെ സമയം, കഴിവുകൾ, സേവനം, പണം എന്നിവ സഹായം ആവശ്യമുള്ളവരുമായി പ്രതിഫലം ഒന്നും പ്രതീക്ഷിക്കാതെ പങ്കുവയ്ക്കുന്നു. | |
| 9. | പല അംഗങ്ങളും പൊതുവായ ലക്ഷ്യത്തിനുവേണ്ടി ഔദാര്യമായി സംഭാവന ചെയ്യുന്നു. | |
| 10. | സന്നദ്ധപ്രവർത്തനം, ദാനം നൽകൽ, പങ്കിടൽ എന്നിവയുടെ സംസ്കാരം സമൂഹത്തിലെ അംഗങ്ങൾ വിലമതിക്കുന്നു. | |

*കുറിപ്പ്: എല്ലാ നേതാക്കളോടും സ്വയം വിലയിരുത്താനും മാർക്ക് മുഴുവനും കൂട്ടി നൽകാനും ആവശ്യപ്പെടുക. മുഴുവൻ മാർക്കിനെ അടിസ്ഥാനമാക്കി ഒരു സംഭാഷണം നടത്തുക.*

# പ്രതിഫലനങ്ങൾക്കും പങ്കിടലിനുമുള്ള ചോദ്യങ്ങൾ

1. സമൂഹത്തിലെ അംഗങ്ങൾ ഏതുതരം സന്നദ്ധപ്രവർത്തനങ്ങളിലാണ് ഏർപ്പെടാറുള്ളത്?
2. പരസ്പരം കരുതുന്നുവെന്ന് സമൂഹത്തിലെ അംഗങ്ങൾ എങ്ങനെ തെളിയിച്ചു?
3. ഏത് തരത്തിലുള്ള പ്രവർത്തനങ്ങളിൽ അവരുടെ വിഭവങ്ങൾ പങ്കിടുവാനാണ് സമൂഹത്തിലെ അംഗങ്ങൾ കൂടുതൽ താല്പര്യം കാണിച്ചത്?
4. എന്ത് പ്രായോഗിക വഴികളിലൂടെയാണ് സന്നദ്ധപ്രവർത്തനം, ദാനം നൽകൽ, പങ്കിടൽ എന്നിവയുടെ സംസ്കാരം തങ്ങളിൽ ഉൾച്ചേർന്നുവെന്നു സമൂഹത്തിലെ അംഗങ്ങൾ തെളിയിച്ചത്?
5. നൽകുന്നതിലും പങ്കിടുന്നതിലും സമൂഹത്തിലെ അംഗങ്ങൾക്ക് ജാതി - മത വ്യവസ്ഥിതികൾ മറികടക്കാൻ കഴിഞ്ഞുവോ? പ്രധാന ചില മാറ്റങ്ങൾ വിവരിച്ചു എഴുതുക.
6. .............................(സന്ദർഭാനുസൃതമായി കൂട്ടി ചേർക്കുക അല്ലെങ്കിൽ പരിഷ്കരിക്കുക)


उद्यान विभाग में संचालित योजनायें वर्ष 2014-15
1- जिला औद्यानिक मिशन योजना
आँगनबाड़ी केन्द्र-मिर्जापुर
वि.सं.- चरगावाँ
जनपद-गोरखपुर
कुपोषण को मात, है अपने हाथ

## ശവസംസ്കാര ചിലവുകൾക്കുള്ള പിന്തുണ

'മധ്യപ്രദേശിലെ ഷാജാപൂർ ജില്ലയിലെ ചക്ജാജിപൂർ ഗ്രാമത്തിലെ ഒരു സ്വാശ്രയ സംഘത്തിലെ അംഗമാണ് മുന്ന ബായ്. അവളുടെ ഭർത്താവ് ദിവസ വേതന തൊഴിലാളിയായിരുന്നു. അവളുടെ അമ്മായിയമ്മ അന്തരിച്ചപ്പോൾ, ശവസംസ്കാര കർമങ്ങൾ ക്രമീകരിക്കുവാൻ മുന്നാ ബായിക്ക് പണമില്ലായിരുന്നു. അവളുടെ അവസ്ഥ മനസ്സിലാക്കിയ ഗ്രൂപ്പ് അംഗങ്ങൾ സ്വമേധയാ സംഭാവന നൽകി, സംസ്കാര ചടങ്ങുകൾ പൂർത്തിയാക്കുവാൻ മുന്നാ ബായിയെ സഹായിച്ചു. അത് സാമ്പത്തിക സഹായം മാത്രമല്ല പ്രത്യുത അവളുടെ ദുഃഖ സമയത്ത് ഞങ്ങൾ എല്ലാവരും മുന്ന ബായിയോടൊപ്പം ഉണ്ടായിരുന്നു'', എന്ന് ഗ്രൂപ്പിലെ അംഗം താരാ ബായ് പറഞ്ഞു.

## കൊൽക്കത്തയിലെ സോളോ ബിഗയിൽ ഞങ്ങൾ സ്കൂൾ നിർമ്മിച്ചു

സോളോ ബിഗ ഒരു ചേരി മാത്രമല്ല, നിരവധി പാവപ്പെട്ട കുടുംബങ്ങൾ താമസിക്കുന്ന കൊൽക്കത്തയിലെ ഒരു അനധികൃത കോളനിയാണ്. നിരവധി കുട്ടികൾ സ്കൂളിൽ പോകുന്നത് നിർത്തി പാഴ്വസ്തുക്കൾ പെറുക്കി വിൽക്കുന്നതിൽ ഏർപ്പെട്ടു. കൂടാതെ കുട്ടികൾ നിയമവിരുദ്ധവും കുറ്റകരവുമായ പ്രവർത്തനങ്ങളിലും ഏർപ്പെട്ടു. ഈ സാഹചര്യം ഞങ്ങളെ അസ്വസ്ഥരാക്കി. ഒരു എൻ ജി ഒയും സഹായം നൽകാത്തതിനാൽ, ഞങ്ങൾ സ്വന്തം ചെലവിൽ ഒരു സ്കൂൾ നിർമ്മിക്കുവാൻ തീരുമാനിച്ചു. സമൂഹത്തിലെ ചില അംഗങ്ങൾ ഈ ആശയത്തെ എതിർക്കുകയും, ഈ ഉദ്യമത്തിൽ പങ്കെടുത്തതുമില്ല. ഓരോ കുടുംബത്തിൽ നിന്നും 50 രൂപ വീതം ശേഖരിച്ചു. ചില ഗ്രൂപ്പുകൾ അവരുടെ സമ്പാദ്യം വരെ നൽകുവാനിടയായി. പുറത്തു നിന്നുള്ള വിദഗ്ധരെ ക്ഷണിച്ചില്ല. എഞ്ചിനീയർമാർ, മേസൺ, തൊഴിലാളികൾ എന്നിവരായിരുന്നു സമൂഹത്തിലെ അംഗങ്ങൾ. സമൂഹത്തിലെ അംഗങ്ങൾ, ക്രമമനുസരിച്ചു സ്കൂൾ നിർമ്മിക്കുവാൻ ശാരീരിക അദ്ധ്വാനം സൗജന്യമായി നൽകി. ഏകദേശം മൂന്ന് ലക്ഷം രൂപ ഇതിനായി ചിലവഴിച്ചു. അത് ഒരു വലിയ തുകയായിരുന്നു. ഇത്രയും വലിയ തുക ചെലവ് വരുമെന്നൊ, ഈ തുക സമാഹരിക്കുവാൻ ഞങ്ങളെകൊണ്ട് സാധിക്കുമെന്നൊ ഞങ്ങൾ ഒരിക്കൽ പോലും പ്രതീക്ഷിച്ചിരുന്നില്ല. ഒരു സമയത്ത് ഒരു പ്രവർത്തനം നടപ്പിലാക്കുക എന്ന നിലയിലാണ് മുമ്പോട്ട് പോയത്. എല്ലായ്പ്പോഴും ഒരു സമയത്ത് ഒരു ഘട്ടമായിരുന്നു. കെട്ടിടം ഉയരുന്നത് കണ്ട് പലരും മുന്നോട്ട് വന്ന് കുറച്ച് പണം നൽകി സഹായിച്ചു. ബജറ്റ് തയ്യാറാക്കൽ, രൂപകൽപ്പന, ആസൂത്രണം, നടപ്പാക്കൽ തുടങ്ങിയ ആശയങ്ങൾ ഞങ്ങൾക്ക് അന്യമായിരുന്നു. ഞങ്ങളെ സംബന്ധിച്ചിടത്തോളം ഏറ്റവും പ്രധാനം 'കൂട്ടായ ഇച്ഛാശക്തി സമൂഹത്തിനും ഔദാര്യങ്ങൾക്കും ബലം നൽകും' എന്നതായിരുന്നു. ഒടുവിൽ, സ്കൂൾ പണിതു തീർന്നപ്പോൾ എല്ലാവരും ഞങ്ങളെ വിസ്മയത്തോടെയും ആശ്ചര്യത്തോടെയും നോക്കി.

അധ്യായം 12

# ആഘോഷം, ദൃശ്യത, അംഗീകാരം



# ആഘോഷം, ദൃശ്യത, അംഗീകാരം

## ഉദ്ദേശ്യം

ദരിദ്ര സമൂഹങ്ങൾക്കിടയിൽ പോലും, അത് നഗര ചേരികളിലൊ വിദൂര ഗ്രാമങ്ങളിലൊ താമസിക്കുന്നുവരാണെങ്കിലും സാമൂഹിക ആഘോഷങ്ങൾ അവരുടെ ജീവിതത്തിന്റെ ഒരു അവിഭാജ്യ ഘടകമാണ്. അത് പൊതുവെ മതപരമൊ സാംസ്കാരികമൊ ആയ ആഘോഷങ്ങളായിരുന്നാലും, ജനങ്ങൾ ഒന്നിച്ചു വന്നു ആസൂത്രണം ചെയ്തു സംഘടിപ്പിക്കുകയും സന്തോഷകരമായ ആ സമയം അവർ ഒന്നിച്ചു ആസ്വദിക്കുകയും ചെയ്യുന്നു. ഈ ഘട്ടത്തിന്റെ ഉദ്ദേശ്യം സമൂഹത്തിലെ ഗ്രൂപ്പുകൾക്ക് അവരുടെ നേട്ടങ്ങളും വിജയങ്ങളും ആഘോഷിക്കുന്നതിനും സാമൂഹിക സംഘാടന പ്രക്രിയയിലൂടെ കൊണ്ടുവന്ന മാറ്റങ്ങൾ വിവരിക്കുവാൻ സഹായിക്കുക എന്നതാണ്. എല്ലാ മുന്നേറ്റങ്ങളും നേട്ടങ്ങളും തിരിഞ്ഞുനോക്കുവാനും ഓർമിക്കുവാനും അവസരമൊരുക്കുകയാണ് ലക്ഷ്യം, അത് സാധ്യമാക്കിയ എല്ലാ വ്യക്തികളേയും തിരിച്ചറിയുവാനും ദൃശ്യപരത നൽകാനും അല്പസമയം ചിലവഴിക്കുക. സമൂഹത്തിലെ ഓരോ അംഗങ്ങൾക്കും ബാഹ്യ അവസരങ്ങളുമായും സമൂഹവുമായും അറിയുവാനും ബന്ധപ്പെടുവാനുമുള്ള ഉചിതമായ ഒരു ആശയവിനിമയ തന്ത്രവും ദൃശ്യപരതയിൽ ഉൾപ്പെടുന്നു. പൊതുവായുള്ള അംഗീകാരവും പ്രതിഫലവും സമൂഹത്തിലെ അംഗങ്ങൾക്ക് തങ്ങളിലുള്ള വിശ്വാസ്യതയും ആത്മവിശ്വാസവും അവരുടെ കൂട്ടായ ശക്തിയിലും ഉറപ്പിക്കുകയും കൂടുതൽ അംഗങ്ങളെ സമാന തന്ത്രങ്ങൾ അനുകരിക്കുവാൻ പ്രോത്സാഹിപ്പിക്കുകയും ചെയ്യും. ഇതുപോലുള്ള പരിപാടികൾ ദരിദ്രരെയും ദുർബലരെയും കുറിച്ച് ഒരു പ്രതിവാദ വിവരണം തയ്യാറാക്കുന്നതിൽ സഹായകരമാക്കുകയും, മാത്രമല്ല അവരുടെ ജീവിതത്തിൽ പുരോഗതി കൈവരിക്കാനുള്ള അവരുടെ കഴിവിന്റെ സാക്ഷ്യപത്രമായി നിലകൊള്ളുകയും ചെയ്യും. സാമൂഹിക അറിവിൽ ഊന്നി നിൽക്കുന്ന സമൂഹത്തിൽ നിന്ന് ഉരുത്തിരിഞ്ഞു വരുന്ന

സമൂഹം സുസ്ഥിര ഊർജ്ജത്തിന്റെ ഉത്പാദനവും ഈ ഊർജ്ജം മറ്റ് സമൂഹങ്ങളുമായി സന്തോഷത്തോടെ പങ്കിടുന്നതുമാണ് ഈ ഘട്ടത്തിന്റെ പരിണിതഫലം.

## ഉചിതമായ സമയം

ഗ്രൂപ്പുകളും സാമൂഹ്യാധിഷ്ഠിത സംഘടനകളും സുസ്ഥിരമായ രീതിയിൽ പ്രവർത്തിക്കുമ്പോൾ അഥവാ ഘട്ടം 3 മുതൽ ഈ പ്രവർത്തനങ്ങൾ ആരംഭിക്കാം. ഇത് നിരന്തരവും ആനുകാലികവുമായ ഒരു പ്രവർത്തനമായിരിക്കേണ്ടതുണ്ട്.

## പതിനൊന്നാം ഘട്ടം മുന്നോട്ടു നയിക്കുവാനുള്ള വഴികൾ

- ആഘോഷിക്കുവാനും അംഗീകരിക്കുവാനും പ്രദർശിപ്പിക്കുവാനും അർഹതയുണ്ടെന്ന് ജനങ്ങൾ കരുതുന്ന സാമൂഹിക സംഘാടന യാത്രയിലെ എല്ലാ വശങ്ങളും തിരിച്ചറിയുവാനും പട്ടിക തയ്യാറാക്കുവാനും ഗ്രൂപ്പുകളേയും സാമൂഹ്യാധിഷ്ഠിത സംഘടനകളേയും സഹായിക്കുക. ഇവ നാഴികക്കല്ലുകൾ, നിർദ്ദിഷ്ട പരിപാടികൾ, നേതാക്കളുടെയൊ സമൂഹത്തിലെ അംഗങ്ങളുടെയൊ സംഭാവനകൾ, കാര്യക്ഷമമായ പങ്ക് വഹിച്ച പുറത്തു നിന്നുള്ള സഹായ പ്രവർത്തകരുടെ അല്ലെങ്കിൽ ഗ്രൂപ്പ് പ്രധാനപ്പെട്ടത് എന്ന് കരുതുന്ന മറ്റേതെങ്കിലും സവിശേഷതകൾ എന്നിവ ആകാം.
- വ്യക്തികളുടെ സംഭാവനകളെ മാത്രമല്ല, ഗ്രൂപ്പുകളും ഒരുപോലെ അംഗീകരിക്കപ്പെടുന്നുവെന്നു ഉറപ്പാക്കുക.
- വ്യക്തികളുടേയൊ ഗ്രൂപ്പുകളുടേയൊ പേരുകൾ ചർച്ച ചെയ്യുന്നതിന് മുമ്പ് മാർഗ്ഗനിർദ്ദേശങ്ങൾ അല്ലെങ്കിൽ മാനദണ്ഡങ്ങളുടെ ഒരു പട്ടിക തയ്യാറാക്കികൊണ്ടു ആരംഭിക്കുക. ഇത്തരത്തിൽ പൊതു സമ്മത പ്രകാരമുള്ള മാനദണ്ഡങ്ങൾ, പ്രക്രിയ സുതാര്യവും വസ്തുനിഷ്ഠവുമായിരിക്കാൻ സഹായിക്കും.
- സമവായത്തിലൂടെ എല്ലാവരും അംഗീകരിക്കുന്ന സമഗ്രമായ പട്ടികയിൽ നിന്ന് സസൂക്ഷ്മം തിരഞ്ഞെടുക്കുവാൻ ഗ്രൂപ്പുകളേയും സാമൂഹ്യാധിഷ്ഠിത സംഘടനകളേയും സഹായിക്കുക.
- ആഘോഷ പരിപാടി ഉത്തരവാദിത്വത്തോടെ ആസൂത്രണം ചെയ്യുന്നതിനും, നടപ്പിലാക്കുന്നതിനും, നിരീക്ഷിക്കുന്നതിനും, വിലയിരുത്തുന്നതിനും ഗ്രൂപ്പുകളും സാമൂഹ്യാധിഷ്ഠിത സംഘടനകളും ഒരു സംഘാടക സമിതി രൂപീകരിക്കുന്നത് പ്രായോഗികമായിരിക്കും. പരിപാടിയുടെ പ്രത്യേക വശങ്ങൾ പരിശോധിക്കുന്നതിന് സംഘാടക സമിതിക്ക് നിരവധി ഉപസമിതികൾ രൂപീകരിക്കാം.
- സമൂഹത്തിലെ അംഗങ്ങളുടെ കഴിയുന്നത്ര പങ്കാളിത്തം ഉറപ്പാക്കുക.
- പരിപാടിയുടെ ഒരു ഭാഗം സമൂഹത്തിലെ അംഗങ്ങളുടെ, പ്രത്യേകിച്ച് യുവാക്കളുടേയും കുട്ടികളുടേയും കഴിവുകൾ പ്രദർശിപ്പിക്കുന്നതിനായി നീക്കിവയ്ക്കാം; കാരണം ഒരു സദസ്സിനു മുന്നിൽ അവരുടെ കഴിവുകൾ അവതരിപ്പിക്കുവാൻ ഒരു വേദി ലഭിക്കുന്നത് അനേകർക്ക് ജീവിതം തന്നെ മാറ്റിമറിക്കുന്ന അനുഭവമായിരിക്കും.
- സമൂഹത്തിലെ അംഗങ്ങൾ കൈവരിച്ച നേട്ടങ്ങളെക്കുറിച്ച് കഴിവുള്ള ശൃംഖലകളിലൂടെയും (നെറ്റ്വർക്കിനെയും) ശുപാർശാ പങ്കാളികളിലൂടെയും മറ്റുള്ളവരെ അറിയിക്കുവാൻ ക്ഷണിച്ചു വരുത്തുന്നതിന് ആഘോഷ പരിപാടികൾ ഉപയോഗപ്പെടുത്താം. ഇത് ഭാവിയിൽ ശൃംഖലകൾക്കും (നെറ്റ്വർക്കിംഗിനും) സഹകരണത്തിനും സാധ്യതകൾ തുറക്കും.

- പ്രാദേശിക നേതാക്കൾക്കൊ അംഗങ്ങൾക്കൊ ഉള്ള അംഗീകാരത്തിനൊ പാരിതോഷികത്തിനൊ വലിയ തുകയൊ വിലയേറിയ സമ്മാനമൊ നല്കണമെന്നില്ല. പൊതു സമൂഹത്തിനു മുന്നിൽ വെച്ചുള്ള അഭിനന്ദനവും അംഗീകാരവും സമ്മാനവും വളരെ മൂല്യമേറിയതായി കണക്കാക്കപ്പെടുന്നു. ഒരു സാക്ഷ്യപത്രം (സർട്ടിഫിക്കറ്റ്) അല്ലെങ്കിൽ അഭിനന്ദനത്തിന്റെ സ്മരണിക അല്ലെങ്കിൽ വിശിഷ്ടാതിഥികളുടെ അരികിൽ അവരെ സ്റ്റേജിൽ ഇരുത്തുക അല്ലെങ്കിൽ അവരുടെ കഥ സദസ്സുമായി പങ്കിടുവാനുള്ള ഒരു അവസരം പോലും വിലയേറിയ അംഗീകാരങ്ങളും അഭിനന്ദങ്ങളുമായി പ്രതിഫലിക്കും.
- പ്രാദേശിക നേതൃത്വത്തിന് കൂടുതൽ ദൃശ്യതയും പരസ്യവും ലഭിക്കുന്നതിന് പ്രിന്റ്, ഓഡിയോ, വിഷ്വൽ തുടങ്ങിയ എല്ലാ പ്രാദേശിക മീഡിയയിൽ പരസ്യപ്പെടുത്തുക.
- പരിപാടിക്കുശേഷം, ആരോഗ്യപരമായ വിലയിരുത്തൽ ലഭിക്കുവാൻ സംഘാടക സമിതിക്ക് ഗ്രൂപ്പുകളുമായും സാമൂഹ്യാധിഷ്ഠിത സംഘടനകളുമായും എന്താണ് നന്നായി നടന്നത്, എങ്ങനെ കൂടുതൽ നന്നായി ചെയ്യുവാൻ സാധിക്കുമായിരുന്നു എന്നതിനെക്കുറിച്ചു ഒരു വിശദീകരണ യോഗം നടത്താവുന്നതാണ്. ഇതുപോലുള്ള യോഗം അടുത്തൊരു പരിപാടി ഏറ്റവും മികച്ച നിലയിൽ ആസൂത്രണം ചെയ്യുന്നതിനുള്ള മാർഗ്ഗനിർദ്ദേശം നൽകും.
- വിജയ കഥകൾ, സാമൂഹ്യ മാധ്യമ ഉദ്യമങ്ങൾ ബാഹ്യ ലോകത്തിനു കാണിച്ചു കൊടുക്കുവാനും പങ്കുവയ്ക്കുവാനും ഉപയോഗിക്കുന്ന പോസ്റ്ററുകൾ, ഫ്ലൈയറുകൾ, ലഘുലേഖകൾ, ബ്രോഷറുകൾ, ബുക്ക്ലെറ്റുകൾ എന്നിവയിലൂടെ അറിവുകൾ, വിദ്യാഭ്യാസം, ആശയവിനിമയം അതായത് ഐ ഇ സി മെറ്റീരിയലുകളിലൂടെയാണ് ദൃശ്യത അഥവാ വിസിബിലിറ്റി ഉറപ്പാക്കുന്നത്.
- ഇത്തരം രേഖകൾ സമൂഹത്തിലെ അംഗങ്ങൾ തന്നെ മുൻകൈയ്യെടുത്ത് കാലാനുസൃതമായി പ്രസിദ്ധീകരിക്കേണ്ടതാണ്. ഇത്തരം പ്രസിദ്ധീകരണങ്ങൾ നടത്തുന്നതിന് യുവാക്കൾക്ക് പരിശീലനം നൽകാം.
- പൊതു അംഗീകാരം ലഭിക്കുന്ന പരിപാടികൾ നയിക്കുന്നതിനുള്ള അവസരങ്ങൾക്കായി ശ്രമിക്കുക.
- ആഘോഷങ്ങളിലേക്കും പൊതു പരിപാടികളിലേക്കും സംഭാവന നൽകുവാൻ ആളുകൾ ഇഷ്ടപ്പെടുന്നതിനാൽ, സമൂഹത്തിലെ അംഗങ്ങളുടെ പങ്കാളിത്തം പരമാവധി ഉറപ്പാക്കുക.
- ............................(സന്ദർഭാനുസൃതമായി കൂട്ടി ചേർക്കുക അല്ലെങ്കിൽ പരിഷ്കരിക്കുക)

# സഹായകരമായ നിർദ്ദേശങ്ങൾ

- സംഘാടക സമിതിയിലും ഉപസമിതികളിലും പുരുഷന്മാർ, സ്ത്രീകൾ, യുവാക്കൾ, കുട്ടികൾ, ഭിന്നശേഷിക്കാർ എന്നിവരുടെ പ്രതിനിധികളുണ്ടായിരിക്കണം.
- എല്ലാവരുടെയും ആശയങ്ങൾ കേൾക്കുന്നുണ്ടെന്നും എല്ലാ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും കണക്കിലെടുക്കുന്നുണ്ടെന്നും ഉറപ്പാക്കാൻ നടപടികൾ കൈക്കൊള്ളേണ്ടതുണ്ട്.
- പരിപാടികൾ സംഘടിപ്പിക്കുന്നതിന് അംഗങ്ങളുടെ സമയം, പരിശ്രമം, വിഭവങ്ങൾ എന്നിവ സംഭാവന ചെയ്യാൻ സമൂഹത്തിലെ അംഗങ്ങളെ പ്രോത്സാഹിപ്പിക്കണം. അവർ പരിപാടിയുടെ ഉടമസ്ഥാവകാശം ഏറ്റെടുക്കുമ്പോഴാണ് പരിപാടിയുടെ ലക്ഷ്യങ്ങൾ കൈവരിക്കപ്പെടുന്നത്.

- ഒന്നിലധികം പരിപാടികൾ സംഘടിപ്പിച്ചിട്ടുണ്ടെങ്കിൽ, സംഘാടന കഴിവുകളും പരിപാടി നേതൃത്വം നല്കുന്നതിനുമുള്ള കഴിവുകൾ പഠിക്കുവാൻ എല്ലാവർക്കും അവസരം നൽകുന്നതിനായി സംഘാടന സമിതിയുടെ ഘടന മാറ്റാൻ കഴിയുന്നതാണ്.
- സമൂഹത്തിന്റെ നേട്ടങ്ങൾ മറ്റുള്ളവരിലേക്ക് കാണിച്ചുകൊടുക്കുന്നതിനായി ഐ ഇ സി മെറ്റീരിയലുകളും സാമൂഹിക മാധ്യമ പ്രസിദ്ധീകരണങ്ങളും നിർമ്മിക്കുന്നതിന് യുവജന സമിതി രൂപീകരിക്കാം.
- വിജയകഥകൾ ആഗോള പ്രേക്ഷകരുമായി ആശയവിനിമയം നടത്തുന്നതിനും വിവിധ പിന്തുണയും സഹകരണവും ലഭിക്കുന്നതിനുമായി ഒരു വെബ്സൈറ്റ് തുടങ്ങുന്നത് ഉപയോഗപ്രദമായിരിക്കും.
- സമൂഹത്തിന് ഒരു വ്യക്തിത്വം നൽകുവാനും അതിന്റെ കാഴ്ചപ്പാട് മറ്റുള്ളവരുമായി ആശയവിനിമയം നടത്തുവാനും കഴിയുന്ന ഒരു ലോഗോ വികസിപ്പിക്കുവാൻ കഴിവുള്ള യുവാക്കളെ പ്രോത്സാഹിപ്പിക്കുക. പൊതു അംഗീകാരം നേടുന്നതിന് ലോഗോ ജനപ്രിയമാക്കുക.
- ..........................(സന്ദർഭാനുസൃതമായി കൂട്ടി ചേർക്കുക അല്ലെങ്കിൽ പരിഷ്കരിക്കുക)

# ഉപയോഗപ്രദമായ മുന്നറിയിപ്പുകൾ

- മികച്ച രീതികളെയൊ വ്യക്തികളെയൊ തിരഞ്ഞെടുക്കുന്നതിൽ സഹായ സംഘടനകളൊ ഉദ്യോഗസ്ഥരൊ വിധികർത്താക്കളായി പ്രവർത്തിക്കരുത്. ഇത് പൂർണ്ണമായും ഗ്രൂപ്പുകളുടേയും സമൂഹത്തിലെ അംഗങ്ങളുടേയും വിവേചനാധികാരത്തിൽ മാത്രമായിരിക്കണം.
- സഹായ സംഘടനകൾ അല്ലെങ്കിൽ ആനിമേറ്റർമാർ അല്ലെങ്കിൽ സർക്കാർ ജീവനക്കാർ അല്ലെങ്കിൽ പ്രത്യേകമായി ക്ഷണിച്ചിട്ടുള്ള അതിഥികൾ എന്നിവപോലുള്ള ബാഹ്യ പങ്കാളികളിൽ ശ്രദ്ധ കേന്ദ്രീകരിക്കരുത്. പരിപാടിയിലെ 'താരങ്ങൾ' പ്രാദേശിക നേതാക്കളും മാറ്റം കൊണ്ടുവന്നവരുമായിരിക്കണം.
- ..........................(സന്ദർഭാനുസൃതമായി കൂട്ടി ചേർക്കുക അല്ലെങ്കിൽ പരിഷ്കരിക്കുക)

# സൂചകങ്ങൾ

1. XXX ആഘോഷ പരിപാടികൾ സംഘടിപ്പിച്ചു.
2. പരിപാടി ആസൂത്രണം ചെയ്യുന്നതിലും സംഘടിപ്പിക്കുന്നതിലും XXX ഗ്രൂപ്പുകളും വ്യക്തികളും ഉൾപ്പെട്ടിട്ടുണ്ട്.
3. സമയം, മാനവ വിഭവശേഷി, സാമ്പത്തികമായതും ഇതര വിഭവങ്ങളുടെ പിന്തുണയിലൂടെ XXX സമൂഹത്തിലെ അംഗങ്ങൾ പരിപാടി സംഘടിപ്പിക്കുന്നതിന് സംഭാവന നൽകിയിട്ടുണ്ട്.
4. XXX സമൂഹത്തിലെ അംഗങ്ങൾ പരിപാടിയിൽ പങ്കെടുത്തു.
5. പരിപാടിയിലൂടെ XXX ഏജൻസികളേയും പങ്കാളികളേയും സമീപിച്ചു.
6. XXX പ്രാദേശിക നേതാക്കളെ പ്രശംസിക്കുകയും അംഗീകരിക്കുകയും ചെയ്തു.
7. ആഘോഷവേളയിൽ പങ്കെടുത്ത ശേഷം XXX സമൂഹത്തിലെ പുതിയ ഗ്രൂപ്പുകൾ അവരുടെ പ്രദേശത്ത് സമാനമായ പ്രക്രിയകൾ ആരംഭിച്ചു.
8. പൊതു ആഘോഷങ്ങൾ മുഖാന്തിരം നെറ്റ്‌വർക്കിംഗിനും സഹകരണത്തിനുമായി XXX പുതിയ ബന്ധങ്ങൾ സ്ഥാപിച്ചു.
9. ..........................(സന്ദർഭാനുസൃതമായി കൂട്ടി ചേർക്കുക അല്ലെങ്കിൽ പരിഷ്കരിക്കുക)

**സമൂഹം അംഗീകരിച്ചതും ബഹുമതി നൽകിയതുമായ വ്യക്തികളുടെ പട്ടിക**

| നം. | പേര് | വ്യക്തിഗത വിശദാംശങ്ങൾ: ലിംഗഭേദം, പ്രായം, സ്ഥലം, തൊഴിൽ, ഗ്രൂപ്പ് | വിശിഷ്ട സംഭാവന | അനന്തരഫലം |
|---|---|---|---|---|
| 1. | | | | |
| 2. | | | | |
| 3. | | | | |
| 4. | | | | |
| 5. | | | | |

**സമൂഹം അംഗീകരിച്ചതും ബഹുമതി നൽകിയതുമായ ഗ്രൂപ്പുകളുടെ പട്ടിക**

| നം. | ഗ്രൂപ്പിന്റെ പേര് | വിശദാംശങ്ങൾ: അംഗങ്ങളുടെ എണ്ണം, എപ്പോൾ രൂപീകരിച്ചു, പ്രവർത്തനങ്ങൾ | വിശിഷ്ട സംഭാവന | അനന്തരഫലം |
|---|---|---|---|---|
| 1. | | | | |
| 2. | | | | |
| 3. | | | | |
| 4. | | | | |
| 5. | | | | |

# പ്രതിഫലനങ്ങൾക്കും പങ്കിടലിനുമുള്ള ചോദ്യങ്ങൾ

1. സമൂഹത്തിലെ അംഗങ്ങൾ അംഗീകരിക്കുന്നതിനും ബഹുമതികൾ നല്കുന്നതിനുമായുള്ള വ്യക്തികളെയൊ ഗ്രൂപ്പുകളെയൊ തിരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡങ്ങൾ ആവിഷ്ക്കരിക്കുന്നതിന് പിന്തുടർന്ന പ്രക്രിയ എന്താണ്?
2. പരിപാടികൾ ആസൂത്രണം ചെയ്യുന്നതിനും സംഘടിപ്പിക്കുന്നതിനും കഴിയുന്നത്ര അംഗങ്ങളുടേയും ഗ്രൂപ്പുകളുടേയും പങ്കാളിത്തം ഉറപ്പാക്കാൻ സമൂഹത്തിനു കഴിഞ്ഞിട്ടുണ്ടൊ? ഉണ്ടെങ്കിൽ, സമൂഹം എങ്ങനെ അത് പ്രായോഗികമാക്കി?
3. ഒരു സാമൂഹിക പരിപാടി സംഘടിപ്പിക്കുന്നതിലെ പ്രധാന തടസ്സങ്ങൾ എന്തായിരുന്നു, അവ എങ്ങനെ കൈകാര്യം ചെയ്യപ്പെട്ടു?
4. സംഘടിപ്പിച്ച അഥവാ നടത്തിയ പരിപാടികൾ സമൂഹത്തിലെ നേതാക്കളിലും അംഗങ്ങളിലും എപ്രകാരം സ്വാധീനിച്ചു?
5. ഈ ആഘോഷങ്ങളൊ പരിപാടികളൊ സംഘടിപ്പിച്ചതുകൊണ്ട് സമൂഹത്തിനു ലഭിച്ച പഠനങ്ങൾ എന്തായിരുന്നു?
6. സമൂഹത്തിന് ദൃശ്യത നൽകുന്നതിനും വിജയഗാഥകൾ കൂടുതൽ വ്യക്തികളുമായി ആശയവിനിമയം നടത്തുന്നതിനുമായി ഉപയോഗിച്ച പ്രസിദ്ധീകരണങ്ങൾ?
7. മറ്റുള്ളവരുടെ പ്രതികരണം എന്തായിരുന്നു?
8. സമൂഹം സംഘടിപ്പിച്ച പരിപാടികൾക്ക് സാക്ഷ്യം വഹിച്ച നേതാക്കൾ, അതിഥികൾ, സർക്കാർ ഉദ്യോഗസ്ഥർ, പ്രാദേശിക രാഷ്ട്രീയക്കാർ ?
9. ............................ (സന്ദർഭാനുസൃതമായി കൂട്ടി ചേർക്കുക അല്ലെങ്കിൽ പരിഷ്കരിക്കുക)

അദ്ധ്യായം 13

# 'സഹായ' സംഘടനയുടെ മാറുന്ന കടമകൾ /കർത്തവ്യങ്ങൾ



# ‘സഹായ’ സംഘടനയുടെ മാറുന്ന കടമകൾ / കർത്തവ്യങ്ങൾ

## ഉദ്ദേശ്യം

സാമൂഹിക സംഘാടന പ്രക്രിയയുടെ അടിസ്ഥാന ലക്ഷ്യം സമൂഹത്തിലെ അംഗങ്ങളെ പ്രാപ്തരാക്കുകയും ശാക്തീകരിക്കുകയും ചെയ്യുക എന്നതാണ്. മാത്രമല്ല അംഗങ്ങളുടെ സുസ്ഥിര വികസനത്തിന്റെ ഉത്തരവാദിത്വം വ്യക്തിപരമായും കൂട്ടായും സംഘടിതമായും ചിട്ടയായും ഏറ്റെടുക്കുകയും നടപ്പിലാക്കുകയും ചെയ്യുക എന്നതാണ്. ഈ കൈപുസ്തകത്തിൽ വിവിധ ഘട്ടങ്ങളിൽ വിശദീകരിച്ചിരിക്കുന്നതുപോലെ, സഹായ സംഘാടന ഒരു ‘ഫെസിലിറ്റേറ്ററുടെ/സഹായകന്റെ’ പങ്ക് മാത്രമാണ് വഹിക്കുന്നതെന്നു ആവർത്തിച്ചു പറയുന്നു. അതേസമയം ഗ്രൂപ്പുകൾ, സാമൂഹ്യാധിഷ്ഠിത സംഘടനകൾ, സമൂഹത്തിലെ അംഗങ്ങൾ എന്നിവരാണ് പ്രക്രിയകളെക്കുറിച്ചു ആലോചിക്കുകയും നയിക്കുകയും നടപ്പിലാക്കുകയും ഉടമസ്ഥത വഹിക്കുകയും ചെയ്യുന്നത്. സമൂഹത്തിലെ അംഗങ്ങൾക്ക് ക്രമേണ സമൂഹത്തെ നയിക്കുവാനുള്ള ആത്മവിശ്വാസം നേടി കഴിഞ്ഞാൽ, സമൂഹത്തിലെ അംഗങ്ങളുടെ വളർച്ചയേയും പക്വതയേയും വിലമതിക്കുകയും അംഗീകരിക്കുകയും ചെയ്യുന്നതിന്റെ അടയാളമായി, സമൂഹത്തിൽ സംഘടനയുടെ കടമ സഹായ സംഘടനകൾ പുനർനിർവചിക്കേണ്ടത് അത്യാവശ്യമാണ്. ഈ ഘട്ടത്തെ വികസന ഭാഷയിൽ, ‘എക്സിറ്റ് അഥവാ പ്രവർത്തനം നിർത്തലാക്കുന്ന’ അല്ലെങ്കിൽ ‘ഫേസ്- ഔട്ട് അഥവാ ഘട്ടം ഘട്ടമായി പിൻവാങ്ങുന്ന’ തന്ത്രം എന്ന് വിളിക്കുന്നു.

‘എക്സിറ്റ് / പ്രവർത്തനം നിർത്തലാക്കുന്ന’ അല്ലെങ്കിൽ ‘ഫേസ്-ഔട്ട് അഥവാ ഘട്ടം ഘട്ടമായി പിൻവാങ്ങുന്ന’ തന്ത്രം സഹായ സംഘടനകളുടെ സാമൂഹിക സംഘാടന പ്രക്രിയകളുടെ മാറിയ കടമകളുടെ യുക്തിപരമായ പരിണിതഫലമായി കണക്കാ

ക്കപ്പെടുന്നില്ല. ഈ പുസ്തകത്തിലെ വാക്കുകളുടെ അർത്ഥപദങ്ങളെ സംബന്ധിച്ച വിവർത്തനങ്ങളിലേക്കു കടക്കാതെ, 'എക്സിറ്റ് / പ്രവർത്തനം നിർത്തലാക്കുന്ന' അല്ലെങ്കിൽ 'ഫേസ്-ഔട്ട് അഥവാ ഘട്ടം ഘട്ടമായി പിൻവാങ്ങുന്ന' തന്ത്രം എന്നിവയെ വിവരിക്കുന്നതിലധികമായി 'സഹായ സംഘടനകളുടെ മാറുന്ന അഥവാ മാറിയ കടമകളെക്കുറിച്ചു' വിവരിക്കുവാനാണ് ഈ പുസ്തകത്തിന്റെ രചയിതാക്കൾ താത്പ ര്യപ്പെടുന്നത്. സമൂഹത്തിന്റെ കാഴ്ചപ്പാടിൽ, 'സമൂഹത്താൽ നയിക്കപ്പെടുന്ന സുസ്ഥിര പദ്ധതികളുടേയും സംവിധാനങ്ങളുടേയും നൂറു ശതമാനം പ്രവർത്തനക്ഷമത' എന്നതാണ് ഈ ഘട്ടത്തിൽ മനസ്സിലാക്കുന്നത്. മാറിയ മാതൃക കണക്കിലെടുത്ത് സമൂഹത്തിനും സംഘടനകൾക്കും അവരുടെ പുതിയ കടമകൾ നിർവചിക്കുവാനും ഉടച്ചുവാർക്കുവാനുമുള്ള ഒരു ആഹ്വാനമാണിത്. എന്നാൽ ഇതുകൊണ്ട് ബന്ധം വിച്ഛേദിക്കുക എന്ന് അർത്ഥമാക്കുന്നില്ല, കാരണം അത് അഭികാമ്യമൊ മാനുഷികമായി പ്രായോഗികമൊ അല്ല. മറ്റൊരു രൂപത്തിലും ഭാവത്തിലുമുള്ള ബന്ധം തുടരുമ്പോൾ, സംഘടനയുടെ ഇടപെടലുകളും സഹായസഹകരണങ്ങളും ക്രമമായി കുറയ്ക്കുന്നതാണ് നല്ലത്. ഒരു ഘട്ടത്തിൽ തീവ്രമായ അടുപ്പവും ഇടപെടലുകളിൽ നിന്നും തീവ്രത കുറഞ്ഞതായ ഒരു ബന്ധം നിലനിർത്തുന്നതിലേക്കു സംഘടന തങ്ങളുടെ ചുവടു മാറ്റണം. ഇടപെടലുകളും ബന്ധത്തിന്റെ തീവ്രതയും മാറുമ്പോൾ അത് ഏതു നില വാരത്തിലായിരിക്കണം എന്ന് തീരുമാനിക്കുന്നത് സഹായ സംഘടനയും സമൂഹവും തമ്മിലുള്ള പരസ്പര ധാരണയിലൂടെയും സംഭാഷണത്തിലൂടെയും ആയിരിക്കണം. മറ്റൊരു വിധത്തിൽ പറഞ്ഞാൽ, ഇത് സന്ദർഭാധിഷ്ഠിതമായിരിക്കണം പ്രത്യുത സാധാരണ നിലയിലായിരിക്കുവാൻ പാടില്ല.

## രൂപകൽപ്പനയും നടപ്പാക്കലും

തുടക്കത്തിൽ തന്നെ അത് പൊതുവായി പ്രസ്താവിക്കുന്നത് പ്രായോഗികമല്ലെങ്കിലും ആശയപരമായി പ്രക്രിയയുടെ തുടക്കത്തിൽ തന്നെ 'കടമ മാറ്റം' എന്ന തന്ത്രം മൊത്തത്തിലുള്ള രൂപകൽപ്പനയുടെ ഭാഗമായി അവതരിപ്പിക്കപ്പെടണം. എന്നിരുന്നാലും, സാമൂഹിക സംഘാടന പ്രക്രിയ അതിന്റെ ഏറ്റവും ഉയർന്ന നിലവാരത്തിൽ എത്തുമ്പോളും ഗ്രൂപ്പുകളും സാമൂഹ്യാധിഷ്ഠിത സംഘടനകളും ഒന്നിച്ചു പ്രവർത്തിക്കുവാനുള്ള രീതിശാസ്ത്രം പഠിക്കുമ്പോഴും മാത്രമേ ബോധപൂർവ്വം ഈ പ്രക്രിയ ആരംഭിക്കുവാൻ പാടുള്ളൂ. സാധാരണയായി, കടമകൾ സുഗമമായ കൈമാറ്റം ചെയ്യുന്ന പ്രക്രിയയ്ക്ക് കുറഞ്ഞത് 3 വർഷം സമയമെടുക്കും

## പന്ത്രണ്ടാം ഘട്ടം മുന്നോട്ടു നയിക്കുവാനുള്ള വഴികൾ

- ഗ്രൂപ്പുകളുമായി, സംഘടനയുടെ മാറിക്കൊണ്ടിരിക്കുന്ന കടമകളെക്കുറിച്ച് പങ്കുവയ്ക്കുകയും ചർച്ച നടത്തുകയും ചെയ്യുക. കൂടാതെ ഇത് എങ്ങനെ സമൂഹത്തിന്റെ പക്വതയുടെയും സന്നദ്ധതയുടെയും അടയാളമാകുന്നുവെന്നും ബാഹ്യ ശക്തികളുടെ സഹായമില്ലാതെ ശക്തമായ സുസ്ഥിര സംവിധാനങ്ങളോടെ ചലനാത്മകമായി പ്രക്രിയ നടപ്പിലാക്കുന്നതിന്റെയും സ്വന്തമായി കൈകാര്യം ചെയ്യാനതിന്റെയും ആവശ്യകതയെക്കുറിച്ചും ഗ്രൂപ്പുകളെ മനസ്സിലാക്കുക.
- ഗ്രൂപ്പുകളും സാമൂഹ്യാധിഷ്ഠിത സംഘടനകളും വർദ്ധിച്ച ആത്മവിശ്വാസത്തോടെയും സംവദിക്കാനുള്ള കഴിവോടെയും ഉത്തരവാദിത്വപ്പെട്ട ചുമതലവഹിക്കുന്നവരുമായി പ്രവർത്തിക്കുവാൻ ആരംഭിക്കുമ്പോൾ, വിവിധ തലങ്ങളിൽ ഘട്ടം ഘട്ടമായി പിൻ

വാങ്ങുന്നതിനുള്ള ഒരു രൂപരേഖ തയാറാക്കുവാനുള്ള ചർച്ചകൾ ആരംഭിക്കുക.

- പദ്ധതികൾ ഏറ്റെടുക്കുന്നത് സംബന്ധിച്ച് പ്രധാന നേതാക്കൾ, ഗ്രൂപ്പുകളിലെ അംഗങ്ങൾ, സാമൂഹ്യാധിഷ്ഠിത സംഘടനകൾ, കൂടാതെ സഹായ സംഘടനകളുടെ പ്രധാന വ്യക്തികൾ എന്നിർ തമ്മിൽ ചില വൈകാരിക വിള്ളലുകൾ ഉണ്ടാകാനിട യുള്ളതിനാൽ പദ്ധതി അന്തിമ കരട് രൂപത്തിലേക്ക് രൂപപ്പെടുന്നതുവരെ മന്ദഗതിയിൽ മുന്നോട്ടു പോകുക.
- പദ്ധതിക്ക് രണ്ട് ഘട്ടങ്ങളുണ്ടാകാം – കൈമാറ്റം ചെയ്യുന്ന ഘട്ടം, സഹായ സംഘടന കളുടെ കടമ മാറിയ ഘട്ടം.
- നിർദ്ദിഷ്ട സമയക്രമമനുസരിച്ചു രണ്ട് ഘട്ടങ്ങളും നിശ്ചയിച്ചു കഴിഞ്ഞാൽ, അത് സമൂഹത്തിലെ അംഗങ്ങൾക്കും മറ്റ് പ്രസക്തരായ എല്ലാ പങ്കാളികൾക്കും ഇടയിൽ വ്യാപകമായി പ്രചരിപ്പിക്കുക.
- കൈമാറ്റം നടത്തുന്ന ഘട്ടത്തിന്റെ ഭാഗമായി, സഹായ സംഘടന നിലവിൽ അറിവുകൾ നൽകുന്ന എല്ലാ മേഖലകളും പട്ടികപ്പെടുത്തുകയും അവയ്ക്ക് അനുയോജ്യമായ ബദലുകൾ കണ്ടെത്തുന്നതിന് ചർച്ച ചെയ്യുകയും ചെയ്യുക. ഇത് സർക്കാർ പദ്ധതികളുമായും മറ്റ് ഏജൻസികളുമായുള്ള ബന്ധത്തിലൂടെയൊ അല്ലെങ്കിൽ സമൂഹം, ഗ്രൂപ്പ് നേതാക്കളുടെ മെച്ചപ്പെട്ട പങ്കാളിത്തം വഴിയൊ ആകാം. നിരന്തരമായ അവലോകന പ്രക്രിയ ഉപയോഗിച്ച് ഈ ഘട്ടം നടപ്പിലാക്കുക, അതുവഴി സമൂഹത്തിലെ അംഗങ്ങൾക്ക് ഭാവി സാഹചര്യത്തെക്കുറിച്ച് മുൻകൂട്ടി നിർണ്ണയിക്കുവാനും അവർക്ക് ഏറ്റെടുത്തു നടത്തുവാൻ സാധിക്കും എന്ന ആത്മവിശ്വാസം നൽകുകയും ചെയ്യുന്നു.
- പരസ്പര സമവായം ഉണ്ടാകുന്നതുവരെ ഗ്രൂപ്പ് നേതാക്കളോടും അംഗങ്ങളോടും സഹായ സംഘടന ഘട്ടം ഘട്ടമായി പിൻവാങ്ങിയ ശേഷം ഭാവിയിൽ ഏതു നിലയിലുള്ള സഹായവും ഇടപെടലുമാണ് അവർ ആഗ്രഹിക്കുന്നത് അല്ലെങ്കിൽ പ്ര തീക്ഷിക്കുന്നത് എന്നുമുള്ള കൃത്യമായ പ്രതികരണങ്ങളും നിർദ്ദേശങ്ങളും സ്വീകരിക്കുകയും ചർച്ച ചെയ്യുകയും ചെയ്യുക. ഇത് ഉപദേശങ്ങൾ നൽകുക എന്ന കടമയൊ അല്ലെങ്കിൽ ശുപാർശ, ശൃംഖല / നെറ്റ്‌വർക്കിംഗ് നടത്തുന്നതിൽ പ രിമിതമായ സഹായമൊ അല്ലെങ്കിൽ മറ്റേതെങ്കിലും സഹായമൊ ആകാം. കടമ എന്തുതന്നെയായാലും, അതേക്കുറിച്ച് വ്യക്തവും പൊതുവായതുമായ ഒരു ധാരണ ഉണ്ടായിരിക്കണം.
- ................................(സന്ദർഭാനുസൃതമായി കൂട്ടിച്ചേർക്കുക അല്ലെങ്കിൽ പരിഷ്കരിക്കുക)

# സഹായകരമായ നിർദ്ദേശങ്ങൾ

- ഗ്രൂപ്പുകൾക്ക് പരിവർത്തനത്തിന്റെ വ്യാപ്തിയും മാറിയ സാഹചര്യത്തിൽ ഗ്രൂപ്പ് അംഗങ്ങൾ പദ്ധതി മുന്പോട്ടു കൊണ്ടുപോകുവാൻ എത്രത്തോളം സന്നദ്ധരായി എന്നും പൂർണ്ണമായി മനസ്സിലാക്കുന്നതിന്, പദ്ധതിയുടെ തുടക്കത്തിലെ സമൂഹത്തിന്റെ സാഹചര്യവും ഈ ഘട്ടത്തിൽ നിലവിലുള്ള സാഹചര്യവും തമ്മിൽ താരതമ്യം ചെയ്തു അവതരിപ്പിക്കുക.
- ഈ പ്രക്രിയയുടെ ഒന്നിച്ചുള്ള പ്രവർത്തനങ്ങളുടെ മനോഹരമായ ഓർമ്മകൾ പങ്കുവെക്കുന്നതിനും എല്ലാവരേയും ഓർമ്മപ്പെടുത്തുന്നതിനുമായി ചെറിയ നന്ദിപ്ര കടന യോഗങ്ങൾ സംഘടിപ്പിക്കുക, അങ്ങനെ നന്ദിയോടും മനോഹരത്വത്തോടും കൂടി ഘട്ടം ഘട്ടമായി പിൻവാങ്ങുവാൻ സാധിക്കും.
- സഹായ സംഘടനയും സമൂഹത്തിലെ ഗ്രൂപ്പുകളും ഓരോ ആറു മാസത്തിലും

പദ്ധതി പ്രദേശം വീണ്ടും സന്ദർശിക്കുകയും നിലവിലുള്ളതും ഉയർന്നുവന്നതുമായ സാഹചര്യങ്ങൾക്കനുസരിച്ച് മാറ്റങ്ങൾ വരുത്തുകയും ചെയ്യുന്നത് വഴി ഘട്ടം ഘട്ടമായി പിൻവാങ്ങുന്നതിനുള്ള പദ്ധതി വളരെ ചലനാത്മകമായി മാറ്റുവാൻ സാധിക്കും.

- 8 മുതൽ 9 വർഷത്തെ സാമൂഹിക സംഘാടന പ്രക്രിയയിൽ, സംഘടനയുടെ പുതിയ കടമകൾ തിരഞ്ഞെടുത്തു വ്യക്തമാക്കുന്നതിനു മുമ്പ്, സഹായ സംഘടനയുടെ മാറിയ ഉത്തരവാദിത്വത്തിൽ പ്രവർത്തിക്കുവാൻ ഏകദേശം മൂന്ന് വർഷം ശരിയായ സമയപരിധിയായിരിക്കും.
- ..............................(സന്ദർഭാനുസൃതമായി കൂട്ടിച്ചേർക്കുക അല്ലെങ്കിൽ പരിഷ്കരിക്കുക)

# ഉപയോഗപ്രദമായ മുന്നറിയിപ്പുകൾ

- തുടരുന്നതിന് എല്ലായ്പ്പോഴും വ്യക്തമായ കാരണങ്ങളും ന്യായീകരണങ്ങളും ഉണ്ടായിരിക്കണം. പ്രക്രിയയിൽ തീവ്രമായ ബന്ധം നിലനിർത്തുന്നതിനുള്ള സാഹചര്യങ്ങളും പ്രലോഭനങ്ങളും ഒഴിവാക്കുക.
- പെട്ടെന്നുള്ള പിൻവാങ്ങൽ ഒഴിവാക്കുക.
- സംഘടനാ ആശയങ്ങൾ അടിച്ചേൽപ്പിക്കുകയൊ ഘട്ടം ഘട്ടമായുള്ള പിൻവാങ്ങലിനു ശേഷം സംഘടനയുടെ പങ്ക് സംബന്ധിച്ച് വാഗ്ദാനങ്ങൾ നൽകുകയൊ ചെയ്യരുത്. ഏത് തീരുമാനവും ഒന്നിച്ചു എടുത്തിട്ടുള്ളതായിരിക്കണം.
- ..............................(സന്ദർഭാനുസൃതമായി കൂട്ടിച്ചേർക്കുക അല്ലെങ്കിൽ പരിഷ്കരിക്കുക)

# സൂചകങ്ങൾ

1. ഘട്ടം ഘട്ടമായുള്ള പിൻവാങ്ങൽ തന്ത്രത്തെക്കുറിച്ച് XXX ഗ്രൂപ്പുകളെയും XXX സാമൂഹ്യാധിഷ്ഠിത സംഘടനകളേയും അറിയിച്ചിട്ടുണ്ട്.
2. സാമൂഹിക വികസന പ്രക്രിയ മുന്നോട്ട് കൊണ്ടുപോകാൻ XXX ഗ്രൂപ്പുകളും XXX സാമൂഹ്യാധിഷ്ഠിത സംഘടനകളും നന്നായി തയ്യാറെടുത്തിട്ടുണ്ട് എന്ന് തോന്നുന്നു.
3. XXX ഗ്രൂപ്പുകളും XXX സാമൂഹ്യാധിഷ്ഠിത സംഘടനകളും സഹായ സംഘടനയും സംയുക്തമായി വിശദമായ ഘട്ടം ഘട്ടമായുള്ള പിൻവാങ്ങൽ രൂപരേഖ തയ്യാറാക്കിയിട്ടുണ്ട്.
4. കൈമാറ്റം സുഗമമാക്കുന്നതിന് XXX ഗ്രൂപ്പുകളും XXX സാമൂഹ്യാധിഷ്ഠിത സംഘടന കളും സുസ്ഥിരത ഉറപ്പാക്കുന്ന പദ്ധതികളും സംവിധാനങ്ങളും സംയോജിപ്പിച്ചു.
5. സുസ്ഥിര പദ്ധതികൾ നടപ്പിലാക്കുന്നതിനായി വിഭവങ്ങൾ സൃഷ്ടിക്കുന്നതിനുള്ള സംവിധാനങ്ങൾ XXX ഗ്രൂപ്പുകളും XXX സാമൂഹ്യാധിഷ്ഠിത സംഘടനകളും തയ്യാറാക്കിയിട്ടുണ്ട്.
6. XXX ഗ്രൂപ്പുകളും XXX സമൂഹത്തിലെ അംഗങ്ങളും സ്വന്തം സമൂഹത്തിന്റെ ചുമതല ഏറ്റെടുക്കുവാൻ അവരുടെ നേട്ടത്തിലും കഴിവുകളിലും അഭിമാനിക്കുന്നു.
7. XXX ഗ്രൂപ്പുകളും XXX സാമൂഹ്യാധിഷ്ഠിത സംഘടനകളും സഹായ സംഘടനയുടെ പുതിയ കടമ ശരിയായ നടപടിയായി അംഗീകരിച്ചു.
8. ..............................(സന്ദർഭാനുസൃതമായി കൂട്ടിച്ചേർക്കുക അല്ലെങ്കിൽ പരിഷ്കരിക്കുക)

# ഘട്ടം ഘട്ടമായി പിൻവാങ്ങുന്നതിന്റെ പരിണിതഫലങ്ങൾ

| നം | സഹായ സംഘടനയുടെ പ്രധാന സംഭാവനകൾ | സമൂഹം കണ്ടെത്തിയ സുസ്ഥിരത ഉറപ്പാക്കുന്നതിനുള്ള പദ്ധതികളും സംവിധാനങ്ങളും | ഉത്തരവാദിത്വപ്പെട്ട വ്യക്തി അല്ലെങ്കിൽ ഗ്രൂപ്പ് അല്ലെങ്കിൽ ഏജൻസി |
|---|---|---|---|
| 1. | പരിശീലനം അല്ലെങ്കിൽ കാര്യശേഷി വർദ്ധിപ്പിക്കൽ | | |
| 2. | സർക്കാരുമായും മറ്റ് ഏജൻസികളുമായും അഭിഭാഷണം | | |
| 3. | സഹകരണം, നെറ്റ്‌വർക്കിംഗ്, സഖ്യങ്ങൾ | | |
| 4. | എക്സ്പോഷർ, ക്രോസ് ലേണിംഗ് അവസരങ്ങൾ | | |
| 5. | പ്രവർത്തനം – സ്വയം പരിശോധന പഠനത്തിന്റെ പ്രയോഗവും | | |
| 6. | സന്നദ്ധപ്രവർത്തനം, നൽകൽ, പങ്കിടൽ | | |
| 7. | രേഖകൾ എഴുതി തയ്യാറാക്കുന്ന പ്രക്രിയ | | |
| 8. | മാനവ വിഭവശേഷി സമാഹരിക്കുക | | |
| 9. | സാമ്പത്തിക വിഭവങ്ങളുടെ സമാഹരണം | | |
| 10. | ആഘോഷങ്ങൾ അല്ലെങ്കിൽ പൊതു പരിപാടികൾ സംഘടിപ്പിക്കുന്നു | | |
| 11. | മറ്റെന്തെങ്കിലും | | |

# പ്രതിഫലനങ്ങൾക്കും പങ്കിടലിനുമുള്ള ചോദ്യങ്ങൾ

1. മിക്ക ഗ്രൂപ്പുകളും സിബിഒകളും 'കടമകൾ മാറ്റുന്നതിന്റെ' ഉദ്ദേശ്യവും യുക്തിയും മനസ്സിലാക്കിയിട്ടുണ്ടോ? വിയോജിപ്പുകൾ എങ്ങനെയാണ് കേട്ടതും പ്രതി–നടപടികൾ സ്വീകരിച്ചതും?
2. കൈമാറ്റവും ഘട്ടം ഘട്ടമായി പിൻവാങ്ങുന്നതിനുള്ള പദ്ധതിയും പങ്കിട്ടപ്പോൾ ബാഹ്യ പങ്കാളികളുടെ പ്രതികരണങ്ങൾ എന്തായിരുന്നു?
3. കൈമാറ്റം ചെയ്യുന്ന പദ്ധതിയുടെ ഏത് ഭാഗം നടപ്പിലാക്കുവാനായിരുന്നു ഏറ്റവും ബുദ്ധിമുട്ട് അനുഭവിച്ചത്, എന്തുകൊണ്ട്?
4. സമൂഹത്തിനു ആത്മവിശ്വാസമുള്ള അല്ലെങ്കിൽ സ്വന്തമായി പ്രവർത്തിക്കുവാൻ സാധിക്കും എന്ന് തോന്നിയ മേഖലകൾ ഏതാണ്?
5. മുൻ വർഷങ്ങളെ അപേക്ഷിച്ച്, സംഘടനയുടെ അവസാന ഘട്ടത്തിലെ സഹായങ്ങൾ വ്യത്യസ്തമായിരുന്നത് ഏതൊക്കെ നിലകളിലാണ്?
6. ...............................(സന്ദർഭാനുസൃതമായി കൂട്ടിച്ചേർക്കുക അല്ലെങ്കിൽ പരിഷ്കരിക്കുക)


ST XAVIERS SOCIAL SERVICE SOCIETY

# ഉപസംഹാരം

സാമൂഹ്യ സംഘാടന പ്രക്രിയകളിൽ ഏർപ്പെട്ടിരിക്കുന്ന വികസന പരിശീലകർക്കായി ഒരു 'സഹായി' എന്ന നിലയിലാണ് ഈ കൈപ്പുസ്തകം വിഭാവനം ചെയ്തിരിക്കുന്നത്. അനുഭവങ്ങളിൽ നിന്ന് പഠിക്കുന്നത്തിന്, ഇനിപറയുന്ന നാല് പ്രധാന അടിസ്ഥാനങ്ങളിലാണ് ഈ പുസ്തകം രചിക്കപ്പെട്ടിരിക്കുന്നത്. ഈ നാല് അടിസ്ഥാനങ്ങൾ, 12-ഘട്ട പ്രക്രിയ വികസിപ്പിക്കുമ്പോൾ അടിത്തറ നൽകുന്ന രേഖയായി സൂക്ഷിക്കുന്നു. ഈ അടിസ്ഥാനങ്ങളെ ശക്തിപ്പെടുത്തുന്നതിനാണ് പുരോഗതിയും സാംസ്കാരിക-സാമൂഹിക-രാഷ്ട്രീയ സാഹചര്യം വിലയിരുത്തുന്നതിനുള്ള സൂചകങ്ങൾ പ്രധാനമായും വികസിപ്പിച്ചിരിക്കുന്നത്.

ഒന്നാമതായി, ഈ കൈപ്പുസ്തകം സമൂഹത്തിലെ അംഗങ്ങളെ ബോധപൂർവ്വം 'നേതൃത്വത്തിൽ' നിർത്തുകയും; എൻജിഒകൾ, ആനിമേറ്റർമാർ, മനുഷ്യസ്നേഹികൾ, പരിശീലകർ എന്നിവരെപ്പോലുള്ള എല്ലാ ബാഹ്യ വ്യക്തികളെയും 'ഫെസിലിറ്റേറ്റർ അഥവാ സഹായി' എന്ന കടമ നിർവ്വഹിക്കുവാൻ ക്ഷണിക്കുകയും ചെയ്യുന്നു. ഈ സൈദ്ധാന്തിക ചട്ടക്കൂടിലും തത്വത്തിലും, മേല്പറഞ്ഞതു പലർക്കും സ്വീകാര്യമാണെങ്കിലും, നടപ്പിലാക്കുമ്പോഴും പ്രവർത്തികമാക്കുമ്പോഴും പലപ്പോഴും കടമകൾ വിപരീത ക്രമത്തിലാണ് നിർവഹിക്കപ്പെട്ടാറുള്ളത്. സാമൂഹിക വിവേചനം ഒഴിവാക്കൽ, സാമ്പത്തിക ദാരിദ്ര്യം , സാംസ്കാരിക അന്യവൽക്കരണം, രാഷ്ട്രീയ ശത്രുത എന്നിവയുടെ അനുഭവം വളരെ ആഴത്തിൽ വേരൂന്നിയതും വ്യാപകവുമാണെന്ന് പല പരിശീലകരും വാദിക്കുന്നു. നഗര-ഗ്രാമീണ മേഖലയിലെ പിന്നോക്ക ദാരിദ്ര്യ വിഭാഗക്കാരിൽ ഭൂരിഭാഗവും, സ്ഥിതിഗതികളെ വിമർശനാത്മകമായി വിശകലനം ചെയ്യുവാനും ചോദ്യം ചെയ്യുവാനുമുള്ള കഴിവ് നഷ്ടപ്പെടുത്തി ഈ പരുഷമായ യാഥാർത്ഥ്യത്തെ 'സാധാരണ'മായി അംഗീകരിച്ചു.

അതിലുപരി, അവരിൽ ഭൂരിഭാഗത്തിനും വിദ്യാഭ്യാസം, കഴിവുകൾ, കാര്യക്ഷമത, പ്രചോദനം എന്നിവയുടെ കുറവ് വ്യക്തമാണ്. ആയതിനാൽ, സമൂഹത്തിലെ അംഗങ്ങളെ 'നേതൃത്വത്തിന്റെ നായകത്വത്തിൽ' ഉൾപ്പെടുത്തുന്നത് അപകടകരമാണ്, കൂടാതെ നിരവധി അംഗങ്ങളെ 'മാറ്റം ഉള്ളവാക്കുന്നവർ' എന്നതിലുപരി 'മേന്മയും ആഡംബരവും കാണിക്കുന്നവർ' മാത്രമായി നിലകൊള്ളും. ഈ വാദം ഭാഗികമായി അംഗീകരിക്കുവാൻ കഴിയുമെങ്കിലും, അതിന് മറ്റൊരു വശമുണ്ട്. സമൂഹത്തിലെ അംഗങ്ങളുടെ ജീവിത നിലവാരം ഉയർത്തുവാനുള്ള സ്വാഭാവികമായ ആഗ്രഹം ആർക്കും നിഷേധിക്കാനാവില്ല. പ്രതീക്ഷകളില്ലാത്ത ഒരു സാഹചര്യത്തിൽപ്പോലും, മെച്ചപ്പെട്ട ഭാവിക്കായി അവർ അചഞ്ചലമായ പ്രതീക്ഷയോടെയാണ് ജീവിക്കുന്നത്. നിരവധി പ്രതിബന്ധങ്ങൾക്കിടയിലും, ഐക്യദാർഢ്യം, സാഹോദര്യം, പങ്കിടൽ, നീതിബോധം, ദരിദ്രരോടുള്ള പരിഗണന തുടങ്ങിയ മൂല്യങ്ങളെ അവർ വിലമതിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നു. പാലിക്കേണ്ട നിയമാവലികൾ നൽകുന്നതിനേക്കാൾ സമൂഹത്തിലെ അംഗങ്ങളിൽ നിന്നും അവരുടെ കൂട്ടായ അറിവിൽ നിന്നും മികച്ചത് പുറത്തെടുക്കുക എന്നതാണ് സാമൂഹിക സംഘാടനത്തിന്റെ പ്രാഥമിക ലക്ഷ്യം. ക്രമേണ, സ്ഥിരവും നിലനിൽക്കുന്നതുമായ ഒരേയൊരു പങ്കാളിയായ സമൂഹത്തിലെ അംഗങ്ങൾ മാത്രമാണ് സാമൂഹിക വികസനത്തിന്റെ നേതൃത്വം വഹിക്കേണ്ടത്.

രണ്ടാമതായി, വികസന പ്രക്രിയയുടെ മാതൃകാവത്കരണത്തിൽ മനപൂർവമായ മാറ്റം വരുത്തുന്നു. ചാരിറ്റി അല്ലെങ്കിൽ ദാരിദ്ര്യ നിർമാർജന പരിപാടികളിൽ നിന്ന് അവകാശങ്ങൾ അടിസ്ഥാനമാക്കിയുള്ള സാമൂഹിക പ്രവർത്തന മാതൃകയിലേക്കു മാറുക എന്നതാണ് ഇന്നിന്റെ ആഹ്വാനം. വ്യക്തികളേയും ദുർബലരായ വിഭാഗങ്ങളേയും പരിപാലിക്കുന്നത് ഒഴിവാക്കാൻ പാടുള്ളതല്ലെങ്കിലും, ഉത്തരവാദിത്വപ്പെട്ട ചുമതല വഹിക്കുന്നവരുമായി സമൂഹത്തിന്റെ കൂട്ടായ അറിവും ശക്തിയും ഉപയോഗിച്ച് പൗരന്മാരെന്ന നിലയിൽ കൂടിയാലോചനകൾ നടത്തുന്നതിന് ഊന്നൽ നൽകുന്നു. ഉദാരവൽക്കരണം, സ്വകാര്യവൽക്കരണം, ആഗോളവൽക്കരണം എന്നിവയുടെ കാലഘട്ടത്തിൽ, സംസ്ഥാനങ്ങൾ അവരുടെ ഭരണഘടനാപരമായ ഉത്തരവാദിത്വങ്ങളിൽ നിന്നും പ്രതിബദ്ധതയിൽ നിന്നും ഒഴിഞ്ഞുനിൽക്കുവാൻ ശ്രമിക്കുമ്പോഴും, വികസന സാഹചര്യങ്ങളിൽ പൗരത്വ സംവാദങ്ങൾ പ്രാഥമിക സ്ഥാനം വഹിക്കുക എന്നതാണ് പ്രധാനം.

മൂന്നാമതായി, സമൂഹം നയിക്കുന്ന അല്ലെങ്കിൽ ജനം നയിക്കുന്ന പ്രക്രിയ ഉറപ്പാക്കുക എന്നതാണ് തന്ത്രം. ഈ പ്രക്രിയ സുഗമമാക്കുന്നതിന്, സാമൂഹ്യാധിഷ്ഠിത സംഘടന കളുടെ രൂപീകരണം നിർണ്ണായകമാണ്. സമൂഹത്തിന്റെ പൊതു കാഴ്ചപ്പാടിൽ ബന്ധപെട്ടു നിൽക്കുന്ന ദൗത്യങ്ങളേയും മൂല്യങ്ങളെയും കുറിച്ച് സമൂഹത്തിലെ അംഗങ്ങൾക്ക് ഒരു പങ്കിട്ട ധാരണ വികസിപ്പിക്കുന്നതിന് സഹായമൊരുക്കുന്നു. ഈ ഘട്ടത്തിൽ ജനാധിപ ത്യപരമായ രീതിയിൽ വ്യക്തമായ തീരുമാനങ്ങൾ എടുക്കുന്നതിനായി അംഗങ്ങളെ രൂപ പ്പെടുത്തുകയും പരിശീലിപ്പിക്കുകയും അറിവും നൈപുണ്യവും നൽകുകയും ചെയ്യുന്നു. ഫലം പോലെ തന്നെ പ്രക്രിയയും അനിവാര്യമാണ്. വിജയഗാഥകൾ എത്രത്തോളം പ്രധാനമാണൊ, അതുപോലെ തന്നെ അനുഭവങ്ങളിൽ നിന്ന് പഠിക്കുന്നതിനുള്ള കഴിവും ഒരുപോലെ പ്രധാനമാണ്. പഠനം സമൂഹം ആന്തരികവൽക്കരിക്കപ്പെട്ടാൽ, അവർ യഥാർത്ഥത്തിൽ ശാക്തീകരിക്കപ്പെടുകയും സ്വതന്ത്രമായി മുന്നേറാനുള്ള വഴി രേഖപ്പെടുത്തുകയും ചെയ്യുന്നു. സമൂഹത്തിലെ അംഗങ്ങൾ ഈ പ്രക്രിയയുടെ ഓരോ ഘട്ടത്തിലും എടുക്കുന്ന തീരുമാനത്തിന്റെ ഉത്തരവാദിത്വം ഏറ്റെടുക്കുകയും ചെയ്യണം. സമൂഹത്തിന്റെ താളത്തിനു അനുബന്ധിച്ചുള്ള ക്ഷമ, സ്ഥിരോത്സാഹം, സംവേദനക്ഷമത എന്നിവ നിർണായകമാണ്.

നാലാമതായി, വികസന പ്രക്രിയ എന്നത് ഒരു സാമ്പത്തികപരമായ ചോദ്യം മാത്രമല്ല,

ഒരു പെരുമാറ്റപരവും സാംസ്കാരികവുമായ മാറ്റത്തെക്കുറിച്ചു ഒരുമിച്ച് സ്വപ്നം കാണുവാനുള്ള കഴിവിനെക്കുറിച്ചും ഉള്ളതാണ്. 'ഉപയോഗശേഷം കളയുവാനുള്ള', 'ഒന്നിനും കൊള്ളില്ലാത്ത', 'നിരക്ഷരർ', 'മദ്യപൻ', ചില സന്ദർഭങ്ങളിൽ സഹാനുഭാവപരമായ സമീപനം വേണ്ട 'കുറ്റവാളികൾ' എന്നീ നിലയിലാണ് ആധിപത്യമുള്ളവരും ഭരണകൂടവും ദരിദ്രരെ പരിഗണിക്കുന്നത്. ക്രിയാത്മക ചിന്താഗതിക്ക് വഴിയൊരുക്കുക, സ്വയം സ്ഥിരീകരിക്കുക, മറ്റൊരാളെ വിലമതിക്കുക, സന്നദ്ധപ്രവർത്തനം, ദാനം ചെയ്യുക, പങ്കു വയ്ക്കുക എന്നീ മനോഭാവത്തെ പരിപോഷിപ്പിക്കുകയും ചെയ്യുന്നത് ധാരാളം ഫലങ്ങൾ നൽകുവാനിടയാക്കും. അംഗങ്ങളെ വിലമതിക്കുകയും പുതിയ ആശയങ്ങൾ പരീക്ഷിക്കുവാൻ അവസരങ്ങൾ നൽകുകയും അവരുടെ സംഭാവനയ്ക്ക് അംഗീകാരം നൽകുകയും പൊതുജന മധ്യത്തിൽ അനുമോദനം നൽകുകയും അവരുടെ വിജയഗാഥകൾ പൊതു സ്ഥലങ്ങളിൽ ദൃശ്യമാവുകയും ചെയ്യുമ്പോൾ ഈ പ്രക്രിയ ദീർഘകാലാടിസ്ഥാനത്തിൽ സുസ്ഥിരമായിരിക്കും. ഈ പ്രവർത്തന കാൽവയ്പ്പുകൾ അല്ലെങ്കിൽ നടപടികൾ 'അമൂല്യമായ നിക്ഷേപങ്ങൾ' ആണ്.

കോവിഡ്-19 രാജ്യത്തിന്റെ വികസന സാഹചര്യങ്ങളെ സാരമായി ബാധിച്ചു. തൊഴിലില്ലായ്മ, കുടിയേറ്റ ദുരിതം, വിപരീത കുടിയേറ്റം, സംസ്ഥാനം സാമൂഹ്യ സുരക്ഷാ നടപടികൾ പിൻവലിക്കുക, തൊഴിൽ സംരക്ഷണ നിയമങ്ങൾ പൊളിച്ചെഴുതി ദുർബലപെടുത്തുക എന്നിവ ഇതിനകം തന്നെ ബഹുഭൂരിപക്ഷം ദരിദ്രർക്കും മധ്യവർഗത്തിനും ഗുരുതരമായ ഭീഷണിയായി മാറി. സർക്കാർ കാര്യക്ഷമമായി ഇടപെടാതെ നിൽക്കുന്നതും, അവരുടെ ഇരട്ടത്താപ്പും പൗരന്മാർ മനസ്സിലാക്കുന്നു. നീതിന്യായ വ്യവസ്ഥിതി പുറത്തായി. ദേശീയമായും ആഗോളമായും നിയമസഭ, ഉദ്യോഗസ്ഥഭരണം, നീതിന്യായക്കോടതികൾ എന്നിവർക്ക് അത്യാഗ്രഹികളായ വ്യവസായികളും തമ്മിലുള്ള അവിശുദ്ധ കൂട്ടുകെട്ടും മറച്ചുവെച്ചിരിക്കുന്ന രാഷ്ട്രീയ സാമ്പത്തിക അജണ്ടയും ജനം മനസ്സിലാക്കിയിട്ടുണ്ട്. നവ ഉദാരവത്കരണ മാതൃകയിലൂടെ കൊള്ള ലാഭമുണ്ടാക്കുവാനുള്ള ശ്രമം അവരെ പരാജയപ്പെടുത്തി. ഈ ശൂന്യത പൗരന്മാർ എന്ന നിലയിൽ മാന്യമായി ജീവിക്കുവാനുള്ള അവരുടെ ആവശ്യത്താലും, സുസ്ഥിരവും പരിസ്ഥിതി സൗഹൃദവുമായ ജീവിത സാഹചര്യത്തിന് വേണ്ടിയുള്ള ജനങ്ങളുടെ ശബ്ദത്താലും നിറയപ്പെടണം. കൂട്ടായ വിലപേശലിലൂടെ ഒരു പുതിയ യുഗത്തിലേക്ക് ജനങ്ങളുടെ നേതൃത്വത്തിലുള്ള സമൂഹത്തെ അണിനിരത്തുന്നതിന് കോവിഡിനു ശേഷമുള്ള പുതിയതായ സാധാരണ സാഹചര്യങ്ങൾക്ക് മുമ്പത്തേക്കാളും വളരെയധികം പ്രാധാന്യം അർഹിക്കുന്നു.

ആമുഖ അധ്യായത്തിൽ പറഞ്ഞിട്ടുള്ളതുപോലെ, സമൂഹം നയിക്കുന്ന വികസന പ്രക്രിയയ്ക്കായി സമഗ്രമായ ഒരു ചട്ടക്കൂട് വികസിപ്പിക്കാനുള്ള ശ്രമമാണ് ഈ പുസ്തകം. എന്നാൽ ഇതിൽ പ്രതിപാദിച്ചിരിക്കുന്ന 12 ഘട്ടങ്ങൾ സമഗ്രമായതൊ നിർദ്ദേശാത്മകമായതൊ ആയി കണക്കാക്കേണ്ടതില്ല. ഈ ഘട്ടങ്ങൾ അടിസ്ഥാന യാഥാർത്ഥ്യങ്ങളുമായി സാന്ദർഭികമാക്കേണ്ടതുണ്ട്. ഈ നാല് അടിസ്ഥാന തത്വങ്ങളിലും, 12-ഘട്ട രീതി പിന്തുടരുന്ന ഒരു സംഘടന ശ്രദ്ധാലുവായിരുന്നാൽ; സമൂഹത്തിലെ അംഗങ്ങൾ അവരുടെ 'സഹായ സഹകരണങ്ങളെ' ദീർഘകാലം ഓർമ്മിക്കും.





# Select Bibliography


Boud, D., and N. Miller. (1997). *Working with Experience: Animating Learning*. London: Routledge

Dernbach, J. C. (2003). 'Achieving sustainable development: The Centrality and multiple facets of integrated decision-making'. *Indiana Journal of Global Legal Studies*, 247-285.

Gerard McElwee et. al. (2017). "Conceptualising animation in rural communities: The Village SOS case".

Gibbs, G., (1988). Learning by Doing: A guide to teaching and learning methods. Further Education Unit. Oxford Polytechnic: Oxford.

Heinrich C. J., (2002). "Outcomes-based Performance Management in the Public Sector: Implications for Government Accountability and Effectiveness". *Public Administration Review*, Vol. 62, No. 6, pp. 712–725.

Kenny, S. (2007). *Developing Communities for the Future* (3rd ed.). South Melbourne: Thompson.

Kovach, Margaret. (2009). *Indigenous methodologies. Characteristics, conversations and contexts*. Toronto: University of Toronto Press. p. 171.

Osborne, S. (2002). *Public Management – A Critical Perspective*, London: Routledge.

Schnarch, B. (2004). Ownership, control, access, and possession (OCAP) or self-determination applied to research: A critical analysis of contemporary First Nations research and some options for First Nations communities.

Smith, R. (2013). "Developing and Animating Enterprising Individuals and Communities: A Case Study from Rural Aberdeenshire, Scotland." *Journal of Enterprising Communities, People and Places in the Global Economy* 6 (1): 57–83.

Spivak, G.C. (1988). *Can the Subaltern Speak?* Basingstoke: Macmillan, 1988.

Stoddart, H. (2011). *A Pocket guide to sustainable development governance*. Stakeholder Forum.

Strauss, Anselm L. (1978). "A Social World Perspective", *Studies in Symbolic Interaction* 1: 119-128.



**ഡോ. ജോസഫ് സേവ്യർ എസ്. ജെ.**

മനുഷ്യാവകാശത്തിൽ ബിരുദാനന്തര ബിരുദവും മനുഷ്യാവകാശത്തിലും ക്രിമിനോളജിയിലും ഡോക്ടറേറ്റ് ബിരുദവും കരസ്ഥമാക്കി. 2001 മുതൽ 2007 വരെ തെക്കെ ഏഷ്യയിലെ ജെസ്യൂട്ട്സ് ഇൻ സോഷ്യൽ ആക്ഷൻ എന്ന സംഘടനയുടെ സെക്രട്ടറിയായി ഇദ്ദേഹം പ്രവർത്തിച്ചിട്ടുണ്ട്. 2012 മുതൽ 2015 വരെ, ഐ എസ് ഐ ഡൽഹിയുടെ എക്സിക്യൂട്ടീവ് ഡയറക്ടറായും 'സോഷ്യൽ ആക്ഷൻ' എന്ന ത്രൈമാസ പ്രസിദ്ധീകരണത്തിന്റെ എഡിറ്ററായും പ്രവർത്തിച്ചു. കൂടാതെ, 2017 മുതൽ 2019 വരെ റോം ആസ്ഥാനമായി പ്രവർത്തിക്കുന്ന ജെസ്യൂട്ട് റെഫ്യൂജി സർവീസിന്റെ ഡെപ്യൂട്ടി ഇന്റർനാഷണൽ ഡയറക്ടറായും സേവനമനുഷ്ഠിച്ചിട്ടുണ്ട്. 5 പുസ്തകങ്ങൾ രചിച്ച ഇദ്ദേഹം, പ്രശസ്ത ജേണലുകളിൽ ഇരുപതിലധികം ലേഖനങ്ങൾ പ്രസിദ്ധീകരിക്കുകയും, അര ഡസൻ അവലോകന പഠനങ്ങൾ നടത്തുകയും ചെയ്തു. ലോക് മഞ്ചിന്റെ സ്ഥാപകരിൽ ഒരാളാണ് ഡോ. ജോസഫ് സേവ്യർ. ഗവേഷണ രീതിശാസ്ത്രം, തന്ത്രപരമായ ആസൂത്രണം, സംഘടനാ വികസന പ്രക്രിയ എന്നിവയെക്കുറിച്ചുള്ള പഠന സംവാദങ്ങൾ നടത്തുന്നു. 'എല്ലാവരെയും ഉൾച്ചേർക്കുന്ന സമൂഹങ്ങൾ കെട്ടിപ്പടുക്കുന്നതിന്റെ ധാർമ്മികമായ അനിവാര്യത എന്ന വിഷയത്തിൽ ഇന്ത്യയിലെ കത്തോലിക്കാസഭയിലെ ദളിത് ശാക്തീകരണ നയം' തയ്യാറാക്കുന്നതിൽ ചീഫ് എഡിറ്ററായി സേവനമനുഷ്ഠിച്ചു. നിലവിൽ ബെംഗളൂരുവിലെ ഇന്ത്യൻ സോഷ്യൽ ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഡയറക്ടറാണ്



**മിസ്. ശ്രീവിദ്യാ സൈനാഥൻ**

വികസന മേഖലയിൽ 18 വർഷത്തെ പ്രവർത്തി പരിചയമുള്ള ശ്രീവിദ്യാ സൈനാഥൻ, ബയോകെമിസ്ട്രിയിലും സോഷ്യോളജിയിലും ബിരുദാനന്തര ബിരുദവും കരസ്ഥമാക്കിയിട്ടുണ്ട്. അന്താരാഷ്ട്ര എൻ ജി ഒ പ്രവർത്തക, കെയർ ഇന്ത്യ, ഒരു സ്വതന്ത്ര ഉപദേഷ്ടാവ് എന്നീ നിലകളിൽ ആരോഗ്യ-പോഷകാഹാര മേഖലയിൽ പ്രത്യേകിച്ചും മാതൃ-ശിശു ആരോഗ്യം എന്നിവയിൽ ഇവർ വിപുലമായ പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്. ജോലിസ്ഥലത്ത് സ്ത്രീകൾ നേരിടുന്ന ലൈംഗിക അതിക്രമങ്ങൾ എന്ന വിഷയത്തിൽ ഔദ്യോഗിക, അനൗദ്യോഗിക മേഖലകളിലെ നിരവധി വനിതാ തൊഴിലാളികളോടൊപ്പവും പ്രവർത്തിക്കുന്നു. ഉപജീവനമാർഗ്ഗം, ലിംഗഭേദം, കൗമാര ആരോഗ്യം, വൈകല്യങ്ങൾ, സാമൂഹിക ഉൾപ്പെടുത്തൽ, വൈകാരികവും സാമൂഹികവുമായ ക്ഷേമം, ഗവേഷണ പഠനങ്ങൾ, ആശയപരമായ പദ്ധതികൾ, നിരീക്ഷണ സംവിധാനങ്ങൾ വികസിപ്പിക്കുക, ആഘാതങ്ങൾ വിലയിരുത്തുക, പ്രക്രിയകൾ ചിട്ടയായി രേഖപ്പെടുത്തുക, മികച്ച പ്രവർത്തനങ്ങൾ കണ്ടെത്തുക എന്നിവയിൽ വൈദഗ്ദ്ധ്യം നേടിയിട്ടുണ്ട്.



**ഡോ. സദാനന്ദ് ബാഗ്**

ന്യൂഡൽഹിയിലെ ജവഹർലാൽ നെഹ്റു സർവ്വകലാശാലയിൽ നിന്ന് പൊളിറ്റിക്കൽ സയൻസിൽ ഡോക്ടറേറ്റ് ബിരുദം. വികസന മേഖലയിൽ 13 വർഷത്തിലേറെ പ്രവർത്തി പരിചയം ഇദ്ദേഹത്തിനുണ്ട്; പ്രത്യേകിച്ചും ഗവേഷണം, അഭിഭാഷണം, പ്രചാരണം, മനുഷ്യാവകാശം, വനിതാ ശാക്തീകരണം, പഞ്ചായത്ത് രാജ് സ്ഥാപനങ്ങൾ, വിദ്യാഭ്യാസം, ആരോഗ്യം എന്നിവയുമായി ബന്ധപ്പെട്ട മേഖലകളിൽ. മിസീരിയർ ജർമ്മനി, നെതർലാൻഡ്സിലെ എസ് കെ എൻ തുടങ്ങിയ സംഘടനകൾ മുഖാന്തിരം ഇന്ത്യയിലെ വിവിധ സംഘടനകൾ നടപ്പാക്കിയ പദ്ധതികൾ വിലയിരുത്തുന്നതിലും അവലോകനം നടത്തുന്നതിലും ഇദ്ദേഹം സേവനമനുഷ്ഠിച്ചിട്ടുണ്ട്. ഇപ്പോൾ ദില്ലിയിൽ കാരിത്താസ് ഇന്ത്യയുടെ റിസർച്ച് ആൻഡ് റിസോഴ്സ് ഡെവലൊപ്മെൻറ് വകുപ്പ് മേധാവിയായി പ്രവർത്തിക്കുന്നു.

With financial support of
the Federal Ministry for
Economic Cooperation and Development


**Caritas India**
CBCI Centre
1 Ashok Place
New Delhi - 110001
www.caritasindia.org

**Indian Social Institute**
24 Benson Road
Benson Town
Bengaluru - 560046
www.isibangalore.com



Printed @ Jyoti Printers, Noida. Ph: 9289199317

ISBN: 978-81-947949-7-4